
# സന്യാസകഥാസായന

സദാനന്ദ



# സന്ന്യാസകഥാസാധന

ഒരു ജ്യോതി ബുക്സ് പ്രസിദ്ധീകരണം

(Malayalam)
**SANNYASAKATHASADHANA**
Spirituality
by SADANANDA
Cover : V. S. Balakrishnan
First Published November 1982
Reprinted October 1984
Printed at
ST. JOSEPH'S I. S. PRESS, TRICHUR
Price Rs. 9.00
Rights Reserved
Published by
JYOTHI BOOKS
TRICHUR
Distributors
JYOTHI BOOK CENTRE
TRICHUR-680 001
Branches
TRICHUR TOWN, CHALAKUDI & PAVARATTY
Cum Permissu Superiorum

M/248.2
SAD

S.187/J-66/1000-2/311084

# സന്ന്യാസകഥാസാധന

(അദ്ധ്യാത്മശാസ്ത്രം)

സദാനന്ദ

10464

ACHARYA PALACKAL JEEVASSKENDRAM
LIBRARY
ALUVA

പ്രസാധകർ

ജ്യോതി ബുക്ക്സ്

തൃശൂർ

വില 9 രൂപ

## ജ്യോതി ബുക്ക്സിന്റെ ധ്യാനഗ്രന്ഥങ്ങൾ

1 ധ്യാനനിലയം

2 ധ്യാനസോപാനം

3 ധ്യാനസാധന

4 ധ്യാനസായുജ്യം

5 ക്രിസ്തോപാസന

6 ധ്യാനകഥാനിധി

7 സന്ന്യാസകഥാസാധന

8 സന്ന്യാസസ്വാരസ്യം

9 സന്ന്യാസസരണി

10 ധ്യാനം—അനുഭവവും അഭ്യാസവും

11 സന്ന്യാസവും ഉപന്യാസങ്ങളും

ആവശ്യപ്പെടുക

മാനേജർ

ജ്യോതിബുക്ക് സെൻറർ

തൃശൂർ–680 001

# ആമുഖം

സന്ന്യാസദർശനം പകരുന്നതിനുള്ളൊരു സാധന യായി സാധകന്മാർ എക്കാലവും കഥകളെ അവലം ബിച്ചുപോന്നിട്ടുണ്ട്. പൗരസ്ത്യസമ്പ്രദായങ്ങളിലെ ന്നപോലെ, പാശ്ചാത്യപാരമ്പര്യങ്ങളിലും സന്ന്യാസ കഥകൾ വ്യക്തമായും തരംതിരിഞ്ഞിട്ടുള്ളൊരു സാഹിത്യരൂപമായി വികസിച്ചിട്ടുള്ളതു കാണാം. ബുദ്ധമതത്തിലെ 'ധർമ്മപദ'ത്തിലുള്ള ഓരോ ശ്ലോ കത്തിനും നിദാനമായി ഓരോ കഥതന്നെയുണ്ട് പാശ് ചാത്യസന്ന്യാസപാരമ്പര്യത്തിൽ പ്രസിദ്ധി കിട്ടിയി ട്ടുള്ള പല സന്ന്യാസകഥകളുടെയും സംശോധിതപ്പതി പ്പുകൾ പാൽമർതുടങ്ങിയ പണ്ഡിതന്മാർ പ്രസം ധനംചെയ്തിട്ടുണ്ട്. അത്തരത്തിൽപ്പെട്ടൊരു കഥാസ മാഹാരം, അതിവിപുലമായ ഒരവതാരണപ്രകരണത്തോ ടുകൂടി, ഈ അടുത്ത കാലത്തു തോമാസ് മെർട്ടൻ പ്രസിദ്ധീകരിക്കുകയുണ്ടായി.

പുരാണകഥകളിലുള്ള നമ്മുടെ പുതിയ താത്പ ര്യത്തിനു കാരണമായി പറയാവുന്ന, അബോധവും സംഘാതവുമായ പല സാംസ്കാരികചോദനകളെയും മിർസെയ എലിയഡ്, ഓട്ടോ റുഡോൾഫ്, സി. ജി. യുങ് തുടങ്ങിയ ചിന്തകന്മാർ വേർതിരിച്ചു കാട്ടിത്ത ന്നിട്ടുണ്ട്. അവ എല്ലാററിനെയും ഇവിടെ ആവർത്തി ക്കാതെ, കൂട്ടത്തിൽ കൂടുതൽ ശ്രദ്ധേയവും സംഗത വും ആയിരിക്കുന്ന ഒരെണ്ണംമാത്രം സൂചിപ്പിക്കട്ടെ.

ഇന്നു സംസ്കാരമില്ല, നാഗരികതയേയുള്ളൂ. നഗരധാരയിൽ പ്രത്യേകിച്ച് എൻേറതെന്നോ നിങ്ങളു ടേതെന്നോ വിശേഷിപ്പിക്കാവുന്ന ഒരു സംസ്കാരസമ്പ ത്തില്ലല്ലോ; അവിടെ ഉള്ളതെല്ലാം എൻേറതോ നിങ്ങളു ടേതോ ആയിരിക്കാത്തവിധം, എല്ലാവരുടേതുമത്രേ. ഈ അവ്യക്തതയിലും ആകെമാനതയിലുംപെട്ടു സ്വമു ഖം നശിച്ച മനുഷ്യൻ, വീണ്ടും അവനവനെ തേടി, നാഗ രികത വിട്ട്, എന്നോ എവിടെയോവെച്ചു തൻേറതുമാത്ര മായിരുന്ന ഗ്രാമസംസ്കാര (Village Culture) ത്തിലേ യ്ക്ക്, അബോധമായിട്ടാണെങ്കിലും അന്തഃപ്രചോദി തമായിത്തന്നെ, പിന്തിരിഞ്ഞോടിക്കൊണ്ടിരിക്കുന്നു.

മാർട്ടിൻ ഹൈഡെഗർ നിരീക്ഷിച്ചിരിക്കുന്നതുപോലെ, 'മാമകത്വം' (Jemeinigkeit) തേടിയുള്ള ഓരോ മനുഷ്യൻെറയും അസ്തിത്വപരമായ അന്ത്യയാത്രയാണിത്. കർത്തൃനിഷ്ഠമായ ഈ മടക്കത്തിനായി മനുഷ്യചേതനയെ ഉത്തേജിപ്പിച്ചുണർത്താൻപോരുംവിധം കാലാതീതവും വസ്തുതാതീതവുമായ മാനങ്ങളുള്ള മാസ്മര ബിന്ദുക്കളത്രേ, മിത്തുകളും പുരാണേതിഹാസങ്ങളുമെല്ലാം.

സ്വരൂപരഹിതവും നിരവയവവുമായ നാഗരികത സന്ന്യാസത്തിലേയ്ക്കു കടന്നാക്രമണം നടത്തിയപ്പോഠം, സന്ന്യാസസംസ്കാരത്തിൻെറ സ്ഥാനത്തു സന്ന്യാസനാഗരികത സ്ഥലം പിടിച്ചു. ഇങ്ങനെ, സംസ്കാരത്തിൻെറമേൽ നാഗരികത നടത്തിയ കയ്യേററപരമായ മുന്നേററത്തിൽ സ്വാത്മഭാവവും സഹജരൂപവും നശിച്ച സന്ന്യാസചേതനയ്ക്ക്, മേലെഴുതിയിട്ടുള്ള ന്യായം കൊണ്ടുതന്നെ, അതിൻെറ ഗ്രാമമൂല്യങ്ങളിലേയ്ക്കു തിരിച്ചുപോകേണ്ടിവന്നിരിക്കുന്നു. ഉറവിടങ്ങളിലേയ്ക്കു തിരിച്ചുപോകുന്നതിനുള്ള ബുദ്ധി രണ്ടാം വത്തിക്കാൻരേഖകളിലും സംശയത്തിന്നിടമില്ലാത്തവിധം കാണുന്നുണ്ട്. ഇങ്ങനെ, മാമകത്വം തേടിയുള്ള സന്ന്യാസചേതനയുടെ ഗ്രാമോന്മുഖമായ തിരിച്ചുപോക്കിൽ അനാദ്യന്തമൂല്യമുള്ള സന്ന്യാസകഥകളും പുരാണങ്ങളും ഒരിക്കൽക്കൂടി പ്രസക്തമായി ഭവിച്ചു. ഗദ്യത്തിനും പദ്യത്തിനും മുന്നേ, കഥകഠം ഉണ്ടായിരുന്നതുകൊണ്ട്, ചേതനയുടെ ഉറവിടത്തിൽത്തന്നെയുള്ള ലാളിത്യശുദ്ധിയെ കരുതിപ്പോകുന്നവർ യന്ത്രഭരിതമായ നഗരത്തെ വിട്ട്, കഥാസാന്ദ്രമായ ഗ്രാമത്തിലെത്തി, അവിടെനിന്നു കഥകളെ കൂട്ടിനു വിളിക്കാതെ വേറെ വഴിയൊന്നുമില്ല. കാലത്തെത്തന്നെ കഥയായി–ലീലയായി – മെനഞ്ഞ ബ്രഹ്മഭാവനകൊണ്ടു നമുക്കുണ്ടായിത്തീർന്ന ഒരാവശ്യംകൂടിയായി ഇതിനെ കാണുന്നതിലും തെററില്ല.

സദാനന്ദയുടെ സന്ന്യാസകഥകളുടെ സാംഗത്യത്തിന് ഇത്രയും ഉപപത്തികഠം ധാരാളം മതി. അക്കാരണം കൊണ്ടുതന്നെ അതേപ്പററി ഇവിടെ കൂടുതലൊന്നും കുറിക്കാതിരിക്കട്ടെ. —സിറിയക് കണിച്ചായ്

## ഉള്ളടക്കം


1 ദൈവവും രണ്ടു സന്ന്യാസികളും
2 പൂച്ചയ്ക്കു പൂജ
3 ഏലൊഹിം
4 നാട്ടിലെ നടപ്പ്
5 രണ്ടു ശിഷ്യന്മാരും ചെമ്പുതകിടും
6 കഴുതയും പുണ്യവാളനും
7 സന്ന്യാസികളുടെ പരീക്ഷ
8 കുശവനും ശില്പിയും
9 വനവാസികളുടെ ആതിഥ്യം
10 വിഗ്രഹം മോഷ്ടിച്ച സന്ന്യാസി
11 മൂന്നു വനവാസികളുടെ കൃതികൾ
12 തേനീച്ചയും ചിത്രശലഭവും
13 രാജാവിന്റെ സമ്മാനം
14 ധ്യാനം പഠിച്ച രാജാവ്
15 അരിക്കച്ചവടക്കാരനു ശിക്ഷ
16 പണം മോഷ്ടിച്ച സന്ന്യാസി
17 ശകടനും വികടനും
18 സന്ന്യാസികൾക്കു ലഭിച്ച വിരുന്ന്
19 അന്ധൻ ബധിരൻ-മൂകൻ
20 സന്ന്യാസിയും തത്തയും
21 സന്ന്യാസിയുടെ നിന്ദ
22 മുനിയും മാലാഖായും
23 സന്ന്യാസിമാരുടെ കലഹം
24 ശിഷ്യന്റെ തന്നിഷ്ടം
25 ചൂടും തണുപ്പും
26 പണ്ഡിതനു പററിയ അമളി
27 ഉച്ചാരണശുദ്ധിയില്ലാത്ത സന്ന്യാസി
28 കാക്കയെ പിടിച്ച ശിഷ്യൻ
29 സന്ന്യാസിയുടെ സ്വർണ്ണക്കോമ
30 ജ്ഞാനം മോഷ്ടിച്ച കള്ളൻ

31 പിറന്നാളിന്റെ സ്മാരകം
32 സ്വർഗ്ഗത്തിലെ ചികിത്സ
33 സുവർണ്ണമാങ്ങ
34 സന്ന്യാസിയും ബയൻററും
35 ഉറുമ്പും മൂട്ടയും
36 തേനീച്ചയും കുരുവിയും
37 പരീക്ഷയിൽ തോററ വിദൂഷകൻ
38 സന്ന്യാസിയും മീൻകറിയും
39 രാജഭൃത്യന്റെ കൃതി
40 സ്വർഗ്ഗത്തിലേയ്ക്ക് ഉയർന്ന സന്ന്യാസി
41 ഒററമണിയുള്ള ജപമാല
42 സന്ന്യാസിയുടെ ഉറക്കം
43 സന്ന്യാസികളുടെ സായാഹ്നസവാരി
44 രണ്ടു ബുദ്ധികൾ
45 കൊക്കും കുറുക്കനും
46 സന്ന്യാസിയും മൈനയും
47 വിധവയുടെ പണപ്പെട്ടി
48 കുരങ്ങും പൂച്ചയും
49 സന്ന്യാസിയുടെ മൗനം
50 വൃദ്ധൻ എഴുതിയ പരീക്ഷ
51 രാജാവിന്റെ യുദ്ധം

10464

ACHARYA PALACKAL JEEVASSKENDRAM
LIBRARY
ALUVA

# 1. ദൈവവും രണ്ടു സന്ന്യാസികളും

ഒരിക്കൽ ഒരു രാജാവു രണ്ടു സന്ന്യാസിമാരെ രാജ കൊട്ടാരത്തിൽ വിളിച്ചു വരുത്തി അവരോടു പറഞ്ഞു: ''ദൈവത്തെക്കുറിച്ചു ഞാൻ അറിഞ്ഞിരിക്കേണ്ട കാര്യങ്ങളെല്ലാം നിങ്ങൾ എനിക്കു പറഞ്ഞുതരണം. അതിനായി നിങ്ങൾക്കു ഞാൻ ഒരു വർഷത്തെ അവധി അനുവദിച്ചിരിക്കുന്നു. ഈ വർഷത്തിന്റെ അവസാനം നിങ്ങൾ ഇവിടെ വന്നു ദൈവത്തെപ്പററി എന്നെ ഉപദേശിക്കണം.''

ഒന്നാമത്തെ സന്ന്യാസി ഇതു കേട്ട്, പോയി, ദൈവത്തെക്കുറിച്ചു കിട്ടാവുന്ന ഗ്രന്ഥങ്ങളെല്ലാം ശേഖരിച്ച് അവയെല്ലാം ശ്രദ്ധിച്ചു പഠിച്ചു. പണ്ഡിതന്മാർ തത്സംബന്ധമായി പറഞ്ഞുവെച്ചിട്ടുള്ളതെല്ലാം മനസ്സിലാക്കി, അവയുടെ ചുരുക്കം പുസ്തകത്തിൽ കുറിച്ചെടുത്തു. അവസാനം താൻ വായിച്ചറിഞ്ഞിട്ടുള്ളവയെല്ലാംകൂടി, രാജാവിനെ വായിച്ചു കേൾപ്പിക്കത്തക്ക പാകത്തിൽ, നല്ലൊരു ഉപന്യാസമായി ക്രമപ്പെടുത്തി. സമകാലികരായ നല്ല സാഹിത്യകാരന്മാരെ കാണിച്ച്, അതിലുള്ള ഭാഷാപരമായ ന്യൂനതകളെല്ലാം നീക്കി, വേണ്ടത്ര അലങ്കാരങ്ങളും പ്രയോഗങ്ങളും ചേർത്തു മോടിപിടിപ്പിച്ചു.

രണ്ടാമത്തെ സന്ന്യാസിയാകട്ടെ, ആരും തന്നെ പ്രത്യേകിച്ചൊന്നും ഏല്പിച്ചിട്ടില്ലാത്തവിധം, തന്റെ പതിവുള്ള ജപധ്യാനങ്ങളും തപോവൃത്തികളും അനുഷ്ഠിച്ച്, സാധാരണരീതിയിൽ ജീവിച്ചുപോന്നു.

വർഷത്തിന്റെ അവസാനത്തിൽ രണ്ടുപേരും രാജകൊട്ടാരത്തിലെത്തി. ഒന്നാമത്തെയാൾ ദീർഘമായ തന്റെ ഉപന്യാസവും അതിനെ സാധൂകരിക്കുന്നതിനുള്ള പുസ്തകങ്ങളുടെ വലിയൊരു ഭാണ്ഡവുമാ

യിട്ടാണ് വന്നിരിക്കുന്നത്. രണ്ടാമത്തെ സന്ന്യാസിയുടെ കയ്യിൽ വെററിലപ്പൊതിയുടെ അത്ര വലിപ്പമുള്ള ഒരു കിഴിമാത്രം. ആദ്യത്തെ സന്ന്യാസി രണ്ടുരണ്ടര മണിക്കൂർകൊണ്ട്, താൻ എഴുതിക്കൊണ്ടുവന്നിരുന്ന പ്രബന്ധം മുഴുവനും രാജാവിനെ വായിച്ചുകേംപ്പിച്ചു. എങ്കിലും രാജാവിനു തൃപ്തിയായില്ല. രാജാവു പറഞ്ഞു: ‘‘നിങ്ങളുടെ പ്രബന്ധം കേട്ടിട്ട്, ദൈവത്തെപ്പററി കുറെ മനുഷ്യർ അങ്ങനെ പറഞ്ഞിട്ടുണ്ട്, ഇങ്ങനെ പറഞ്ഞിട്ടുണ്ട് എന്നൊക്കെയല്ലാതെ, ദൈവത്തെ നിങ്ങഠം മനസ്സിലാക്കിയതായി എനിക്കു തോന്നീയില്ല. ദൈവത്തെ മനസ്സിലാക്കാതെ, ദൈവത്തെപ്പററി ഓരോരോ കാലങ്ങളിൽ ആരൊക്കെയോ എഴുതിവെച്ചിട്ടുള്ള കുറെ അഭിപ്രായങ്ങഠം കേട്ടതുകൊണ്ടു കാര്യമായ എന്തെങ്കിലും ഉപകാരമുണ്ടാകുമെന്നു ഞാൻ കരുതുന്നില്ല. അതിനാൽ, എൻെറ ആഗ്രഹം സാധിച്ചുതരുവാൻ നിങ്ങഠംക്കു കഴിഞ്ഞിട്ടില്ല. നിങ്ങഠം കൊണ്ടുവന്ന പുസ്തകങ്ങളുടെ ഈ ചുമടു നിങ്ങഠംതന്നെ തലയിൽ ചുമന്നു തിരിച്ചുപോയ്ക്കൊള്ളുക.’’

അതിനുശേഷം രണ്ടാമത്തെ സന്ന്യാസി കടന്നുവന്നു. അയാഠം പറഞ്ഞു: ‘‘മഹാരാജാവേ, ദൈവത്തെ അങ്ങയെ മനസ്സിലാക്കിത്തരുന്നതിന് എനിക്കു ചില ചില്ലറ സാമഗ്രികഠം ആവശ്യമുണ്ട്. അവയിൽ ഒന്നുരണ്ടെണ്ണം ഞാൻതന്നെ കൂടെക്കൊണ്ടുവന്നിട്ടുണ്ട്.’’ ഇത്രയും പറഞ്ഞിട്ട്, ഒരു പൊതി തുറന്ന് അതിലുണ്ടായിരുന്ന അല്പം ഉപ്പും ഒരു മെഴുകുതിരിക്കഷണവും തീപ്പെട്ടിയും അയാഠം പുറത്തേയ്ക്ക് എടുത്തുവെച്ചു. അതിനുശേഷം അയാഠം പറഞ്ഞു: ‘‘ചക്രവർത്തീ, രണ്ടു സാധനങ്ങഠംകൂടി ആവശ്യമുണ്ട്. അവ എവിടെയും കിട്ടുന്നതാകയാൽ ഞാൻ പ്രത്യേകം കൊണ്ടുവന്നില്ലെന്നേയുള്ളൂ. ഒന്ന് അല്പം വെള്ളം, രണ്ടാമത്തേതു പ്രത്യേകം കൊണ്ടുവരുവിക്കണമെന്നില്ല. അതു വായുവാണ്. വായു ഇവിടെത്തന്നെയുണ്ടല്ലോ.’’

സന്ന്യാസി ആവശ്യപ്പെട്ടതനുസരിച്ചു രാജാവ് ഒരു പാത്രത്തിൽ അല്പം വെള്ളം വരുത്തിവെപ്പിച്ചു. അപ്പോൾ സന്ന്യാസി തൻെറ കയ്യിലുണ്ടായിരുന്ന ഉപ്പു വെള്ളത്തിലിട്ടശേഷം രാജാവിനോടു ചോദിച്ചു: "രാജാവേ, എൻെറ കയ്യിലുണ്ടായിരുന്ന ഉപ്പ് ഇപ്പോൾ ഈ വെള്ളത്തിൽ എവിടെയാണ്?" വെള്ളം മുഴുവനിലും ലയിച്ചിരിക്കുന്നു എന്നു രാജാവ് ഉത്തരം പറഞ്ഞു. എങ്ങനെ അറിയാം എന്നു സന്ന്യാസി വീണ്ടും ചോദിച്ചു. രുചിച്ചു നോക്കിയാലറിയാമല്ലോ എന്നായി രാജാവ്. അപ്പോൾ സന്ന്യാസി പറഞ്ഞു: "മഹാരാജാവേ, ദൈവവും അങ്ങനെതന്നെയാണ്. നമുക്കു കാണാൻ വയ്യെങ്കിലും, ഇക്കാണാവുന്ന എല്ലാററിലും ദൈവം ലയിച്ചുനില്ക്കുന്നു. അവിടുത്തെ നാം രുചിച്ചറിയുകമാത്രമേ വേണ്ടൂ."

അതിനുശേഷം, തീപ്പെട്ടിയുരച്ചു മെഴുകുതിരി തെളിച്ചശേഷം സന്ന്യാസി ചോദിച്ചു: "രാജാവേ, ഇപ്പോൾ പ്രകാശം എവിടെയാണ്?" മുറി മുഴുവനിലും എന്നു രാജാവു പ്രത്യുത്തരിച്ചു. എങ്ങനെ അറിയാം എന്നു സന്ന്യാസി ചോദിച്ചപ്പോൾ, കണ്ണു തുറന്നു നോക്കിയാൽ മതിയല്ലോ എന്നു രാജാവു മറുപടിയും പറഞ്ഞു. അപ്പോൾ സന്ന്യാസി പറഞ്ഞു: "ദൈവത്തിൻെറ കാര്യത്തിലും ഇങ്ങനെതന്നെയാണ്. കണ്ണു തുറന്നു നോക്കുന്നവന് അവിടുത്തെ എല്ലായിടത്തും കാണാം."

സന്ന്യാസി വീണ്ടും പറഞ്ഞു: "അവസാനമായി, മഹാരാജാവേ, ഞാൻ ഒന്നുകൂടി ചോദിച്ചുകൊള്ളട്ടെ: നമ്മുടെ മുമ്പിലുള്ള വായു എവിടെയാണ്?" രാജാവ് പറഞ്ഞു: "എല്ലായിടത്തും – മുമ്പിലും പിറകിലും മുകളിലും താഴെയും, ഉള്ളിലും പുറമെയും; അങ്ങനെ എല്ലായിടത്തും. മത്സ്യം വെള്ളത്തിലെന്ന പോലെ നാമെല്ലാം ആകെ വായുവിൽ മുഴുകി നില്ക്കുകയല്ലേ?" അപ്പോൾ സന്ന്യാസി ചോദിച്ചു: "ശരി, അങ്ങു പറഞ്ഞതു സത്യമാണ്. പക്ഷേ

ഈ വായു എന്തു ചെയ്യുന്നു?'' രാജാവ് അദ്ഭുതപ്പെട്ടുകൊണ്ടു ചോദിച്ചു: ''വായു എന്തു ചെയ്യുന്നുവെന്നോ?'' സന്ന്യാസി പ്രതിവചിച്ചു: ''അതേ, വായു എന്തു ചെയ്യുന്നുവെന്നുതന്നെ. അല്പം ആലോചിച്ചുനോക്കൂ.'' അതിനു രാജാവ് ഇങ്ങനെ ഉത്തരം പറഞ്ഞു: ''വായു സദാ നമ്മുടെ ഉള്ളിലേയ്ക്കു പ്രവേശിക്കുകയും ഉള്ളിൽനിന്നു പുറമേയ്ക്കു വരികയും ചെയ്യുന്നു. എപ്പോൾ വായു അതിനു വിസമ്മതിക്കുന്നുവോ, അപ്പോൾ നമ്മുടെ പ്രാണൻ പോയതുതന്നെ!'' സന്ന്യാസി അതിന് ഇങ്ങനെ പ്രതിവചിച്ചു: ''അങ്ങു ശരിയായി ഉത്തരം പറഞ്ഞിരിക്കുന്നു. ദൈവം ഇങ്ങനെ സദാപി നമ്മുടെ ഉള്ളിലേയ്ക്കു പ്രവേശിക്കുകയും നമ്മിൽനിന്നു പുറമേയ്ക്കു വരികയും ചെയ്തുകൊണ്ടിരിക്കുന്നു. മാത്രമല്ല, വായുവിനെപ്പോലെതന്നെ അവിടുന്നു സദാ നമ്മുടെ ഉള്ളിലിരിക്കുകയും ചെയ്യുന്നു. എപ്പോൾ ദൈവത്തിൻെറ, നമ്മുടെ ഉള്ളിലേയ്ക്കുള്ള വരവും ഉള്ളിലുള്ള ഇരിപ്പും പുറമേയ്ക്കുള്ള പ്രസരണവും ഇല്ലാതാകുന്നുവോ, അപ്പോൾ നമ്മുടെ പ്രാണൻ പോയതുതന്നെ! വായുവിൻെറ നമ്മുടെ ഉള്ളിലേയ്ക്കുള്ള പോക്കും ഉള്ളിലുള്ള ഇരിപ്പും പുറമേയ്ക്കുള്ള വരവും നാം അറിയുന്നില്ല, അനുഭവിക്കുന്നില്ല എന്നേയുള്ളൂ. ഇതുപോലെതന്നെയാണ് ദൈവത്തിൻെറ കാര്യത്തിലും. നമ്മുടെ അകമെയും പുറമെയും നിറഞ്ഞുനിന്ന്, സദാ നമ്മുടെ ഉള്ളിലേയ്ക്കു വരികയും ഉള്ളിൽ നിറഞ്ഞുനില്ക്കുകയും ഉള്ളിൽ നിന്നു പുറമേയ്ക്കു വരികയും ചെയ്യുന്ന പ്രാണനായി ദൈവത്തെ അനുഭവിക്കാൻ നോക്കൂ. അതുമാത്രമേ അവിടുത്തെ അറിയുന്നതിനുള്ള വഴിയുള്ളൂ.''

സന്ന്യാസിയുടെ ഉപദേശം രാജാവിനു നന്നേ ഇഷ്ടപ്പെട്ടു. അന്നുമുതൽ തൻെറ ആത്മീയോപദേഷ്ടാവായി രാജാവ് സന്ന്യാസിയെ സ്വീകരിക്കുകയും ചെയ്തു.

അനുഭവംകൊണ്ട് ആഴം വരാതെ, പുസ്തകത്തിൽനിന്നുമാത്രം ശേഖരിച്ചിട്ടുള്ള അറിവിനു വശ്യതയില്ല.

## 2. പൂച്ചയ്ക്കു പൂജ

ഒരിടത്ത് ഒരു സത്രത്തിൽ ഒരു ബ്രാഹ്മണൻ വസിച്ചിരുന്നു. പതിവായി എല്ലാ ദിവസവും രാവിലെ അവിടെ അയാൾ അപ്പവും നെയ്യും ഉപയോഗിച്ചു പൂജ ചെയ്യുമായിരുന്നു. പൂജയ്ക്ക് അടുത്തുള്ള ഭക്തജനങ്ങളെല്ലാംതന്നെ എന്നും വന്നു സംബന്ധിക്കുക പതിവായിരുന്നു. പൂജയ്ക്കുള്ള അപ്പവും നെയ്യും തലേദിവസം രാത്രിയിൽത്തന്നെ തയ്യാറാക്കി വെയ്ക്കുകയായിരുന്നു പതിവ്. ആ സ്ഥലത്ത് എലികളുടെ ശല്യം ധാരാളമായി ഉണ്ടായിരുന്നതിനാൽ, അയാൾ കൂടെ ഒരു പൂച്ചയേയും വളർത്തിയിരുന്നു. പൂജയുടെ നേരത്തു പൂച്ച ചുററിനടന്നു ശല്യമുണ്ടാക്കാതിരിക്കാനായി, എന്നും പൂജയ്ക്കുമുമ്പായി അയാൾ പൂച്ചയെ അരികെത്തന്നെ ഒരു കയറിൽ കെട്ടിയിട്ട്, അതിന് അല്പം പാലും വെച്ചുകൊടുക്കുമായിരുന്നു.

കുറെ നാൾ കഴിഞ്ഞു ബ്രാഹ്മണൻ പൂജയുടെ കാര്യങ്ങളെല്ലാം മറെറാരു ബ്രാഹ്മണനെ ഏല്പിച്ച്, തൻെറ പൂച്ചയേയുംകൊണ്ടു ഗംഗാസ്നാനത്തിനായി പോയി. പുതിയ ബ്രാഹ്മണൻ ആദ്യദിവസംതന്നെ പൂജയ്ക്കുമുമ്പേ ഒരു പൂച്ചയെ എവിടെനിന്നോ തേടിപ്പിടിച്ചുകൊണ്ടുവന്ന്, അതിനെ അരികിൽ കെട്ടിയിട്ട്, പാത്രത്തിൽ പാലും വെച്ചുകൊടുത്തശേഷം പൂജ നടത്തി. അതിൽപ്പിന്നെ അവിടെ എന്നും അങ്ങനെതന്നെ നടന്നുവന്നിരുന്നു. പൂജയ്ക്കു വന്നിരുന്നവരിൽ ആരും ഒന്നും അതേപ്പററി വിചാരിച്ചുമില്ല.

കുറേ ദിവസങ്ങൾ കഴിഞ്ഞു ഗംഗാസ്നാനത്തിനു പോയ ബ്രാഹ്മണൻ തിരിച്ചെത്തി. അപ്പോൾ അവിടെ പൂജ തുടങ്ങുന്ന നേരമായിരുന്നു. പൂജാപീഠത്തിനുമുമ്പിൽ ഒരു പൂച്ചയെ കെട്ടിയിട്ട്, അതിനു പൂജാരി പാലു കൊടുക്കുന്നു. ഇതെന്താണെന്നു ചോദിച്ചപ്പോൾ അയാൾ പറഞ്ഞു: ''അങ്ങ് ഇവിടെ പൂജ നടത്തിയിരുന്നപ്പോഴെല്ലാം പൂജയ്ക്കുമുമ്പ് ഒന്നാമതായി ഒരു പൂച്ചയെ മുന്നിൽ കെട്ടിയിട്ട് അതിനു പാലു കൊടുക്കുമായിരുന്നുവല്ലോ. ഞങ്ങൾ വിചാരിച്ചു, പൂജയുടെ ഒന്നാമത്തെ കർമ്മം അതാണെന്ന്. അതുകൊണ്ടു ഞങ്ങൾ ഇതുവരെയും ആ കർമ്മം യാതൊരു മുടക്കവും വരുത്താതെ എന്നും അനുഷ്ഠിച്ചുവരുന്നു. ഒരു ദിവസം പാലില്ലാതെ വരികയാൽ, പൂച്ചയ്ക്കു പാലു കൊടുക്കാതെ പൂജ തുടങ്ങിക്കളയാമെന്നു കരുതി, ഞാൻ അങ്ങനെ തുടങ്ങി. അപ്പോൾ ഈ ജനങ്ങളെല്ലാംകൂടി വലിയ ബഹളംവെച്ചു. 'ഇവിടെ പ്രതിഷ്ഠ പൂച്ചയാണ്. പൂച്ചയ്ക്കു പാലു കൊടുക്കാതെ പൂജ തുടങ്ങുക എന്നൊരു സംഭവം ഈ ക്ഷേത്രത്തിന്റെ ചരിത്രത്തിലേ ഉണ്ടായിട്ടില്ല. അതിനാൽ അങ്ങനെ ചെയ്തല്ലാതെ ഇവിടെ ഇപ്പോൾ പൂജ തുടങ്ങാൻ സാധ്യമല്ല' എന്നു പറഞ്ഞ് അവർ എന്നെ കയ്യേററം ചെയ്യുമെന്ന നിലയായി. സംഘർഷം മൂത്തപ്പോൾ ഞാൻ എങ്ങുനിന്നോ പാലു വരുത്തി പൂച്ചയ്ക്കു കൊടുത്തുകൊണ്ടു പൂജ തുടങ്ങി.''

ബ്രാഹ്മണൻ ഇതു കേട്ടു 'ശിവ, ശിവ' എന്നു പറഞ്ഞു പൂച്ചയെ തല്ലി ഓടിച്ച്, പാല്പാത്രം തട്ടി മറിച്ചിട്ടു. ഇതു കണ്ട ജനം രോഷാകുലമായി, ബ്രാഹ്മണനെ പൊതിരെത്തല്ലി, അയാളെക്കൊണ്ടുതന്നെ പൂച്ചയെ തിരികെക്കൊണ്ടുവരുവിച്ച്, അതിനു പാലും കൊടുപ്പിച്ച്, പൂജ നടത്തിച്ചു.

തത്കാലസൗകര്യത്തിനായി തുടങ്ങിയ പല കാര്യങ്ങളും കാലാന്തരത്തിൽ പാരമ്പര്യങ്ങളായി ഉറച്ചും.

## 3. ഏലൊഹിം

ഒരിക്കൽ ഒരു സന്ന്യാസി ഹീബ്രുഭാഷയിൽ വേദപുസ്തകം പഠിക്കണമെന്നു തീരുമാനിച്ചു. അതിനായി അയാഠം എന്നും ഒരു മരച്ചുവട്ടിൽ ചെന്നിരുന്ന് ഹീബ്രുഭാഷയിലുള്ള വേദപുസ്തകം ഒരററംമുതൻ മറേറ അററംവരെ നിറുത്താതെ ഉറക്കെ വായിച്ചുകൊണ്ടിരിക്കും. എല്ലാ ദിവസവും വൃദ്ധയായ ഒരു സ്ത്രീ വനത്തിൽനിന്നു വിറകു പെറുക്കിക്കൊണ്ടുവരുന്നതിനായി അതിലേ പോകുമായിരുന്നു. സന്ന്യാസിയുടെ വേദപുസ്തകപാരായണം കേട്ടപ്പോഠം ആ സ്ത്രീ വിചാരിച്ചുപോയി, സന്ന്യാസി ദിവസം മുഴുവൻ അവിടെ അങ്ങനെ പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയാണെന്ന്. പ്രാർത്ഥനയുടെ ഫലത്തിൽ ഒരു പങ്കു തനിക്കും കിട്ടട്ടെ എന്നു കരുതി ആ സ്ത്രീ എല്ലാ ദിവസവും കുറച്ചുനേരം അവിടെ നിന്ന്, സന്ന്യാസി ഉച്ചരിക്കുന്ന വാക്കുകഠം അർത്ഥമറിയാതെയാണെങ്കിലും ആവർത്തിച്ചുചൊല്ലുമായിരുന്നു. ഹീബ്രുഭാഷയായിരുന്നതുകൊണ്ട് അവയിൽ ഒരു വാക്കുപോലും ശരിക്കു ശബ്ദിക്കുവാനും അവർക്കു സാധിച്ചിരുന്നില്ല എങ്കിലും സന്ന്യാസിയുടെ വായനയിൽ ഏലൊഹിം (=ദൈവം) എന്ന വാക്ക് ഇടയ്ക്കിടയ്ക്കു വന്നിരുന്നതിനാൽ ആ പദംമാത്രം ഒരുവിധം അവരുടെ മനസ്സിൽ പററിപ്പിടിച്ചിരുന്നു.

ഇങ്ങനെ കുറെ നാഠം കഴിഞ്ഞപ്പോഠം നമ്മുടെ സന്ന്യാസി മരിച്ചു സ്വർഗ്ഗത്തിൻെറ വാതില്ക്കൽ ചെന്നു. വാതില്ക്കാവല്ക്കാരൻ അദ്ദേഹത്തോടു പറഞ്ഞു: ''സ്വർഗ്ഗത്തിലേയ്ക്കു കടക്കുന്നതിനുമുമ്പായി ഒരു പരീക്ഷകൂടി തരണംചെയ്യേണ്ടതുണ്ട്. അതിനുള്ള ചോദ്യം സ്വർഗ്ഗത്തിൽനിന്നുതന്നെ തയ്യാറാക്കി ഇവിടെ തന്നേല്പിച്ചിട്ടുമുണ്ട്. അതു ഞാൻ ഇപ്പോഠം വായിച്ചുകേഠപ്പിക്കാം. ഹീബ്രുഭാഷയിലെ വേദപുസ്തകത്തിൽ നിങ്ങഠക്ക് ഇനിയും പൂർണ്ണമായി അർത്ഥം മനസ്സിലായിട്ടില്ലാത്ത വാക്ക് ഏതാണ്?''

സന്ന്യാസി കുറെനേരം ആലോചിച്ചുനിന്നശേഷം ഇങ്ങനെ മറുപടി പറഞ്ഞു: ''ഞാൻ ഒരു ജീവിതകാലം മുഴുവനും ഹീബ്രുഭാഷയിൽ വേദപുസ്തകം പഠിക്കുകയായിരുന്നു. അതിൽ എനിക്ക് അർത്ഥമറിയാത്ത ഒരു വാക്ക് ഇപ്പോഠം ഉണ്ടെന്നു തോന്നുന്നില്ല. വേണമെങ്കിൽ നിങ്ങഠംക്കുതന്നെ ഇപ്പോഠം പരീക്ഷിച്ചു നോക്കാമല്ലോ.''

ഇത്രയും പറഞ്ഞപ്പോഴേയ്ക്കും സ്വർഗ്ഗത്തിൽനിന്നു മുഖ്യപരീക്ഷകനായ ഒരു ദൈവദൂതൻ അവിടെ പറന്നെത്തി. അയാഠം സന്ന്യാസിയോടു പറഞ്ഞു: ''നിങ്ങളുടെ ഉത്തരം തൃപ്തികരമല്ല. അതുകൊണ്ടു നിങ്ങളെ ഇപ്പോഠം സ്വർഗത്തിലേയ്ക്കു കയററിവിടുവാൻ യാതൊരു നിർവ്വാഹവുമില്ല. ശരിയായ ഉത്തരം പറയുന്നതുവരെ നിങ്ങഠം ഇവിടെ ഈ പടിക്കു പുറമെത്തന്നെ നിന്നുകൊള്ളണം.''

അങ്ങനെയിരിക്കെ നമ്മുടെ വൃദ്ധയും മരിച്ചു സ്വർഗ്ഗവാതില്ക്കലെത്തി. വൃദ്ധയോടും വാതില്ക്കാവല്ക്കാരൻ ആ ചോദ്യംതന്നെ ചോദിച്ചു: ''ഹീബ്രുഭാഷയിലെ വേദപുസ്തകത്തിൽ നിങ്ങഠംക്ക് ഇനിയും പൂർണ്ണമായി അർത്ഥം മനസ്സിലായിട്ടില്ലാത്ത വാക്ക് ഏതാണ്?'' വൃദ്ധ ഉടനെത്തന്നെ മറുപടിയും പറഞ്ഞു: ''ഏലൊഹിം!'' ഉടനെ സ്വർഗ്ഗത്തിൻെറ വാതിലുകഠം തുറക്കപ്പെടുകയും വൃദ്ധ സ്വർഗ്ഗത്തിലേയ്ക്ക് എടുക്കപ്പെടുകയും ചെയ്തു.

അപ്പോഴാണ് സന്ന്യാസിക്കു തനിക്കു പിണഞ്ഞ അബദ്ധം മനസ്സിലായത്. ഒരു ജീവിതകാലം മുഴുവൻ വേദപുസ്തകം പഠിച്ചാലും, സ്വർഗ്ഗത്തിൻെറ പടിവാതില്ക്കലോളം എത്തിയാൽത്തന്നെയും, ദൈവം എന്ന വാക്കിൻെറ അർത്ഥം പൂർണ്ണമായി മനസ്സിലാക്കാൻ ആർക്കും സാധിക്കുകയില്ലെന്ന സത്യത്തെപ്പററി അയാളുടെ കണ്ണുകഠം തുറന്നു.

ദൈവത്തെ അറിയാൻ മനുഷ്യൻ ആരാകുന്നു?

## 4. നാട്ടിലെ നടപ്പ്

ഒരിക്കൽ ഒരു കുരങ്ങും കഴുതയും കൂടി കാട്ടിൽ നിന്നു നാടു കാണാനായിപ്പോയി. കുതിരപ്പുറത്തു വരുന്ന രാജാവിനെപ്പോലെ അന്തസ്സായി കഴുതപ്പുറത്തു ഞെളിത്തിരുന്നാണ് കുരങ്ങു നാട്ടിലെത്തിയത്. നാട്ടിലെത്തുമ്പോഠം അവിടുത്തെ കാഴ്ചകളെല്ലാം തനിക്കു വിശദമായി വിവരിച്ചു മനസ്സിലാക്കിത്തരാമെന്ന വ്യവസ്ഥയിലാണ് കുരങ്ങിനെ ചുമക്കാമെന്നു കഴുത സമ്മതിച്ചതും. അവസാനം രണ്ടു ദിവസംകൊണ്ട് അവർ മലയിറങ്ങി നാട്ടിലെത്തി. നാട്ടിലെ കാഴ്ചകളെല്ലാം കഴുതയ്ക്കു വളരെ നവീനവും കൗതുകകരവുമായിത്തോന്നി. പശുക്കഠം കാട്ടിലെപ്പോലെ അലഞ്ഞു തിരിഞ്ഞു നടക്കാതെ, ഓടിട്ട ശാലകളിൽ നിരനിരയായി നിന്ന്, മരംകൊണ്ടു തീർത്ത ചതുരക്കള്ളികഠക്കുള്ളിലൂടെ തലയിട്ട്, കെട്ടുകെട്ടായി ഇട്ടുകൊടുത്തിരിക്കുന്ന വയ്ക്കോൽ തിന്നുന്നു! വനത്തിൽ ഓടിക്കളിച്ചു ചാടിത്തിമർത്തു നടക്കുന്ന കുതിരകളുടെ കണ്ണെല്ലാം ആരോ മൂടിപ്പൊത്തിവെച്ചിരിക്കുന്നു! കരിവീരന്മാരുടെ, പിടിച്ചാൽ പിടിയെത്താത്ത കഴുത്തിൽ ആലാത്തുവണ്ണത്തിലുള്ള കയറുകൊണ്ടു വട്ടം കെട്ടി അതിൽ കിലുകിലെ കുലുങ്ങുന്ന ഓട്ടുമണി കെട്ടിത്തൂക്കിയിട്ടിരിക്കുന്നു!

എന്നാൽ ഇതിലെല്ലാമുപരി കൗതുകകരമായി കഴുത കണ്ടതു മറെറാരു കാഴ്ചയാണ്. കാട്ടിൽ കാണാത്ത ഒരുതരം പ്രത്യേകമൃഗങ്ങഠം ഇവിടെ രണ്ടു കാലിൽ നടക്കുന്നു. മുൻകാലുകഠം രണ്ടും കീഴ്പോട്ടു തൂക്കിയിട്ടും അനായാസം വശങ്ങളിലേയ്ക്കു ആട്ടിയും തല നേരെ പൊക്കിപ്പിടിച്ചു പിൻകാലുകളിൽ ഞെളിഞ്ഞും നടക്കുന്ന ഈ അദ്ഭുതജീവികളെ കണ്ടപ്പോഠം കഴുത ആകെ അന്തംവിട്ടുപോയി. കഴുതയുടെ പകപ്പും പരിഭ്രമവും കണ്ടപ്പോഠം കുരങ്ങൻ, ഇവയെപ്പററി പറയാനാണെങ്കിൽ ഒരുപാടു കാര്യങ്ങഠം പറയാനുണ്ടെന്നും അതിനാൽ മടക്കയാത്രയിൽ അവയെല്ലാം

താൻ സൗകര്യമായി വിശദീകരിച്ചു പറഞ്ഞുകോംപ്പിക്കാമെന്നും പറഞ്ഞു കഴുതയെ തത്കാലത്തേയ്ക്കു സമാധാനപ്പെടുത്തി. അവർ പിന്നെയും ചുററിനടന്നു നാട്ടിലെ പല പല കാഴ്ചകളും കണ്ടു. അവസാനം നാട്ടിലേയ്ക്കു വന്നതുപോലെതന്നെ കുരങ്ങൻ കഴുതപ്പുറത്തിരുന്നു നല്ല ഗമയിൽ കാട്ടിലേയ്ക്കു തിരിച്ചുപോയി.

കാടിൻെറ മദ്ധ്യത്തിലെത്തിയപ്പോരം കുരങ്ങൻ കഴുതയോടു പറഞ്ഞു: ''ഹാ, ആ രണ്ടു കാലിൽ നടക്കുന്നതായി കണ്ട മൃഗത്തെപ്പററി പറഞ്ഞില്ലല്ലോ, മനുഷ്യൻ എന്നാണ് അതിൻെറ പേര്. വാസ്തവത്തിൽ നാമെല്ലാം എത്രയോ പാവങ്ങളും കാടന്മാരുമാണ്. ശരിക്കു പറഞ്ഞാൽ നടക്കാൻ രണ്ടു കാലേ ആവശ്യമുള്ളൂ. ആരംഭത്തിൽ അല്പം ബുദ്ധിമുട്ടുണ്ടാകുമെങ്കിലും, കുറച്ചുനാളത്തെ അഭ്യാസംകൊണ്ട് ആർക്കും അനായാസേന സാധിക്കാവുന്നൊരു കാര്യംമാത്രമാണിത്. അങ്ങനെയായാൽ, പിന്നെ നാം ഇങ്ങനെ തലയും താഴ്ത്തി നാലു കാലിൽ നടക്കേണ്ട വല്ല ആവശ്യവുമുണ്ടോ? മുൻകാലുകരം രണ്ടും നന്നായി ഇടത്തോട്ടും വലത്തോട്ടും വീശി, തലയും പൊക്കി, വേണമെങ്കിൽ തലയിൽ അവനവൻെറ ചുമടും കയററി വെച്ച്, നമുക്കും മനുഷ്യനെപ്പോലെ അന്തസ്സായി നടക്കാവുന്നതേയുള്ളൂ.''

ഇത്രയും കേട്ടപ്പോരം കാര്യം വളരെ എളുപ്പമാണെന്നു കഴുതയ്ക്കു തോന്നി. താൻ അങ്ങനെ ചെയ്യാമെന്നും കരങ്ങനു താത്പര്യമുണ്ടെങ്കിൽ തൻെറ തലയിൽ കയറി ഇരിക്കാമെന്നും കഴുത പറഞ്ഞു. കഴുത തൻെറ മുൻകാലുകരം മേല്പോട്ടുയർത്തി, പിൻകാലുകരം മണ്ണിലൂന്നി, കഴിയുന്നത്ര തലയും ഉയർത്തിപ്പിടിച്ചു നടക്കാൻ തുടങ്ങി. കുരങ്ങൻ ഉള്ളിൽ ഊറിച്ചിരിച്ചിട്ട്, ഒന്നുമറിയാത്ത മട്ടിൽ കഴുതയുടെ തലയിൽ കയറി കാലും നീട്ടി ഇരുന്നു. രണ്ടുമൂന്നടി വെച്ചില്ല, തക്കിട തരികിട എന്ന മട്ടിൽ കഴുത മോന്തയും

കുത്തി മുന്നോട്ടു മറിഞ്ഞുവീണു. ഇതിനിടയിൽ കുരങ്ങൻ അടുത്തുള്ള ഒരു മരച്ചില്ലയിലേയ്ക്കു ചാടി അവിടെ സുഖമായി ഇരിപ്പുറപ്പിച്ചു. മുഖമാകെ പൊട്ടി ചോരയൊലിക്കുന്ന കഴുതയോടു കുരങ്ങൻ പറഞ്ഞു: ''വല്ല കുരങ്ങന്മാരും പറയുന്നതു കേട്ട്, അവനവൻെറ നടപ്പു വിട്ടു പകരം മററു വല്ലവരുടെയും നടപ്പു നടക്കാമെന്നു കരുതിയ ഒരു കഴുതയായിപ്പോയല്ലോ നീ! പാവം, വേഗം എണീക്കൂ, കാട്ടിൽനിന്നു നീ നാട്ടിൽ പോയതിൻെറ വിശേഷം മററു വല്ലവരും കേട്ടറിഞ്ഞു നാണക്കേടാകുന്നതിനുമുമ്പേ, വേഗം സ്ഥലം വിട്ടുകൊള്ളുക.''

അന്ധമായ അനുകരണം അപകടമുണ്ടാക്കും.

## 5. രണ്ടു ശിഷ്യന്മാരും ചെമ്പുതകിടും

ഒരിക്കൽ രണ്ടു വിദ്യാർത്ഥികൾ ഒരു ഗുരുവിൻെറ പക്കൽ വിദ്യ അഭ്യസിച്ചിരുന്നു. രണ്ടുപേരും ഒരുപോലെ ബുദ്ധിമാന്മാരും ഉത്സാഹികളുമായിരുന്നു. സുദീർഘമായ ജപധ്യാനാദികളോടും തപശ്ചര്യകളോടുംകൂടിയാണ് അവർ വിദ്യാധനം സ്വീകരിച്ചിരുന്നത്. രാവിലെ എന്നും നാലുമണിക്കു മുന്നേ തന്നെ എഴുന്നേററു വിധിപ്രകാരമുള്ള ജപപൂജാദികൾ നടത്തും. പിന്നെ ഒമ്പതുമണിവരെ തലേ ദിവസത്തെ പാഠങ്ങളെല്ലാം ഒരു വരിപോലും വിടാതെ വ്യക്തമായി ചൊല്ലിപ്പഠിക്കും. അതിനുശേഷം പുതിയ പാഠങ്ങൾ പഠിപ്പിക്കുന്നതിനായി ഗുരുനാഥൻ വരും. എല്ലാം കഴിയുമ്പോഴേയ്ക്കും ഏകദേശം രണ്ടു രണ്ടരമണിയോളമായിരിക്കും. അതിനുശേഷമേ വിദ്യാകാംക്ഷികളായ ആ ശിഷ്യസത്തമർ ജലപാനംപോലും ചെയ്തിരുന്നുള്ളൂ. അങ്ങനെ രണ്ടുമൂന്നു വർഷങ്ങൾ കൊണ്ട് അവർ, അന്നത്തെ കാലസ്ഥിതിക്കു ജ്ഞാ

നികളായ മനുഷ്യർ സാമാന്യം അറിഞ്ഞിരിക്കേണ്ട വിദ്യകളെല്ലാംതന്നെ നന്നാംവണ്ണം ഹൃദിസ്ഥമാക്കി.

അവസാനം, അവർക്കു സമാവർത്തനത്തിനുള്ള സമയമായി. വിദ്യാഭ്യാസം കഴിഞ്ഞു ഗുരുകുലത്തിൽ നിന്നു സ്വഭവനത്തിലേയ്ക്കു മടങ്ങിപ്പോകുന്നതിനു മുമ്പേ, ശിഷ്യന്മാർ ഗുരുവിൻെറ പക്കൽ വന്ന് അവിടുത്തെ കാല്ക്കൽ വീണു പാദം തൊട്ടു നമസ്കരിച്ച്, അവിടുത്തെ അനുഗ്രഹത്തിനായി യാചിച്ചു. അന്നേരം ഗുരു അവർക്കു രണ്ടു ചെമ്പുതകിടുകൾ സമ്മാനമായി കൊടുത്തുകൊണ്ടു പറഞ്ഞു: ''നിങ്ങൾ അവസാനമായി പഠിച്ചിരിക്കേണ്ട സർവ്വപ്രധാനമായൊരു വിദ്യ ഇതിൽ ആലേഖനംചെയ്തിട്ടുണ്ട്. ഈ വിദ്യ നിങ്ങൾ മനസ്സിലാക്കുന്നില്ലെങ്കിൽ ഇതുവരെ പഠിച്ചതൊന്നും നിങ്ങൾക്കു പ്രയോജനപ്പെടുകയില്ല. അതിനാൽ, പോയി, ഈ വിദ്യകൂടി മനസ്സിലാക്കുവാൻ പരിശ്രമിക്കുക.''

ഗുരു സമ്മാനമായി കൊടുത്ത ചെമ്പുതകിടു വാങ്ങി രണ്ടുപേരും സ്വഗൃഹത്തിലേയ്ക്കു പോയി. വീട്ടിൽച്ചെന്നു നോക്കിയപ്പോൾ ചെമ്പുതകിടിൽ ഒന്നുംതന്നെ എഴുതിയിട്ടുള്ളതായി കണ്ടില്ല. ഇനി, പെട്ടെന്നു വായിക്കാനാവാത്ത തരത്തിൽ നിഗൂഢമായി അതിൽ വല്ലതും രേഖപ്പെടുത്തിക്കാണുമോ എന്നറിയാനായി അവർ അത് ഏറെ നാളത്തേയ്ക്കു സുസൂക്ഷ്മം നിരീക്ഷിക്കുകയും വിദഗ്ധന്മാരെക്കൊണ്ടു പരിശോധിപ്പിക്കുകയും ചെയ്തു. പക്ഷേ ആർക്കും അതിൽ ഒന്നുംതന്നെ കണ്ടുപിടിക്കാനായില്ല.

അവസാനം, ഒന്നാമത്തെ ശിഷ്യൻ, ഇനി ഈ ചെമ്പുതകിടിനെ ആശ്രയിച്ചിരുന്നിട്ടു വലിയ കാര്യമൊന്നുമില്ലെന്നു കരുതി. താൻ ഗുരുമുഖത്തുനിന്നു മുമ്പേ പഠിച്ചിട്ടുള്ള വിദ്യകൾ ഓരോന്നോരോന്നായി പ്രയോഗിച്ചു നോക്കിക്കളയാമെന്നു നിശ്ചയിച്ചു. പക്ഷേ, ഓരോ വിദ്യ പ്രയോഗിക്കുംതോറും, അയാൾക്ക് അതുസംബന്ധിച്ച്, മുമ്പു പഠിച്ചിരുന്ന കാല

ത്തു തോന്നിയിട്ടില്ലാതിരുന്ന സംശയങ്ങരം മനസ്സിൽ കൂടുതൽക്കൂടുതലായി ഉയർന്നുയർന്നുവന്നു. സംശയനിവൃത്തി വരുത്താൻ നിർവ്വാഹമില്ലാതെ അയാരം ആകെ കുഴഞ്ഞു. മററുള്ളവരോടു ചോദിച്ചു സംശയനിവാരണം വരുത്താമെന്നു വെച്ചപ്പോരം, അയാളുടെ സംശയങ്ങരംക്കു തൃപ്തികരമായി ഉത്തരം പറയാംവുന്നവർ ആരുംതന്നെ ഇല്ലെന്നു മനസ്സിലായി. അവസാനം അയാരം പഠിച്ച വിദ്യകളൊക്കെ ഉപേക്ഷിച്ച്, വല്ല കൃഷിപ്പണിയും ചെയ്തു ജീവിച്ചുകളയാമെന്നു കരുതി, തൻെറ ചെമ്പുതകിടു വിററ് അല്പം നിലം വാങ്ങി. അപ്പോരം, കൃഷി ചെയ്യേണ്ട രീതികളെപ്പററിയായി സംശയം. പിന്നെ, കച്ചവടമാകാമെന്നു കരുതി. അപ്പോരം കച്ചവടത്തിലെ പണമിടപാടുകളെപ്പററി സംശയം. എന്തിനേറെ, അയാരം ആകെ സംശയംകൊണ്ടു നിറഞ്ഞു.

അവസാനം, തൻെറ സഹപാഠിയുടെ സ്ഥിതി ഇപ്പോരം എന്തായിത്തീർന്നിട്ടുണ്ടാവും എന്നറിഞ്ഞുകളയാം എന്നു കരുതി, അയാരം രണ്ടു ദിവസത്തെ വഴി നടന്ന് അയാളുടെ വീട്ടിലെത്തി. അപ്പോരം തൻെറ സഹപാഠി ചെമ്പുതകിടും കക്ഷത്തിലിറുക്കിപ്പിടിച്ചുകൊണ്ടു ഗുരുഭവനത്തിലേയ്ക്കു യാത്ര പുറപ്പെടാനായി ഒരുങ്ങിനില്ക്കുകയായിരുന്നു. തനിക്കു സംഭവിച്ച കാര്യങ്ങളെല്ലാം ധൃതിയിൽ ഒന്നാമത്തെയാരം അപരനെ വിവരിച്ചു കേരംപ്പിച്ചു. അപ്പോരം അയാരം പറഞ്ഞു: ''താൻ ചെയ്തതു വലിയ ബുദ്ധിമോശമായിപ്പോയി. ഈ ചെമ്പുതകിടിലുള്ള വിദ്യ ഗ്രഹിക്കാതെ, മററു വിദ്യകളൊന്നും ഫലിക്കുകയില്ലെന്നു ഗുരു അന്നേ പറഞ്ഞതല്ലേ? ഗുരുവചനത്തെ അനാദരിച്ച്, താൻ തൻേറതായ രീതിക്കു നടന്ന് ഓരോരോ പരീക്ഷണങ്ങളിലേർപ്പെട്ടു. അതിൻെറ ദുരന്തഫലമാണ് താനിപ്പോരം അനുഭവിക്കുന്നത്. ഇത്രയും നാരം നാം വിദ്യകളെല്ലാം ഗുരുവിൻെറ കാല്ക്കൽനിന്നാണല്ലോ അഭ്യസിച്ചത്. അതിനാൽ, അവസാനത്തെയായ ഈ വിദ്യയും ഗുരുവിൻെറ തൃപ്പാദത്തിൽ

നിന്നുതന്നെ നാം ഗ്രഹിക്കണം എന്നാവും. ഒരുപക്ഷേ, അവിടുന്ന് ഉദ്ദേശിച്ചിട്ടുണ്ടാവുക. എത്രയെല്ലാം വിദ്യ നേടിയിരുന്നാലും, അതിൻെറ പേരിൽ ഇനി ഗുരുവിനെ ആവശ്യമില്ല എന്നു കരുതുക മൗഢ്യമാണ്. അതിനാൽ ഞാൻ ഈ ചെമ്പുതകിടുംകൊണ്ടു ഗുരുവിൻെറ പക്കലേയ്ക്കുതന്നെ മടങ്ങിപ്പോവുകയാണ്. വേണമെങ്കിൽ തനിക്കുകൂടി കൂടെ വരാം.''

അങ്ങനെ രണ്ടുപേരുംകൂടി ഗുരുവിൻെറ പക്കലേയ്ക്കു പോയി. രണ്ടാമത്തെയാാം, ഗുരു നല്കിയ ചെമ്പുതകിടു ഗുരുവിൻെറ കാല്ക്കൽത്തന്നെ വെച്ചുകൊണ്ട്, ഇങ്ങനെ പറഞ്ഞു: ''ഗുരോ, അടിയൻെറ അപരാധം ക്ഷമിക്കണം. ഇത്രയുംനാാം വിദ്യകളെല്ലാം ഞാൻ അവിടുത്തെ പക്കൽനിന്നുതന്നെ അഭ്യസിച്ചു. പിന്നെ, അവസാനം സർവ്വപ്രധാനമായ ഈ വിദ്യമാത്രം ഞാൻ തനിയെ മനസ്സിലാക്കാമെന്നു കരുതിയതു തീർത്തും ബുദ്ധിമോശമായിപ്പോയി. അങ്ങ് അതേപ്പററി ഒട്ടും അനിഷ്ടം വിചാരിക്കാതെ, ഈ വിദ്യയും വേണ്ടപോലെ എനിക്കു വെളിവാക്കിത്തരണം.''

ഇത്രയും കേട്ടപ്പോാം ഗുരു പറഞ്ഞു: ''നീയാണ് യഥാർത്ഥത്തിൽ ജ്ഞാനം നേടിയ ശിഷ്യൻ. ഗുരുവചനത്തിലൂടെയല്ലാതെ ശിഷ്യന് ഒരുനാളും യഥാർത്ഥജ്ഞാനമുണ്ടാകുകയില്ല. ഈ ചെമ്പുതകിടു നീ നാല്പത്തൊന്നു ദിവസം തുടർച്ചയായി എരിയുന്ന തീയിലിട്ടുകൊണ്ടിരിക്കണം. അപ്പോാം എല്ലാ വിദ്യകാംക്കും ആധാരമായി നീ അറിഞ്ഞിരിക്കേണ്ട പരമവിദ്യ അതിൽ താനേ തെളിഞ്ഞുവരും. അതില്ലാതെ മററൊരു വിദ്യയും നിനക്കു പ്രയോജനപ്പെടുകയില്ല.''

ഇതു കേട്ട ശിഷ്യൻ സന്തോഷത്തോടെ മടങ്ങിപ്പോയി ഗുരു പറഞ്ഞതുപോലെതന്നെ ചെയ്തു. നാല്പത്തൊന്നാംദിവസം പരമവിദ്യ അതിൽ അതിശയകരമായി തെളിഞ്ഞുവരികയും ചെയ്തു.

തൻെറ ബുദ്ധിമോശംകൊണ്ടു ഗുരൂപദേശം അവഗണിച്ച്, ചെമ്പുതകിടു നഷ്ടമാക്കിയല്ലോ എന്നു

വിചാരിച്ചു മറേറ ശിഷ്യൻ ദുഃഖിതനായി അവിടം വിട്ടുപോകുകയും ചെയ്തു.

അറിവിൽ എത്ര വളർന്നാലും ഗുരുഭക്തി കൈ വെടിയരുത്.

## 6. കഴുതയും പുണ്യവാളനും

ഒരിക്കൽ രണ്ടു സന്ന്യാസിമാർ തങ്ങളുടെ ആശ്രമത്തിലേയ്ക്ക് ആവശ്യമായ ഭക്ഷ്യവിഭവങ്ങൾ വാങ്ങുന്നതിനായി ചന്തയിൽ പോയി തിരിച്ചുവരികയായിരുന്നു. രണ്ടുപേരും കഴുതപ്പുറത്തിരുന്നാണ് യാത്ര ചെയ്തിരുന്നത്. വരുന്ന വഴിക്കു തീരെ ദുർബ്ബലനായ ഒരു വൃദ്ധൻ നടന്നുപോകുന്നത് അവർ കണ്ടു. ഒന്നാമത്തെ സന്ന്യാസി ഇതു കണ്ട്, കഴുതപ്പുറത്തുനിന്നിറങ്ങി, വൃദ്ധനെ കഴുതപ്പുറത്തു കയററിയിരുത്തി അയാളുടെ സാധനസാമഗ്രികൾ തൻെറ തലയിൽ ചുമന്ന്, കഴുതയ്ക്കു മുമ്പേ നടന്നു.

രണ്ടാമത്തെ സന്ന്യാസിക്ക് ആദ്യത്തെ സന്ന്യാസിയുടെ ഈ പ്രവത്തനരീതി തീരെ ഇഷ്ടമായില്ല അയാൾ പറഞ്ഞു: "ഇതിൻെറയൊന്നും യാതൊരാവശ്യവുമില്ല. ആശ്രമത്തിൽനിന്നു ചെലവുചെയ്തു കഴുതകളെ വളർത്തുന്നത്, ഇങ്ങനെ വഴിയെ പോകുന്ന വല്ല വയസ്സന്മാർക്കൊക്കെ സുഖമായി കയറിയിരുന്നു പോകാനല്ല. അവർക്കൊക്കെ അവരുടെ മക്കളും മരുമക്കളുമെല്ലാം ഉള്ളതാണ്. സ്വന്തം അപ്പൻേറയും അപ്പൂപ്പൻേറയും കാര്യത്തിൽ അവർക്കൊന്നുമില്ലാത്തത്ര താത്പര്യം സന്ന്യാസികളായ നാം അങ്ങനെ കെട്ടിക്കേറിച്ചെന്നു കാണിക്കേണ്ടതില്ല. മാത്രമല്ല, ഇങ്ങനെയുള്ള സേവനംകൊണ്ടു മനുഷ്യർ മടി പഠിക്കുമെന്നല്ലാതെ വേറെ പ്രയോജനമൊന്നുമില്ല. താൻ ചത്തു മീൻപിടി

ക്കേണ്ട കാര്യമൊന്നുമില്ലെന്നു പണ്ടുള്ളവർ പറഞ്ഞിട്ടുള്ളതിൻെറ പൊരുളം ഇനിയെങ്കിലും നാം മനസ്സിലാക്കണം.''

മറേറ സന്ന്യാസിക്ക് ഈ പ്രസംഗം അത്ര ഇഷ്ടമായില്ലെങ്കിലും, പുറമെ ഭാവഭേദമൊന്നും കാണിക്കാതെ, വൃദ്ധൻെറ ഭാണ്ഡവും തലയിൽ ചുമന്ന്, അയാറം മുമ്പത്തെപ്പോലെതന്നെ കഴുതയ്ക്കു മുന്നിൽ നടന്നിരുന്നു. ഇടയ്ക്കിടയ്ക്കു വഴിയാത്രക്കാരായ മനുഷ്യർ അദ്ദേഹത്തിൻെറ ത്യാഗബുദ്ധിയെ അഭിനന്ദിക്കുന്ന രീതിയിൽ പുഞ്ചിരിച്ചു തലയും കുലുക്കി കടന്നുപോകും. അങ്ങനെയുള്ള ഓരോ പ്രാവശ്യവും അദ്ദേഹം അവരെ പിടിച്ചുനിറുത്തി ഇങ്ങനെ പറഞ്ഞു തുടങ്ങും: ''എൻെറ സ്നേഹിതാ, ഇതിൽ എന്നെ പ്രത്യേകിച്ച് അഭിനന്ദിക്കാനൊന്നുമില്ല. ഞാൻ എന്നും ഇങ്ങനെമാത്രമേ ചെയ്തിട്ടുള്ളൂ. മററുള്ളവരുടെ വിഷമം കാണുമ്പോറം, എനിക്കറിയില്ല, എങ്ങനെയോ എൻെറ മനസ്സങ്ങ് ആകെ അലിഞ്ഞുപോകും. സ്വന്തം സ്തുതി പറയുകയാണെന്നു വിചാരിച്ചേയ്ക്കരുത്, ഞങ്ങളുടെ ആശ്രമത്തിൽ മറെറല്ലാവരെയും കാറം ഇങ്ങനെ അവശൻമാരെയും ആർത്തൻമാരെയും സഹായിക്കുന്നതിനുള്ള അവസരങ്ങറം നല്ലവനായ ദൈവം ഓരോ ദിവസവും എനിക്കു കനിഞ്ഞു നല്കുന്നുണ്ട്. പക്ഷേ ഒരു കാര്യത്തിൽ എനിക്ക് അല്പം കുണ്ഠിതമുണ്ട്, കേട്ടോ. എൻെറ ഈ ത്യാഗമനോഭാവവും ബുദ്ധിമുട്ടുമൊക്കെ കണ്ടിട്ടും, അതനുകരിക്കണമെന്നുള്ള വിചാരം ഞങ്ങളുടെ ആശ്രമത്തിലെ സന്ന്യാസികളിൽ ഒരാളിൽപ്പോലും കാണാനില്ല. ഒരുപക്ഷേ ഇപ്പോഴത്തെ ലോകം ഇങ്ങനെയൊക്കെ ആയിരിക്കാം. ഏതായാലും, ഞാൻ അവരെയാരേയും ഇക്കാര്യത്തിൽ അനുകരിക്കാൻ നിശ്ചയിച്ചിട്ടില്ല. സേവനത്തിൻെറ കാര്യത്തിൽ എനിക്ക് എന്നും എല്ലാവർക്കും മുകളിൽത്തന്നെ നില്ക്കണമെന്നത് എൻെറ ഒരു വാശിതന്നെയാണ്. വിശുദ്ധൻമാർക്കു സഹജമായ

ഒരുതരം മത്സരബുദ്ധി എന്നുമാത്രം നിങ്ങൾ അതേപ്പററി വിചാരിച്ചുകൊണ്ടാൽ മതി.''

പരിശുദ്ധനായ ആശ്രമശ്രേഷ്ഠൻ ഈ സംഭവങ്ങളെല്ലാം മുറിക്കകത്തിരുന്നു തൻെറ ജ്ഞാനദൃഷ്ടികൾകൊണ്ടു കാണുന്നുണ്ടായിരുന്നു. സന്ന്യാസികൾ രണ്ടുപേരും തിരിച്ചെത്തിയപ്പോൾ അദ്ദേഹം ആശ്രമത്തിലെ വലിയ മണി അടിപ്പിച്ച്, മററെല്ലാ സന്ന്യാസിമാരെയും വിളിച്ചുകൂട്ടി അവരോട് ഇങ്ങനെ പറഞ്ഞു: ''പ്രിയസഹോദരന്മാരേ, നമ്മുടെ സമൂഹത്തിൽനിന്ന് ഇന്നു ചന്തയിൽ ഭക്ഷണം വാങ്ങുന്നതിനായിപ്പോയ രണ്ടു സന്ന്യാസികൾ, വഴിക്കുവെച്ചു രണ്ടു പരസ്യപ്രസ്താവനകൾ ചെയ്തിരിക്കുന്നു. അവ എല്ലാവരുംതന്നെ അറിഞ്ഞിരിക്കാൻ ആവശ്യമായിരിക്കത്തക്കവിധം പ്രധാനപ്പെട്ടവയാണ്. അതിനാൽ അവ ഇപ്പോൾ നിങ്ങളെ ഞാൻ വായിച്ചു കേൾപ്പിക്കാം.'' ഇങ്ങനെ പറഞ്ഞ്, ആശ്രമശ്രേഷ്ഠൻ ആ രണ്ടു സന്ന്യാസികൾ വഴിയിൽവെച്ചു ചെയ്ത പ്രസ്താവനകൾ അതേ രീതിയിൽത്തന്നെ മററു സന്ന്യാസിമാരെ വായിച്ചു കേൾപ്പിച്ചു.

ഇത്തരം ഔദ്ധത്യം കാണിച്ച സന്ന്യാസികൾക്ക് എന്തൊരു പ്രായശ്ചിത്തമാണ് കല്പിക്കേണ്ടത് എന്ന് അദ്ദേഹം ചോദിച്ചപ്പോൾ, ജ്ഞാനവൃദ്ധനായ ഒരു സന്ന്യാസി എഴുന്നേററുനിന്ന് ഇങ്ങനെ പറഞ്ഞു: ''ആശ്രമത്തിൽ കഴുതകളെ വളർത്തുന്നത് എന്തിനാണെന്ന് അറിയാൻ പാടില്ലാത്ത ഒന്നാമത്തെയാൾ വാസ്തവത്തിൽ ഒരു കഴുതതന്നെയാണ്. അതിനാൽ ഒരു ദിവസത്തേയ്ക്ക് ഇയാളെ തൊഴുത്തിൽത്തന്നെ കെട്ടിയിട്ട്, കഴുതയ്ക്കു കൊടുക്കുന്ന തവിടുതന്നെ തീററിയായി കൊടുക്കുക. രണ്ടാമത്തെയാൾ വിശുദ്ധനാണല്ലോ. അതിനാൽ ഒരു കണ്ണാടിക്കൂടുണ്ടാക്കി, അയാളെ അതിന്നകത്തു വെച്ചുപൂട്ടി, വഴിയരികിൽ ഒരു സ്തൂപം പണിത്, ഒരാഴ്ചത്തേയ്ക്ക് അയാളെ അതിന്മേൽ നിറുത്താം. മുൻപിൽ ഒരു നേർച്ചപ്പെ

ട്ടിയും വെച്ചിരിക്കണം. അതുമൂലം ആശ്രമത്തിലേയ്ക്കു കാര്യമായൊരു വരവും ഉണ്ടാകാതിരിക്കുകയില്ല''

അവനവൻെറ കാര്യംമാത്രം നോക്കിയാൽ അവസാനം ആപത്തുണ്ടാകും. മററുള്ളവരുടെ കാര്യം നോക്കുന്നതു സ്വന്തം പേരിനുവേണ്ടി ആയാൽ അതും അനർത്ഥം വരുത്തും.

## 7. സന്ന്യാസികളുടെ പരീക്ഷ

ഒരിടത്ത് ഒരു സന്ന്യാസാശ്രമം ഉണ്ടായിരുന്നു. അവിടെ ധാരാളം സന്ന്യാസികൾ ജപധ്യാനങ്ങളിലും മററു സുകൃതാനുഷ്ഠാനങ്ങളിലും മുഴുകി ജീവിച്ചിരുന്നു. ഒരിക്കൽ പുണ്യംകൊണ്ടും ജ്ഞാനംകൊണ്ടും അതിപ്രസിദ്ധനായിരുന്ന ഒരു താപസശ്രേഷ്ഠൻ അവിടെ വരാനിടയായി. സന്ന്യാസികൾ അദ്ദേഹത്തെ അത്യാദരപൂർവം സ്വീകരിച്ചു സല്ക്കരിച്ചു. അദ്ദേഹത്തിൻെറ പ്രബോധനങ്ങളും ജീവിതമാതൃകയും അവർക്കു നന്നേ ഇഷ്ടപ്പെട്ടു. അങ്ങനെ ഒരു വർഷത്തോളം അദ്ദേഹം അവരുടെ കൂടെ വസിച്ചു. അവസാനം അദ്ദേഹത്തിനു തൻെറ സ്വന്തം ആശ്രമത്തിലേയ്ക്കു തിരിച്ചുപോകേണ്ട സമയമായി. അപ്പോൾ ആ ആശ്രമത്തിലെ ശ്രേഷ്ഠൻ അദ്ദേഹത്തോടു പറഞ്ഞു: ''ഗുരൂത്തമാ, അങ്ങയുടെ സഹവാസംമൂലം എൻെറ സന്ന്യാസികൾ സുകൃതാനുഷ്ഠാനത്തിൽ അത്യധികമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. അതിനു ഞങ്ങളെല്ലാവരും അങ്ങയോട് അത്യധികം കടപ്പെട്ടിരിക്കുന്നു. ഇപ്പോൾ അങ്ങു ഞങ്ങളെ വേർപെട്ടു പോകുന്നുവെന്നതിൽ ഞങ്ങൾക്കു വലിയ ദുഃഖവുമുണ്ട്. ഏതായാലും, ഈ അവസരത്തിൽ അങ്ങയോടു ഞങ്ങൾക്കു ചെറുതായ ഒരപേക്ഷയുണ്ട്. പുണ്യത്തിലുള്ള

ഞങ്ങളുടെ പുരോഗതി അളന്നറിയുന്നതിനായി, പോകുന്നതിനുമുമ്പേ, അങ്ങു ഞങ്ങൾക്കു ചെറിയൊരു പരീക്ഷ നടത്തിത്തരണം.'' അങ്ങനെയാവട്ടെ എന്ന് അദ്ദേഹവും പറഞ്ഞു. പരീക്ഷയ്ക്ക് ഒരുങ്ങുവാനായി മൂന്നു ദിവസത്തെ അവധിയും സന്ന്യാസിമാർക്കു കല്പിച്ചു.

എല്ലാവർക്കും വലിയ സന്തോഷമായി. ചെറുപ്പക്കാരും വൃദ്ധന്മാരുമായ എല്ലാ സന്ന്യാസികളും പ്രസിദ്ധങ്ങളായ അധ്യാത്മകൃതികൾ എല്ലാംതന്നെ അത്യുത്സാഹപൂർവം പഠിച്ചു പരീക്ഷയ്ക്കൊരുങ്ങിത്തുടങ്ങി. അവസാനം പരീക്ഷയുടെ ദിവസം വന്നെത്തി. സന്ന്യാസികളെല്ലാം സമയത്തിനുതന്നെ പരീക്ഷാശാലയിലെത്തി അത്യാകാംക്ഷയോടെ ഉത്തരമെഴുതാനുള്ള ചോദ്യവും പാർത്തിരുന്നു. അപ്പോൾ നമ്മുടെ താപസശ്രേഷ്ഠൻ വന്നു പരീക്ഷയ്ക്കുള്ള ചോദ്യം ഇങ്ങനെ പറഞ്ഞുകൊടുത്തു: ''നിങ്ങൾ എത്ര ആലോചിച്ചിട്ടും ഓർമ്മിക്കാൻ സാധിക്കാത്ത മൂന്നു കാര്യങ്ങൾ എഴുതുക.''

സന്ന്യാസികൾ ആകെ കുഴങ്ങി. ആലോചിക്കുംതോറും അവരുടെ ഓർമ്മകൾ കൂടിക്കൂടിവരികയാണ്. അവസാനം ഒന്നും എഴുതാതെ, ഓരോരുത്തരോരുത്തരായി എല്ലാവരും മുറിവിട്ടിറങ്ങിപ്പോയി. എന്നാൽ വൃദ്ധനായ ഒരു സന്ന്യാസിമാത്രം ചോദ്യത്തിനുത്തരമെഴുതി, കടലാസ്സ് പരീക്ഷകനെ തിരിച്ചേൽപിച്ചു. അയാൾ അതിൽ ഇങ്ങനെ എഴുതിയിരുന്നു: ''ഞാൻ എത്ര ആലോചിച്ചിട്ടും ഓർമ്മിക്കാൻ സാധിക്കാത്ത മൂന്നു കാര്യങ്ങൾ താഴെപ്പറയുന്നവയാണ്. 1. എൻെറ കൈകൊണ്ടു ജോലിചെയ്ത് അപ്പം ഭക്ഷിച്ചത്; 2. ഇപ്പോൾ എനിക്കു പശ്ചാത്താപം തോന്നാനാവശ്യമില്ലാത്ത തരത്തിൽ സംസാരിച്ച ഒരു അവസരം; 3. സന്ന്യാസക്രമങ്ങളെല്ലാം കൃത്യമായി അനുഷ്ടിച്ചൊരു ദിവസം.''

സ്വാഭാവികമായും, ആ സന്ന്യാസിമാത്രം പരീക്ഷയിൽ ജയിച്ചതായി പ്രഖ്യാപിക്കപ്പെട്ടു.

നാം കഴിഞ്ഞ കാലങ്ങളിൽ ചെയ്യേണ്ടതായി എത്ര സുകൃതങ്ങളുണ്ടായിരുന്നു. അവ ചെയ്യാതിരുന്നതിനെപ്പററി ഓർക്കാതെ നടക്കുന്നതുകൊണ്ടു വിശേഷമൊന്നുമില്ല.

## 8. കുശവനും ശില്പിയും

ഒരിക്കൽ ഒരിടത്ത് ഒരു കുശവനും ശില്പിയും അയൽക്കാരായി താമസിച്ചിരുന്നു. കുശവൻ ദിവസേന നൂറു കുടം വീതം മെനയും. ആളുകൾ വന്ന് അവ ഉടനെത്തന്നെ വാങ്ങിക്കൊണ്ടുപോകുകയും ചെയ്യും. ശില്പിയാകട്ടെ, രാവിലെമുതൽ സന്ധ്യവരെ എന്നും ഓരേ പ്രതിമയിൽത്തന്നെ പണിതുകൊണ്ടിരിക്കും. എത്ര കൊത്തിയിട്ടും, തൻെറ മനസ്സിനൊത്തവണ്ണം പ്രതിമ പൂർത്തിയായതായി അയാൾക്കു തോന്നിയില്ല. ഓരോ ദിവസവും ഓരോ ഭാവന അയാളുടെ സങ്കല്പത്തിൽ തെളിഞ്ഞുവരും. അതിനനുസരിച്ചു പ്രതിമയ്ക്കു രൂപം നല്കിക്കഴിയുമ്പോഴേയ്ക്കും ആ ദിവസവും തീർന്നിരിക്കും. പിറേറ ദിവസം അയാൾ വീണ്ടും പ്രതിമയിലേയ്ക്കു നോക്കുമ്പോൾ, അയാളുടെ മനസ്സിൽ വേറെ ഭാവനകൾ പുതുതായി തെളിയും. അവയ്ക്കനുസരിച്ച് അയാൾ വീണ്ടും പണി തുടങ്ങും. അങ്ങനെ അയാൾ എന്നും ഒരേ പ്രതിമയിൽത്തന്നെ പണിതുകൊണ്ടിരുന്നു.

ഒരു ദിവസം കുശവൻ മുററത്തൂടെ കടന്നുപോയപ്പോൾ ശില്പിയോടു പറഞ്ഞു: ''അല്ലെങ്കിലും താനൊരു കുശവൻതന്നെയാണ്. എന്നും നേരം വെളുത്താൽ അന്തിയാവുന്നതുവരെ ഒരേ പ്രതിമയിൽത്തന്നെ പണി! എന്നിട്ടും, പണി ഒട്ടു തീരുന്നുമുണ്ടോ? മാത്ര

മല്ല, ഈ പ്രതിമകൊണ്ടൊക്കെ മനുഷ്യർക്ക് എന്തു കാര്യം? എന്നെ കണ്ടു പഠിക്കൂ, ദിവസേന നൂറു കുടം വീതമാണ് ഞാൻ ഉണ്ടാക്കുന്നത്. ഉണ്ടാക്കേണ്ട താമസമേയുള്ളൂ, അവ വിററുതീരാൻ. ഈ പ്രതിമപ്പണിയൊക്കെക്കളഞ്ഞു മനുഷ്യർക്ക് ഉപകാരമുള്ള വല്ലതും ഉണ്ടാക്കാൻ നോക്കൂ.''

അങ്ങനെയിരിക്കെ, ഒരു ദിവസം അവിടെ വലിയൊരു ഭൂമിചലനമുണ്ടായി. നിർഭാഗ്യവശാൽ ശില്പിയുടെ പണിശാല അതിൽ നിലംപതിക്കുകയും അയാാം മരിച്ചുപോകുകയും ചെയ്തു. കുശവൻെറ കുടങ്ങളെല്ലാം തകർന്നുപോയെങ്കിലും, ആളപായമുണ്ടായില്ല. പിറേറ ദിവസം, നാശനഷ്ടങ്ങാം തിട്ടപ്പെടുത്തുന്നതിനും രക്ഷാപ്രവർത്തനങ്ങാം തുടങ്ങുന്നതിനുമായി രാജസേവകന്മാർ ആ സ്ഥലത്തെത്തി. ചിന്നിച്ചിതറിക്കിടക്കുന്ന അവശിഷ്ടങ്ങാം നീക്കുന്നതിനിടയിൽ, കഷണങ്ങളായി പൊട്ടിക്കിടക്കുന്ന ഒരു പ്രതിമയും അവർ കണ്ടു. അതിമനോഹരമായിത്തോന്നിയ ആ ശില്പത്തിൻെറ കഷണങ്ങളെല്ലാം അവർ സുസൂക്ഷ്മം തേടിപ്പിടിച്ച്, ശ്രദ്ധയോടെ ഒട്ടിച്ചുചേർത്ത്, രാജാവിനു സമർപ്പിക്കാനുള്ള ഒരു വിശിഷ്ടകലാനിധിയായി കയ്യിലെടുത്തു. ഇതു കണ്ടുനിന്ന കുശവൻ വിചാരിച്ചു: ഉപയോഗമില്ലാത്ത ഈ പ്രതിമക്കഷണങ്ങാം പെറുക്കിക്കൂട്ടി ഒട്ടിച്ചെടുക്കുന്ന ഈ കുശവന്മാർ, തീർച്ചയായും, പൊട്ടിപ്പോയ എൻെറ കുടങ്ങളുടെ കഷണങ്ങളും വാരിക്കൂട്ടി ഒട്ടിച്ചുപയോഗിക്കാതിരിക്കുകയില്ല. അങ്ങനെ, വില കിട്ടാതെ തൻെറ കുടങ്ങാം നഷ്ടപ്പെടാനിടയാകരുതെന്നു കരുതി, കുശവൻ ഉടനെത്തന്നെ ഓടിച്ചെന്ന് ആ കഷണങ്ങളെല്ലാം ഒരു കൊട്ടയിൽ വാരിക്കൂട്ടി വീട്ടിനകത്തു കൊണ്ടുപോയി ഭദ്രമായി ഒരു ചാക്കിൽ കെട്ടിവെച്ചു.

ബുദ്ധിമാൻെറ പ്രവൃത്തികാം വിഡ്ഢികാംക്കു പരിഹാസ്യമായിത്തോന്നും. അവസാനം വിഡ്ഢി അപഹാസ്യനായിത്തീരുകയും ചെയ്യും.

## 9. വനവാസികളുടെ ആതിഥ്യം

ഒരിക്കൽ ഒരു സംഘം സന്ന്യാസികൾ യാത്രയ്ക്കിടയിൽ വനവാസികളുടെ ഒരു പർണ്ണശാലയിൽ എത്തിച്ചേർന്നു. അതിഥിസ്വീകരണത്തിനു ചുമതലയുള്ള വനവാസി അവരെ വളരെ സന്തോഷത്തോടെ സ്വീകരിച്ചു സത്കരിച്ചു. അവിടെ ഭക്ഷണത്തിനു നേരമായിരുന്നില്ലെങ്കിലും, യാത്രക്കാർ ദൂരേനിന്നു വന്നതാകയാൽ, അവരെ അദ്ദേഹം നേരെ ഭക്ഷണശാലയിൽ കൊണ്ടുപോയി അവിടെ തയ്യാറായിരുന്ന ഭക്ഷണം മുഴുവനും അവർക്കു വിളമ്പിക്കൊടുത്തു. ഇതെല്ലാം കഴിഞ്ഞ് അതിഥികൾക്ക് ഉറങ്ങാനുള്ള നേരമായിട്ടും, അവർ ഉറങ്ങാതെ തമ്മിൽത്തമ്മിൽ സംസാരിച്ചുകൊണ്ടിരുന്നതേയുള്ളൂ. അവരുടെ സംസാരം ആതിഥേയനായ വനവാസി കേട്ടു. അവർ പറഞ്ഞിരുന്നത് ഇതായിരുന്നു: നമ്മുടെ ആശ്രമത്തിൽ നാം ഭക്ഷിക്കുന്നതിനെക്കാൾ അധികം ഇവിടെ ഈ പർണ്ണശാലയിൽ വനവാസികൾ ഭക്ഷിക്കുന്നു!

പിറ്റേ ദിവസം രാവിലെത്തന്നെ, അതിഥികളായി വന്ന സന്ന്യാസികൾ അടുത്തുള്ള വേറൊരു വനവാസിയുടെ ആശ്രമം സന്ദർശിക്കുന്നതിനായി പുറപ്പെട്ടു. പുറപ്പെടുന്നതിനുമുമ്പായി ആതിഥേയനായ സന്ന്യാസിയെക്കണ്ടു യാത്ര പറയുന്നതിനുവേണ്ടി അവർ അദ്ദേഹത്തിന്റെ പക്കലെത്തി. അപ്പോൾ അദ്ദേഹം അവരോടു പറഞ്ഞു: ''നിങ്ങൾ അവിടെ ചെല്ലുമ്പോൾ എന്റെ അഭിവാദനങ്ങൾ എന്റെ സ്നേഹിതനായ അവിടത്തെ വനവാസിക്കു നല്കണം. മാത്രമല്ല, ചെടികൾ നനയ്ക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം എന്നുകൂടി അദ്ദേഹത്തോടു പറയണം.''

സന്ന്യാസികൾ അദ്ദേഹം പറഞ്ഞതുപോലെതന്നെ ചെയ്തു. ആദ്യത്തെ വനവാസി പറഞ്ഞുവിട്ട കാര്യത്തിന്റെ അർത്ഥമെന്താണെന്നു പുതിയ വനവാസിക്ക് ഉടനെ പിടികിട്ടുകയും ചെയ്തു സന്ന്യാസി

കഠം വന്നുകേറിയ ഉടനെത്തന്നെ അദ്ദേഹം അവരെ അവിടെ ഇരുത്തി കുട്ടകഠം നെയ്യിക്കുവാൻ തുടങ്ങി. അദ്ദേഹവും അവരുടെ കൂടെയിരുന്ന് ഇടതടവില്ലാതെ കുട്ട നെയ്തുകൊണ്ടിരുന്നു. രാത്രി വിളക്കു കൊളുത്താറായപ്പോഠം, അദ്ദേഹം പതിവുള്ള പ്രാർത്ഥനകളുടെകൂടെ ഏതാനും ചില സങ്കീർത്തനങ്ങഠംകൂടി കൂടുതലായി ചേർത്തു. അതിനുശേഷം അദ്ദേഹം അവരോടു പറഞ്ഞു: ''ഞങ്ങഠം ഇവിടെ എല്ലാ ദിവസവും ഭക്ഷണം കഴിക്കുക പതിവില്ല. ഇന്ന് ഏതായാലും നിങ്ങഠം വന്നതിൻെറ സന്തോഷത്തിനായി നമുക്ക് അല്പം അത്താഴം കഴിച്ചുകളയാം.'' അവരെ അദ്ദേഹം ഭക്ഷണശാലയിൽ കൊണ്ടുപോയി ഓരോരുത്തർക്കും ഓരോ ഉണക്കറൊട്ടി കൊടുത്തു. അവർ അതു തിന്നാൻ തുടങ്ങിയപ്പോഠം, റൊട്ടിക്കുമീതെ അല്പം എണ്ണകൂടി ഒഴിച്ചുകൊടുത്തുകൊണ്ട് അദ്ദേഹം ഇങ്ങനെ പറഞ്ഞു: ''ഇത്തരം വിശേഷങ്ങഠം ഇവിടെ ഒട്ടുംതന്നെ പതിവില്ലാത്തതാണ്. സാരമില്ല. നിങ്ങഠം ദൂരേനിന്നു വന്നതല്ലേ? തന്നെയുമല്ല, ഇതൊക്കെ ഇന്ന് ഒരു ദിവസത്തേയ്ക്കുമാത്രമല്ലേ ഉള്ളൂ!''

ഭക്ഷണത്തിനുശേഷം ഉടനെത്തന്നെ അദ്ദേഹം സന്ന്യാസികളെ വീണ്ടും ജപാലയത്തിലേയ്ക്കു കൊണ്ടുപോയി സങ്കീർത്തനപ്രാർത്ഥന തുടർന്നു. ഇത് ഏതാണ്ടു നേരം വെളുക്കുവോളം നീണ്ടുനിന്നു. നേരം വെളുക്കാറായപ്പോഠം അദ്ദേഹം അവരോടു പറഞ്ഞു: നേരം വെളുക്കുന്നതിനു മുന്നേതന്നെ ഇവിടെ ചൊല്ലിത്തീർക്കുക പതിവുള്ള ഈ പ്രാർത്ഥനകളെല്ലാം ഇന്നു തീരുമെന്നു തോന്നുന്നില്ല. നിങ്ങഠം ദൂരേനിന്നു യാത്ര ചെയ്തു വന്നിരിക്കുന്നവരല്ലേ? അതിനാൽ യാത്രയുടെ ക്ഷീണം എല്ലാവർക്കും നന്നേ കാണും. അതുകൊണ്ട് ഇന്നത്തെ പ്രാർത്ഥന ഇത്രടംകൊണ്ടു നമുക്കു തത്കാലത്തേയ്ക്കു നിറുത്താം. ഇനി നിങ്ങഠം പോയി അല്പനേരം കിടന്ന് ആശ്വസിച്ചുകൊള്ളുക.''

നേരം വെളുത്ത ഉടനെത്തന്നെ സന്ന്യാസികഠം എഴുന്നേററു സ്ഥലം വിടുവാൻ ധൃതികൂട്ടി. പക്ഷേ

അത്ര ധൃതിയിൽ അങ്ങനെ അങ്ങു പോകുവാൻ ആതിഥേയനായ നമ്മുടെ വനവാസി അവരെ അനുവദിക്കുന്ന മട്ടില്ല. അദ്ദേഹം അവരോടു പറഞ്ഞു: ''നിങ്ങൾ ഇങ്ങനെ ഇത്ര വേഗം പോയ്ക്കളഞ്ഞാലോ. നിങ്ങളെപ്പോലെ ആദരണീയരും വന്ദനീയരുമായ അതിഥികളെ ഒന്നുരണ്ടു ദിവസം കൂടെത്താമസിപ്പിക്കുവാൻ സാധിക്കുന്നതുതന്നെ വലിയ ഭാഗ്യവും ആനന്ദവുമായി ഞാൻ കരുതുന്നു. സൗഹൃദപൂർവ്വമായ ആതിഥ്യം സന്ന്യാസജീവിതത്തിലെ ഒരു പ്രധാനസുകൃതമാണല്ലോ. അതിനാൽ, ചുരുങ്ങിയതു രണ്ടുമൂന്നു ദിവസംകൂടി നിങ്ങൾ ഇവിടെ താമസിക്കണമെന്നാണ് എന്റെ ആഗ്രഹം.''

സന്ന്യാസികൾ ഇതു കേട്ടു മനസ്സില്ലാമനസ്സോടെയാണെങ്കിലും സന്ധ്യവരെ ഒരു വിധത്തിൽ അവിടെ കഴിച്ചുകൂട്ടി. നേരം ഇരുട്ടിയെന്നു കണ്ടപ്പോൾ, അവർ ആരും കാണാതെ സൂത്രത്തിൽ വേഗം സ്ഥലം വിട്ടു ധൃതിയിൽ തങ്ങളുടെ ആശ്രമത്തിലേയ്ക്കു മടങ്ങിപ്പോയി.

സത്കാരം സ്വീകരിച്ചശേഷം സത്കരിച്ചവനെ നിന്ദിക്കുന്നവന് അവസാനം ഉള്ളതുപോലും ഇല്ലാതാകും.

## 10 വിഗ്രഹം മോഷ്ടിച്ച സന്ന്യാസി

ഒരിടത്തു വൃദ്ധനായ ഒരു സന്ന്യാസി ജീവിച്ചിരുന്നു. തീക്ഷ്ണമായ ദൈവഭക്തിയോടൊപ്പം അസാമാന്യമായ കലാവാസനയും ഉള്ള ഒരാളായിരുന്നു ആദ്ദേഹം. അനുദിനമുള്ള പൂജയും പ്രാർത്ഥനാദി കർമ്മങ്ങളും കഴിഞ്ഞു കിട്ടുന്ന സമയംമുഴുവൻ അദ്ദേഹം അതിമനോഹരമായൊരു ദേവപ്രതിമ കൊത്തി

യുണ്ടാക്കുന്നതിനത്രേ ചെലവഴിച്ചിരുന്നത്. അവസാനം, പ്രതിമയുടെ പണി പൂർത്തിയായിക്കഴിഞ്ഞപ്പോൾ അദ്ദേഹം അത് ആശ്രമത്തിനകത്ത് ഒഴിഞ്ഞൊരു സ്ഥലത്തു സ്ഥാപിച്ച്, അതിനെ പ്രത്യേകമായി വന്ദിച്ചു പോന്നു.

അങ്ങനെയിരിക്കെ ഒരു ദിവസം ചെറുപ്പക്കാരനായ ഒരു സന്ന്യാസി അവിടെ വന്നുകൂടി. വൃദ്ധസന്ന്യാസി അയാളെ അവിടെ താമസിക്കാൻ അനുവദിച്ചു. അയാൾ അവിടെ വസിച്ചു വേദാദികാര്യങ്ങളെല്ലാം താത്പര്യത്തോടെ അഭ്യസിച്ചുവന്നു. അങ്ങനെ കുറെനാൾ കഴിഞ്ഞപ്പോൾ അയാൾക്കു മേൽപറഞ്ഞ വിഗ്രഹത്തോട് എന്തെന്നില്ലാത്ത ഒരു താത്പര്യം തോന്നി. അത് എങ്ങനെയെങ്കിലും കൈക്കലാക്കുന്നതിനുള്ള ഉപായങ്ങളെപ്പററി അയാൾ ആലോചിച്ചുതുടങ്ങി. വൃദ്ധസന്ന്യാസി കാര്യമായി വന്ദിച്ചുപോരുന്ന വിഗ്രഹമായതിനാൽ അദ്ദേഹത്തോടു ചോദിച്ചാൽ അതു വിട്ടുകൊടുക്കുമെന്ന പ്രതീക്ഷയും അയാൾക്കില്ലായിരുന്നു. അവസാനം അയാളുടെ ആഗ്രഹം, ഈ വിഗ്രഹം എങ്ങനെയെങ്കിലും കൈക്കലാക്കി, കൊണ്ടുപോയി വിററ്, നല്ലൊരു തുക സമ്പാദിക്കണമെന്ന മോഹമായി മാറി. വിഗ്രഹം കൈക്കലാക്കാൻ വേറെ ഉപായമൊന്നും കാണാതായപ്പോൾ, ഒരു രാത്രി അതു മോഷ്ടിച്ചുകൊണ്ടു തന്നെ അയാൾ അവിടെനിന്നു കടന്നുകളഞ്ഞു.

മോഷ്ടിച്ച വിഗ്രഹവുമായി അയാൾ ഒരു കലാവസ്തുവ്യാപാരിയുടെ പക്കൽച്ചെന്ന്, മുന്നൂറു പണത്തിനാണെങ്കിൽ വിഗ്രഹം തരാമെന്നു പറഞ്ഞു. വിഗ്രഹത്തിൻെറ മേന്മയും ശക്തിയും വിദഗ്ദ്ധനായ ഒരാളെക്കൊണ്ടു പരിശോധിപ്പിച്ചശേഷം മറുപടി പറയാമെന്നു വ്യാപാരിയും പറഞ്ഞു. സന്ന്യാസി അതിനു സമ്മതിക്കുകയും ചെയ്തു.

വിഗ്രഹം പരിശോധിക്കാൻ പററിയൊരാളെ അന്വേഷിച്ചതിൽ, അതിനു വൈദഗ്ധ്യമുള്ളതായി നമ്മുടെ വൃദ്ധസന്ന്യാസിയെമാത്രമേ അടുത്ത ചുററുപാടിൽ

ഉള്ളതായി കണ്ടെത്തിയുള്ളൂ. അതിനാൽ വ്യാപാരി വിഗ്രഹവുമായി അദ്ദേഹത്തിൻെറ പക്കൽച്ചെന്നു. വിഗ്രഹം കണ്ടയുടനെ സന്ന്യാസിക്കു കാര്യമെല്ലാം മനസ്സിലായെങ്കിലും, അദ്ദേഹം ഒരു ഭാവഭേദവും കാണിക്കാതെ, വ്യാപാരിയോട് ഇങ്ങനെ പറഞ്ഞു: ''വിഗ്രഹം വളരെ നല്ലതാണ്. മുന്നൂറു പണത്തിന് അതു വാങ്ങുന്നതുകൊണ്ടു യാതൊരു തരക്കേടുമില്ല.''

വ്യാപാരി മടങ്ങിവന്നശേഷം നമ്മുടെ യുവസന്ന്യാസിയെ വിളിച്ചുവരുത്തി പറഞ്ഞു: ''വിഗ്രഹം ഞാൻ ഇന്ന സ്ഥലത്തുള്ള ഒരു ആശ്രമത്തിലെ വൃദ്ധനായ ഒരു സന്ന്യാസിയെ കാണിച്ചു. വിഗ്രഹത്തിനു നിങ്ങാം പറഞ്ഞ ഗുണങ്ങളെല്ലാമുണ്ടെന്നാണ് അദ്ദേഹത്തിൻെറയും അഭിപ്രായം. ഇതുപോലൊരു വിഗ്രഹത്തിനു മുന്നൂറു പണം വില വരുമെന്ന് അദ്ദേഹവും പറഞ്ഞു.''

ഉടനെത്തന്നെ യുവസന്ന്യാസി ഇടയ്ക്കുകയറി ചോദിച്ചു: ''അദ്ദേഹം അതുമാത്രമേ പറഞ്ഞുള്ളൂ? വേറെ ഒന്നുംതന്നെ വിഗ്രഹത്തെപ്പററി പറഞ്ഞില്ലയോ?'' ഇല്ല, വേറെ ഒന്നുംതന്നെ പറഞ്ഞില്ല എന്നു വ്യാപരി മറുപടി പറഞ്ഞു. അപ്പോാം യുവസന്ന്യാസി ഇങ്ങനെ കൂട്ടിച്ചേർത്തു: ''ക്ഷമിക്കണം, ഈ വിഗ്രഹത്തെക്കുറിച്ചുള്ള എൻെറ നിശ്ചയം ഞാൻ മാററിയിരിക്കുന്നു. ഇതുപോലെ ശക്തിയും മേന്മയുമുള്ള ഒരു വിഗ്രഹം ക്രിയവിക്രയംചെയ്യുന്നത്, അതു വില്ക്കുന്നവനും വാങ്ങുന്നവനും ഒരുപോലെ ദോഷകരമായേ ഭവിക്കൂ.''

എന്നു പറഞ്ഞ് അയാാം ഉടനെത്തന്നെ വിഗഹവും കൊണ്ടു വൃദ്ധസന്ന്യാസിയുടെ പക്കലേയ്ക്ക് ഓടി. അവിടെച്ചെന്ന് അദ്ദേഹത്തിൻെറ കാല്ക്കൽ വീണു കരഞ്ഞുകൊണ്ട് ഇങ്ങനെ അപേക്ഷിച്ചു: ''പിതാവേ, എന്നോടു ക്ഷമിക്കണം. ഈ വിഗ്രഹം അങ്ങു തിരികെ വാങ്ങി, അടിയൻെറ അപരാധം പൊറുത്തരുളേണം.'' സന്ന്യാസി അതിനു ശാന്തചിത്തനായി ഇങ്ങനെ മറുപടി പറഞ്ഞു: ''സഹോദരാ, നിങ്ങാം സമാ

ധാനത്തിൽ പോയ്ക്കൊള്ളുക. നിങ്ങൾ ഇവിടെ സന്ന്യാസിയായി താമസിച്ച നാൾമുതൽ ഇവിടെയുള്ളതെല്ലാം നിങ്ങളുടേതാണെന്നേ ഞാൻ കരുതിയിട്ടുള്ളൂ. അതിനാൽ നിങ്ങൾ പോയപ്പോൾ നിങ്ങളുടേതായ ആ വിഗ്രഹവും കൂടെ എടുത്തുകൊണ്ടുപോയതിനെപ്പററി പ്രത്യേകിച്ചൊന്നും വിചാരിക്കേണ്ട കാര്യമില്ല.'' ഇത്രയും കേട്ടപ്പോൾ യുവസന്ന്യാസി പറഞ്ഞു: ''അങ്ങയുടേതായ ഈ വിഗ്രഹം എൻേറതാണെന്ന് അങ്ങു പറഞ്ഞാൽ, അത് എൻേറതായതുതന്നെ. പക്ഷേ ഇപ്പോൾ എൻേറതായിത്തീർന്നിരിക്കുന്ന ഈ വിഗ്രഹത്തെ ഇനി എനിക്ക് അങ്ങയുടേതാക്കിത്തീർക്കണം. അതിന് ഒരു വഴിയേയുള്ളൂ. ഞാൻ ഇന്നുമുതൽ എന്നും ഇവിടെ അങ്ങയുടെ കൂടെ ഒരു സന്ന്യാസിയായി വസിക്കും. അപ്പോൾ എൻേറതെല്ലാം അങ്ങയുടേതും ആകുമല്ലോ.''

പരിഹാരം ചെയ്യാത്ത പശ്ചാത്താപം നിരർത്ഥകമാണ്.

## 11 മൂന്നു വനവാസികളുടെ കൃതികൾ

ഒരിക്കൽ പുണ്യകീർത്തികൊണ്ടും അദ്ഭുതസിദ്ധികൾകൊണ്ടും അതിവിശ്രുതനായിരുന്ന ഒരു സന്ന്യാസി, യാത്രാമധ്യേ വനവാസികളുടെ ഒരു പർണ്ണാശ്രമം സന്ദർശിക്കുകയുണ്ടായി. സന്ന്യാസികളെല്ലാവരുംകൂടി അദ്ദേഹത്തെ അത്യാദരപൂർവ്വം സ്വീകരിച്ചു സത്കരിക്കുകയും തങ്ങളുടെ കൂടെ കുറെക്കാലം വസിച്ച്, പുണ്യാഭിവൃദ്ധിയിൽ തങ്ങളെ സഹായിക്കണമെന്ന് അദ്ദേഹത്തോട് അപേക്ഷിക്കുകയും ചെയ്തു. അദ്ദേഹം അവരുടെ അപേക്ഷ സ്വീകരിക്കുകയും അതിൻപ്രകാരം ഒരു വർഷത്തോളം അവരുടെ കൂടെ വസിച്ചു സുകൃതപുരോഗതിക്കുള്ള പല

വിധപോംവഴികരം അവർക്ക് ഉപദേശിച്ചുകൊടുക്കുക യും ചെയ്തു. ഈ മുനിവരൻെറ സഹവാസംമൂലം വനവാസികളുടെ ആ സംഘത്തിൽ അസാമാന്യമായ ആത്മീയതീക്ഷ്ണതയും പുണ്യാഭ്യാസതത്പരത യും വളർന്നുവന്നു.

അവസാനം അദ്ദേഹത്തിനു തൻെറ സ്വന്തം ആശ്രമ ത്തിലേയ്ക്കു മടങ്ങിപ്പോകാനുള്ള സമയമായി. മടങ്ങി പ്പോകുന്നതിനുമുമ്പ് അദ്ദേഹം വനവാസികളുടെ ആ ശ്രമശ്രേഷ്ഠനെ ചെന്നു കണ്ട്, അദ്ദേഹത്തോട് ഇങ്ങ നെ പറഞ്ഞു: "എൻെറ ഇവിടത്തെ വാസം എനിക്കു നന്നേ ഇഷ്ടപ്പെട്ടു. അങ്ങയുടെ സന്ന്യാസികരംക്കെ ല്ലാം സുകൃതപുരോഗതിയുടെയും തപോനുഷ്ഠാനങ്ങ ളുടെയും കാര്യത്തിൽ മററാരിടത്തും കാണാത്തത്ര ആ ഗ്രഹവും ഔത്സുക്യവുമാണുള്ളത്. അതു കെടു ത്തിക്കളയാതെ, കൂടുതൽ കൂടുതലായി പരിപോഷി പ്പിച്ചുകൊണ്ടുവരുവാൻ യത്നിക്കണം. കാര്യമായ ഒരു കുറവും ആരിലും കാണുവാൻ ഇവിടെ എനിക്ക് ഇടയായിട്ടില്ല. എങ്കിലും, താരതമ്യേന ലഘുവായ ചില അപാകതകരം കാണിക്കുന്ന മൂന്നു സന്ന്യാസി കളുടെ കാര്യം ഇവിടെ എൻെറ ശ്രദ്ധയിൽപ്പെടുകയു ണ്ടായിട്ടുണ്ട്. വലിയ അപൂർണ്ണതയൊന്നുമല്ലെങ്കിലും അവകൂടി തിരുത്തിക്കൊടുത്താൽ, നിങ്ങളുടെ ഈ സന്ന്യാസസംഘം ഭക്തിതീക്ഷ്ണതയിലും പുണ്യ പുരോഗതിയിലും പൂർവ്വാധികം പ്രശോഭിക്കുന്ന താണ്."

അവ എന്താണെന്ന് ആശ്രമശ്രേഷ്ഠൻ ചോദിച്ച പ്പോരം അദ്ദേഹം ഇങ്ങനെ പറഞ്ഞു: "ഇവിടെ ഒരു സ ന്ന്യാസി എപ്പോഴും പ്രാർത്ഥിക്കുന്നത്, ശിരസ്സു തറ യിൽ കുത്തി നിറുത്തി, കാലുകരം രണ്ടും നേരേ മേല് പോട്ട് ഉയർത്തിപ്പിടിച്ചുകൊണ്ടാണ്. അത് അത്ര ഉചിതമായൊരു രീതിയാണെന്ന് എനിക്കു തോന്നു ന്നില്ല." അതു കേട്ടപ്പോരം ആശ്രമശ്രേഷ്ഠൻ പറഞ്ഞു: "ഗുരുവേ, ക്ഷമിക്കണം. അതിൻെറ കാര്യം ഞാൻ

പറഞ്ഞുതരാം. അദ്ദേഹം ആദ്യമൊക്കെ സാധാരണരീതിയിൽ ഇരുന്നും മുട്ടുകുത്തിയുമെല്ലാമാണ് പ്രാർത്ഥിച്ചിരുന്നത്. പക്ഷേ പ്രാർത്ഥിക്കാൻ തുടങ്ങുമ്പോഴേയ്ക്കും അദ്ദേഹം ലോകത്തിലെ എല്ലാ കാര്യങ്ങളും മറന്ന്, സ്വർഗ്ഗത്തിലേയ്ക്ക് ഉയർന്നുപോകാൻ തുടങ്ങും. തന്മൂലം പ്രാർത്ഥന തുടങ്ങിയാൽപ്പിന്നെ, ഭക്ഷണം ജോലികൾ തുടങ്ങിയവയ്ക്കൊന്നും വരുവാൻ അദ്ദേഹത്തിനു സാധിക്കാത്തൊരു നിലയായി. ഈ വിഷമത മാറിക്കിട്ടുവാൻ അദ്ദേഹം മറ്റെല്ലാ പോം വഴികളും പരീക്ഷിച്ചുനോക്കി. പക്ഷേ ഒന്നും തന്നെ വിജയിച്ചില്ല അവസാനമായി അദ്ദേഹം കണ്ടെത്തിയ ഒരു മാർഗ്ഗമാണിത്–തല ബലമായി തറയിൽ കുത്തിനിറുത്തി, പാദങ്ങൾ മേല്പോട്ടുയർത്തിപ്പിടിച്ചു പ്രാർത്ഥിക്കുക എന്നത്. ഇങ്ങനെ ചെയ്തുവന്നതിൽപ്പിന്നെ,. പ്രാർത്ഥിക്കുമ്പോൾ ഭൂമിയും ഭൂമിയിലെ കാര്യങ്ങളും വിട്ടു സ്വർഗ്ഗത്തിലേയ്ക്കു പൊങ്ങിപ്പോകാതിരിക്കാൻ ഒരുവിധം അദ്ദേഹത്തിനു സാധിക്കുന്നുണ്ട്.''

രണ്ടാമത്തെ ആളെക്കുറിച്ചുള്ള അപാകത എന്താണെന്നു ചോദിച്ചപ്പോൾ, സന്ന്യാസി ഇങ്ങനെ പറഞ്ഞു: ''മററുള്ളവർ സംസാരിക്കുന്ന നേരം മുഴുവൻ അദ്ദേഹം വായിൽ ഒരു വെള്ളാരംകല്ലുമിട്ടു ചവച്ചുകൊണ്ടിരിക്കുന്നതായി കാണുന്നു. ഇത് ഒരുതരം ഗോഷ്ഠിയായിട്ടാണ് എനിക്കു തോന്നുന്നത്.'' അപ്പോൾ ആശ്രമശ്രേഷ്ഠൻ ഇങ്ങനെ പറഞ്ഞു: ''പിതാവേ, അനിഷ്ടം തോന്നരുത്. അയാൾക്ക് ഒരു ദുശ്ശീലമുണ്ടായിരുന്നു. സംഭാഷിക്കുമ്പോൾ മററുള്ളവർ പറയുന്നതു കേൾക്കുന്നതിന് ഒട്ടുംതന്നെ ശ്രദ്ധിക്കുകയില്ല. എപ്പോഴും തനിക്കുതന്നെ സംസാരിച്ചുകൊണ്ടിരിക്കണം. ഈ ദുശ്ശീലം മാററുന്നതിന് അയാൾ പലപല വഴികൾ നോക്കി. ഒരു ഫലവുമുണ്ടായില്ല പിന്നെ അവസാനക്കയ്യായി അയാൾതന്നെ കണ്ടുപിടിച്ച ഒരുപായമാണിത്. ഈ ചികിത്സ തുടങ്ങിയതിൽപ്പിന്നെ രോഗത്തിനു വളരെ ഭേദമുണ്ട്.''

പിന്നെ മൂന്നാമത്തെ ആളെക്കുറിച്ചായി ചോദ്യം. അതിനു സന്ന്യാസി ഇങ്ങനെ മറുപടി പറഞ്ഞു: ''അയാറം മെഴുകുതിരി കത്തിച്ച് ഒരു ലോഹപ്പാത്രത്തിൽ ഉറപ്പിച്ചുവെച്ചശേഷം, മെഴുകുതിരിയുടെ മുക്കാൽ ഭാഗത്തോളം പൊക്കത്തിൽ വരത്തക്കവിധം പാത്രത്തിൽ വെള്ളമൊഴിച്ചു നിറയ്ക്കുന്നു. ഇതൊക്കെ ഒരുതരം അനാവശ്യവും സമയച്ചെലവുമല്ലേ?'' അതിനു ആശ്രമശ്രേഷ്ഠൻ ഇങ്ങനെ മറുപടി നല്കി: ''ഇവിടെ അത്താഴം കഴിഞ്ഞു പതിനഞ്ചു മിനിററോളം സന്ന്യാസികറം എന്നും സ്വന്തം മുറികളിൽ മെഴുകുതിരിയും കത്തിച്ചു ജ്ഞാനപാരായണം നടത്തുക പതിവുണ്ട്. ആ സന്ന്യാസി മഹാ ഉറക്കക്കാരനാകയാൽ, വായിക്കുന്നതിനിടയിൽ ഇരുന്ന് ഉറങ്ങിപ്പോകും. അങ്ങനെ തിരി വെറുതെ കത്തിത്തീർന്ന് ആശ്രമത്തിനു നഷ്ടം വരാറുണ്ടായിരുന്നു. അങ്ങനെ വരാതിരിക്കാൻവേണ്ടിയാണ് മുക്കാൽഭാഗം വെള്ളം നിറച്ച പാത്രത്തിൽ അയാറം തിരി കത്തിച്ചുനിറുത്തുന്നത്. അപ്പോറം തിരി കത്തി വെള്ളത്തിൻെറ ലെവലിലാകുമ്പോറം താനെ കെട്ടുപോയ്ക്കൊള്ളുമല്ലോ.''

ഇത്രയും കേട്ടപ്പോറം അവിടുത്തെ വനവാസികളിൽനിന്നു തനിക്ക് ഇനിയും ഒട്ടേറെ കാര്യങ്ങറം പഠിക്കാനുണ്ടെന്നു നമ്മുടെ സന്ന്യാസിക്കു തോന്നി. അതിനാൽ പിന്നെയും ഒരുപാടുനാറം അദ്ദേഹം അവിടെ താമസിച്ച്, സുകൃതപുരോഗതിക്കായി ആ വനവാസികറം ചെയ്തുവന്നിരുന്ന അശ്രാന്തപരിശ്രമങ്ങളെ സുസൂക്ഷ്മം നിരീക്ഷിച്ച്, തത്സംബന്ധമായ ഒട്ടേറെ കാര്യങ്ങറം മനസ്സിലാക്കിയശേഷം തൻെറ ആശ്രമത്തിലേയ്ക്കു മടങ്ങിപ്പോകുകയുണ്ടായി.

ലോകത്തിൽ പല തെററിദ്ധാരണകളും കാര്യമറിയായ്കകൊണ്ടു വരുന്നതാണ്.

## 12. തേനീച്ചയും ചിത്രശലഭവും

ഒരിക്കൽ രണ്ടു വിദ്യാർത്ഥികൾ ഒരു ഗുരുവിന്റെ പക്കൽ വിദ്യ അഭ്യസിച്ചിരുന്നു. പഠനമെല്ലാം കഴിഞ്ഞ് അവർക്കു സ്വന്തം വീട്ടിലേയ്ക്കു പോകാനുള്ള സമയമായി. ഗുരുവിനെക്കണ്ടു യാത്ര പറയുന്നതിനുമുമ്പ് അവർ സമ്മാനങ്ങളുമായി ഗുരുസന്നിധിയിലെത്തി. സമ്മാനമെല്ലാം സ്വീകരിച്ചു സന്തോഷംപൂണ്ട ഗുരു, ശിഷ്യന്മാർക്കു പില്ക്കാലജീവിതത്തിനു വേണ്ട ഉപദേശങ്ങളെല്ലാം യഥാവിധി നല്കി. ശിഷ്യന്മാർ അവിടെനിന്നു പുറപ്പെട്ടു രണ്ടുമൂന്നടി നടന്നുകഴിഞ്ഞപ്പോൾ ഗുരു വീണ്ടും അവരെ തന്റെ പക്കലേയ്ക്കു വിളിച്ചു. എന്നിട്ട് അദ്ദേഹം അവരോടു പറഞ്ഞു: ''നിങ്ങൾക്കു തരാൻ പററിയ സമ്മാനം വല്ലതുമുണ്ടോ എന്നു നോക്കാനായി ഞാൻ അകത്തേയ്ക്കു പോയതാണ്. അപ്പോഴേയ്ക്കും നിങ്ങൾ പുറപ്പെട്ടുകഴിഞ്ഞുവല്ലോ. ഏതായാലും നിങ്ങൾക്ക് ഇതാ എന്റെ സമ്മാനങ്ങൾ.''

ഇതിനുശേഷം, ഒരുത്തന്, 'നീ ഇതുപോലെയാണ്' എന്നു പറഞ്ഞ് ഒരു ചിത്രശലഭത്തേയും മറെറയാൾക്ക്, 'നീ ഇതുപോലെയും' എന്നു പറഞ്ഞ് ഒരു തേനീച്ചയേയും കൊടുത്തു.

ശിഷ്യന്മാർക്ക് ഇതിന്റെ അർത്ഥം അപ്പോൾ മനസ്സിലായില്ല. എങ്കിലും, 'ഗുരു തന്നതാണല്ലോ, ഗുരു തന്ന സമ്മാനത്തിന്റെ അർത്ഥവും മററും ചോദിക്കുക ബഹുമാനക്കുറവല്ലേ' എന്നെല്ലാം കരുതി, സമ്മാനങ്ങളും കയ്യിൽപ്പിടിച്ചു സസന്തോഷം അവർ യാത്രയായി. നടന്നുനടന്ന് ഒടുവിൽ അവർ ഒരു വനത്തിലെത്തി. അല്പം വിശ്രമിച്ചുകളയാമെന്നു കരുതി അവർ അവിടെ ഒരു ജലാശയത്തിന്നരികെ വെള്ളത്തിലേയ്ക്കു കാലും നീട്ടിയിരുന്നു. പെട്ടെന്ന് അടുത്തുനിന്ന് ഒരു സ്വരം കേട്ടു. ശ്രദ്ധിച്ചപ്പോൾ അടുത്തുള്ളൊരു പർണ്ണശാലയിൽ ഒരു മുനി തന്റെ ശിഷ്യന്

മാർക്കു 'തേനീച്ചയും ചിത്രശലഭവും' എന്ന പാഠം വിവരിച്ചുകൊടുക്കുകയാണെന്നു മനസ്സിലായി. അധ്യാപകൻെറ വാക്കുകൾ ഇങ്ങനെയായിരുന്നു: ''ചിത്രശലഭം ധ്യാനചിന്തയും ഏകാഗ്രതയും ഇല്ലാത്തൊരു ജീവിയാകുന്നു. കാററത്തിളകുന്ന എല്ലാ പൂക്കളുടെയും മീതെ അതു പാറിപ്പറന്നു നടക്കും. ഒരു നിറം കണ്ടാൽ അപ്പോൾ അത് അങ്ങോട്ടു തിരിയും. അതിനിടയിൽ വേറൊന്നു കണ്ടാൽ അങ്ങോട്ടും. ഇങ്ങനെ സ്വയം ആലോചിക്കാതെ മററുള്ളവയുടെ താളത്തിനൊപ്പിച്ചു തുള്ളാനേ അതിന്നു നേരമുള്ളൂ. ഫലമോ? അതിന് ഒന്നുംതന്നെ ശേഖരിക്കാനാവുന്നില്ല

എന്നാൽ തേനീച്ചയാകട്ടെ, നേരെ മറിച്ചാണ്. എല്ലാ തേനീച്ചകളുംകൂടി തേനറയിലിരുന്ന് ഏകാഗ്രമായി ധ്യാനിക്കുന്നു. തത്ഫലമായി ഏതു പൂവിലാണ് മധുവുള്ളതെന്നു തിരിച്ചറിയാനുള്ള ഒരു തരം അന്തർദൃഷ്ടിതന്നെ അവയ്ക്കുണ്ടാകുന്നു. അവിടെയും ഇവിടെയും ചുററിക്കറങ്ങി നില്ക്കാതെ, മധുവുള്ള പൂവിലേയ്ക്കുമാത്രം അവ നേരെ പോകുന്നു. മധു കിട്ടിയിയാലുടനെത്തന്നെ അവ തിരിച്ചു തേനറയിലേയ്ക്കു മടങ്ങി, അവിടെയിരുന്നു തങ്ങളുടെ ധ്യാനം തുടരുന്നു. തത്ഫലമായി തങ്ങൾക്കു കിട്ടിയ മധുവിനെ മനുഷ്യർക്കുകൂടി ഉപകാരപ്രദമായ തരത്തിൽപ്പകർത്തുവാൻ അവയ്ക്കു സാധിക്കുന്നു. ധ്യാനവും ഏകാഗ്രതയുമില്ലാതെ, മററുള്ളവർക്കു പ്രയോജനകരമാകുംവിധം എന്തെങ്കിലും ചെയ്യുവാൻ നമുക്കാവുകയില്ല''

ഈ പാഠം കേട്ട ശിഷ്യന്മാർക്ക്, തങ്ങളുടെ ഗുരു തങ്ങൾക്കു നല്കിയ സമ്മാനത്തിൻെറ അർത്ഥം അപ്പോൾ ശരിയായി മനസ്സിലായി. അതിന്മേൽ കൂടുതലായി ചിന്തിച്ചുകൊണ്ട് അവർ തങ്ങളുടെ വീടുകളിലേയ്ക്കു മടങ്ങിപ്പോയി.

ഏകാഗ്രതയും പരിശ്രമശീലവും ഉള്ളവർക്കേ മററുള്ളവർക്കു ഫലം കിട്ടുന്ന തരത്തിൽ പ്രവർത്തിക്കാനാവൂ.

## 13 രാജാവിൻെറ സമ്മാനം

ഒരിക്കൽ ഒരു സംഘം സന്ന്യാസികൾ തങ്ങളുടെ മഹാരാജാവിനെ സന്ദർശിക്കാനായി രാജകൊട്ടാരത്തിൽ ചെന്നു. രാജകൊട്ടാരംമുഴുവൻ ചുററിനടന്നു കണ്ട്, അവർക്ക് ഏററവും ഇഷ്ടപ്പെടുന്നൊരു വസ്തു സമ്മാനമായി എടുത്തു കൊണ്ടുപോയ്ക്കൊള്ളുന്നതിനു ചക്രവർത്തി അവരെ അനുവദിച്ചു. രാജഗൃഹത്തിലെ വിലപിടിപ്പുള്ളതും കൗതുകകരവുമായ ഓരോ വസ്തുക്കളും അവർ മാറിമാറി പരിശോധിച്ചു. ഒന്നു കാണുമ്പോൾ മറെറാന്നു കൂടുതൽ വിശേഷമായിത്തോന്നും. അതു പരിശോധിക്കുമ്പോൾ അതിനെക്കാൾ തേജസ്സുള്ളതായി വേറൊന്നു കാണപ്പെടും. ഇങ്ങനെ എന്തെടുക്കണമെന്നതിനെപ്പററി ഒരു തീരുമാനത്തിലെത്താൻ കഴിയാതെ, സന്ന്യാസികൾ ആകെ കുഴങ്ങി. മാത്രമല്ല, ഓരോന്നിനെക്കുറിച്ചും ഓരോരുത്തർ പറയുന്ന അഭിപ്രായം മററുള്ളവരിൽ അഭിപ്രായവ്യത്യാസത്തിനും ശണ്ഠയ്ക്കുംകൂടി ഇടയാക്കുകയും ചെയ്തു. അവസാനം സന്ന്യാസികൾക്കിടയിൽ ആകെ കലഹവും കടിപിടിയുമായി.

ശബ്ദം കൂടിവരുന്നതു കേട്ട്, രാജാവു രാജഗോപുരത്തിൽനിന്നു താഴെ ഇറങ്ങിവന്ന് അവരോടു പറഞ്ഞു: ''സന്ന്യാസിമാരായ നിങ്ങൾ ഇങ്ങനെ കലഹിക്കുന്നതെന്തിനാണ്? നിങ്ങൾക്ക് ആവശ്യമുള്ളത് എന്താണെന്നു തീരുമാനിക്കാൻ നിങ്ങൾക്കുതന്നെ കഴിയാതായിരിക്കുന്നു, അല്ലേ? സാരമില്ല, ഇപ്പോൾ നിങ്ങൾ കൊട്ടാരം വിട്ടുപോകുവിൻ. നിങ്ങൾക്ക് ഏററവും ചേർന്നൊരു സമ്മാനം ഞാൻ പിന്നീടു ഭൃത്യൻവഴി ആശ്രമത്തിലേയ്ക്കു കൊടുത്തുവിട്ടുകൊള്ളാം'' അതു കേട്ട്, മനസ്സില്ലാമനസ്സോടെയാണെങ്കിലും അവർ കൊട്ടാരം വിട്ടുപോയി.

മൂന്നു ദിവസം കഴിഞ്ഞപ്പോൾ, വലിയൊരു ചുമടുമായി ഒരു രാജഭൃത്യൻ ആശ്രമത്തിൽ വന്ന്, ആശ്രമാ

ധിപൻെറ കാല്ക്കൽ ഒരു ചുമടിറക്കിവെച്ചിട്ട്, ഇങ്ങ നെ പറഞ്ഞു: ''മഹാരാജാവുതിരുമനസ്സുകൊണ്ട് ഇവി ടെ ഏല്പിക്കാനായി തന്നുവിട്ടതാണ്.''

ഉടനെത്തന്നെ ആശ്രമാധിപൻ മണിയടിച്ച സന്ന്യാ സികളെല്ലാവരേയും വിളിച്ചുകൂട്ടി അവർ വേഗം ഓടി വന്നു തിക്കും തിരക്കുംകൂട്ടി ധൃതിയിൽ പൊതിയഴി ക്കുവാൻ തുടങ്ങി. അഴിച്ചഴിച്ച് അവസാനമായപ്പോഠം ഉള്ളിൽ ഒരു പററം നെയ്യുറുമ്പിനെമാത്രം കണ്ടു. കൂട്ട ത്തിൽ ഒരു കടലാസ്സുതുണ്ടിൽ ഇങ്ങനെ എഴുതിയി രുന്നു: ''ഈ നെയ്യുറുമ്പുകളെപ്പോലെ അന്നന്നു കിട്ടു ന്നതു സന്തോഷമായി ഭക്ഷിച്ച്, ആരെയും വേദനി പ്പിക്കാതെ, ഒരുമയോടെ ജോലിചെയ്തു ജീവിക്കുക യാകുന്നു നിങ്ങഠംക്കാവശ്യം.''

സഹകരിക്കാനറിയാത്തവർ ഉള്ളതുകൂടി ഇല്ലാതാ ക്കും.

## 14 ധ്യാനം പഠിച്ച രാജാവ്

ഒരിക്കൽ ഒരു രാജാവു തൻെറ കൊട്ടാരത്തിൻെറ മുൻവശത്തുള്ള തെരുവിൽ ഇങ്ങനെ ഒരു പരസ്യം എഴു തി വെപ്പിച്ചു: ''രാജാവിനെ ധ്യാനയോഗം പഠിപ്പി ക്കുന്നതിനു നൈപുണ്യമുള്ള ഒരു സന്ന്യാസിയെ ആ വശ്യമുണ്ട്. കൂടുതൽ വിവരങ്ങഠംക്കു കൊട്ടാരംവക ആപ്പീസിൽ അന്വേഷിക്കുക.''

അതു കണ്ടയുടനെ അനേകം സന്ന്യാസികഠം കൂട്ടം കൂട്ടമായി വിവരം അന്വേഷിക്കുന്നതിനായി ആപ്പീസി ലെത്തി. എത്ര നാഠംകൊണ്ടു പഠിപ്പിക്കണം, എന്തെ ല്ലാം പഠിപ്പിക്കണം, ഇതുവരെ രാജാവ് എത്രത്തോളം പഠിപ്പിച്ചിട്ടുണ്ട്, പ്രതിഫലത്തെക്കുറിച്ചു മുൻകൂട്ടി വല്ലതും അറിയാനാവുമോ—എന്നിങ്ങനെ ഒട്ടേറെ കാര്യ

ങ്ങൾ ഓരോരുത്തർക്കും അറിയണം. ഓരോന്നിനും ഉത്തരം കൊടുത്തുകഴിയുമ്പോൾ, അവർക്കു വിവരങ്ങൾ കൂടുതൽ കൂടുതലായി അറിയണം. ഏതു ഭാഷയിലാണ് അധ്യയനം നടത്തേണ്ടത്, സംസ്കൃതത്തിൽ വേണമോ അതോ നാട്ടുഭാഷയിൽത്തന്നെ മതിയോ, ഏതെല്ലാം ശാസ്ത്രികളുടെ ഗ്രന്ഥങ്ങൾ പഠിപ്പിച്ചു തീർക്കണം. ഏതെല്ലാം സമ്പ്രദായങ്ങളിലുള്ള ധ്യാനരീതികൾ അഭ്യസിപ്പിക്കണം? ഇവയ്ക്ക് ഉത്തരം പറഞ്ഞുകഴിയുമ്പോൾ അവർക്കു വേറെയും പലതും ചോദിക്കാനുണ്ടാവും. രാജാവിനെ പഠിപ്പിക്കുന്ന കാര്യമാകയാൽ, വിശദാംശങ്ങൾ എല്ലാംതന്നെ നേരത്തെക്കൂട്ടി അറിഞ്ഞിരിക്കേണ്ടതാണല്ലോ.

അങ്ങനെ, വീണ്ടും അവർ ചോദിച്ചുതുടങ്ങും: ഏതു സമയംമുതൽ ഏതു സമയംവരെയാണ് പഠിപ്പിക്കേണ്ടിവരിക? പറഞ്ഞുകൊടുത്താൽ മതിയോ, അതോ പറയുന്ന കാര്യങ്ങൾ എഴുതിക്കൊടുക്കുകകൂടി വേണ്ടിവരുമോ? ഇടയ്ക്ക് എന്തെങ്കിലും പരീക്ഷ നടത്തേണ്ടിവരുമോ? അവസാനം, പഠനം കഴിയുമ്പോൾ അതിൻെറ സാക്ഷ്യപത്രം നല്കാനാവശ്യപ്പെടുമോ? ഇങ്ങനെ ഓരോരുത്തരുടെയും ചോദ്യങ്ങൾക്ക് ഉത്തരം പറഞ്ഞുപറഞ്ഞ് ആപ്പീസിലെ ഉദ്യോഗസ്ഥന്മാർ മടുത്തു

കുറെക്കഴിഞ്ഞപ്പോൾ അവിടെ ആകെപ്പാടെ വലിയ സ്വരംതന്നെയായി. ചോദ്യങ്ങൾക്ക് ഉത്തരം കൊടുക്കുന്നതിൻെറ സ്വരം ഒരു വശത്ത്. മറുഭാഗത്ത്, രാജാവിനെ ധ്യാനയോഗം പഠിപ്പിക്കാനായി വന്നിരിക്കുന്ന സന്ന്യാസികൾ പരസ്പരം ആശയങ്ങൾ കൈമാറുന്നതിൻെറയും ഓരോരുത്തൻെറയും പാണ്ഡിത്യവും പരിചയവും മററുള്ളവരെ പറഞ്ഞുധരിപ്പിക്കുന്നതിൻെറയും സ്വരം. ഇങ്ങനെയുള്ള ബഹളത്തിനിടയ്ക്ക് ഒരു സന്ന്യാസിമാത്രം മുറിയുടെ ഒരു കോണിൽ പത്മാസനത്തിലിരുന്നു കണ്ണുകളടച്ചു ധ്യാനിക്കുന്നു. തൻെറ ചുററുപാടും നടക്കുന്ന ബഹളമൊന്നും അയാൾ

അറിയുന്നില്ല. അയാളുടെ കയ്യിൽ യാതൊരു പുസ്തകവുമില്ല. അതിരാവിലെതന്നെ അയാരം അവിടെ വന്ന് ഇരിപ്പുറപ്പിച്ചതാണ്. ഇപ്പോരം നേരം സന്ധ്യയോടടുക്കാറായിരിക്കുന്നു. സമയം കടന്നുപോകുന്നതൊന്നും അയാരം അറിയുന്നതേയില്ല. അയാരം വന്നുകേറിയപാടെതന്നെ ബ്രഹ്മധ്യാനത്തിൽ ആലീനനായി അങ്ങനെ ഇരിക്കുന്നതാണ്.

ആപ്പീസിൽ നടക്കുന്ന ഈ സംഭവങ്ങളെല്ലാം രാജാവു മുകളിൽനിന്നു രഹസ്യമായി നിരീക്ഷിക്കുന്നുണ്ടായിരുന്നു. അവസാനം രാജാവ് ആപ്പീസിലേയ്ക്ക് ഇറങ്ങിവന്നു. അപ്പോരം അവിടെയിരുന്നു ധ്യാനയോഗത്തെപ്പററി ചർച്ചചെയ്യുകയും തർക്കിക്കുകയും ചെയ്തുകൊണ്ടിരുന്ന സന്ന്യാസികളോടായി അദ്ദേഹം പറഞ്ഞു: “അല്ലയോ ധ്യാനയോഗക്കാരേ, നിങ്ങളാരും എന്നെ ധ്യാനയോഗം പഠിപ്പിക്കാൻ പോന്നവരല്ല. നിങ്ങളൊക്കെ, ധ്യാനിക്കാതെ, ധ്യാനത്തെപ്പററി പ്രസംഗം പറഞ്ഞും പ്രബന്ധം വായിച്ചും നടക്കുന്നവർമാത്രമാണ്. അതിനാൽ നിങ്ങളിൽനിന്നുള്ള പരിശീലനം എനിക്കു വേണ്ടാ. എൻെറ ഗുരുവിനെ ഞാൻതന്നെ കണ്ടെത്തിക്കഴിഞ്ഞു.

ഇത്രയും പറഞ്ഞപ്പോഴും മുകളിൽപ്പറഞ്ഞ സന്ന്യാസി ഇതൊന്നും അറിയാതെയും കേരംക്കാതെയും ധ്യാനയോഗത്തിൽത്തന്നെ ആലീനനായി ഇരിക്കുകയായിരുന്നു. രാജാവിൻെറ ഗുരു ആരായിരിക്കുമെന്നറിയാൻ മററുള്ള സന്ന്യാസികളെല്ലാം ആകാംക്ഷയോടെ പാർത്തിരുന്നു. അപ്പോരം രാജാവ് അല്പംപോലും സ്വരം കേരംപ്പിക്കാതെ, സാവധാനം ആ സന്ന്യാസിയുടെ മുമ്പിൽച്ചെന്ന്, കണ്ണുകളടച്ച്, ധ്യാനയോഗാഭ്യസനത്തിനായി പത്മാസനത്തിലിരുന്നു. അതും ആ സന്ന്യാസി അറിഞ്ഞില്ല. അങ്ങനെ ഏറെനാരം ആ സന്ന്യാസിയുടെ മുമ്പിലിരുന്നു കഴിഞ്ഞപ്പോരം ക്രമേണ രാജാവിനും ആ സന്ന്യാസിയെപ്പോലെതന്നെ ധ്യാനിക്കാമെന്ന നിലയായി. ഒരു ദിവസം രാജാവ് ആ

സന്ന്യാസിയെ ധ്യാനത്തിൽനിന്നു തട്ടിയുണർത്തിയിട്ട്, ''അങ്ങ് എന്നെ ധ്യാനയോഗം പഠിപ്പിച്ചിരിക്കുന്നു; അതിനുള്ള ദക്ഷിണയായി ഈ നൂറു സ്വർണ്ണനാണയങ്ങൾ സ്വീകരിക്കണം'' എന്നു പറഞ്ഞു. അപ്പോൾ സന്ന്യാസി പറഞ്ഞു: ''ഞാൻ ധ്യാനിക്കുകയല്ലാതെ, ആരെയും ധ്യാനം പഠിപ്പിച്ചിട്ടില്ല. പഠിപ്പിച്ചതിനുള്ള പ്രതിഫലമായി ഈ പണം ഞാൻ സ്വീകരിക്കുന്നതു ശരിയല്ല.'' എന്നു പറഞ്ഞു സന്ന്യാസി വീണ്ടും ഗാഢസമാധിയിൽത്തന്നെ ലയിച്ചിരുന്നു.

സ്വയം പരിശീലിക്കാത്തവനു പഠിപ്പിക്കാനാവുകയില്ല.

## 15 അരിക്കച്ചവടക്കാരനു ശിക്ഷ

ഒരിക്കൽ ഒരിടത്ത് ഒരരിക്കച്ചവടക്കാരനുണ്ടായിരുന്നു. അയാൾ സാധുക്കളായ കൃഷിക്കാരുടെ പക്കൽനിന്നു തൂക്കം കുറച്ചു കാണിക്കുന്ന കള്ളത്തുലാസ്സ് ഉപയോഗിച്ച് അരി വാങ്ങും. എന്നിട്ട് അതിൽ വെള്ളാരംകല്ലുകൂടി കൂട്ടിപ്പൊടിച്ച് അരിപ്പൊടിയാക്കി, തൂക്കം കൂടുതലായി കാണിക്കുന്ന തുലാസ്സുപയോഗിച്ചു വില്ക്കും. ഇങ്ങനെ അയാൾ അമിതമായ ധനം തന്നെ സമ്പാദിച്ചിരുന്നു ഈ കള്ളത്തരം എല്ലാവർക്കും അറിയാമായിരുന്നെങ്കിലും ഉന്നതസ്ഥാനങ്ങളിലുള്ള അയാളുടെ സ്വാധീനംനിമിത്തം ആർക്കും ഒന്നും അയാൾക്കെതിരായി ചെയ്യാൻ സാധിച്ചിരുന്നില്ല.

അങ്ങനെയിരിക്കെ അവിടുത്തെ ക്ഷേത്രത്തിലെ പൂജാരിക്കു കഠിനമായ അതിസാരം പിടിപെട്ടു. പലപല ചികിത്സകൾ മാറി മാറി ചെയ്തിട്ടും ഒരു ഫലവും ഉണ്ടായില്ല. അവസാനം, ഒരു ജോത്സ്യനെക്കൊണ്ടു രോഗത്തിൻെറ ഹേതുവും പരിഹാരവുമറി

യാൻ പ്രശ്നം വെപ്പിച്ചു നോക്കിച്ചു. പ്രശ്നഫലമായി കണ്ടതു്, മഹാദേവിയായ അന്നപൂർണ്ണേശ്വരിയുടെ കോപമാണെന്നാണു്. അതിനാൽ, നല്ല വെളുത്ത അരിപ്പൊടി വാങ്ങി പായസം വെപ്പിച്ചു പന്ത്രണ്ടു മാന്യന്മാരായ ആളുകളെ ക്ഷണിച്ചു വരുത്തി സത്ക്കരിക്കാതെ രോഗം ശമിക്കുകയില്ലെന്നാണു് ജോത്സ്യൻ നിർദ്ദേശിച്ചതു്. അതിനനുസരിച്ച് അയാൾ നമ്മുടെ അരിക്കച്ചവടക്കാരന്റെ പക്കൽനിന്നു് അരിപ്പൊടി വാങ്ങിച്ച്, പായസമെല്ലാം വേണ്ടപോലെ തയ്യാറാക്കിച്ചു, പന്ത്രണ്ടുപേർക്കുള്ള കണക്കിനാണു് അരിപ്പൊടി ഏർപ്പാടു ചെയ്തിരുന്നതെങ്കിലും വെച്ചു വിളമ്പി വന്നപ്പോൾ പതിനൊന്നു പേർക്കേ തികയുന്നുള്ളൂ. മാന്യനായ തന്നെ വിളിച്ചു മററുള്ളവരുടെ മുമ്പിൽവെച്ചു പരസ്യമായി ആക്ഷേപിച്ചുവെന്നു പറഞ്ഞു്, പായസം കിട്ടാതെവന്ന ആൾ അവിടെ ആകെ ബഹളത്തിനും കയ്യേററത്തിനും മുതിർന്നു. പിന്നെ, മററുള്ള പതിനൊന്നു പേരും പായസം കുടിക്കാൻ തുടങ്ങിയപ്പോൾ, ആകെപ്പാടെ വെള്ളാരംകല്ലു പൊടിച്ച പൊടി വായിലിട്ടു ചവയ്ക്കുന്നതിന്റെ പ്രതീതി. പാത്രത്തിലേയ്ക്കു നോക്കിയപ്പോൾ അടിയിൽ ഒരിഞ്ചോളം ആഴത്തിൽ പൊടിച്ച മണൽപ്പൊടി ഊറിക്കിടക്കുന്നു. താൻ ഇങ്ങനെ പായസം വെച്ചുതന്നു ഞങ്ങളെയല്ല, ഇവിടത്തെ പ്രതിഷ്ഠയായിരിക്കുന്ന മഹാഭഗവതി അന്നപൂർണ്ണേശ്വരിയെത്തന്നെയാണു് അപമാനിച്ചിരിക്കുന്നുതെന്നു പറഞ്ഞു്, അവരും കലശലായ വഴക്കിനും വക്കാണത്തിനും മുതിർന്നു.

അപ്പോൾ അതുവഴി അവിടത്തെ രാജാവു പരിവാരസമേതം എങ്ങോട്ടോ കടന്നുപോകുകയായിരുന്നു. മഹാദേവിയായ അന്നപൂർണ്ണേശ്വരിയെ തൊഴാതെ പോകരുതല്ലോ എന്നു കരുതി, രാജാവും പരിവാരവും ക്ഷേത്രത്തിനകത്തു പ്രവേശിച്ചു. അപ്പോൾ എന്തെന്നില്ലാത്ത ശണ്ഠയും ശബ്ദങ്ങളും കേൾക്കുന്നു. കാര്യം മനസ്സിലാക്കിയപ്പോൾ രാജാവു പൂജാരിയോടു പറഞ്ഞു: "ആട്ടെ, താൻ എവിടെനിന്നാണു് പായസ

ത്തിനുള്ള അരി വാങ്ങിയത്? അയാളെ ഉടനെത്തന്നെ ഇവിടെ വരുത്തണം.''

കല്പനപോലെ കച്ചവടക്കാരനെ ഉടനെത്തന്നെ രാജസന്നിധിയിൽ വരുത്തിച്ചു. ഉദ്യോഗസ്ഥന്മാരെക്കൊണ്ടു ചോദ്യംചെയ്യിച്ചപ്പോഠം രാജാവിനു കാര്യമെല്ലാം മനസ്സിലായി. രാജാവ് അയാളോടു പറഞ്ഞു: ''താൻ ആദ്യമാദ്യം പാവങ്ങളെ പററിച്ചുകൊണ്ടു കച്ചവടമാരംഭിച്ചു. ഇപ്പോഠം, മഹാഭഗവതിയായ അന്നപൂർണ്ണേശ്വരിയെത്തന്നെ പററിച്ചുകളയാമെന്ന നിലവരെ ആയിരിക്കുകയാണ്, അല്ലേ? അതിനാൽ താൻ ഒരു പണി ചെയ്യ്. ഇന്നുമുതൽ നൂററൊന്നു ദിവസത്തേയ്ക്ക് ഇവിടെ ഓരോ ദിവസവും ആവശ്യമുള്ള അരിപ്പൊടി താൻതന്നെ തലയിൽ ചുമന്നു ക്ഷേത്രത്തിൽ കൊണ്ടുവന്നു കൊടുക്കണം. പായസത്തിൽ വെള്ളാരംകല്ലിൻെറ പൊടി കണ്ടാൽ അത്രയുംതന്നെ മണലും, പാലും വെള്ളവും ചേർക്കാതെ, ദേവിയുടെ മുമ്പിൽവെച്ച് എല്ലാവരും കാൺകെ താൻതന്നെ തിന്നണം. മാത്രമല്ല, തൻെറ കടയിൽ ഇന്നുമുതൽ തൻെറ പക്കലുള്ള രണ്ടു തുലാസ്സുകളും പരസ്യമായി തൂക്കിയിട്ടിരിക്കണം. തൂക്കക്കൂടുതൽ കാണിക്കുന്ന തുലാസ്സുകൊണ്ടു മററുള്ളവർ കൊണ്ടുവരുന്ന അരി താൻ വാങ്ങിക്കുകയും തൂക്കക്കുറവു കാണിക്കുന്നതുകൊണ്ടു താൻ വില്ക്കുന്ന അരിപ്പൊടി മററുള്ളവർക്കു തൂക്കിക്കൊടുക്കുകയും വേണം. താൻ കച്ചവടം തുടങ്ങിയിട്ട് ഇന്നേയ്ക്കു പതിനൊന്നു കൊല്ലമായതിനാൽ, ഇനിയുള്ള പതിനൊന്നു കൊല്ലത്തേയ്ക്ക് ഈ രീതിപ്രകാരം നടക്കുകയും വേണം. ഇങ്ങനെ പതിനൊന്നു കൊല്ലം നടന്നുകഴിയുമ്പോഠം പിന്നീടെന്തു വേണമെന്ന കാര്യത്തെപ്പററി അന്നു ഞാൻ നിങ്ങളെ അറിയിച്ചുകൊള്ളാം.''

ഇങ്ങനെ പറഞ്ഞ്, അയാളുടെ പിന്നീടുള്ള കച്ചവടത്തെപ്പററി അന്വേഷിച്ച് അന്നന്നു റിപ്പോർട്ടു സമർപ്പിക്കുന്നതിനായി ഒരു സൈനികോദ്യോഗസ്ഥനെ പ്രത്യേ

കമായി രാജാവു നിയമിക്കുകയും ചെയ്തു. തൻെറ കള്ളത്തരം എല്ലാവരും അറിഞ്ഞതിനെപ്പററി അപമാനിതനായെങ്കിലും, രാജകല്പന ധിക്കരിക്കാൻ നിർവ്വാഹമില്ലാത്തതുകൊണ്ട്, പിന്നീടുള്ള പതിനൊന്നു കൊല്ലക്കാലവും അയാരം രാജാവു കല്പിച്ചതുപോലെതന്നെ വ്യാപരിച്ചു. പതിനൊന്നു കൊല്ലം കഴിഞ്ഞപ്പോരം രാജാവ് അയാളെ വിളിപ്പിച്ച് ഇങ്ങനെ പറഞ്ഞു: ''ഇപ്പോരം നിങ്ങരം ചെയ്ത തെററിനു നിങ്ങരംതന്നെ പരിഹാരം ചെയ്തുകഴിഞ്ഞിരിക്കുന്നു. ഇനിയുള്ള കൊല്ലങ്ങരം താങ്കരം ശരിയായ തുലാസ്സുപയോഗിച്ചു സത്യസന്ധമായി കച്ചവടംചെയ്ത്, ന്യായമായ ലാഭം മാത്രമെടുത്ത് ഉപജീവനം നിർവ്വഹിച്ചുകൊള്ളുക.''

അവനവൻ അളക്കുന്ന അളവുകൊണ്ടുതന്നെ അവനവനും അളന്നുകിട്ടും.

## 16 പണം മോഷ്ടിച്ച സന്ന്യാസി

ഒരാശ്രമത്തിൽ അവിടുത്തെ കലവറസ്സൂക്ഷിപ്പുകാരനായി ഒരു സന്ന്യാസി ജീവിച്ചിരുന്നു. ആദ്യമൊക്കെ സന്ന്യാസാനുഷ്ഠാനങ്ങളിൽ അയാരം എല്ലാവർക്കും ഒരു മാതൃകതന്നെ ആയിരുന്നു. എന്നാൽ ക്രമേണ ആത്മീയമാന്ദ്യത്തിൽ ഉരംപ്പെടുന്നതിനുള്ള നിർഭാഗ്യം അയാരംക്കുണ്ടായി. തൻെറ വീട്ടുകാരോടുണ്ടായിരുന്ന അമിതമായ സ്നേഹമായിരുന്നു ഇതിൻെറ കാരണം. എങ്ങനെയെങ്കിലും കുറെ ധനം സമ്പാദിച്ച് അവർക്കു കൊടുക്കണമെന്ന് അയാരം നിശ്ചയിച്ചു. ആശ്രമത്തിലായിരുന്നതുകൊണ്ടു സ്വന്തമായി പണം കിട്ടുക അത്ര എളുപ്പമല്ലായിരുന്നു. അതിന് അയാരം ഒരു വിദ്യ കണ്ടുപിടിച്ചു. ആശ്രമംവക നേർച്ചപ്പെട്ടിയിൽ വീണിരുന്ന പണം എന്നും വൈകുന്നേരം എടുത്ത് എണ്ണി ആശ്രമാധിപതനെ ഏല്പിച്ചിരുന്നത് അയാളാ

യിരുന്നു. അതിൽനിന്ന് എല്ലാ ദിവസവും ഓരോ വെള്ളിനാണയം മോഷ്ടിച്ചെടുക്കാമെന്ന് അയാറം നിശ്ചയിച്ചു. ഇങ്ങനെ മോഷ്ടിച്ചിരുന്ന പണം കലവറയിൽ ഒരുറി കെട്ടിത്തൂക്കി അതിൽ ഒരു ചട്ടിയും വെച്ച് അതിലത്രേ അയാറം സൂക്ഷിച്ചിരുന്നത്.

ഇങ്ങനെ കുറെ നാറം കഴിഞ്ഞപ്പോറം ചട്ടിയിൽ പണം നിറയാറായി അപ്പോറം അയാറം ഒരെഴുത്തും കൊടുത്ത് ഒരാളെ അകലെയുള്ള തൻെറ ജ്യേഷ്ഠൻെറ വീട്ടിലേയ്ക്കു പറഞ്ഞയച്ചു. എഴുത്തിൻെറ സാരം ഇതായിരുന്നു: ''നാളെ ജ്യേഷ്ഠൻ ഇവിടംവരെ ഒന്നു വരണം. കുറെ പണം തന്നയയ്ക്കാനാണ്. ആശ്രമത്തിൻെറ ഒരു ഉപകാരിയും എൻെറ സ്നേഹിതനുമായ ഒരാറം, ജ്യേഷ്ഠനു നല്കണമെന്നു പറഞ്ഞു സൗജന്യമായി എന്നെ ഏല്പിച്ച പണമാണ്. ജ്യേഷ്ഠൻ തുടങ്ങാൻ വിചാരിക്കുന്ന കാര്യത്തിന്, ദൈവഗത്യാ ലഭിച്ച ഈ പണം വലിയൊരു സഹായമായിരിക്കും. അതിനാൽ ഒട്ടുംതന്നെ അമാന്തം വിചാരിക്കാതെ നാളെത്തന്നെ വരണം.''

അന്ന് ആശ്രമത്തിൽ വലിയ ഒരു പൂജയുടെ ദിവസമായിരുന്നു. അതിനാൽ ധാരാളം ഭക്തജനങ്ങറം അവിടെ വന്നുകൂടിയിട്ടുണ്ടായിരുന്നു. വിശേഷദിവസമായതുകൊണ്ടു ഭക്തന്മാർ നേർച്ചയിട്ട പണത്തിൽ കുറെ സ്വർണ്ണനാണയങ്ങളുമുണ്ടായിരുന്നു. സന്ന്യാസി അത്യധികമായ സന്തോഷത്തോടെ ആ സ്വർണ്ണനാണയങ്ങളെല്ലാമെടുത്തു പതിവുപോലെ ഉറിയിൽ വെച്ചിരുന്ന ചട്ടിയിൽ കൊണ്ടുപോയി ഒളിച്ചു വെയ്ക്കുകയും ചെയ്തു.

പൂജയുടെ ദിവസമായിരുന്നതുകൊണ്ട്, നേർച്ചപ്പെട്ടിയിലിട്ടിരുന്ന നാണയങ്ങളിൽ ഭക്തന്മാർ പ്രസാദമായി സ്വീകരിച്ചിരുന്ന പാല്പായസത്തിൻെറ അംശങ്ങറം ധാരാളമായി പററിപ്പിടിച്ചിരുന്നു. അതിനാൽ കുറച്ചുകഴിഞ്ഞപ്പോറം ഉറിയിൽ വെച്ചിരുന്ന ചട്ടിയിൽ ഉറുമ്പുകറം ധാരാളമായി വന്നുകൂടുവാൻ തുടങ്ങി.

അതിനിടയിൽ നമ്മുടെ ആശ്രമാധിപൻ എന്തോ ആവശ്യത്തിനായി കലവറയിൽ കയറിയപ്പോറം, ഉറിയിലിരിക്കുന്ന ചട്ടിയിൽ ധാരാളമായി ഉറുമ്പരിക്കുന്നതായി കണ്ടു. കലവറക്കാരൻെറ സൂഷ്ക്മക്കുറവിനെപ്പററി ഉള്ളിൽ വിചാരിച്ചുകൊണ്ട്, അദ്ദേഹം ഒരു കസേരയിൽ കയറിനിന്നു ചട്ടിക്കകത്തേയ്ക്കു നോക്കി. അപ്പോറം ചട്ടിക്കകം നിറയെ സ്വർണ്ണനാണയങ്ങളും വെള്ളിനാണയങ്ങളും! അദ്ദേഹത്തിനു കാര്യം മനസ്സിലായെങ്കിലും ആരെയും ഒന്നുമറിയിക്കാതെ പണം മുഴുവനുമെടുത്തു മുറിയിൽ കൊണ്ടുപോയിവെച്ചു.

ഇതിനിടയിൽ പിറേറ ദിവസം അതിരാവിലെ തന്നെ നമ്മുടെ സന്ന്യാസിയുടെ ജ്യേഷ്ഠൻ പണം വാങ്ങിക്കൊണ്ടു പോകുന്നതിനായി ആശ്രമത്തിൽ ഓടിക്കിതച്ചെത്തി. പണമെടുത്തുകൊടുക്കാനായി സന്ന്യാസി ചട്ടിയിൽച്ചെന്നു നോക്കിയപ്പോറം ചട്ടിയാകെ ഒഴിഞ്ഞിരിക്കുന്നു. കുറച്ച് ഉറുമ്പുകറംമാത്രം അതിൽ അരിച്ചുനടക്കുന്നു. ജ്യേഷ്ഠനോട് എന്തു പറയണമെന്നറിയാതെ, അയാളുടെ പക്കൽച്ചെന്നു വിഷണ്ണമായ മുഖത്തോടെ പണം തത്ക്കാലം തരാൻ നിവൃത്തിയില്ലെന്ന് ഓരോ മുടന്തൻന്യായങ്ങളൊക്കെ പ്രയോഗിച്ചു പറഞ്ഞുനോക്കി. ഇത്, ഉറങ്ങിക്കിടക്കുന്നവനെ വിളിച്ചെഴുന്നേല്പിച്ച് അത്താഴമില്ലെന്നു പറയുന്നതുപോലെയാണ് ജ്യേഷ്ഠനു തോന്നിയത്. മാത്രമല്ല, സന്ന്യാസിയുടെ മുഖത്തെ ചളിപ്പും ഭാവഭേദങ്ങളും കണ്ടപ്പോറം, ഇതിൽ കാര്യമായ എന്തോ ചതിയും പന്തികേടും ഉണ്ടെന്നുപോലും അയാറംക്കു സംശയമായി. അയാളാണെങ്കിൽ, സന്ന്യാസിയായ തൻെറ അനുജനിൽ നിന്നു പണം കിട്ടുമല്ലോ എന്നോർത്ത്, തൻെറ പക്കലുണ്ടായിരുന്ന പണംമുഴുവൻ അച്ചാരമായി ഒരാറംക്കു കൊടുത്ത്, അയാളുമായി ഒരു വസ്തുസംബന്ധിച്ച് ഉടമ്പടിയും കരാറാക്കിപ്പോന്നിരിക്കുകയാണ്. ഇന്നു തന്നെ പണം കൊണ്ടുപോയി കൊടുത്തില്ലെങ്കിൽ കരാറൊഴിയേണ്ടിവരികയും അച്ചാരമായി കൊടുത്ത തൻെറ സമ്പാദ്യംമുഴുവൻ നഷ്ടപ്പെടുകയും ചെയ്യും. കടിച്ച

തുമില്ല, പിടിച്ചതുമില്ല എന്ന നിലയിലായി ജ്യേഷ്ഠൻ. എല്ലാംകൂടി ഓർത്തപ്പോൾ അയാളുടെ സമനില തെററി. അയാൾ അവിടെക്കിടന്നു വലിയ സ്വരത്തിൽ അലറാൻ തുടങ്ങി. സ്വരം കേട്ട് ആശ്രമശ്രേഷ്ഠനും മററു സന്ന്യാസികളും അവിടെ ഓടിയെത്തിയപ്പോൾ അയാൾ അവരുടെ മുമ്പിൽവെച്ചുതന്നെ നിയന്ത്രണം വിട്ടു തൻെറ അനുജൻ തന്നെ ചതിച്ച ചതിയെല്ലാം ഉറക്കെ വിളിച്ചു പറഞ്ഞു. അനുജൻ അപമാനഭാരംകൊണ്ട് ആകെ വിയർത്തുകുളിച്ച് ഇളിഭ്യനായി.

ആശ്രമത്തിൻെറ പണം മോഷ്ടിച്ച അനുജനെ ഇനി അവിടെ സന്ന്യാസിയായി നിറുത്താൻ നിർവ്വാഹമില്ലെന്നും അതിനാൽ ജ്യേഷ്ഠൻതന്നെ അയാളെ വീട്ടിലേയ്ക്കു കൂട്ടിക്കൊണ്ടുപോകണമെന്നും ആശ്രമാധിപൻ പറഞ്ഞപ്പോൾ, തന്നെ ഇത്ര വലിയ ചതി ചതിച്ച അനുജനെ ഇനി വീട്ടിൽ കേററാൻ നിവൃത്തിയില്ലെന്നു ജ്യേഷ്ഠനും പറഞ്ഞു. അങ്ങനെ വീടിനുവേണ്ടി ആശ്രമത്തിൽനിന്നു പണം മോഷ്ടിച്ച ആ സന്ന്യാസി, അവസാനം വീടിനും ആശ്രമത്തിനും ഒരുപോലെ വേണ്ടാത്തവനായിത്തീർന്നു.

അന്യായം അന്യായത്തെമാത്രമേ ഉളവാക്കുകയുള്ളൂ. സന്ന്യാസി സ്വജനങ്ങൾക്കു നല്കേണ്ട ധനം ദൈവമാണ്, പൊന്നും വെള്ളിയുമല്ല.

## 17. ശകടനും വികടനും

ഒരു വനത്തിൽ അടുത്തടുത്തു നില്ക്കുന്ന രണ്ടു വലിയ മരങ്ങളുടെ ചുവട്ടിൽ ശകടനെന്നും വികടനെന്നും പേരുള്ള രണ്ടു കഴുതകൾ നല്ല അയൽക്കാരെപ്പോലെ വളരെ സ്നേഹത്തിലും സൗഹാർദ്ദത്തിലും കഴിഞ്ഞിരുന്നു. പകൽ മുഴുവനും അവർ കാട്ടിൽ

മേയാനായിപ്പോകും. സന്ധ്യയാകുമ്പോരം തിരിച്ചു വന്നു മരച്ചുവട്ടിൽ വിശ്രമിക്കും. അരികെത്തന്നെ ഒരരുവിയുണ്ടായിരുന്നതുകൊണ്ടു സുഖമായി കുളിക്കാനും ശുദ്ധജലം കുടിച്ചു ദാഹം തീർക്കാനും അവർക്കു യാതൊരു ബുദ്ധിമുട്ടും ഉണ്ടായിരുന്നില്ല. ആ മരങ്ങരംക്കുമീതെ, അവ കായ്ക്കുന്ന സമയത്തു ധാരാളം കുരങ്ങന്മാർ കൂട്ടംകൂട്ടമായി വന്നു താമസിച്ചുപോകാറുണ്ടായിരുന്നു. മരങ്ങളിൽനിന്നു വീഴുന്ന കായ്കരം, മരം ആരുടേതെന്നു പരിഗണിക്കാതെ, രണ്ടു കഴുതകളും ഒരുപോലെ വളരെ സാഹോദര്യത്തോടുകൂടി ഭക്ഷിക്കുകയായിരുന്നു പതിവ്.

അങ്ങനെയിരിക്കെ ഒരു കൊല്ലം ശകടൻെറ മരംമാത്രമേ പൂത്തുള്ളൂ. വികടന് ഉള്ളിൽ ഒട്ടും ഇഷ്ടമായില്ല. എങ്കിലും ഭാവഭേദമൊന്നും പുറമെ കാണിക്കാതെ അവൻ ശകടനുമായി രമ്യതയിൽത്തന്നെ കഴിഞ്ഞുപോന്നു.

ശകടൻെറ മരം പൂത്തു കായ്കരം പഴുത്തപ്പോരം പതിവുപോലെ കുരങ്ങന്മാർ കൂട്ടംകൂട്ടമായി അതിൽ വന്നു വസിക്കുവാൻ തുടങ്ങി. ഇതു കണ്ടപ്പോരം വികടന് ഉള്ളിൽ വലിയ ദുഃഖമായി. എൻെറ മരത്തിൽ കായ്കളില്ലാതായപ്പോരം എന്നെ ആർക്കും വേണ്ടാതായി എന്നു ഉള്ളിൽ പിറുപിറുത്തുകൊണ്ട് അവൻ കായ്കളുള്ള മരത്തിലേയ്ക്കു നോക്കിനിന്നു. ഇതു കണ്ടപ്പോരം ഒരു കുരങ്ങൻ "എടോ, കരിങ്കണ്ണാ ഇങ്ങനെ നോക്കാതെടോ" എന്നു വിളിച്ചുപറഞ്ഞു.

ഇതു ശകടൻ കേട്ടപ്പോരം, കുരങ്ങൻ പറഞ്ഞതിൽ കാര്യമുണ്ടെന്നു അവനു തോന്നി. കരിങ്കണ്ണുവെച്ചു നോക്കുന്നത് ആരായാലും ദോഷഫലമുണ്ടാക്കുമല്ലോ. അതിനാൽ ശകടൻ വികടനോടു പറഞ്ഞു: "എടോ, കരിങ്കണ്ണാ, ആ കുരങ്ങൻ പറഞ്ഞതു കേരംക്കൂ. ഇങ്ങനെ തൻെറ കരിങ്കണ്ണുവെച്ച് എൻെറ മരത്തിലേയ്ക്കു നോക്കാതിരിക്കൂ. അതിലെ കായ്കളെല്ലാം പഴുക്കാതെ കൊഴിഞ്ഞുപോകും."

ശകടൻ തന്നെ കരിങ്കണ്ണനെന്നു വിളിച്ചതു വികടന് ഒട്ടും ഇഷ്ടമായില്ല. വികടൻ തിരിച്ചുപറഞ്ഞു: 'ഞാൻ കരിങ്കണ്ണനൊന്നുമല്ല. ഞാൻ തൻെറ മരത്തിലേയ്ക്കുമല്ല നോക്കിയത്. തനിക്കു കോങ്കണ്ണുള്ളതുകൊണ്ട് അങ്ങനെ തോന്നിയതാണ്.''

എന്തിനേറെ, കരിങ്കണ്ണനെന്നും കോങ്കണ്ണനെന്നും പരസ്പരം പുലമ്പി അവർതമ്മിൽ വലിയ അടിപിടി തന്നെയായി. ഇതു കണ്ടു മുകളിലിരുന്ന കുരങ്ങൻ, അവർക്കു വാശികേറിക്കൊള്ളട്ടെ എന്നു കരുതി, അവർ കേൾക്കത്തക്കവിധം മററു കുരങ്ങന്മാരോട് ഇങ്ങനെ പറഞ്ഞു: ''നിങ്ങൾ നോക്കിക്കെ, ദേ, ശകടനും വികടനും തമ്മിൽ അടികൂടുന്നത്. ശകടൻ കരിങ്കണ്ണനാണെങ്കിലെന്താ, അയാളുടെ ഓരോ അടിയും കുറിക്കു കൊള്ളുന്നതു നിങ്ങൾ കാണുന്നില്ലേ? അല്ലെങ്കിലും, കരിങ്കണ്ണനടിച്ചാൽ പററാതിരിക്കുകയില്ലല്ലോ. ഈ വികടൻ സാക്ഷാൽ ഒരു കോങ്കണ്ണൻതന്നെയാണ്. കൊക്കിനു വെച്ചതു ചക്കിനു കൊള്ളുന്നു എന്നു പറഞ്ഞതുപോലെയാണ് അയാളുടെ അടി. തലയ്ക്കിടിച്ചാൽ ചെവിക്കു കൊള്ളുന്നു, കാലിനടിച്ചാൽ വാലിനു പററുന്നു. പറഞ്ഞിട്ടെന്താ കാര്യം! കോങ്കണ്ണനുണ്ടോ ഉന്നം കിട്ടൂ.''

ഇങ്ങനെ കുരങ്ങൻ ഓരോന്നു പറയുംതോറും അവരുടെ വാശിയും കൂടിക്കൂടിവന്നു. അതിനനുസരിച്ച് അടിക്കും ഇടിക്കും ശക്തിയേറുകയും ചെയ്തു. ഇതിനിടയ്ക്ക് അവരെ തമ്മിൽ പിടിച്ചുമാററാൻ വേറെ പല കഴുതകളും അവിടെ വന്നുകൂടിയെങ്കിലും ശകടൻേറയും വികടൻേറയും പക മാററാൻ അവർക്കാർക്കും കഴിഞ്ഞില്ല. വന്നവരൊക്കെ അവസാനം ''അടി, അടികൊണ്ടേ മാറൂ; ഇടി ഇടികൊണ്ടും'' എന്നു പറഞ്ഞ് അവരവരുടെ വഴിയ്ക്കു പോയി.

അവസാനം, ഒരു മയിൽ അവിടെ എത്തി. താളത്തിലുള്ള അവരുടെ അടിയും ഇടിയും കണ്ടപ്പോൾ, മയിൽ താനേ പീലി വിരിച്ച് അതിനനുസരിച്ച് ആടാൻ തുട

ങ്ങി. മയിലിൻെറ ചിട്ടയിലുള്ള ആട്ടം കണ്ടപ്പോഠം, ശക ടനും വികടനും അറിയാതെതന്നെ അടി നിറുത്തി, അല്പനേരത്തേയ്ക്ക് അതു നോക്കി നിന്നുപോയി. ആ തഞ്ചം നോക്കി മയിൽ പറഞ്ഞു: ''നിങ്ങളിലാർക്കും കരിങ്കണ്ണുമില്ല. കോങ്കണ്ണുമില്ല. കരിങ്കണ്ണുണ്ടായി രുന്നെങ്കിൽ, ഞാൻ ആടിയ നേരത്ത് എൻെറ പീലി കഠം കൊഴിഞ്ഞുവീഴാതെ, ഇത്ര മനോഹരമായി വിരി ഞ്ഞുനില്ക്കുമായിരുന്നുവോ? കോങ്കണ്ണുണ്ടായിരു ന്നെങ്കിൽ, എൻെറ പീലിയാട്ടം ഇത്ര നന്നായും വ്യക്ത മായും നിങ്ങഠം കാണുമായിരുന്നുവോ? ഇതൊക്കെ വെറുതെ ആ മുകളിലിരിക്കുന്ന കുരങ്ങൻ പറഞ്ഞു ണ്ടാക്കിയതാണ്. ആ കുരങ്ങൻെറ വാക്കു കേട്ടു കു ത്തും കൊലയും നടത്താൻമാത്രം കഴുതകളായിപ്പോയ ല്ലോ നിങ്ങഠം! ഈ കുരങ്ങനെ ഇനി ഇവിടെ വെച്ചു പൊറുപ്പിച്ചുകൂടാ. ഞാൻ തന്നെ പറന്നുചെന്ന് അവ നെ അവിടെനിന്നു കൊത്തി ഓടിച്ചുകൊള്ളാം.'' രണ്ടു കണ്ണിലും മയിലിൻെറ ശക്തിയായ കൊത്തു കിട്ടിയ തിനാൽ കുരങ്ങൻെറ ഒരു കണ്ണുപൊട്ടിപ്പോയി, അവി ടെ കരിപോലെ കറുത്ത ഒരു പാടുമാത്രം ശേഷിച്ചു; മറേറ കണ്ണു കോങ്കണ്ണായിത്തീരുകയും ചെയ്തു.

ഇതെല്ലാം കണ്ടുനിന്ന ശകടനും വികടനും തങ്ങ ളുടെ കഴിഞ്ഞുപോയ വിഡ്ഢിത്തരത്തെക്കുറിച്ചു ലജ്ജിക്കുകയും പിന്നീടുള്ള കാലംമുഴുവൻ മുമ്പ ത്തെപ്പോലെ ആത്മാർത്ഥസ്നേഹിതന്മാരായി ജീ വിക്കുകയും ചെയ്തു.

വല്ലവരുടെയും വാക്കു കേട്ടു വക്കാണത്തിനു പോകുന്നവന് അനാവശ്യവിനകഠം വന്നുകൂടും.

## 18. സന്ന്യാസികൾക്കു ലഭിച്ച വിരുന്ന്

ഒരിക്കൽ ഒരു സന്ന്യാസമഠാധിപന് അവിടുത്തെ രാജാവിൻെറ പക്കൽനിന്ന് ഒരെഴുത്തു കിട്ടി. രാജാവിൻെറ അടുത്ത ജന്മദിനത്തിൻനാം സന്ന്യാസികരം എല്ലാവരേയും ഉച്ചഭക്ഷണത്തിനായി രാജകൊട്ടാരത്തിലേയ്ക്കു ക്ഷണിച്ചിരിക്കുന്നു എന്നായിരുന്നു ആ കത്തിൻെറ സാരം. മഠാധിപൻ സന്ന്യാസികളെ എല്ലാവരേയും വിളിച്ചുകൂട്ടി എഴുത്തു വായിച്ചുകേരംപ്പിച്ചു. എല്ലാവർക്കും റഎന്തെന്നില്ലാത്ത സന്തോഷമായി.

അന്നുമുതൽ എല്ലാവരും രാജാവിൻെറ ജന്മദിനം വരുന്നതും പാർത്തിരുന്ന്, അതിനു പോകുന്നതിനു വേണ്ട ഒരുക്കങ്ങരം ചെയ്തുതുടങ്ങി. ഓരോരുത്തനും അവനവൻെറ വസ്ത്രങ്ങരംമുതലായവയെല്ലാം വേണ്ടവിധത്തിൽ മുന്നേകൂട്ടിത്തന്നെ ഒരുക്കിവെച്ചു. പുറമേ യാത്ര പോയിരുന്നവർ തലേദിവസംതന്നെ ആശ്രമത്തിൽ മടങ്ങിയെത്തി ഒരുങ്ങിയിരുന്നു. വയലിലും മററും ജോലിയുണ്ടായിരുന്നവർ, അവയെല്ലാം പതിവിലും നേരത്തേ തീർത്തുവെച്ചു.

അവസാനം, രാജാവിൻെറ ജന്മദിനം ആഗതമായി. കൃത്യസമയത്തിനുതന്നെ സന്ന്യാസികരം എല്ലാവരും മഠാധിപൻെറ നേതൃത്വത്തിൽ, ചെറുപ്പക്കാർ കാൽനടയായും വൃദ്ധന്മാരും രോഗികളുമായവർ വണ്ടിയിലിരുന്നും, രാജധാനിയിലെത്തി. രാജാവ് അവരെ ഉപചാരപൂർവ്വം സ്വീകരിച്ചു കുശലപ്രശ്നമെല്ലാം ചെയ്തു. സന്ന്യാസികളുടെ ധ്യാനം, ജീവിതരീതി, ജോലി, ഭക്ഷണസമ്പ്രദായം എന്നിങ്ങനെ നാനാകാര്യങ്ങളെപ്പററി രാജാവു പലതും താത്പര്യപൂർവ്വം ചോദിച്ചറിഞ്ഞു. അവയ്ക്കെല്ലാം സന്ന്യാസികരം വളരെ സന്തോഷത്തോടെ വിശദമായി മറുപടി പറയുകയും ചെയ്തു.

അവസാനം ഉച്ചഭക്ഷണത്തിനുള്ള നേരമായി. രാജാവ് എന്നും തനിയെമാത്രം ഭക്ഷിക്കുന്ന പതി

വേയുള്ളൂ. അതിനാൽ, സന്ന്യാസികൾക്കുള്ള ഉച്ചഭക്ഷണം തയ്യാറാക്കിവെച്ചിരിക്കുന്ന പ്രത്യേകമുറിയിലേയ്ക്കു രാജാവ് അവരെ പറഞ്ഞയച്ചു. ഭക്ഷണമുറിയിലേയ്ക്കു പോയപ്പോൾ, രാജാവിൻെറ ജന്മദിനത്തിനുള്ള സദ്യയായതുകൊണ്ട്, അന്നു ഭക്ഷണമുറിയിൽ അതിവിശിഷ്ടമായ ഭക്ഷ്യപദാർത്ഥങ്ങളും അവ വിളമ്പിത്തരുവാൻ പ്രത്യേകമായി ചട്ടംകെട്ടി നിറുത്തിയിരിക്കുന്ന സേവകന്മാരും ഉണ്ടായിരിക്കുമെന്നു സന്ന്യാസികൾ വിചാരിച്ചു. പക്ഷേ അവരുടെ പ്രതീക്ഷയ്ക്കു വിപരീതമായി, തങ്ങൾ എന്നും ആശ്രമത്തിൽ ഉച്ചഭക്ഷണത്തിനു ഭക്ഷിക്കുന്നതായി രാജാവിനോടു പറഞ്ഞ അതേ പദാർത്ഥങ്ങൾ തന്നെ, ആശ്രമത്തിലേതുപോലെ, മൺചട്ടികളിൽ വിളമ്പിവെച്ചിരിക്കുന്നു. വിളമ്പിത്തരുവാൻ പരിചാരകന്മാരുമില്ല. സകലതും സന്ന്യാസാശ്രമത്തിലെ ഉച്ചഭക്ഷണത്തിൻെറ ക്രമപ്രകാരംതന്നെ. ഭക്ഷണത്തിൻെറ അളവ് അല്പം കൂടുതലുണ്ടെന്നുമാത്രം.

സന്ന്യാസികൾക്കെല്ലാവർക്കുംതന്നെ ഇതു കണ്ടു വലിയ പിറുപിറുപ്പായി. എന്തു പറയണമെന്നറിയാതെ, വിഷണ്ണനായ മട്ടിൽ മഠാധിപൻ താടിക്കു കയ്യും കൊടുത്തിരുന്നു. പിന്നെ, രാജകൊട്ടാരമല്ലേ എന്നു കരുതി, ആരും മനസ്സിലെ അതൃപ്തി പുറമെ കാണിക്കാതെയും കേൾപ്പിക്കാതെയും രാജാവിന് ഇഷ്ടക്കേടാകേണ്ടല്ലോ എന്നു കരുതി, കിട്ടിയതു മനസ്സില്ലാമനസ്സോടെയാണെങ്കിലും മുഴുവനായി ഭക്ഷിച്ച് അവിടെ അങ്ങനെ ഇരിപ്പായി.

കുറച്ചു കഴിഞ്ഞപ്പോൾ ഒരു ഭടൻ വന്ന്, രാജാവ് അവരെ മറ്റൊരു മുറിയിലേയ്ക്കു കൂട്ടിക്കൊണ്ടുപോകാൻ കല്പിച്ചിരിക്കുന്നു എന്നറിയിച്ചു. അവർക്ക് അത് ഒട്ടും പ്രസാദമായില്ലെങ്കിലും, രാജകല്പനയല്ലേ എന്നതുകൊണ്ടുമാത്രം അവർ ഉടനെത്തന്നെ എഴുന്നേററ് ആ മുറിയിലേയ്ക്കു പോയി. അവിടെ മേശനിറയെ വിശിഷ്ടവിഭവങ്ങൾ നിരത്തിവെച്ചിരി

ക്കുന്നു. പരിചരിക്കുവാൻ ധാരാളം രാജഭൃത്യന്മാർ അണിഞ്ഞൊരുങ്ങി തയ്യാറായി നില്ക്കുന്നു. രാജാവും അവിടെത്തന്നെ ഇരിപ്പുണ്ട്. സന്ന്യാസികൾ കടന്നു വന്നപ്പോൾ രാജാവ് അവരോടു പറഞ്ഞു: "പ്രിയ സന്ന്യാസികളേ, എൻെറ ജന്മദിനം പ്രമാണിച്ചു നിങ്ങളുടെ സന്ന്യാസാനുഷ്ഠാനങ്ങൾക്കു ഭംഗം വരുത്തേണ്ടാ എന്നു കരുതിയാണ് ഞാൻ ആദ്യമേതന്നെ നിങ്ങളുടെ ക്രമപ്രകാരമുള്ള ഭക്ഷണം നിങ്ങൾക്കു തരുവിച്ചത്. എങ്കിലും, എൻെറ പിറന്നാളാകയാൽ, അളവിൽ അല്പം കൂട്ടിക്കൊടുക്കുവാൻ ഏർപ്പാടുചെയ്യിച്ചിരുന്നു. നിങ്ങൾ ഇവിടെ വന്നതുമൂലം നിങ്ങളുടെ ക്രമങ്ങൾക്കൊന്നിനും ഭംഗം വരുത്തേണ്ടിവന്നില്ല എന്നതിൽ സ്വാഭാവികമായും നിങ്ങൾക്കും വളരെ സന്തോഷമുണ്ടായിക്കാണുമല്ലോ. എന്നാലും, എൻെറ ജന്മദിനമല്ലേ, എൻെറ ക്രമപ്രകാരമുള്ള ഭക്ഷണവും നിങ്ങൾക്കു നല്കുക എനിക്കൊരാനന്ദമായിരിക്കുമല്ലോ. അതിനാൽ, ഇപ്പോൾ ഇവിടെ രാജകീയനിലവാരത്തിൽ വിളമ്പിവെച്ചിരിക്കുന്ന ഈ ഭക്ഷണവും നിങ്ങൾക്ക് അനുഭവിക്കാം. ഈ പരിചാരകന്മാർ അവ നിങ്ങൾക്കു വിളമ്പിത്തരുന്നതാണ്" എന്നു പറഞ്ഞു രാജാവ് അവിടം വിട്ടുപോയി.

കുറച്ചു കഴിഞ്ഞു രാജാവു വീണ്ടും ഭക്ഷണശാലയിൽ പ്രവേശിച്ചപ്പോൾ, സന്ന്യാസികൾ കാര്യമായി ഒന്നുംതന്നെ ഭക്ഷിച്ചിട്ടില്ലെന്നു കണ്ടു. അപ്പോൾ അദ്ദേഹം അവരോടു പറഞ്ഞു: "പ്രിയസന്ന്യാസികളേ, നിങ്ങൾ ആദ്യമേതന്നെ വയറുനിറയെ ഭക്ഷിച്ചുകഴിഞ്ഞതുകൊണ്ട് ഇപ്പോൾ ഈ വിഭവങ്ങൾ ഭക്ഷിക്കുവാൻ നിങ്ങളുടെ വയററിലിടമില്ല. മാത്രമല്ല, ഇവയെല്ലാം കണ്ടു സന്തോഷിക്കാൻ സാധിക്കാത്തവിധം നിങ്ങളുടെ മുഖവും അസംതൃപ്തികൊണ്ടു വിങ്ങിയിരിക്കുന്നു. അതിനാൽ, കൂടുതലായി എന്തെങ്കിലും ശാരീരികഭക്ഷണം ഇപ്പോൾ ഇവിടെനിന്ന് ഇനി കഴിക്കാൻ വയ്യാത്ത നിലയിലാണ് നിങ്ങളിരിക്കുന്നത്. എന്നാലും, നിങ്ങൾ ഇവിടെനിന്നു പോയാലും,

എന്നും കഴിച്ചുകൊണ്ടിരിക്കേണ്ട ഒരാത്മീയഭക്ഷണത്തിൻെറ കുറിപ്പു ഞാൻ നിങ്ങൾക്കു തന്നയയ്ക്കാം.''

ഇങ്ങനെ പറഞ്ഞു രാജാവു ചെറിയ ഒരു കുറിപ്പു മഠാധിപൻെറ പക്കൽ ഏല്പിച്ചു. മഠാധിപൻ ആശ്രമത്തിൽ ചെന്നശേഷം എല്ലാ സന്ന്യാസികളെയും വിളിച്ചുകൂട്ടി അത് അവരെ വായിച്ചുകേൾപ്പിച്ചു: ''നിങ്ങൾ നിങ്ങളുടെ നാവിനെയും ഉദരത്തെയും നിയന്ത്രിക്കുക.''

ആരായാലും നിലമറന്നു സംസാരിക്കുകയോ പ്രവർത്തികുകയോ ചെയ്യരുത്.

## 19 അന്ധൻ–മൂകൻ–ബധിരൻ

ഒരിക്കൽ വഴിപോക്കനായ ഒരു സന്ന്യാസി സന്ധ്യാസമയത്ത് ഒരാശ്രമത്തിൽ കയറിച്ചെന്നു. ഒരു രാത്രിമാത്രമേ അദ്ദേഹം അവിടെ താമസിച്ചുള്ളുവെങ്കിലും, അദ്ദേഹത്തിൻെറ ദിവ്യജ്ഞാനവും താപസശീലവും അവിടുത്തെ ആശ്രമാധിപനു നന്നേ ഇഷ്ടപ്പെട്ടു. പിറേറ ദിവസം അതിരാവിലെ എഴുന്നേററു തൻെറ സ്വന്തം ആശ്രമത്തിലേയ്ക്കു തിരികെപ്പോകുന്നതിനു മുമ്പായി ആശ്രമാധിപനെക്കണ്ടു യാത്ര പറഞ്ഞുകളയാമെന്നു കരുതി സന്ന്യാസി അദ്ദേഹത്തിൻെറ പക്കൽ ചെന്നു. അപ്പോൾ ആശ്രമാധിപൻ അദ്ദേഹത്തോടു പറഞ്ഞു: ''അങ്ങയെപ്പോലുള്ള ഒരാളെ ഇവിടെ അതിഥിയായി സൽക്കരിക്കാൻ സാധിച്ചതുതന്നെ ഒരു ഭാഗ്യവും ബഹുമതിയുമായി ഞങ്ങൾ കണക്കാക്കുന്നു. നിവൃത്തിയുണ്ടെങ്കിൽ അങ്ങ് ഒരു ദിവസംകൂടി ഇവിടെ ഞങ്ങളോടൊരുമിച്ചു താമസിക്കണം. ഈ ആശ്രമത്തിൽ ചേർന്നു സന്ന്യാസികളായി ജീവിക്കാൻ കരുതി വരുന്ന അർത്ഥികളെ പരീക്ഷിച്ച്, യോഗ്യന്മാരായി കാണുന്നവരെ തിരഞ്ഞെടുക്കുന്നതിനായി നിശ്ചയിച്ചിട്ടുള്ള ദിവസം നാളെയാണ്, ഇവിടുത്തെ ആശ്രമജീവിതത്തിനു പററിയവരെ പരീക്ഷിച്ചു നിശ്ച

യിച്ചുതരുവാൻ അങ്ങയെപ്പോലെ യോഗ്യനായി മററാരെയും, കണ്ടെത്തുക പ്രയാസമാണ്. അതുകൊണ്ട് അങ്ങു നാളെക്കൂടി ഇവിടെ താമസിച്ച് ആ ഒരു കൃത്യം കൂടി ഞങ്ങൾക്കായി ചെയ്തുതരണം.''

അതിനു സന്ന്യാസി ആശ്രമാധിപനോട് ഇങ്ങനെ മറുപടി പറഞ്ഞു: ''ഈ ആശ്രമത്തിലെ സന്ന്യാസികളുടെ ജീവിതരീതിയെക്കുറിച്ച് എനിക്കു കാര്യമായ അറിവൊന്നുമില്ല. നിങ്ങളെപ്പററി വേണ്ടത്ര അറിവില്ലാതെ, നിങ്ങൾക്കായി സന്ന്യാസാർത്ഥികളെ തിരഞ്ഞെടുത്തുതരിക വിവേകമല്ലല്ലോ. അതിനാൽ ഇന്നു രാത്രി എനിക്കു നിങ്ങളുടെ സന്ന്യാസികൾ ഓരോരുത്തരെയും വിളിച്ച് അവരോടു സംസാരിക്കണം. അങ്ങനെ നിങ്ങളെപ്പററി സാമാന്യമായ ഒരറിവുണ്ടായശേഷമാണെങ്കിൽ, ഇപ്പോൾ അങ്ങ് ആവശ്യപ്പെട്ട കാര്യം ചെയ്തുതരുന്നതിന് എനിക്കു സന്തോഷമേയുള്ളൂ.''

ആശ്രമാധിപൻ അതിനു സമ്മതിച്ചു. അതിൻപ്രകാരം അദ്ദേഹം അവിടത്തെ സന്ന്യാസികളിൽ ഓരോരുത്തരെയും തനിയെ വിളിച്ച് അവരോടു ചോദിച്ചു: ''ഇവിടത്തെ മററു സന്ന്യാസികളെപ്പററി നിങ്ങൾ കണ്ടിട്ടുള്ളതും കേട്ടിട്ടുള്ളതുമായി നിങ്ങൾക്കു പറയാനുള്ളത് എന്താണ്?'' ഇതിനു മറുപടിയായി, ഓരോ സന്ന്യാസിയും, താൻ മററുള്ളവരെപ്പററി കാണാനും കേൾക്കാനും ഇടവന്നിട്ടുള്ള കുററങ്ങൾ മുഴുവനും അദ്ദേഹത്തെ വിശദമായി പറഞ്ഞുകേൾപ്പിച്ചു. അദ്ദേഹം പ്രത്യേകിച്ചൊന്നും പറയാതെ, ഒന്നു നീട്ടി ചിരിക്കുകമാത്രം ചെയ്തിട്ട്, ഓരോരുത്തനെയും മടക്കിവിട്ടു.

പിറേറ ദിവസം സന്ന്യാസാർത്ഥികളായി വന്നിരിക്കുന്നവരെ പരീക്ഷിക്കാനുള്ള സമയമായി. ആകെ നാലു പേരാണ് അപേക്ഷകരായി വന്നിരിക്കുന്നത്. ഒന്നാമത്തെ ആളെ പരിശോധിച്ചപ്പോൾ അയാൾക്കു നന്നായി സംസാരിക്കുന്നതിനുള്ള കഴിവുണ്ടെന്നു മനസ്സിലായി. അയാളോടു പരീക്ഷകൻ പറഞ്ഞു: ''നിന്നെ ഇവിടേയ്ക്കു കൊള്ളുകയില്ല. നീ ഇവിടെ താമ

സിച്ചാൽ മററുള്ളവരുടെ കുററങ്ങരം എടുത്തുപറഞ്ഞു സംസാരിക്കുന്നതിനുള്ള വൈഭവം വളരെ എളുപ്പത്തിൽ കരസ്ഥമാക്കിപ്പോകും. അതിനാൽ നീ പോയ്ക്കൊള്ളുക.''

രണ്ടാമത്തെ അപേക്ഷകനു നല്ല കാഴ്ചശ്ശക്തിയുണ്ടായിരുന്നു. അയാളോടു പരീക്ഷകൻ പറഞ്ഞു: ''ഇതു നിനക്കു ചേർന്ന സ്ഥലമല്ല. നീ ഇവിടെ താമസിച്ചാൽ മററുള്ളവരുടെ കുററങ്ങരം ഒന്നുപോലും വിടാതെ കണ്ടുപിടിക്കുന്ന ശീലത്തിൽ ഉറച്ചുപോകും. അതിനാൽ നിനക്കു പോകാം.''

മൂന്നാമത്തെ ആരംക്ക് അതിസൂക്ഷ്മമായ ശ്രവണശക്തിയുണ്ടായിരുന്നു. പരീക്ഷകൻ അയാളോടു പറഞ്ഞു: ''നിനക്കു ചേരാനുള്ള സ്ഥലമല്ല ഇത്. ഇവിടെ നീ ചേർന്നാൽ, മററുള്ളവരുടെ കുററങ്ങരം ഇവിടെ പറയപ്പെടുന്നത് ഒരെണ്ണംപോലും ഒഴിവാക്കാതെ കേരംക്കുന്നതിൽ നീ അതിസമർത്ഥനായിത്തീരും. അതിനിടയാകാതിരിക്കണമെങ്കിൽ നീയും ഇവിടം വിട്ടുപോയ്ക്കൊള്ളണം.''

അവസാനത്തെ അപേക്ഷകൻ മൂകനും ബധിരനും അന്ധനുമായിരുന്നു. അയാളെയും കൂട്ടിക്കൊണ്ടു പരീക്ഷകൻ അവിടത്തെ സന്ന്യാസികളുടെ മുമ്പിൽ ച്ചെന്നു പറഞ്ഞു: ''ഇയാളാണ് നിങ്ങരംക്കു ചേർന്നതായി ഞാൻ കണ്ട ഏക അപേക്ഷകൻ. നിങ്ങരം ഇവിടെ മററുള്ളവരുടെ കുററം എത്ര ശക്തിയായിപ്പറഞ്ഞാലും, അതൊന്നും ഇയാരം കാണുകയോ കേരംക്കുകയോ പറയുകയോ ചെയ്യുന്നതല്ല. ഇങ്ങനെയുള്ള ഒരാരം നിങ്ങളുടെ കൂടെ താമസിക്കുകയാണെങ്കിൽ, വളരെ ചുരുങ്ങിയ കാലയളവുകൊണ്ട് അയാരംക്കും നിങ്ങരംക്കും ഒരുപോലെ പുണ്യാഭിവൃദ്ധി ഉണ്ടാകുന്നതാണ്.''

ഇത്രയും പറഞ്ഞുകേട്ടപ്പോരം, സന്ന്യാസികരംക്കു തങ്ങളുടെ തെററ് എന്താണെന്നു വ്യക്തമായി മനസ്സിലാവുകയും അവർ അതു തിരുത്തി വളരെ വേഗം ഗണ്യമായ സുകൃതപുരോഗതി കൈവരിക്കുകയും ചെയ്തു.

മററുള്ളവരുടെ തെററുകരം പറയാതിരിക്കുക, കേരംക്കാതിരിക്കുക, പറയാതിരിക്കുക.

## 20 സന്ന്യാസിയും തത്തയും

ഒരിടത്ത് ഒരു രാജാവുണ്ടായിരുന്നു. വേദവാക്യങ്ങൾ ഇടയ്ക്കിടയ്ക്കു കേട്ടുകൊണ്ടിരിക്കുന്നതിൽ മഹാതത്പരനായിരുന്നു അദ്ദേഹം. അതു തനിക്കു മനസ്സിനു കുളിർമ്മയും ചിന്തയ്ക്കു ദീപ്തിയും നല്കുന്നതുകൊണ്ടാണ് അദ്ദേഹം അങ്ങനെ ചെയ്തു വന്നിരുന്നത്. ഇതിനായി രാജാവ് ഒരു സന്ന്യാസിയെ പ്രത്യേകം വിളിച്ചുവരുത്തി കൊട്ടാരത്തിൽത്തന്നെ പാർപ്പിച്ചിരുന്നു. ഇടയ്ക്കിടയ്ക്കു രാജസന്നിധിയിൽ ചെന്നു ചിന്തനീയങ്ങളായ വേദവാക്യങ്ങൾ രാജാവിനെ ചൊല്ലിക്കേൾപ്പിക്കുക എന്നതത്രേ അദ്ദേഹത്തിനു കൊടുത്തിരുന്ന ജോലി. അതിനാവശ്യമുള്ള വേദഗ്രന്ഥങ്ങളെല്ലാംതന്നെ കൊട്ടാരംവക ഗ്രന്ഥശാലയിൽനിന്ന് അദ്ദേഹത്തിനു കൊടുപ്പിക്കുകയും ചെയ്തിരുന്നു. ഗ്രന്ഥശാലയിൽ ചെന്നിരുന്ന് ഏതു ഗ്രന്ഥവും നോക്കിപ്പഠിക്കുന്നതിനും അദ്ദേഹത്തെ അനുവദിച്ചിരുന്നു.

എന്നാൽ നമ്മുടെ സന്ന്യാസിക്കു വേദജ്ഞാനം ആർജ്ജിക്കുന്നതിൽ വലിയ താത്പര്യമൊന്നും ഉണ്ടായിരുന്നില്ല. അയാൾ ഗ്രന്ഥശാലയിൽ ചെന്നിരുന്നു ലൗകികശാസ്ത്രസംബന്ധങ്ങളായ പുസ്തകങ്ങൾ എടുത്തു വായിച്ചുകൊണ്ടിരിക്കും. അവയെല്ലാം അറിഞ്ഞിരുന്നാലേ കൊട്ടാരംവക ശാസ്ത്രികൾക്കിടയിൽ തനിക്കും പേരും പെരുമയും ഉണ്ടാകൂ എന്നായിരുന്നു അയാളുടെ വിചാരം. കൊട്ടാരത്തിൽ വന്ന നാൾ തുടങ്ങി അയാൾ കിണഞ്ഞുപരിശ്രമിച്ചിരുന്നതും അതിനുവേണ്ടിത്തന്നെയായിരുന്നു.

അതുമൂലം, രാജാവിൻെറ പക്കൽ ഇടയ്ക്കിടയ്ക്കു ചെന്നു വേദവാക്യങ്ങൾ ചൊല്ലിക്കൊടുക്കുന്ന കാര്യത്തിൽ അയാൾ കാര്യമായി ശ്രദ്ധിക്കാതെയായി. ഓരോരോ ഒഴിവുകഴിവുകൾ പറഞ്ഞ് അയാൾ എന്നും അതിൽ വീഴ്ച വരുത്തിയിരുന്നു. ഈ സന്ന്യാസി

യെ ഇനി കൊട്ടാരത്തിൽ നിറുത്തിയാൽ താനുദ്ദേശിച്ച കാര്യം നടക്കുകയില്ലെന്നു രാജാവിനു ക്രമേണ ബോദ്ധ്യമായി. അതിനാൽ ഒരു ദിവസം അയാളെ വിളിപ്പിച്ചു രാജാവ് ഇങ്ങനെ പറഞ്ഞു: ''എന്നെ ഇടയ്ക്കിടയ്ക്കു വേദവാക്യങ്ങൾ ചൊല്ലികേൾപ്പിക്കുന്നതിനുവേണ്ടിയാണ് ഞാൻ നിങ്ങളെ ഇവിടെ നിയമിച്ചത്. പക്ഷേ നിങ്ങൾ അക്കാര്യത്തിനു പററിയവനല്ല എന്ന് ഇതുവരെയുള്ള നിങ്ങളുടെ പ്രവർത്തനംകൊണ്ട് എനിക്കു ബോദ്ധ്യപ്പെട്ടിരിക്കുന്നു. മാത്രമല്ല, ഇതിനു നിങ്ങളെക്കാൾ സമർത്ഥനായി മറെറാരാളെ ഇപ്പോൾ എനിക്കു കിട്ടിയിട്ടുമുണ്ട്. ആകയാൽ ഇന്നുമുതൽ നിങ്ങളെ ജോലിയിൽനിന്നു പിരിച്ചുവിട്ടു പകരം തത്സ്ഥാനത്ത് അയാളെ നിയമിക്കുവാൻ ഞാൻ നിശ്ചയിച്ചിരിക്കുന്നു.

ഇങ്ങനെ പറഞ്ഞിട്ട്, രാജാവു താൻ മുന്നേക്കൂട്ടിത്തന്നെ ചട്ടംകെട്ടി പരിശീലിപ്പിച്ചിരുന്ന ഒരു തത്തയെ അവിടെ കൊണ്ടുവരുവിച്ചു. തത്ത ഉടനെത്തന്നെ അതിനെ പഠിപ്പിച്ചിരുന്ന വേദവാക്യങ്ങൾ ഇടവിട്ടിടവിട്ട് ഉരുവിടാൻ തുടങ്ങി. ഇതു കണ്ടപ്പോൾ സന്ന്യാസി പറഞ്ഞു: ''അർത്ഥം മനസ്സിലാക്കാതെയുള്ള ഈ ഉരുവിടൽകൊണ്ട് എന്താണ് പ്രയോജനം?'' അതിനു രാജാവ് ഇങ്ങനെ മറുപടി പറഞ്ഞു: ''മരുന്നിൻെറ ഫലസിദ്ധിയെക്കുറിച്ചുള്ള സകലശാസ്ത്രങ്ങളും അറിഞ്ഞിരുന്നിട്ടും മരുന്നു കഴിക്കാൻ മടി കാണിക്കുന്നവനു ഫലം കിട്ടുകയില്ല; മരുന്നിനെക്കുറിച്ചുള്ള ശാസ്ത്രം അറിയാൻ വയ്യെങ്കിലും മടികൂടാതെ കണ്ണുമടച്ചു മരുന്നു കഴിക്കുന്നവനു ഫലം കിട്ടുകതന്നെ ചെയ്യും!''

ഒന്നും ചെയ്യാതെ നടന്നതുകൊണ്ടു പ്രയോജനമില്ല. സ്വധർമ്മം ചെയ്യുകതന്നെ വേണം.

## 21 സന്ന്യാസിയുടെ നിന്ദ

ഒരിക്കൽ ഒരു ശിഷ്യൻ തൻെറ ഗുരുവിൻെറ പക്കൽ ചെന്ന്, തനിക്കു ശരിയായ വിദ്യ ഉപദേശിച്ചുതരണമെന്നു പറഞ്ഞു. അതിനു ഗുരു ഇങ്ങനെ മറുപടി പറഞ്ഞു: ''നിങ്ങളെ ശരിയായ തത്ത്വജ്ഞാനം ഉപദേശിച്ചുതരുവാൻ ഒരാളെക്കൊണ്ടുമാത്രമേ പററൂ. അയാളെ നിങ്ങൾതന്നെ അന്വേഷിച്ചു കണ്ടെത്തേണ്ടിയിരിക്കുന്നു. അതിനു മുമ്പായി നിങ്ങൾ മൂന്നു കൊല്ലത്തേയ്ക്ക് ഒരു കാര്യം ചെയ്യേണ്ടതുണ്ട്: നിങ്ങളെ നിന്ദിക്കുന്ന എല്ലാവർക്കും പ്രതിഫലമായി നിങ്ങൾ കയ്യിലുള്ള പണം കൊടുക്കണം. ഇങ്ങനെ മൂന്നു കൊല്ലം ചെയ്തു കഴിയുമ്പോൾ ഏററവും ശ്രേഷ്ഠനായ ഒരു ഗുരുവിനെ കണ്ടെത്താൻ നിങ്ങൾക്ക് ഇടവരും.''

ശിഷ്യൻ അതു കേട്ട് അവിടം വിട്ടിറങ്ങിപ്പോയി, ഗുരു പറഞ്ഞതുപോലെതന്നെ ചെയ്തു. തന്നെ നിന്ദിച്ച എല്ലാവർക്കും അയാൾ പണം പ്രതിഫലമായി കൊടുത്തു. അങ്ങനെ മൂന്നു കൊല്ലംകൊണ്ട് അയാളുടെ കയ്യിലുള്ള പണം മുഴുവൻ തീർന്നു.

അപ്പോൾ അയാൾ വീണ്ടും തൻെറ പഴയ ഗുരുവിൻെറ പക്കൽ ചെന്നു. ഗുരു അയാളോടു പറഞ്ഞു: ''നിങ്ങൾ ഞാൻ പറഞ്ഞതുപോലെ ചെയ്തുവെന്നറിയുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ഇനി നിങ്ങൾ ഇന്ന പട്ടണത്തിൻെറ പടിവാതില്ക്കൽ ചെല്ലണം. നിങ്ങളെ ഉപദേശിക്കുന്നതിനു സമർത്ഥനായ ഗുരു അവിടെ ഇരിപ്പുണ്ടാകും.''

ഇതു കേട്ടു ശിഷ്യൻ ഗുരു പറഞ്ഞതുപോലെതന്നെ ചെയ്തു. പട്ടണവാതില്ക്കൽ ചെന്നപ്പോൾ ജരാനരകൾ ബാധിച്ച ഒരു വൃദ്ധസന്ന്യാസി അവിടെ ഇരിക്കുന്നു. അതിലേ കടന്നുപോകുന്ന സകലരേയും ശപിക്കുകയും നിന്ദിക്കുകയുമാണ് അയാളുടെ തൊഴിൽ. നമ്മുടെ ശിഷ്യനും അതുതന്നെ കിട്ടി. അയാൾ സന്ന്യാസിയുടെ മുന്നിലൂടെ കടന്നുപോയപ്പോൾ,

സന്ന്യാസി അയാളുടെ മേൽ കഠിനമായ നിന്ദാവചനങ്ങൾ ചൊരിയുവാൻ തുടങ്ങി. ഇതു കേട്ടപ്പോൾ ശിഷ്യൻ ഒന്നും സംഭവിക്കാത്ത മട്ടിൽ അവിടെ നിന്നു പുഞ്ചിരി തൂകാൻ തുടങ്ങി. "താൻ എന്താടോ ഇങ്ങനെ ചിരിച്ചുകൊണ്ടു നില്ക്കുന്നത്?" എന്നു ചോദിച്ച സന്ന്യാസിയോടു ശിഷ്യൻ ഇങ്ങനെ ഉത്തരം പറഞ്ഞു: "ഇത്ര നാളും ഇങ്ങനെയുള്ള നിന്ദ കേൾക്കുന്നതിന് എനിക്കു കയ്യിലുള്ള പണം അങ്ങോട്ടു കൊടുക്കേണ്ടി വന്നിരുന്നു. ഇപ്പോൾ ഒരു പൈസപോലും പണച്ചെലവില്ലാതെ ഇത്രയും നല്ല നിന്ദ വെറുതെ കിട്ടിയല്ലോ എന്നു വിചാരിച്ചപ്പോഴുണ്ടായ സന്തോഷംകൊണ്ടു ചിരിച്ചുപോയതാണ്."

ഇതു കേട്ടപ്പോൾ സന്ന്യാസി പറഞ്ഞു: "ധീരനായ* മനുഷ്യാ, പട്ടണത്തിലേയ്ക്കു പ്രവേശിക്കുക. വിജ്ഞാനം മുഴുവനും നിങ്ങളുടേതായിരിക്കുന്നു!"

ത്യാഗം ചെയ്യാതെ വിജ്ഞാനം ലഭിക്കുന്നതല്ല.

## 22 മുനിയും മാലാഖയും

ഒരിടത്തു വളരെ താപസനായ ഒരു മുനി താമസിച്ചിരുന്നു. ദൈവവുമായി നിരന്തരമായ ഐക്യത്തിൽ കഴിഞ്ഞിരുന്നതിനാൽ, അദ്ദേഹം മററുള്ളവരെ സന്ദർശിക്കുകയോ മററുള്ളവർ തന്നെ സന്ദർശിക്കുവാൻ സമ്മതിക്കുകയോ ചെയ്തിരുന്നില്ല. ഇത്ര ദൈവികതയുള്ള ഈ മുനിയെ ഒന്നു കാണണമെന്നു കരുതി ഒരു ദിവസം അവിടത്തെ രാജാവു വേഷപ്രച്ഛന്നനായി ആശ്രമത്തിലെത്തി. അപ്പോൾ മുനി ആശ്രമവളപ്പിൽ ഒരു മരത്തിൻചുവട്ടിൽ ഇരിക്കുകയായിരുന്നു. ഇരിക്കു

* ധീരൻ എന്ന വാക്കിനു ധീശക്തി അഥവാ വിജ്ഞാനം ഉള്ളവൻ എന്നും ധൈര്യം ഉള്ളവൻ എന്നും അർത്ഥമുണ്ട്.

ന്നതു മുനിയാണെന്ന് ആഗതനു തിരിഞ്ഞില്ല. ആഗതൻെറ ആഗമനോദ്ദേശ്യം മനസ്സിലായപ്പോ൦, മുനി അയാളോടു പറഞ്ഞു: ''ഞാനും ഇവിടത്തെ മുനിയെ കാണാൻതന്നെ വന്നിരിക്കുന്ന ആളാണ്. ഇവിടെയുള്ള ഈ മുനി, മഹാകപടഭക്തിക്കാരനും കള്ളസ്സന്ന്യാസിയുമാണ്. അതിനാലാണ് അയാ൦ ആരെയും കാണാൻ കൂട്ടാക്കാത്തത്. ഇതിനെ സ്ഥിരീകരിക്കുന്ന പല അനുഭവങ്ങളും ഈ ചുററുപാടും വസിക്കുന്ന ആളുക൦ക്ക് ഉണ്ടായിട്ടുണ്ട്. അന്വേഷിച്ചു നോക്കിയതിൽ അവയെല്ലാം വാസ്തവമാണെന്ന് എനിക്കു മനസ്സിലായി. ഇതൊക്കെ ഒന്നു നേരെ ചെന്നു ചോദിച്ചുകളയാമെന്നു കരുതി, മുനി പുറമേയ്ക്കു വരുന്നതും കാത്തു ഞാൻ ഇവിടെ ഇരിക്കുകയാണ്.''

ഇത്രയും കേട്ടപ്പോ൦, ഇങ്ങനെയുള്ള ഒരു മുനിയെ കാണാനായി കാത്തുകെട്ടി നില്ക്കേണ്ട കാര്യമില്ലെന്നു കരുതി, വന്നയാ൦ അയാളുടെ വഴിക്കു പോയി; മുനി എഴുന്നേററ് ആശ്രമത്തിനകത്തേയ്ക്കും.

ഇങ്ങനെ ആ മുനിയുടെ പുണ്യതീക്ഷ്ണത വർദ്ധിച്ചുവരുന്നതു കണ്ടപ്പോ൦, പിശാചിന് അയാളെ ഒന്നു പരീക്ഷിച്ചുകളയണമെന്ന മോഹമുണ്ടായി. അതിനാൽ ഒരു ദിവസം മുനി പ്രാർത്ഥിച്ചിരിക്കേ പിശാചു വേഷംമാറി ഒരു മാലാഖയുടെ രൂപം ധരിച്ച് അയാളുടെ മുമ്പിൽ വന്നുനിന്നുകൊണ്ടു പറഞ്ഞു: ''ഞാൻ ദൈവസന്നിധിയിൽ നില്ക്കുന്ന മാലാഖയാണ്. നിങ്ങളുടെ പ്രാർത്ഥനക൦ ദൈവത്തിനു നന്നേ ഇഷ്ടപ്പെട്ടിരിക്കുന്നു എന്നറിയിക്കാൻ ദൈവം എന്നെ നിങ്ങളുടെ പക്കലേയ്ക്കു പറഞ്ഞയച്ചതാണ്.''

അപ്പോ൦ 'മാലാഖ'യോടു മുനി ഇങ്ങനെ മറുപടി പറഞ്ഞു: ''നിങ്ങ൦ക്ക് ആ൦ തെററിപ്പോയതാകണം, ഞാൻ പാപിയായ ഒരു മനുഷ്യനാകുന്നു.''

വിശുദ്ധന്മാർ അഹങ്കരിക്കുന്നില്ല; മനുഷ്യമുഖം നോക്കുകയും ചെയ്യുന്നില്ല.

## 23 സന്ന്യാസിമാരുടെ കലഹം

ഒരിക്കൽ ഒരിടത്തു രണ്ടു സന്ന്യാസിമാർ ജീവിച്ചിരുന്നു. അവർ തമ്മിൽ ഒരിക്കലും കലഹിച്ചിട്ടില്ല. അങ്ങനെയിരിക്കെ അവരിൽ ഒരാൾ മററെ ആളോടു പറഞ്ഞു: ''എത്രയോനാളായി നാം ഇവിടെ ഒരുമിച്ചു താമസിക്കാൻ തുടങ്ങിയിട്ട്. എന്നിട്ടും ഒരിക്കൽപ്പോലും നാം തമ്മിൽ ഇതുവരെയും ഒന്നു കലഹിച്ചിട്ടില്ലല്ലോ. കലഹിക്കുന്നതിൻെറ രസം നമുക്കും ഒന്നറിയേണ്ടയോ? അതിനാൽ നമുക്ക് ഇപ്പോൾ ഒന്നു കലഹിക്കുകതന്നെ.''

കലഹം ഒഴിവാക്കാൻവേണ്ടി, ''അങ്ങനെതന്നെ ആകട്ടെ'' എന്നു മറേറ സന്ന്യാസി മറുപടി പറഞ്ഞു. പക്ഷേ എങ്ങനെയാണ് കലഹിച്ചുതുടങ്ങേണ്ടതെന്ന് അയാൾക്കറിഞ്ഞുകൂടാ. അതിനു മറേറയാൾ ഒരു വഴി പറഞ്ഞുകൊടുത്തു: ''നമുക്കു രണ്ടുപേർക്കുമിടയിൽ ഒരു ഇഷ്ടികക്കഷണം വെയ്ക്കാം. എന്നിട്ടു ഞാൻ പറയും, 'ഇത് എൻേറതാണ്' എന്ന്; അപ്പോൾ നിങ്ങൾ പറയണം, 'അല്ല, ഇത് എൻേറതാണ്' എന്ന്. അപ്പോൾ നാം അറിയാതെതന്നെ കലഹം തുടങ്ങിക്കൊള്ളും.''

ഇതിൻപ്രകാരം അവർ ഒരിഷ്ടികക്കഷ്ണം അവർക്ക് ഇരുവർക്കും മധ്യത്തിൽ എടുത്തുവെച്ചു. എന്നിട്ട്, ഒന്നാമത്തെയാൾ പറഞ്ഞു: ''ഇത് എൻേറതാണ്.'' അതിനു രണ്ടാമത്തെയാൾ ഉത്തരിച്ചു: ''അല്ല, ഇത് എൻേറതാണ്.'' അപ്പോൾ ഒന്നാമത്തെയാൾ വീണ്ടും പറഞ്ഞു: ''ഇതു നിങ്ങളുടേതല്ല, എൻേറതാണ്.'' അയാൾ ഇങ്ങനെ പറഞ്ഞുതീരും മുമ്പുതന്നെ മററെയാൾ പെട്ടെന്ന് അറിയാതെ ഇങ്ങനെ പറഞ്ഞുപോയി: ''നിങ്ങളുടേതാണെങ്കിൽ, നിങ്ങൾ എടുത്തുകൊള്ളുക.''

നല്ലവരിൽനിന്നു നല്ലതേ വരൂ.

## 24 ശിഷ്യൻെറ തന്നിഷ്ടം

ഒരിടത്ത് ഒരു സന്ന്യാസി കുറെ ശിഷ്യന്മാരുമായി ഒരുമിച്ചു ജീവിച്ചിരുന്നു. അദ്ദേഹം ഉപദേശമായി എന്നും ഒരൊററ കാര്യംമാത്രമാണ് അവരോടു പറഞ്ഞിരുന്നത്. 'എപ്പോഴും സ്വന്തം ഇഷ്ടത്തിനു വിപരീതം ചെയ്തുകൊള്ളണം' എന്നതായിരുന്നു അത്.

ഒരിക്കൽ അദ്ദേഹം തൻെറ ശിഷ്യന്മാരുമൊരുമിച്ചു പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയായിരുന്നു. അതിനിടയിൽ ഒരു ശിഷ്യൻ ഭക്തിപാരവശ്യംകൊണ്ടു സ്വർഗ്ഗത്തിലേയ്ക്ക് ഉയർന്നുയർന്നു പോകാൻ തുടങ്ങി. ഉടനെത്തന്നെ സന്ന്യാസി മററു ശിഷ്യന്മാരോടു പറഞ്ഞു: "നിങ്ങൾ എല്ലാവരുംകൂടി അയാളുടെ കാലിൽ പിടിച്ചു താഴേയ്ക്കു വലിക്കുക. മററുള്ളവരോടൊത്ത് ഇവിടെ പ്രാത്ഥിച്ചിരിക്കേണ്ട ഈ സമയത്ത്, അയാൾ ഓററയ്ക്കു സ്വർഗ്ഗത്തിലേയ്ക്കു കേറിപ്പൊയ്ക്കളയാം എന്നു വിചാരിച്ചത്, അയാളുടെ തന്നിഷ്ടംകൊണ്ടാണ്. തന്നിഷ്ടപ്രകാരമുള്ള പോക്കു സ്വർഗ്ഗത്തിലേയ്ക്കായാലും, കാലിൽപ്പിടിച്ചു താഴേയ്ക്കു വലിച്ചിടുകതന്നെ വേണം!"

വേറൊരിക്കൽ ഒരു ശിഷ്യൻ, തൻെറ മുറിക്കകത്തു മുളച്ചുവന്ന ഒരു കാട്ടുപുല്ലു പറിച്ചുകളയുന്നതായി ആ സന്ന്യാസി കണ്ടു. ഉടനെത്തന്നെ അദ്ദേഹം അയാളെ വിളിച്ച് ഇങ്ങനെ പറഞ്ഞു: "എത്രയോ നിരുപദ്രവിയായ ഒരു പുൽനാമ്പാണത്. അതിന് ആരേയും ഉപദ്രവിക്കണമെന്നില്ല. ദൈവം അതിന് അനുവദിച്ചിരിക്കുന്ന രണ്ടു മാസകാലം ജീവിച്ചശേഷം, അവസാനം, പൂവണിഞ്ഞു ദൈവത്തെ മഹത്ത്വപ്പെടുത്തണമെന്നുമാത്രമേ അതിന് ആഗ്രഹമുള്ളൂ. ഇങ്ങനെയുള്ളൊരു പുൽക്കൊടിയുമായി രണ്ടു മാസത്തേയ്ക്കു ഒരുമിച്ചു കഴിയുവാൻ മടി വിചാരിച്ച താൻ എത്രയോ വലിയ തന്നിഷ്ടക്കാരനായിരിക്കണം! അതുകൊണ്ട്

ഈ പുൽനാമ്പ് അതു നിന്നിരുന്നിടത്തുതന്നെ കൊണ്ടു പോയി നട്ട് അതിനു വളമിട്ടും എന്നും വെള്ളമൊഴിച്ചും പുഷ്പിക്കുന്നതുവരെ അതിനെ പരിചരിക്കുക.''

ഈ സന്ന്യാസി തൻെറ സ്വന്തം തന്നിഷ്ടം ജയിച്ച കഥ ഇതിനെക്കാറം രസകരമാണ്. അദ്ദേഹം ഒരു സന്ന്യാസാർത്ഥിയായിരിക്കുന്ന കാലത്ത്, അദ്ദേഹത്തോടു തൻെറ ഗുരു ഇങ്ങനെ പറഞ്ഞു: ''ദേ, ഇവിടെ പൊട്ടിപ്പൊളിഞ്ഞ ഒരോലക്കുട കിടപ്പുണ്ട്. ഈററകൊണ്ടുള്ള അതിൻെറ കാലെടുത്ത്, തോട്ടത്തിലുള്ള പാറ തുരന്ന് അതിൽ കുഴിച്ചിട്ട് എന്നും നനയ്ക്കുക.'' അയാറം ഒന്നും വിചാരിക്കാതെ, ഗുരു പറഞ്ഞതുപോലെതന്നെ ചെയ്തു. ഒരു ദിവസത്തെ അധ്വാനംകൊണ്ടു പാറ തുരന്നു കുഴിയുണ്ടാക്കി അതിൽ കുടക്കാൽ നാട്ടിനിറുത്തി. എന്നിട്ടു നനയ്ക്കാനായി കുടവുമെടുത്തു വെള്ളമന്വേഷിച്ചു പോയി. മരുഭൂമി ആയിരുന്നതിനാൽ ഒരു പകൽമുഴുവൻ നടന്നെങ്കിലേ വെള്ളമുള്ള അരുവിയിലെത്തൂ. അതിരാവിലെ പുറപ്പെട്ടാൽ സന്ധ്യയാകുമ്പോഴേയ്ക്കും അരുവിക്കരികിലെത്തും. അവിടെ നിന്നു കുടത്തിൽ വെള്ളമെടുത്തു നടന്നാൽ നേരം വെളുക്കുമ്പോഴേയ്ക്കും തിരികെ ആശ്രമത്തിലെത്തും. ഇങ്ങനെ എഴു വർഷത്തോളം, ഒരൊററ ദിവസംപോലും മുടക്കം വരുത്താതെ, തുടർച്ചയായി അദ്ദേഹം ചെയ്തു. ഏഴാം വർഷത്തിൻെറ അവസാനം അദ്ഭുതകരമായി കുടക്കാൽ പുഷ്പിച്ച് അതിൽ മനോഹരമായ ഒരു ഫലമുണ്ടായി. ഗുരു അപ്പോറം എല്ലാ ശിഷ്യന്മാരെയും വിളിച്ചുകൂട്ടി അവരോട് ഇങ്ങനെ പറഞ്ഞു: ''വരുവിൻ! അനുസരണത്തിൻെറ ഫലം ഇപ്പോറം നമുക്കു മുറിച്ചു ഭക്ഷിക്കാം.''

ആത്മവിജയമാണ് ഏററവും വലിയ വിജയം.

## 25 ചൂടും തണുപ്പും

ഒരു ബ്രാഹ്മണൻ എല്ലാ വർഷവും പതിവായി ഒരു പ്രത്യേകദിവസം അടുത്തുള്ള ക്ഷേത്രത്തിൽപ്പോയി ഭജനമിരിക്കുമായിരുന്നു. ഭജനം കഴിഞ്ഞു പോരുമ്പോാം നേർച്ചയായി എല്ലാ പ്രാവശ്യവും ക്ഷേത്രത്തിൽ കൊടുത്തിരുന്നത് ഒരു കോടിമുണ്ടായിരുന്നു. ഇപ്രാവശ്യവും അങ്ങനെതന്നെ ചെയ്യണം എന്നു കരുതി, പററിയൊരു മുണ്ടു വാങ്ങാനായി അയാാം അടുത്തുള്ളൊരു നെയ്ത്തുകാരൻെറ പക്കലേയ്ക്കു പോയി.

നെയ്ത്തുകാരൻെറ പക്കൽ അപ്പോാം വെളുത്തതും കറുത്തതുമായ കളങ്ങളുള്ള ഒരു മുണ്ടൊഴികെ, മററൊന്നും തയ്യാറായുണ്ടായിരുന്നില്ല. അതാണെങ്കിൽ, ഭംഗിയില്ലാത്ത ഒന്നായിരുന്നതുകൊണ്ട്, ചെലവാകാതെ ദീർഘനാളായി അവിടെ ഇരിക്കുന്നതുമായിരുന്നു. കോടിമുണ്ട് അന്വേഷിച്ചു വന്ന ബ്രാഹ്മണനോടു നെയ്ത്തുകാരൻ പറഞ്ഞു: ''ഇവിടെ ഇപ്പോാം വില കുറഞ്ഞ തരം സാധാരണ മുണ്ടുകളൊന്നും ഇരിപ്പില്ല. ആകെ ഉള്ളതു വെളുപ്പും കറുപ്പുമായ ഇതൊരെണ്ണം മാത്രമാണ്. ഇതിൻെറ വിലക്കൂടുതൽകൊണ്ടു സാമാന്യക്കാർക്കൊന്നും ഇതു വാങ്ങാൻ പററുന്നതല്ല; അതുകൊണ്ടുതന്നെയാണ് ഇത് ഇവിടെ ഇരിക്കുന്നതും. മറുദേശങ്ങളിൽനിന്നു പ്രത്യേകമായി കൊണ്ടുവരുവിച്ച നൂലുകൊണ്ടു നെയ്ത ഈ മുണ്ടിന് ഒരു പ്രത്യേകതയുണ്ട്. ഇതിലെ വെളുത്ത കളങ്ങാം പകൽ തണുപ്പും കറുത്ത കളങ്ങാം രാത്രി ചൂടും നല്കും. വല്ല വിശിഷ്ടാതിഥികാംക്കും ദാനംചെയ്യാനല്ലാതെ, നിത്യോപയോഗത്തിനായി ഈ മുണ്ടു വാങ്ങിയാൽ മുതലിക്കുകയില്ല ''

ഇത്രയും കേട്ടപ്പോാം ബ്രാഹ്മണൻ വിചാരിച്ചു: അമ്പലത്തിൽ നേർച്ചകൊടുക്കാനുള്ളതല്ലേ, വിശേഷപ്പെട്ടതുതന്നെ ആയിക്കൊള്ളട്ടെ. നെയ്ത്തുകാരൻ പറഞ്ഞ വലിയ വിലതന്നെ കൊടുത്ത് അയാാം മുണ്ടും വാങ്ങി അമ്പലത്തിലേയ്ക്കു പോയി.

ഭജനം കഴിഞ്ഞു പോരാൻനേരം, ക്ഷേത്രാധികാരിയെ വിളിച്ചുകൊണ്ട്, മുണ്ടിൻെറ വിശേഷതയെല്ലാം പറഞ്ഞു മനസ്സിലാക്കിയശേഷം, അമ്പലത്തിലേയ്ക്കുള്ള നേർച്ചയായി അത് അയാളെ ഏല്പിച്ചുകൊണ്ടു ബ്രാഹ്മണൻ മടങ്ങിപ്പോന്നു.

ക്ഷേത്രാധികാരിയിൽനിന്നു വിവരം അവിടുത്തെ രാജാവറിഞ്ഞു. അപ്പോൾ രാജാവിനും അതുപോലൊരു മുണ്ടു കിട്ടിയാൽ കൊള്ളാമെന്നായി. അമ്പലത്തിലേയ്ക്കു വന്ന നേർച്ചയായതിനാൽ, അത് എടുക്കുന്നതു ഭംഗിയല്ലെന്നു കരുതി, മുണ്ടിനെപ്പററിയുള്ള വിവരങ്ങളെല്ലാം രാജാവു ബ്രാഹ്മണനെ വരുത്തി ചോദിച്ചറിഞ്ഞു. അതനുസരിച്ചു മുണ്ടു വിററ നെയ്ത്തുകാരനെ കൊട്ടാരത്തിലേയ്ക്കു വിളിപ്പിച്ച് അയാളോട് ഇങ്ങനെ പറഞ്ഞു: ''നിങ്ങൾ ആ ബ്രാഹ്മണനു കൊടുത്ത തരത്തിലുള്ള ഒരു മുണ്ട് എനിക്കും ആവശ്യമുണ്ട്. വില എന്തു വേണമെങ്കിലും തരാം. ഒരു മാസംകൊണ്ട് ഉണ്ടാക്കിക്കൊണ്ടുവരണം.'' ഇങ്ങനെ പറഞ്ഞു രാജാവു നെയ്ത്തുകാരനെ തിരിച്ചയച്ച്, അയാൾ അദ്ഭുതമുണ്ടുണ്ടാക്കിക്കൊണ്ടുവരുന്നതും കാത്തിരിപ്പായി.

എന്തു ചെയ്യണമെന്നറിയാതെ നെയ്ത്തുകാരൻ ആകെ കുഴങ്ങി. അവസാനം പറഞ്ഞ സമയത്ത് ആളെ കാണാതായപ്പോൾ, രാജാവു ഭടന്മാരെ അയച്ച് അയാളെ കൊട്ടാരത്തിലേയ്ക്കു വരുത്തിച്ചു. നെയ്ത്തുകാരൻെറ വഞ്ചന മനസ്സിലാക്കിയ രാജാവ് അയാളോടു പറഞ്ഞു: ''ചൂടും തണുപ്പും ഉണ്ടാക്കുന്നതിനുള്ള വിദ്യ തനിക്കറിയില്ലെങ്കിൽ, എനിക്കറിയാം എന്നു പറഞ്ഞു രാജാവു വെളുത്തതും കറുത്തതുമായ രണ്ടു ചൂരലുകൾ ഒരു ഭടനെക്കൊണ്ടു കൊണ്ടുവരുവിപ്പിച്ചു. എന്നിട്ട് ആ ഭടനെക്കൊണ്ട് അയാളെ രണ്ടു ചൂരലുകൾകൊണ്ടും മാറിമാറി നൂറ് അടിവീതം അടിപ്പിച്ചു. അടികൊള്ളുന്ന നേരത്തു രാജാവ് അയാളോടു പറഞ്ഞു: ''അല്പംപോലും വിഷമിക്കേണ്ട. ഇവി

ടത്തെ വെളുത്ത ചൂരലിൻെറ അടിക്കു ചൂടും കറുത്ത ചൂരലിൻെറ അടിക്കു തണുപ്പുമാണ്. രണ്ടുകൊണ്ടും അടി മാറി മാറിക്കിട്ടുന്നതുകൊണ്ട്, ഒന്നിൻെറ ദോഷം മറേറതിൽ തീരും. ഇനി താൻ ഈ വക ചതിവിനു നടക്കാതെ മാന്യമായി ജോലി ചെയ്തു ജീവിക്കുക.''

വഞ്ചിക്കുന്നവൻ അവസാനം കുഴിയിൽ വീഴും.

## 26 പണ്ഡിതനു പററിയ അമളി

ഒരിടത്തു ജന്മനാ ബധിരനെങ്കിലും, പണ്ഡിതനും പുണ്യചരിതനുമായ ഒരു സന്ന്യാസി ജീവിച്ചിരുന്നു. അദ്ദേഹത്തിൻെറ ഖ്യാതിനിമിത്തം അനേകം ആളുകൾ ദൂരദേശങ്ങളിൽനിന്നുപോലും നിത്യേനയെന്നോണം അദ്ദേഹത്തിൻെറ ദർശനവും അനുഗ്രഹവും കിട്ടുന്നതിനായി വന്നിരുന്നു. തന്നെ കാണാൻ വരുവരോടുള്ള ആദരവുമൂലം, അവർ പറയുന്നതൊന്നും തനിക്കു കേൾക്കാൻ സാധിച്ചിരുന്നില്ലെങ്കിലും, അവതാൻ കേട്ടിരുന്നാലെന്നപോലെ, അദ്ദേഹം അവർ സംസാരിക്കുന്ന നേരത്ത് ഉപചാരപൂർവ്വം തല കുലുക്കുകയും, 'അതേ, അതേ', 'സന്തോഷം', 'അങ്ങനെതന്നെ' എന്നെല്ലാം ഇടയ്ക്കിടയ്ക്കു പറഞ്ഞുകൊണ്ടിരിക്കുകയും ചെയ്യുമായിരുന്നു. അദ്ദേഹത്തിൻെറ പുണ്യം കൊണ്ടും ആത്മാർത്ഥതകൊണ്ടും ഇതെല്ലാം വളരെ സ്വാഭാവികമായിത്തന്നെ കേൾവിക്കാർക്കു തോന്നിക്കുകയും ചെയ്തിരുന്നു.

അങ്ങനെയിരിക്കെ, ഒരു ദിവസം, തൻെറ പാണ്ഡിത്യത്തെപ്പററി എപ്പോഴും പൊങ്ങച്ചം പറഞ്ഞുകൊണ്ടു നടന്നിരുന്ന അന്തസ്സാരവിഹീനനും ദുരഭിമാനിയും ഉപരിപ്ളവബുദ്ധിയുമായ ഒരു വിദ്വാൻ ആശ്രമത്തിൽ വരാനിടയായി. വന്നുകേറിയ ഉടനെത്തന്നെ

'ഇവിടെയുള്ള സന്ന്യാസിമാരിൽ ഏററവും പണ്ഡിതനായ ആളെ കാണണം' എന്ന് അയാരം ദ്വാരപാലകനോട് അറിയിച്ചു. ദ്വാരപാലകൻ ഉടനെത്തന്നെ നമ്മുടെ ബധിരനായ സന്ന്യാസിയെ അയാളുടെ പക്കലേയ്ക്കു കൂട്ടിക്കൊണ്ടുവന്നു.

സന്ന്യാസി വന്നിരുന്നപ്പോഴേയ്ക്കും നമ്മുടെ പണ്ഡിതൻ സംസാരം തുടങ്ങിക്കഴിഞ്ഞു. അയാരം പറഞ്ഞു: "എന്നെ, ഒരുപക്ഷേ, മനസ്സിലായിക്കാണില്ലായിരിക്കും, അല്ലേ! ഞാൻ ഇന്നിടത്തുനിന്നു വരുന്ന ഒരു പണ്ഡിതനാണ്. അങ്ങയെ ഒന്നു കണ്ടു നമ്മുടെ പാണ്ഡിത്യം പരസ്പരം ഒന്നു കൈമാറാമെന്ന് ഏറെ നാളായി വിചാരിക്കുന്നു. പക്ഷേ, എന്തു ചെയ്യാം, സമയം കിട്ടേണ്ടേ? ചില ശീലങ്ങളൊക്കെയുള്ളത് ഉപേക്ഷിക്കാൻ വയ്യാത്ത നിലയിലായിട്ടുണ്ട്. അതിരാവിലെ പ്രാതൽ കഴിഞ്ഞാൽ പിന്നെ ഏതാണ്ട് പത്തു മണിവരെ പുരാണേതിഹാസങ്ങളും സംസ്കൃതകാവ്യങ്ങളും അവഗാഹമായി പഠിച്ചുകൊണ്ടിരിക്കും. അതിനുശേഷം സമകാലികസാഹിത്യത്തിലേയ്ക്കു കടക്കും. ഈയിടെയായി അല്പം പാലിയും* ദ്രാവിഡവുംകൂടി പഠിക്കാൻ തുടങ്ങിയിട്ടുണ്ട്. എല്ലാം കഴിഞ്ഞ് ഒരു ഒന്നൊന്നരയാകുമ്പോഴേ ഉച്ചയൂണിനു സമയം കിട്ടൂ. പിന്നെ ഒന്നു മയങ്ങി എണീക്കുമ്പോഴേയ്ക്കും ആസ്വാദനത്തിനും അവതാരികയ്ക്കുമായി യുവസാഹിത്യകാരന്മാരുടെ ഒരു സംഘംതന്നെ പൂമുഖത്തു വന്നു കെട്ടിക്കിടപ്പുണ്ടാകും. എല്ലാവരുടേയും പുസ്തകങ്ങരം വാങ്ങി ഒന്നു തിരിച്ചുമറിച്ചു നോക്കിക്കൊടുക്കാൻതന്നെ കുറഞ്ഞതു രണ്ടു മണിക്കൂറോളം വേണം. പിന്നെ പതിവുള്ള നടപ്പും കുളിയും കഴിഞ്ഞു സാഹിത്യസൃഷ്ടിക്കായി എഴുത്തുമുറിയിൽ വരുമ്പോഴേയ്ക്കും നേരം ഇരുട്ടിക്കഴിയും. ഈ പ്രാരബ്ധങ്ങരംക്കെല്ലാമിടയിലാണ് അല്പം നേരം ഉണ്ടാക്കി കഷ്ടപ്പെട്ടാണെങ്കിലും ഇവിടംവരെ വന്നു പരസ്പരം കാണാൻ തരമാക്കിയത്."

* ബുദ്ധമതക്കാരുടെ ഭാഷയാണ് പാലി.

സന്ന്യാസി, പതിവുപോലെ, പണ്ഡിതൻ സംസാരിക്കുന്നതിനിടയ്ക്കു തലയാട്ടുകയും 'അതേ, അതേ,' 'സന്തോഷം', 'അങ്ങനെതന്നെ' എന്നെല്ലാം പറയുകയും ചെയ്തിരുന്നു. താൻ പറയുന്ന ഓരോ വാക്കും സന്ന്യാസിക്ക് അത്യധികം രുചിക്കുന്നുണ്ടെന്നും ഓരോന്നു പറയുമ്പോഴും സന്ന്യാസി തലയാട്ടി തന്നെ അംഗീകരിക്കുകയും അഭിനന്ദിക്കുകയും ചെയ്യുകയാണെന്നുമത്രേ നമ്മുടെ പണ്ഡിതൻ കരുതിയത്.

ഇങ്ങനെ അവർതമ്മിലുള്ള സംഭാഷണം നടന്നുകൊണ്ടിരിക്കെ വേറൊരു സന്ന്യാസി എന്തോ ആവശ്യം പ്രമാണിച്ച് അവിടെ വരികയും ബധിരനായ സന്ന്യാസിയോട് ആംഗ്യഭാഷയിൽ എന്തോ ചിലതെല്ലാം സംസാരിക്കുകയും ചെയ്തു. ഇതിൽ ആശ്ചര്യം തോന്നിയ നമ്മുടെ പണ്ഡിതൻ വിവരം തിരക്കിയപ്പോഴാണ് മനസ്സിലായത്, താൻ ഇതുവരെ പാടിയ തൻെറ സ്തുതികളിൽ ഒരൊററ വാക്കുപോലും നമ്മുടെ സന്ന്യാസി കേട്ടിട്ടില്ലെന്ന്. അയാറം ഇളിഭ്യനായി വന്നപാടെ സ്ഥലം വിടുകയും ചെയ്തു.

ആത്മപ്രശംസ അവസാനം അപഹാസ്യമായിത്തീരും.

## 27 ഉച്ചാർണശുദ്ധിയില്ലാത്ത സന്ന്യാസി

ഒരു സന്ന്യാസിക്കു വേദശാസ്ത്രങ്ങളെല്ലാം വളരെ നന്നായി അറിയാമായിരുന്നു. എങ്കിലും വായിക്കുമ്പോറം ഒട്ടുംതന്നെ ഉച്ചാരണശുദ്ധി ഉണ്ടായിരുന്നില്ല. മാത്രമല്ല, വായിക്കുന്നതു മഹാദ്ധ്യതിയിലുമായിരുന്നു.

അദ്ദേഹം നിത്യേന മൂന്നു മണിക്കൂർ വേദപാരായണം ചെയ്യുമായിരുന്നു. ഇത് അനേകവർഷം തുടർച്ചയായി ചെയ്തിരുന്നതുകൊണ്ട്, അദ്ദേഹത്തിനു സ്വർഗ്ഗത്തിൽ അത്യുന്നതമായൊരു സ്ഥാനം ലഭിക്കു

മെന്നായിരുന്നു, കൂടെയുണ്ടായിരുന്ന സന്ന്യാസിമാരുടെ വിചാരം.

അവസാനം അദ്ദേഹം മരിച്ചു സ്വർഗ്ഗത്തിൻെറ പടിവാതില്ക്കലെത്തി. അവിടെവെച്ചു ദ്വാരപാലകൻ, അവിടെ സൂക്ഷിച്ചിരുന്ന വലിയൊരു പുസ്തകം തുറന്ന്, അതിൽ നമ്മുടെ സന്ന്യാസിയുടെ പേരിൽ കുറിച്ചുവെച്ചിരുന്ന കാര്യങ്ങരം പരിശോധിച്ചു. അപ്പോരം അവിടെ ഇങ്ങനെ എഴുതിവെച്ചിരുന്നതായി കണ്ടു: ''ഈ വരുന്ന ആരംക്കു വേദശാസ്ത്രപരമായ അറിവു ധാരാളമുണ്ട്. എന്നാൽ വാക്കുകരം ശരിയായി ഉച്ചരിക്കുന്നതിനോ നിറുത്തി വായിക്കുന്നതിനോ ഇയാരം അഭ്യസിച്ചിട്ടില്ല അതിനാൽ ഇയാളെ സ്വർഗ്ഗത്തിൽ കുട്ടികരംക്കായുള്ള ഒന്നാം ക്ളാസ്സിലിരുത്തി ശരിയായ ഉച്ചാരണവും സ്ഫുടമായ വായനയും പരിശീലിപ്പിക്കുക. അല്ലാതെ, ഉടനെത്തന്നെ മേലേ ക്ളാസ്സിലേയ്ക്കു കയററിവിട്ടാൽ, ഇയാരം അവിടെ പറയുന്നതൊന്നും ആർക്കും തിരിയുകയില്ല. ഭൂമിയിൽ വെച്ചു ദിവസേന മൂന്നു മണിക്കൂർവീതം ഇയാരം ഇങ്ങോട്ടു സംസാരിച്ചിരുന്നതിൽ ഒരൊററ വാക്കുപോലും ഇതുവരേയും ഇവിടെ ആർക്കും തിരിഞ്ഞിട്ടില്ല.''

അല്പമായ അപാകതയും അനല്പമായ ബുദ്ധിമുട്ടുണ്ടാക്കും.

## 28. കാക്കയെ പിടിച്ച ശിഷ്യൻ

ഒരിടത്ത് ഒരു ഗുരുവും ശിഷ്യനും ഉണ്ടായിരുന്നു ശിഷ്യനോട് എന്തെങ്കിലും പറയുന്നയിനുമുമ്പായി ഗുരു അയാളെ പിടിച്ചു കരിങ്കല്ലുകൊണ്ടുള്ള ഒരു ഉരലിൽ കെട്ടിയിടുമായിരുന്നു. പിന്നെ, അഞ്ചോ പത്തോ മിനിററ് കഴിയുമ്പോരം അഴിച്ചുവിടും. ശിഷ്യൻ

പോയി, ഗുരു പറഞ്ഞകാര്യം ചെയ്തു തിരികെ വരികയും ചെയ്യും.

ഒരിക്കൽ അവിടെ അതിഥിയായി വന്ന ഒരു സന്ന്യാസിക്ക് ഇതു കണ്ടിട്ടു വലിയ ആശ്ചര്യം തോന്നി. എന്താണ്, ഇങ്ങനെ, ശിഷ്യനോട് എന്തെങ്കിലും പറയുന്നതിനുമുമ്പായി അയാളെ പിടിച്ച് ഉരലിൽ കെട്ടിയിടുന്നത് എന്നു ചോദിച്ചപ്പോൾ, ഗുരു ഉത്തരമായി ഇങ്ങനെ പറഞ്ഞു: ''പിടിച്ച് ഉരലിൽ കെട്ടിയിടാതെ അയാളോട് എന്തെങ്കിലും പറഞ്ഞാലുണ്ടാകുന്ന ഭവിഷ്യത്ത് ഇപ്പോൾ നിങ്ങളെ ഞാൻ കാണിച്ചുതരാം.''

ഉടനെ ഗുരു ശിഷ്യനെ വിളിച്ച് എന്തോ പറയാൻ തുടങ്ങി. ഗുരു ഉച്ചരിച്ച വാക്കിൻെറ ആദ്യത്തെ അക്ഷരം കാ എന്നായിരുന്നു. കാ എന്നു കേട്ടയുടനെ ത്തന്നെ ശിഷ്യൻ പിന്നെ മററൊന്നും ആലോചിക്കാൻ നില്ക്കാതെ, നേരെ ഓടിപ്പോയി എവിടെനിന്നോ ഒരു കാക്കയെ പിടിച്ചു കൊണ്ടുവന്നു.

കാക്കയുമായി തിരിച്ചുവരുന്ന ശിഷ്യനെ ചൂണ്ടിക്കാണിച്ചുകൊണ്ടു ഗുരു സന്ന്യാസിയോടു പറഞ്ഞു: ''ഞാൻ എന്തെങ്കിലുമൊന്നു പറയാൻ തുടങ്ങുമ്പോഴേയ്ക്കും എൻെറ ശിഷ്യൻ കേട്ടിടത്തോളം അങ്ങ് അനുസരിച്ചുകളയും. അത് അയാൾക്കു മാററാനാവാത്ത ഒരു ദൗർബല്യംപോലെയാണ്. നിങ്ങൾ ഇവിടെ വന്നതല്ലേ. അല്പം കാപ്പി കൊണ്ടുവരുവിക്കണമെന്നു കരുതി, ഞാൻ കാ എന്നു പറഞ്ഞതേയുള്ളൂ; അപ്പോഴേയ്ക്കും ശിഷ്യൻ ഓടിപ്പോയി ഒരു കാക്കയെ പിടിച്ചു കൊണ്ടുവന്നുകഴിഞ്ഞു. എത്ര പറഞ്ഞിട്ടും പരിശ്രമിച്ചിട്ടും ഈ ദൗർബല്യത്തെ ജയിക്കാൻ അയാൾക്കു കഴിയുന്നില്ല. അവസാനം, ഞങ്ങൾ രണ്ടുപേരുംകൂടി ആലോചിച്ചു കണ്ടെത്തിയ ഒരു വിദ്യയാണ് ഇത്. ഇങ്ങനെ ഉരലിൽ കെട്ടിയിട്ടു വരുന്നതിൽപ്പിന്നെ, പറയുന്നതു മുഴുവനായി കേൾക്കുന്നതിനുമുമ്പേ അനുസരിക്കുന്നതിനായി ഓടാതെ, പറഞ്ഞ കാര്യം മുഴു

വനും കേട്ടു മനസ്സിലാക്കിയശേഷം മാത്രം ചെയ്യുവാൻ അയാൾക്കു സാധിക്കുന്നുണ്ട്.

ആലോചനകൂടാതെയുള്ള പ്രവർത്തനം അനർത്ഥമുണ്ടാക്കും.

## 29. സന്ന്യാസിയുടെ സ്വർണ്ണക്കോമ

ഒരിടത്ത്, അനുസരണത്തിൻെറ കാര്യത്തിൽ മഹാനിഷ്ഠക്കാരനായ ഒരു സന്ന്യാസി ജീവിച്ചിരുന്നു. വേദപുസ്തകം പകർത്തിയെഴുതുകയായിരുന്നു അയാളുടെ മുഖ്യമായ തൊഴിൽ അച്ചടി കണ്ടുപിടിച്ചിട്ടില്ലാതിരുന്ന അക്കാലത്ത്, ലോകത്തിൽ പലയിടത്തും വേദപുസ്തകം പ്രചരിക്കാനിടവന്നത്, ഇയാൾ ഇങ്ങനെ ക്ഷമയോടെ വേദപുസ്തകഭാഗങ്ങൾ തുകൽച്ചുരുളുകളിൽ പകർത്തിക്കൊടുത്തിരുന്നതുകൊണ്ടാണ്.

ഇയാളെപ്പററി പല കഥകളും പറഞ്ഞുകേട്ടിട്ടുണ്ട്. ഒരിക്കൽ ഇയാൾ വേദപുസ്തകം പകർത്തിക്കൊണ്ടിരിക്കുകയായിരുന്നു God എന്ന വാക്കാണ് ആ സമയത്തു പകർത്തിയിരുന്നത്. അതിൽ രണ്ടാമത്തെ അക്ഷരമായ 'o' എഴുതി പകുതിയായപ്പോൾ അടുത്ത മുറിയിൽനിന്ന് അവിടത്തെ ആശ്രമാധിപൻ ഏതോ ഒരു കാര്യത്തിന്നായി അദ്ദേഹത്തെ വിളിച്ചു. ഉടനെത്തന്നെ അദ്ദേഹം, എഴുതിക്കൊണ്ടിരുന്ന അക്ഷരം പൂർത്തിയാക്കാതെ പകുതിവെച്ചുതന്നെ നിറുത്തി, എഴുന്നേററുപോയി ആശ്രമാധിപൻ പറഞ്ഞ കാര്യം ചെയ്തു തിരികെ വന്നു. തിരിച്ചുവരുമ്പോൾ ഇതേപ്പററി ചോദിച്ച വേറൊരു സന്ന്യാസിയോട് അദ്ദേഹം ഇങ്ങനെ മറുപടി പറഞ്ഞു: ''അനുസരണമില്ലാതെ God എന്നു മുഴുവനായെഴുതി ദൈവത്തിൻെറ അപ്രീതി സമ്പാദിക്കുന്നതിനെക്കാൾ നല്ലതല്ലേ, അനുസരണത്തോടെ

ദൈവനാമം പകുതിമാത്രമെഴുതി അവിടുത്തെ പ്രീതിക്കു പാത്രമാകുന്നത്?''

വേറൊരിക്കൽ അദ്ദേഹം എഴുതിത്തീർന്ന ഭാഗത്ത് ഒരു കോമ ഇടാനുണ്ടായിരുന്നു. കോമ ഇടാൻ തുടങ്ങിയപ്പോഴേയ്ക്കും മുമ്പത്തെപ്പോലെത്തന്നെ, അദ്ദേഹത്തിൻെറ ആശ്രമശ്രേഷ്ഠൻ എന്തോ ഒരു കാര്യത്തിനായി അദ്ദേഹത്തെ വിളിച്ചു. ഉടനെത്തന്നെ ഇട്ടുതുടങ്ങിയ കോമ അവസാനിപ്പിക്കാതെ തുടങ്ങിയിടത്തുതന്നെ നിറുത്തി, വിളിച്ച കാര്യത്തിനായി പോയി. അതു ചെയ്തശേഷം മടങ്ങിവന്നു. കോമ മുഴുവനാക്കാതെ പോയതുകൊണ്ട്, അതു കോമ ആയിട്ടില്ല. ഫുൾസ്റ്റോപ്പ് ആയിട്ടേ വായിക്കുന്നവർക്കു തോന്നുമായിരുന്നുള്ളൂ. സന്ന്യാസി തിരികെ വന്നപ്പോൾ രണ്ടു ദൈവദൂതന്മാർ ഇരുന്നു താൻ എഴുതിവെച്ചുപോയ തുകൽച്ചുരുൾ ശ്രദ്ധിച്ചു നോക്കിക്കൊണ്ടിരിക്കുന്നു. അവർ എന്താണ് ചെയ്യുന്നതെന്നു കാണാൻവേണ്ടി, സന്ന്യാസി അകലെ മാറിനിന്ന് അവരെ മറവിൽ നിരീക്ഷിച്ചുകൊണ്ടിരുന്നു. അപ്പോൾ മനസ്സിലായി, താൻ പകുതിയാക്കിവെച്ചുപോന്നിരുന്ന കോമ പൂർത്തിയാക്കുവാനായി അവരിരുവരുംകൂടി ബദ്ധപ്പെട്ടു പരിശ്രമിച്ചുകൊണ്ടിരിക്കുകയാണെന്ന്. അവരുടെ കയ്യിലുണ്ടായിരുന്ന പല തരത്തിലുള്ള മഷികൾ മാറിമാറി ഉപയോഗിച്ച് ആ കോമ പൂർത്തിയാക്കുവാൻ അവർ പരിശ്രമിച്ചെങ്കിലും ഫലമുണ്ടായില്ല. അവസാനം, അവർ തങ്ങൾകൂടെ കൊണ്ടുവന്നിരുന്ന സ്വർണ്ണമഷിയുടെ ചെപ്പുതുറന്നു. സ്വർണ്ണമഷികൊണ്ടെഴുതിയപ്പോൾ, കോമ സ്വർണ്ണത്തിൽത്തന്നെ തെളിഞ്ഞുവരികയും ചെയ്തു.

സംഭവം ക്രമേണ ആശ്രമത്തിലും പരിസരപ്രദേശങ്ങളിലും അറിയപ്പെടാനിടയായി. സന്ന്യാസിയുടെ സ്വർണ്ണക്കോമ കാണാനായി ആളുകൾ കൂട്ടംകൂട്ടമായി ആശ്രമത്തിലേയ്ക്കു വരുവാൻ തുടങ്ങി. അയാളുടെ അനുസരണക്രമത്തെ പുച്ഛരിച്ചു പറഞ്ഞിരുന്ന പലർക്കും ഒന്നും പറയാനാവാതെ ഈ കാഴ്ച കണ്ടു

നാവടക്കി നില്ക്കേണ്ടിവന്നു. സന്ന്യാസിയാകട്ടെ, ''ഇതിലൊക്കെ എന്തിരിക്കുന്നു? അനുസരിക്കുമ്പോഠം ഇതൊക്കെ പതിവുള്ള കാര്യങ്ങളല്ലേ?'' എന്നു പറഞ്ഞ് ഒന്നുമറിയാത്ത മട്ടിൽ പതിവിൻപടി അനുസരിച്ചുകൊണ്ടുതന്നെ അവിടെ ജീവിച്ചുപോന്നു.

അവസാനം, സന്ന്യാസിക്കു വയസ്സുചെന്നു മരിക്കുന്നതിനുള്ള സമയമായി. മരണത്തിന് അല്പം നേരം മുമ്പ് സന്ന്യാസി ചുററും നോക്കി, അരികെ നിന്നിരുന്ന മററൊരു സന്ന്യാസിയെ വിളിച്ചു പതുങ്ങിയ സ്വരത്തിൽ അയാളോട് ഇങ്ങനെ പറഞ്ഞു: ''ഞാൻ ഇതുവരേയ്ക്കും അനുവാദംകൂടാതെ ഒന്നും ചെയ്തിട്ടില്ല. മരിക്കുന്നതും അനുവാദത്തോടുകൂടിയായാൽ കൊള്ളാമെന്നാണ് എൻെറ ആഗ്രഹം. അതിനാൽ അങ്ങ് ഉടനെത്തന്നെ ആശ്രമാധിപൻെറ പക്കലേയ്ക്ക് ഓടിപ്പോയി, മരിക്കുന്നതിനുള്ള അനുവാദവും വാങ്ങി ഓടിവരണം.''

അനുവാദം വാങ്ങിക്കൊണ്ടുവരുന്നതിനായി മററെയാഠം ധൃതിയിൽ ഓടിപ്പോയ നേരത്ത്, നമ്മുടെ സന്ന്യാസി അന്ത്യശ്വാസം വലിക്കുകയും ചെയ്തു.

അചഞ്ചലമായ അനുസരണം അത്യന്തം ആദരണീയമാകുന്നു.

## 30. ജ്ഞാനം മോഷ്ടിച്ച കള്ളൻ

ഒരു മണലരണ്യത്തിലെ നടപ്പാതയിലൂടെ ഒരു സംഘം സന്ന്യാസാർത്ഥികഠം തങ്ങളുടെ ഗുരുവിൻെറ കൂടെ എന്നും നടന്നുപോകുമായിരുന്നു. നടക്കുന്ന വഴിക്കു ഗുരു ശിഷ്യന്മാരോട്, 'വിദ്യാധനം സർവ്വധനാത് പ്രധാനം' എന്ന് ഇടയ്ക്കിടെ പറഞ്ഞിരുന്നു. ഇതു യാത്രക്കാരെ കവർച്ചചെയ്യുന്നതിനായി വഴിയരികിൽ ഒളിച്ചിരുന്ന ഒരു കള്ളൻ കേഠക്കാനിടയായി. ഈ

സന്ന്യാസിമാരുടെ പക്കൽ ഏതോ കാര്യമായൊരു ധന മുണ്ടായിരിക്കുമെന്നു കരുതി, ആ കള്ളനും അവരുടെ പിന്നാലെ കൂടി. അവസാനം, നടന്നുനടന്ന് അവർ ആശ്രമത്തിൽ പ്രവേശിച്ചപ്പോൾ കള്ളൻ അരികെയു ണ്ടായിരുന്ന മരത്തിന്മേൽ കയറി ഒളിച്ചിരുന്നു. അവി ടെ ഇരുന്നാൽ, ആശ്രമത്തിന്നകത്തു ഗുരു ശിഷ്യ ന്മാർക്കു ചൊല്ലിക്കൊടുക്കുന്നതെല്ലാം വ്യക്തമായി കേൾക്കാമായിരുന്നു രാത്രിയായിട്ടും, അവിടെ പഠന വും പൂജയുമെല്ലാം തുടർന്നിരുന്നതിനാൽ, കള്ളന് ആശ്രമത്തിൽ കയറി മോഷ്ടിക്കുന്നതിനു സൗകര്യമാ യൊരു സമയം ലഭിച്ചില്ല. എല്ലാ ദിവസവും ഇതു തന്നെയായിരുന്നു സ്ഥിതി.

എങ്കിലും, എന്നെങ്കിലും ഒരു ദിവസം ആശ്രമത്തി ന്നകത്തു കയറി മോഷ്ടിക്കുവാൻ തരപ്പെടാതെ വരിക യില്ലെന്നു കരുതി, അയാൾ എന്നും നേരം ഇരുട്ടാകു മ്പോൾ, അവിടെ വന്നു മരത്തിന്റെ മുകളിൽ കയറി, കക്കാനുള്ള തരവും പാർത്തിരിക്കും. പക്ഷേ ഫല മുണ്ടായില്ല. രാത്രിയായാലും, എന്നും ആശ്രമത്തിന്ന കത്തു പഠനവും പൂജയുംതന്നെ! ഇങ്ങനെ എന്നും രാ ത്രിയിൽ ഗുരു ശിഷ്യന്മാർക്കു ചൊല്ലിക്കൊടുക്കുന്ന അധ്യാത്മജ്ഞാനം നിത്യേന മരത്തിന്റെ മുകളിലി രുന്നു കേട്ടുകേട്ട്, അതു മുഴുവനും അവസാനം കള്ള ന്റെ മനസ്സിലും മനഃപാഠമായി. എന്നല്ലാതെ, ആശ്രമ ത്തിൽ കേറി, താൻ കണ്ണുവെച്ചിരുന്ന ആ ധനം മോഷ് ടിക്കാൻ കള്ളന് ഒരുനാളും തരമായില്ല.

അങ്ങനെയിരിക്കെ കള്ളൻ ഒരു ദിവസം അബദ്ധ വശാൽ മരത്തിൽനിന്നു കാൽ വഴുതി താഴെ വീണു മൃതിപ്പെട്ടുപോയി. അയാളുടെ ആത്മാവ് ഉടനെത്തന്നെ പരലോകത്തിലെത്തി. അവിടെവെച്ച് അയാളുടെ കണക്കുകൾ പരിശോധിച്ചപ്പോൾ പരിശോധകന്മാർ ഇയാളുടെ കാര്യത്തിൽ ഒരു തീരുമാനമെടുക്കാൻ സാധി ക്കാതെ ആകെ കുഴങ്ങി. ഒരു കള്ളൻ എങ്ങനെയോ സ്വർഗ്ഗത്തിൽ കടന്നുപററിയിരിക്കുന്നു! പക്ഷേ, കള്ള

നാണെന്നു കരുതി, അയാളെ സ്വർഗ്ഗത്തിൽനിന്നു പറഞ്ഞുവിടാനും വയ്യാ! കാരണം, അയാരം കട്ടുകൊണ്ടു വന്നിരിക്കുന്നതു മുഴുവനും, സ്വർഗ്ഗപ്രാപ്തിക്ക് ഒരുവനെ അർഹനാക്കുന്ന അധ്യാത്മജ്ഞാനംതന്നെയാണ്. അതിനാൽ അയാളുടെ കാര്യം സ്വർഗ്ഗത്തിലെ ഒരു പ്രത്യേകക്കോടതിക്കു സമർപ്പിക്കപ്പെട്ടു. ഈ അധ്യാത്മജ്ഞാനം കട്ടെടുക്കാൻ ഇയാരം അനേകനാരം ബുദ്ധിമുട്ടി മരത്തിൻെറ മുകളിൽ രാത്രിമുഴുവനും ഉറക്കമൊഴിച്ചിരുന്നു എന്ന വസ്തുത പ്രത്യേകമായി കണക്കിലെടുത്ത്, ഇയാളെ സ്വർഗ്ഗത്തിലേയ്ക്കു പ്രവേശിപ്പിക്കുവാൻ അനുവദിച്ചിരിക്കുന്നു എന്നായിരുന്നു കോടതിവിധി. കള്ളനായിരുന്ന ഇയാരം കഴിച്ച പാടിൻെറ നൂറിലൊന്നുപോലും കഴിക്കാതെ അധ്യാത്മജ്ഞാനം സമ്പാദിച്ച ഒട്ടേറെപ്പേർ സ്വർഗ്ഗത്തിലുണ്ടായിരുന്നതുകൊണ്ട്, ഈ വിധിക്കെതിരായി ഒന്നുംതന്നെ പറയാൻ ആരും മുതിർന്നില്ല.

നല്ലവരല്ലാത്തവരിൽപ്പോലും നന്മ അവസാനം ഫലമുളവാക്കുന്നു.

## 31 പിറന്നാളിൻെറ സ്മാരകം

ഒരിടത്തു പുണ്യംകൊണ്ടും പ്രാഗല്ഭ്യംകൊണ്ടും അതിവിശ്രുതനായ ഒരു സന്ന്യാസി ജീവിച്ചിരുന്നു. അദ്ദേഹത്തിൻെറ ശ്രമഫലമായി ധാരാളം സ്ഥാപനങ്ങളും സാധുജനസംരക്ഷണകേന്ദ്രങ്ങളും അവിടത്തെ ആശ്രമവളപ്പിൽ ഉയർന്നുനിന്നിരുന്നു. പണ്ഡിതന്മാരും കാര്യപ്രാപ്തന്മാരുമായ ഒട്ടനേകം ആളുകരം അദ്ദേഹത്തിന് ആരാധകന്മാരായും ഉണ്ടായിരുന്നു. എന്നാൽ ഇതുകൊണ്ടൊന്നും ഇളക്കം തട്ടാത്ത തരത്തിലുള്ള വിനയവും അടക്കവും കാണിച്ചത്രേ അദ്ദേഹം എപ്പോഴും സംസാരിച്ചിരുന്നതും പ്രവർത്തിച്ചിരുന്നതും.

ഇങ്ങനെയിരിക്കെ അദ്ദേഹത്തിന് എൺപതു വയസ്സു തികഞ്ഞു. ദൈവാനുഗ്രഹംകൊണ്ട് ഇത്രയധികം കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞ അദ്ദേഹത്തിൻെറ എൺപതാംപിറന്നാൾ, ലളിതമായ ചടങ്ങുകളോടെയാണെങ്കിലും, ആഘോഷിക്കേണ്ടതാണെന്ന അഭിപ്രായം കൂടെയുള്ള സന്ന്യാസികൾ കുറേശ്ശെ കുറേശ്ശെ പറയാൻ തുടങ്ങി. ആദ്യമൊക്കെ അദ്ദേഹം അതിനു വിരോധം പറഞ്ഞെങ്കിലും. പിന്നീടു പിന്നീട്, അവർ പറയുന്നതിൽ അല്പം കാര്യമുണ്ടെന്ന് അദ്ദേഹത്തിനും തോന്നിത്തുടങ്ങി.

അദ്ദേഹത്തിൻെറ ഒരു പ്രതിമയുണ്ടാക്കി ആശ്രമമുററത്തു സ്ഥാപിക്കണമെന്നതായിരുന്നു, എൺപതാം പിറന്നാൾപ്രമാണിച്ചു സന്ന്യാസികൾ പൊതുവായി പ്രകടിപ്പിച്ച ആഗ്രഹം. ഇതൊരല്പം കടന്ന കയ്യായിപ്പോയില്ലേ എന്ന് ആദ്യമൊക്കെ അദ്ദേഹത്തിനു തോന്നിയെങ്കിലും, സേവനത്തിനു നല്കപ്പെടുന്ന അംഗീകാരം തിരസ്കരിക്കരുതല്ലോ എന്ന ന്യായത്തിന്മേൽ, അവസാനം അദ്ദേഹം അതിനു സമ്മതിച്ചു.

അതനുസരിച്ച് അവർ ആ സ്ഥലത്തെ ഏററവും പ്രഖ്യാതനായ ഒരു ശില്പിയെ വിളിച്ചുവരുത്തി അയാളോടു പറഞ്ഞു: ''ഇവിടെയുള്ള സന്ന്യാസശ്രേഷ്ഠൻെറ എൺപതാംപിറന്നാളിന് അദ്ദേഹത്തിൻെറ നാലിരട്ടി വലിപ്പത്തിലുള്ള ഒരു പൂർണ്ണകായപ്രതിമ ഉണ്ടാക്കി ആശ്രമമുററത്തു സ്ഥാപിക്കുവാൻ എല്ലാവരുംകൂടി തീരുമാനിച്ചിരിക്കുകയാണ്. ആൾ ഒരു ബഹുമുഖപ്രതിഭനാണെന്ന് അറിയാമല്ലോ. അതിനാൽ അദ്ദേഹത്തിൻെറ വ്യക്തിത്വത്തിൻെറ എല്ലാ വശങ്ങളും നന്നായി പ്രദ്യോതിപ്പിക്കത്തക്ക വിധത്തിലായിരിക്കണം പ്രതിമയ്ക്കു രൂപകല്പന ചെയ്യേണ്ടത്. കാലാകാലം നില്ക്കാനുള്ള ഒന്നാകയാൽ പഞ്ചലോഹത്തിൽ കട്ടിയായിത്തന്നെ ചെയ്തുകൊള്ളുക. മാററം വല്ലതും വരുത്തണമെങ്കിൽ നിങ്ങളുടെ മനോധർമ്മമനുസരിച്ചു വേണ്ടതുപോലെ ചെയ്തുകൊണ്ടാൽ മതി.''

വേണ്ട നിർദ്ദേശങ്ങൾ എല്ലാം വാങ്ങി ശില്പി മടങ്ങിപ്പോയി. പ്രതിമ കൃത്യസമയത്തുതന്നെ പണി തീർത്തു കൊണ്ടുവന്നു. പ്രതിമാസ്ഥാപനംസംബന്ധിച്ചു സംഘടിപ്പിക്കപ്പെട്ട വിപുലമായ യോഗത്തിലെ ഒരു പരിപാടി, പ്രതിമയെ അതിൻെറ ശില്പി തന്നെ സദസ്യർക്കു പരിചയപ്പെടുത്തുക എന്നതായിരുന്നു. തൻെറ കലാസൃഷ്ടിയുടെ സവിശേഷതകൾ, അയാൾ സദസ്യർക്ക് ഇങ്ങനെ വിശദീകരിച്ചുകൊടുക്കാൻ തുടങ്ങി: ''സംപൂജ്യരായ അതിഥികളേ, ഞാൻ നിർമ്മിച്ച ഈ പ്രതിമക്കു പ്രധാനമായി മൂന്നു സവിശേഷതകളാണുള്ളത്. ഇതിൻെറ അകം പൊള്ളയാണ്; ഇതിനുള്ളിൽ ഒരാൾക്കു കയറിയിരിക്കാൻ സാധിക്കുമാറ്, ഇതിൻെറ പിറകിൽ, തുറക്കാവുന്ന ഒരു വാതിലുണ്ട്. സാധാരണപ്രതിമകളിൽനിന്നും വിഭിന്നമായി, അതിൻെറ വായ് മുഴുവനായും തുറന്നിരിക്കുന്നു.

''ഇനി, ഇതിൻെറ കാരണത്തെപ്പററി ഞാൻ നിങ്ങളോടു പറയാം. ബഹുമുഖപ്രതിഭനായ നമ്മുടെ സന്ന്യാസിശ്രേഷ്ഠൻെറ അതുല്യമായ വ്യക്തിത്വത്തിൻെറ എല്ലാ വശങ്ങളെയും സമഗ്രമായി പ്രതിഫലിക്കത്തക്കവിധം വേണം, ഈ പ്രതിമ നിർമ്മിക്കാനെന്നാണ് എന്നോട് ആവശ്യപ്പെട്ടിരുന്നത്. അദ്ദേഹത്തിൻെറ പുറം ഒരുവിധത്തിൽ ഈ പ്രതിമയിലൂടെ ഞാൻ കൊത്തിയൊപ്പിച്ചു. പക്ഷേ ഒരു മനുഷ്യൻെറ പുറത്തെക്കാൾ പ്രധാനം അയാളുടെ അകമാണല്ലോ. അതു പ്രകാശിപ്പിക്കാൻ എത്ര നോക്കിയിട്ടും സാധിക്കുന്നില്ല. നമ്മുടെ സന്ന്യാസശ്രേഷ്ഠൻതന്നെ ഈ പ്രതിമയ്ക്കകത്തു കയറിയിരുന്നു നമ്മെ പറഞ്ഞറിയിച്ചെങ്കിലേ, അദ്ദേഹത്തിൻെറ ഉള്ളു നമുക്കു മനസ്സിലാകൂ. അദ്ദേഹംതന്നെ സൗകര്യമായി ഇതിനകത്തു കയറിയിരുന്നു തൻെറ ഉള്ളമതിയാവോളം നമ്മെ പറഞ്ഞറിയിച്ചുകൊള്ളട്ടെ എന്നു കരുതിയാണ് ഈ പ്രതിമയെ ഞാൻ പൊള്ളയായി ഉണ്ടാക്കി, അതിനു പിറകിൽ ഒരു വാതിലും വെച്ചിട്ടുള്ളത്. പറയുന്നതു പുറമെ കേൾക്കാനായി പ്രതിമയുടെ വായ് തുറന്നുതന്നെ വെച്ചിട്ടുണ്ട്. ഇനിമുതൽ

അദ്ദേഹത്തെക്കുറിച്ചു നമുക്ക് ഓർമ്മിക്കാൻ ഈ പ്രതിമ വേണ്ടിവരില്ല. അദ്ദേഹത്തിനുതന്നെ ഈ പ്രതിമയ്ക്കകത്തു കയറിയിരുന്നു നമ്മോടു തന്നെപ്പററി നേരെ മതിയാവോളം പറയാമല്ലോ. ഒരു സന്ന്യാസിക്കു തൻെറ എൺപതാം വയസ്സിൽ കാര്യമായി തോന്നിയ ഒരാഗ്രഹമല്ലേ, അതു ഭംഗിയായിത്തന്നെ നടന്നുകൊള്ളട്ടെ ''

ഇതു കേട്ട്, സദസ്സിൻെറ സംഘാടകരെക്കാരം കൂടുതലായി വിയർത്തൊലിച്ചതു നമ്മുടെ സന്ന്യാസിതന്നെയായിരുന്നു എന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

സ്തുതി ആഗ്രഹിക്കുന്നവനു നിന്ദ കിട്ടും.

## 32. സ്വർഗ്ഗത്തിലെ ചികിത്സ

അനേകവർഷങ്ങളായി വനവാസം അനുഷ്ഠിച്ചിരുന്ന ഒരു സന്ന്യാസി ഉണ്ടായിരുന്നു. മഹാസാത്ത്വികനും താപസനുമായിരുന്ന അദ്ദേഹത്തിൻെറ അനാസക്തിയും ഉപേക്ഷയും അത്യന്തം അദ്ഭുതകരമായിരുന്നു. സ്വന്തം മുറിയിൽ ആകെ സാധനസാമഗ്രികളായി ഉണ്ടായിരുന്നത് ഒരു ചിരട്ടയും തലയോടും മാത്രമായിരുന്നു. കുടിക്കുന്ന പച്ചവെള്ളത്തോടുപോലും ആസക്തി വരാതിരിക്കാൻ, മുറിക്കു പുറത്ത് ഒരു തലയോടു സ്ഥാപിച്ച് അതിനകത്തത്രേ വെള്ളം കോരിവെച്ചിരുന്നത്. ദുസ്സഹമായ ദാഹം തോന്നുമ്പോരംമാത്രം അതിൽനിന്ന് അല്പം ഒരു ചിരട്ടയിൽ പകർന്ന്, രുചി തോന്നാതിരിക്കാൻവേണ്ടി തുള്ളിതുള്ളിയായി നാവിലൊഴിച്ചു കുടിക്കുമായിരുന്നു. കഠിനമായ തപോനിഷ്ഠമൂലം അദ്ദേഹം ഒരിക്കൽപ്പോലും ഇരിക്കുകയോ കിടക്കുകയോ ചെയ്തിട്ടില്ല. വായിക്കുന്നതും പ്രാർത്ഥിക്കുന്നതും, ഉറങ്ങുന്നതുപോലും, നിന്നുകൊണ്ടായിരുന്നു. അങ്ങനെയായി കുറെനാരം കഴിഞ്ഞപ്പോരം, മുറിയിൽ അദ്ദേഹം പതിവായി

നിന്നിരുന്ന സ്ഥലത്തെ തറ തേഞ്ഞുതേഞ്ഞ്, തന്റെ കാൽമുട്ടുകരംവരെ ഇറങ്ങിപ്പോകുന്നത്ര, ആഴമുള്ള രണ്ടു വലിയ കുഴികരംതന്നെ ഉണ്ടായി. ആ കുഴികളിൽ ഇറങ്ങിനിന്ന് ഉറങ്ങിയതിനാലത്രേ, ഗാഢനിദ്രയിൽ പ്പോലും നിലത്തേയ്ക്കു മറിഞ്ഞുവീഴാതെ നിവർന്നു നിന്നുറങ്ങുവാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നത്.

അങ്ങനെയിരിക്കെ, ഒരു ദിവസം ഉറങ്ങിക്കൊണ്ടി രിക്കെ തന്റെ ജടയ്ക്കകത്ത് പ്രാണിപോലെ എന്തോ ഒന്ന് അരിക്കുന്നതായി അദ്ദേഹത്തിനു തോന്നി. തല യിൽ ചൊറിഞ്ഞുനോക്കിയപ്പോരം അതു കുന്നിക്കുരു വലിപ്പത്തിലുള്ള ഒരുതരം വണ്ടാണെന്നു മനസ്സിലായി. എങ്കിലും, തന്റെ അഹിംസാശീലംകൊണ്ടും ക്ഷമകൊ ണ്ടും, അദ്ദേഹം ആ പ്രാണിയെ ജടയിൽനിന്ന് എടു ത്തുകളയാതെ, അത് അവിടെത്തന്നെ ഇരുന്നുകൊള്ളട്ടെ എന്നു വിചാരിച്ച്, കാലം കഴിച്ചുകൂട്ടി.

അങ്ങനെ അനേകം വർഷങ്ങരം കഴിഞ്ഞപ്പോരം, ആ പ്രാണി അവിടെ ഇരുന്ന് ചത്ത്, അതിന്റെ പുറം തോട് ഉണങ്ങി താഴേയ്ക്കു വീണു. എങ്കിലും എന്തോ ഒന്നു വീണ്ടും ജടയ്ക്കകത്തു തടഞ്ഞിരിക്കുന്നതുപോലെ സന്ന്യാസിക്കു തോന്നി. സന്ന്യാസി വിരൽകൊണ്ടു ചൊറിഞ്ഞുനോക്കിയപ്പോരം, ഒരു ചെറിയ മുത്തുമണി നഖത്തിനടിയിൽ കുരുങ്ങി. എടുത്തു സൂക്ഷിച്ചു നോക്കിയപ്പോരം, ചെറുതെങ്കിലും അതിവിശിഷ്ടവും അത്യന്തദുർല്ലഭവുമായ ഒരു രത്നമാണ് അതെന്നു മനസ്സിലായി.

അതിനോട് ആകർഷണം തോന്നിയേയ്ക്കുമോ എന്നു ഭയന്ന്, ഉടനെത്തന്നെ, 'ഇത് എന്റേതല്ല; അതി നാൽ അത് ഇരുന്നിടത്തുതന്നെ ഇരുന്നുകൊള്ളട്ടെ' എന്നു പറഞ്ഞ് തന്റെ ജടയ്ക്കുള്ളിൽ അതിനെ തിരു കിവെച്ചു. എങ്കിലും, പിന്നീട് എപ്പോഴും– വായി ക്കുമ്പോഴും പ്രാർത്ഥിക്കുമ്പോഴും ഉറങ്ങുമ്പോഴും– അതിനെക്കുറിച്ചുതന്നെയുള്ള വിചാരമായി, അദ്ദേ

ഹത്തിന്. അത് അവിടെത്തന്നെ ഉണ്ടോ എന്നറിയാൻ ജടയിൽ വിരൽകൊണ്ട് ഇടയ്ക്കിടയ്ക്ക് അമർത്തി നോക്കും. എങ്കിലും, അതിനോട് ആസക്തിയായെങ്കിലോ എന്നു കരുതി, ഒരിക്കലും അതെടുത്തു നോക്കിയിരുന്നില്ല.

അങ്ങനെ കുറെനാൾ കഴിഞ്ഞപ്പോൾ വീണ്ടും ഒരു വിചാരം വന്നു: ആ കല്ലു ഞാൻ ആകെ ഒരു പ്രാവശ്യം മാത്രമേ കണ്ടുള്ളുവല്ലോ; അതും രാത്രിയിലായിരുന്നു. പകൽ അതിൻെറ പ്രകാശം എങ്ങനെയിരിക്കുമോ, ആവോ? രാത്രി, വിളക്കിൻെറ വെളിച്ചം തട്ടിയാൽമാത്രം പ്രകാശിക്കുന്ന ചില താഴ്ന്നതരം കല്ലുകളെപ്പോലെയുള്ള ഒന്നായിരിക്കുമോ അത്? അതുകൊണ്ട് ഒരു പ്രാവശ്യംകൂടി എടുത്തു പകൽവെളിച്ചത്തിൽ ഒന്നു നോക്കിക്കളയാം. ആസക്തി വരാതിരിക്കാൻ, ഒരിക്കൽമാത്രം പെട്ടെന്നൊന്നു നോക്കിയശേഷം, അതു ജടയിൽ തിരികെവെയ്ക്കുകയും ചെയ്തേയ്ക്കാം. മാത്രമല്ല, നോക്കാതെ, ആസക്തി തോന്നാതിരിക്കുന്നതിൽ വിശേഷമൊന്നുമില്ലല്ലോ. നോക്കിയിട്ടും, ആസക്തിയുളവാകാതെ കാക്കുന്നതിലല്ലേ ശരിയായ ആത്മബലവും അനാസക്തിയുമുള്ളത്!

ഇങ്ങനെയെല്ലാം വിചാരിച്ച് അദ്ദേഹം ആ രത്നം ഒരിക്കൽക്കൂടി എടുത്തുനോക്കി. അപ്പോൾ അതിനു താൻ ആദ്യത്തെ പ്രാവശ്യം കണ്ടതിനെക്കാൾ ഇരട്ടി ശോഭയുള്ളതായി തോന്നി. എങ്കിലും, ദീർഘനേരത്തേയ്ക്കു നോക്കി, ആസക്തി വരേണ്ടല്ലോ എന്നു കരുതി അദ്ദേഹം ഉടനെത്തന്നെ അതു ജടയ്ക്കുള്ളിൽ തിരുകിവെയ്ക്കുകയും ചെയ്തു.

കുറച്ചു കഴിഞ്ഞപ്പോൾ അദ്ദേഹത്തിന്ന് ഈ രത്നം ഇടയ്ക്കിടയ്ക്കൊന്നു കാണണം എന്ന വിചാരമായി. അപ്പോൾ പെട്ടെന്നൊന്ന് എടുത്തുനോക്കും; ഉടനെത്തന്നെ ജടയിൽ തിരുകിവെയ്ക്കുകയും ചെയ്യും. കുറച്ചു നാൾകൂടി കഴിഞ്ഞപ്പോൾ അത് എപ്പോഴും തന്നെ കണ്ടുകൊണ്ടിരിക്കണമെന്നായി. മാത്രമല്ല, ജട

യ്ക്കകെത്തു തിരുകിക്കൊണ്ടു നടന്നാൽ അറിയാതെ വല്ലവിധത്തിലും നഷ്ടപ്പെട്ടുപോയെങ്കിലോ എന്നു ഭയന്ന്, അതെടുത്തു കുപ്പായത്തിനകത്തെ ഉൾപ്പോക്കററിൽ വെച്ചു നെഞ്ചോടു ചേർത്തുവെച്ചതന്നെ കൊണ്ടു നടക്കാൻ തുടങ്ങി. ഇങ്ങനെയാണെങ്കിലും, ഇതൊഴികെ മററെല്ലാ കാര്യങ്ങളിലും അദ്ദേഹം മുമ്പിലത്തേതു പോലെതന്നെ അനാസക്തിയിലും തപോനിഷ്ഠയിലും ജീവിച്ചുവരികയും ചെയ്തു.

ഇങ്ങനെ അനേകനാൾ ജീവിച്ചു വയോവൃദ്ധനായി അദ്ദേഹം തറയിലുള്ള കുഴിയിൽ നിന്നുകൊണ്ടു തന്നെ ചരമഗതി പ്രാപിച്ചു. മരണശേഷം അദ്ദേഹത്തിന്റെ ആത്മാവു നേരെ സ്വർഗ്ഗത്തിലേയ്ക്കു കേറിപ്പോവുകയും ചെയ്തു. പക്ഷേ, എന്തുകൊണ്ടോ, സ്വർഗ്ഗത്തിൽ ചെന്നിട്ട് അദ്ദേഹത്തിന് ഒരു സുഖവും തോന്നിയില്ല. എപ്പോഴും ഒരു നേരിയ തലവേദന. അതു സാരമില്ലെന്നു കരുതി കുറച്ചുനാൾ കൊണ്ടുനടന്നു; അപ്പോൾ നെഞ്ചിനകത്തായി വേദന. ഓരോ ദിവസം ചെല്ലുന്തോറും വേദന കൂടിക്കൂടി വന്നിരുന്നതേയുള്ളൂ. അവസാനം അവിടത്തെ ഭിഷഗ്വരന്മാരെ കാണിക്കാമെന്നു വിചാരിച്ചു. സൂക്ഷ്മമായി പരിശോധിച്ചശേഷം അവർ ഇങ്ങനെ പറഞ്ഞു: ''ഇയാളുടെ ഹൃദയത്തിൽ ഒരു കല്ലിരുപ്പുണ്ട്. ഭൂമിയിൽ തിരികെപ്പോയി ഹൃദയം ശസ്ത്രക്രിയചെയ്ത് ആ കല്ലെടുത്തു മാററിവരാതെ ഇയാൾക്ക് ഇവിടെ സുഖം കിട്ടുന്നതല്ല. സ്വർഗ്ഗത്തിൽ സൂക്ഷിക്കാൻ പററിയ കല്ലല്ലാത്തതിനാൽ, അതെടുത്തുകളയാതെ വേറെ ഒരു ചികിത്സയും ഇവിടെ ഇയാൾക്കു ലഭിക്കുന്നതുമല്ല. പക്ഷേ രോഗിയുടെ ആത്മാവല്ലാതെ ശരീരം ഇപ്പോൾ ഇല്ലാത്തതുകൊണ്ട്, ഈ നിലയിൽ ഇയാളെ ഭൂമിയിലേയ്ക്ക് അയച്ചാലും, വലിയ പ്രയോജനമൊന്നുമില്ല. ഇനി ഒരു വഴിയേ നോക്കാവുന്നതായുള്ളൂ: ഇയാളെ ഭൂമിക്കും സ്വർഗ്ഗത്തിനും ഇടയ്ക്കുള്ള ശുദ്ധീകരണലോകത്തിലേയ്ക്ക് അയയ്ക്കുക. അവിടുത്തെ തീയിലിട്ട് ഇയാളുടെ ആത്മാവിലേയ്ക്കു കയറി

പ്പററിയിരിക്കുന്ന കല്ലിൻെറ പൊടികരം കരിച്ചുകളയാം. അങ്ങനെയായാൽ, സ്വർഗ്ഗത്തിൽ തിരികെ വന്ന്, എളിയ നിലയിലായാലും, വലിയ അസുഖമൊന്നും കൂടാതെ കഴിക്കാൻ ഇയാരംക്കു സാധിക്കുന്നതാണ്.''

ഇതു കേട്ടപ്പോരം എല്ലാവരുംകൂടി ഇയാളെ സ്വർഗ്ഗത്തിൽനിന്നു ശുദ്ധീകരണസ്ഥലത്തിലെ അഗ്നിയിലേയ്ക്കു തള്ളി താഴെയിട്ടു.

ചെറുതായ ഒരാസക്തി വലിയ പുണ്യവാളനെപ്പോലും വീഴിക്കും.

## 33. സുവർണ്ണമാങ്ങ

ഒരിടത്തു ദരിദ്രയായ ഒരു വിധവ ഉണ്ടായിരുന്നു. അനുദിനം രാജകൊട്ടാരത്തിൽ ചെന്ന് അവിടത്തെ മുററ മടിച്ചാണ് അവർ ഉപജീവനം നടത്തിയിരുന്നത്. തുച്ഛമായ പ്രതിഫലംമാത്രമേ അവർക്കു ലഭിച്ചിരുന്നുള്ളുവെങ്കിലും, സാമാന്യം സന്തോഷമായും സംതൃപ്തിയായും അവർ കഴിഞ്ഞിരുന്നു.

അടിച്ചു വാരിക്കളയുന്ന ചപ്പും ചവറുമെല്ലാം സാധാരണയായി അവർ സ്വന്തം കുടിലിലേയ്ക്കുതന്നെ കൊണ്ടുപോകുമായിരുന്നു. അടുപ്പിൽ തീ കത്തിക്കുന്നതിനും മററും ഉപയോഗിക്കാമല്ലോ എന്നു കരുതിയാണ് അവർ അങ്ങനെ ചെയ്തിരുന്നത്. ഒരു ദിവസം അങ്ങനെ താൻ അടിച്ചുവാരിക്കൊണ്ടുപോയ ചപ്പു ചവറുകരം അടുപ്പിലിടാനായി തുടങ്ങിയപ്പോരം, അതിൽ രത്നംപോലെ തോന്നിക്കുന്ന എന്തോ ഒന്നു കിടക്കുന്നതായിക്കണ്ടു. അത് ആകെ കരിപിടിച്ചിരുന്നതിനാൽ, ഒന്നു കഴുകിക്കളയാമെന്നു കരുതി, ഒരു പാത്രത്തിൽ അല്പം വെള്ളമെടുത്ത്, അവർ അതു വെള്ളത്തിലേയ്ക്കിട്ടു. വെള്ളത്തിലിട്ട ക്ഷണത്തിൽ

ത്തന്നെ അതു വെള്ളത്തിലലിഞ്ഞ് ആകെ അപ്രത്യക്ഷമായി. ഇനി എന്തു ചെയ്യും എന്നു കരുതി, വൃദ്ധ ആ വെള്ളം കുടിലിനരികെ നില്ക്കുന്ന ഒരു തൈമാവിൻെറ കടയ്ക്കലേയ്ക്കൊഴിച്ച്, താടിക്കു കയ്യും കൊടുത്തു കുറെനേരം അവിടെത്തന്നെ അങ്ങനെ ഇരുന്നു.

അങ്ങനെ ഇരിക്കുന്നതിനിടയിൽ അവർക്ക് ഒരു വിചാരം വന്നു: ഒരുപക്ഷേ ഈ രത്നം രാജകൊട്ടാരംവക ആയിരിക്കണം. നാളെ, അതു നഷ്ടപ്പെട്ടിരിക്കുന്നു എന്നറിയുമ്പോഠം രാജാവ് അന്വേഷണം തുടങ്ങും. അപ്പോഠം തന്നെയും വിളിച്ചു ചോദ്യം ചെയ്യാതിരിക്കുകയില്ല. വെള്ളത്തിലിട്ടപ്പോഠം അലിഞ്ഞുപോയെന്നെല്ലാം അപ്പോഠം പറഞ്ഞാൽ ആരും തന്നെ വിശ്വസിക്കുകയുണ്ടാവില്ല. അതിനാൽ കാര്യം ഇപ്പോഠംത്തന്നെ നേരേ അവിടെച്ചെന്നു പറയുന്നതാണ് നല്ലത്.

എന്നു കരുതി, സ്ത്രീ നേരെ കൊട്ടാരത്തിൽച്ചെന്ന് ഉണ്ടായതെല്ലാം അതുപോലെതന്നെ അവിടെ അറിയിച്ചു. കാര്യം രാജാവറിഞ്ഞപ്പോഠം, ഇത്രയും അദ്ഭുതകരമായ ഒരു രത്നത്തിൻെറ കാര്യത്തിൽ അദ്ദേഹത്തിനു വലുതായ കൗതുകവും അത്യധികമായ ആഗ്രഹവുമായി. അത് എങ്ങനെയെങ്കിലും കൈക്കലാക്കണമെന്ന് അദ്ദേഹം ഉറച്ചു. അതിനാൽ, രത്നം കൊട്ടാരംവകതന്നെ ആണെന്നു നടിച്ചുകൊണ്ട്, രാജാവു സ്ത്രീയെ വിളിപ്പിച്ചു കാര്യമെല്ലാം ചോദിച്ചു. സ്ത്രീയാകട്ടെ, എല്ലാം ഉണ്ടായതുപോലെതന്നെ രാജാവിനെ പറഞ്ഞുകേഠപ്പിക്കുകയും ചെയ്തു.

സ്ത്രീയുടെ വാക്കു കേട്ടിട്ടു രാജാവിന് ഒട്ടുംതന്നെ വിശ്വാസമായില്ല. ഈ അദ്ഭുതരത്നം കയ്യിൽ വെച്ചുകൊണ്ടിരിക്കുന്നതിനുള്ള അടവുകളായിട്ടേ രാജാവ് അതെല്ലാം കരുതിയുള്ളൂ. അതിനാൽ അവർ എന്നെങ്കിലും സത്യം പറയുമെന്നുള്ള പ്രതീക്ഷയിൽ അവരെ ജയിലിൽ അടപ്പിക്കുകയും അവരുടെ കുടി

ലും പറമ്പും കൊട്ടാരം വകയാക്കി എഴുതിച്ചേർപ്പിക്കുകയും ചെയ്തു

സ്ത്രീ, എന്നെങ്കിലും സത്യം തെളിയുമെന്നു വിശ്വസിച്ചും അതിനായി നിത്യേന ദൈവത്തെ പ്രാർത്ഥിച്ചുംകൊണ്ടു ജയിലിൽ കഴിച്ചുകൂട്ടി. അങ്ങനെ വർഷങ്ങൾ കഴിഞ്ഞപ്പോൾ, സ്ത്രീയുടെ കുടിലിൻെറ മുററത്തു നിന്നിരുന്ന തൈമാവു വലുതായി, അതിൽ ആദ്യമായി ഒരു ഫലമുണ്ടായി. മാങ്ങ വലുതായി മൂത്തുപഴുത്തപ്പോൾ, ആദ്യത്തെ ഫലമായതുകൊണ്ട്, അതു പറിച്ചു രാജാവിനുതന്നെ കൊണ്ടുപോയി കൊടുത്തുകളയാമെന്നു കരുതി, പറമ്പുസൂക്ഷിപ്പുകാരൻ മാവിൽ കയറി മാങ്ങ പറിക്കാൻ തുടങ്ങി. പക്ഷേ, എത്രതന്നെ ശ്രമിച്ചിട്ടും, മാങ്ങ ഞെട്ടിൽനിന്ന് അടർന്നുപോരുന്നില്ല. കത്തികൊണ്ടു മുറിച്ചെടുക്കാമെന്നു കരുതിയപ്പോൾ കത്തിയുടെ വായ്ത്തല ചളുങ്ങിപ്പോകുന്നതല്ലാതെ, മാങ്ങയുടെ ഞെട്ട് ഒരു തരത്തിലും മുറിയുന്നില്ല. വിവരം രാജാവറിഞ്ഞപ്പോൾ ഇത് ഒരു അദ്ഭുതമാങ്ങതന്നെയാണെന്ന് അദ്ദേഹത്തിനു മനസ്സിലായി. മാങ്ങ കാണാനായി അദ്ദേഹംതന്നെ നേരിൽ ചെന്നു നോക്കിയപ്പോൾ പെട്ടെന്ന് അദ്ഭുതകരമായി മാങ്ങയുടെ നിറം തനിത്തങ്കത്തിൻേറതുപോലെയായി പകർന്നു. നോക്കുന്നവർക്ക്, തനിസ്വർണ്ണത്തിൽ തീർത്തൊരു മാങ്ങ കൊമ്പിൽ പിടിപ്പിച്ചുവെച്ചിരിക്കുന്നതായേ തോന്നൂ. എന്തിനേറെ, എല്ലാവരും നോക്കിനില്ക്കെ, രാജാവുതന്നെ മാവിൽക്കയറി മാങ്ങ പറിച്ച് അത്യന്തം ഭദ്രമായി കൊട്ടാരത്തിലേയ്ക്കു കൊണ്ടുപോയി.

രണ്ടുമൂന്നു ദിവസംകൊണ്ടു മാങ്ങ നന്നായി പഴുത്തു പാകമാകുകയും അതിൻെറ സൗരഭ്യം രാജകൊട്ടാരം മുഴുവൻ നിറയുകയും ചെയ്തു. പിറേറ ദിവസം രാജാവു തൻെറ മന്ത്രിസത്തമന്മാർക്ക് ഒരു വിരുന്നു കൊടുക്കുന്നതിന് ഏർപ്പാടു ചെയ്തിരുന്നു. വിരുന്നിൻെറ അവസാനം വിശിഷ്ടഭോജനമായി ഈ അ

പൂർവ്വമാങ്ങതന്നെ മുറിച്ചുകൊടുക്കാമെന്നു കരുതി, രാജാവു മാങ്ങ ചെത്താനാരംഭിച്ചു. പക്ഷേ, അതിശയമേ, ഓരോ തൊലിക്കഷണവും ചെത്തി താഴേയ്ക്കിടുമ്പോഠം, അതു തനിയെ ചാടിപ്പൊങ്ങി മാങ്ങയിന്മേൽ പൂർവ്വസ്ഥാനത്തുതന്നെ വന്നു പററിപ്പിടിച്ചിരിക്കും. രാജാവ് എത്ര ശ്രമിച്ചിട്ടും മാങ്ങയുടെ തൊലി ചെത്തി മാററുവാൻ സാധിക്കാതായി. ഇതു കണ്ടുനിന്ന മന്ത്രിമാർക്ക്, ഈ മാങ്ങയെച്ചുററിപ്പററി എന്തോ രഹസ്യമുണ്ടായിരിക്കുമെന്നു തോന്നിയതിനാൽ, അതുവാങ്ങി ചെത്തിക്കൊടുക്കാനുള്ള ധൈര്യം തോന്നിയതുമില്ല.

കാര്യം കയ്യിലൊതുങ്ങാതെ വരുന്നെന്നു കണ്ടപ്പോഠം രാജാവിന്ന് ഇങ്ങനെ വിചാരം വന്നു: താൻ ജയിലിൽ അടച്ച വൃദ്ധയുടെ മാവിൽനിന്നാണല്ലോ ഈ മാങ്ങ പറിച്ചുകൊണ്ടുവന്നത്. ഇതിനെപ്പററിയുള്ള രഹസ്യം അവർക്കുമാത്രമേ അറിവുണ്ടായിരിക്കാൻ ഇടയുണ്ടാവൂ. അതിനാൽ ഇനി അവരെ ഇവിടെ വരുത്താതെ ഈ തൊന്തരവിൽനിന്നു രക്ഷപ്പെടുക സാധ്യമാവില്ല.

അതനുസരിച്ചു വൃദ്ധയെ ഉടനെത്തന്നെ രാജകൊട്ടാരത്തിലേയ്ക്കു കൊണ്ടുവരുവാൻ രാജാവ് ആളെപ്പറഞ്ഞയച്ചു. രാജഭടൻ ജയിലിൽ ചെന്നപ്പോഴും വിധവ, 'സത്യം തെളിയിക്കണേ' എന്നു പറഞ്ഞു ദൈവത്തോടു പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയായിരുന്നു.

വിധവ കൊട്ടാരത്തിലെത്തിയപ്പോഠം അവരുടെ കുടിലിൻെറ മുററത്തു നില്ക്കുന്ന ആ മാവിൻെറ പ്രത്യേകത എന്താണെന്നു രാജാവു ചോദിച്ചു. ഒരു സാധാരണമാവെന്നല്ലാതെ, അതിനെപ്പററി പ്രത്യേകിച്ചൊന്നും തനിക്കു പറയാനില്ലെന്ന് അവർ മറുപടി പറഞ്ഞു. ''എന്നാൽ ഈ മാങ്ങയൊന്നു ചെത്തിയാട്ടെ'' എന്നു പറഞ്ഞു രാജാവു മാങ്ങ സ്ത്രീയെ ഏല്പിച്ചു. സ്ത്രീ മാങ്ങ ചെത്തുന്നതിനാരംഭിച്ചതോടെ, അതു തനിയെ നടുവെ പിളരുകയും അതിനുള്ളിൽനിന്ന് അത്യന്തം ശോഭയുള്ളൊരു രത്നക്കല്ല്, എല്ലാ

വരും കാൺകെ, നിലത്തേയ്ക്കു തെറിച്ചുവീഴുകയും ചെയ്തു.

പണ്ടു രത്നമലിഞ്ഞ വെള്ളം ഈ മാവിൻെറ കടയ്ക്കൽ ഒഴിച്ചതായി ഈ സ്ത്രീ തന്നോടു പറഞ്ഞിട്ടുണ്ടായിരുന്ന കാര്യം അപ്പോഠം രാജാവ് ഓർമ്മിച്ചു. മാത്രമല്ല, ദൈവകോപംമൂലം ഇനി എന്തെല്ലാമാണാവോ സംഭവിക്കാൻ പോകുന്നത് എന്നു രാജാവ് അത്യന്തം ഭയപ്പെടുകയും ചെയ്തു. അപായകരമായി എന്തെങ്കിലും സംഭവിക്കുന്നതിനുമുമ്പ്, മന്ത്രിമാരുടെ മുമ്പിൽവെച്ചായാൽപ്പോലും, തൻെറ തെററ് ഏററുപറഞ്ഞ് ആ വൃദ്ധയോടു മാപ്പപേക്ഷിക്കുന്നതാണ് ബുദ്ധി എന്നു കരുതി, രാജാവ് ആ സ്ത്രീയോട് ഇങ്ങനെ പറഞ്ഞു: ''നിങ്ങഠം എന്നോടു ക്ഷമിക്കണം. ആ രത്നം എൻേറതല്ലായിരുന്നു. അതിൻെറ മഹിമ കേട്ടപ്പോഠം, എനിക്കതു കിട്ടണം എന്ന മോഹംകൊണ്ട്, അത് എൻേറതാണെന്നു ഞാൻ കളവായി പറഞ്ഞതാണ്. മാത്രമല്ല, നിങ്ങളുടെ വീടും പറമ്പും ഞാൻ അന്യായമായി കൈവശം വെയ്ക്കുകയും ചെയ്തു. അവസാനം ഇപ്പോഠം നിങ്ങളുടെ മാവിലുണ്ടായ മാങ്ങ കൂടി ഞാൻ മോഷ്ടിക്കുകയും ചെയ്തു. നിങ്ങഠം എന്നോടു വൈരം വിചാരിക്കാതെ, എൻെറ അപരാധങ്ങളെല്ലാം ക്ഷമിക്കണം. എൻെറ തെററിനു പരിഹാരമായി ഞാൻ നല്കുന്ന വൈരക്കല്ലുകളുടെ ഈ നിധി സ്വീകരിക്കണം. നിങ്ങളുടെ പറമ്പിൽ ഞാൻതന്നെ പണിയിച്ചുതരുന്ന മാളികയിൽ ഇനിയുള്ള കാലം നിങ്ങഠം സൗഭാഗ്യമായി കഴിയുകയും വേണം.''

വൃദ്ധയാകട്ടെ, ഒന്നും സംഭവിക്കാത്ത മട്ടിൽ, സത്യം ഒരിക്കൽ തെളിയിക്കാതിരിക്കുകയില്ല, അപേക്ഷിക്കുന്നവരെ ദൈവം ഉപേക്ഷിക്കുകയില്ല എന്നു മനസ്സിൽ പറഞ്ഞുകൊണ്ട്, സുസ്മേരവദനയായി അവിടെ നിന്നു.

സത്യം അവസാനം വിജയിക്കും. അസത്യം പരാജയപ്പെടുകതന്നെ ചെയ്യും.

## 34· സന്ന്യാസിയും ബയൻററും

ഒരിടത്തു മഹാപണ്ഡിതനായ ഒരു സന്ന്യാസി ജീവിച്ചിരുന്നു. പുസ്തകം വായനയായിരുന്നു അദ്ദേഹത്തിൻെറ മുഖ്യമായ ജോലി. പുസ്തകം വായിക്കാത്ത ആളുകളെപ്പററി അദ്ദേഹത്തിനു മഹാപുച്ഛവും പരിഹാസവുമായിരുന്നു. ജ്ഞാനമില്ലാത്തവർക്കു സ്വർഗ്ഗം കിട്ടിയാൽപ്പോലും ഉപകാരമില്ലെന്ന് അദ്ദേഹം ഇടയ്ക്കിടെ പറയുമായിരുന്നു. മാത്രമല്ല, താൻ വായിച്ചിട്ടുള്ള പുസ്തകങ്ങളുടെ പേരുകൾ ഇടയ്ക്കിടക്കു സംസാരത്തിൽ, എങ്ങനെയെങ്കിലും അവസരമുണ്ടാക്കി, കൊണ്ടുവരിക എന്നതും അദ്ദേഹത്തിൻെറ ഒരു പതിവായിരുന്നു. അങ്ങനെ തൻെറ പാണ്ഡിത്യവും പുസ്തകപരിചയും മററുള്ളവരെ അറിയിക്കുന്നതിൽ ഒരുതരം മനസ്സുഖംതന്നെ അദ്ദേഹത്തിനു തോന്നിയിരുന്നു.

വേറൊരു പട്ടണത്തിൽ ഇക്കാലത്തുതന്നെ ദരിദ്രനായ ഒരു മനുഷ്യൻ ജീവിച്ചിരുന്നു. പുസ്തകങ്ങൾ ബയൻറ് ചെയ്തുകൊടുക്കുകയായിരുന്നു അയാളുടെ ജോലി. അവിടെയുള്ള സന്ന്യാസാശ്രമങ്ങളിലുണ്ടായിരുന്ന പഴയതും പുതിയതുമായ മിക്കവാറും എല്ലാ പുസ്തകങ്ങളും അയാൾ ബയൻറ്ചെയ്തിട്ടുള്ളവയായിരുന്നു. കുത്തിക്കെട്ടുന്നതിനായി പുസ്തകങ്ങളുടെ എല്ലാ പേജുകളും അയാൾ മറിച്ചിരുന്നുവെങ്കിലും, ഒരു പുസ്തകത്തിൻെറ ഒരു പേജുപോലും തൻെറ ജീവിതകാലത്ത് അയാൾ വായിക്കുകയുണ്ടായിട്ടില്ല. എന്നിരിക്കിലും, അയാൾക്കു ഒരു പ്രത്യേകതയുണ്ടായിരുന്നു. ഒരു പുസ്തകത്തിൻെറ പേരു ഒരിക്കൽ കണ്ടാൽ മതി, അയാൾ പിന്നെ അത് ഒരിക്കലും മറക്കുകയില്ല. അതിനാൽ, താൻ ജീവിതകാലത്തു ബയൻറുചെയ്തിട്ടുള്ള ആയിരക്കണക്കിനു പുസ്തകങ്ങളുടെ പേരുകൾ അയാൾക്ക് എപ്പോൾ വേണമെങ്കിലും, തത്ത ചൊല്ലുന്നതുപോലെ, മനഃപാഠമായി ചൊല്ലുവാൻ കഴിയുമായിരുന്നു.

അവസാനം, നമ്മുടെ ബയൻറർ മരിച്ചു സ്വർഗ്ഗത്തിലെത്തി. അവിടെ ചെന്നശേഷം അയാളുടെ ജ്ഞാനം പരിശോധിച്ചപ്പോഠം, വേണ്ടത്ര അറിവില്ലായിരുന്നതുകൊണ്ടു പ്രധാനമായ ജോലികളൊന്നും അയാഠംക്കു കൊടുക്കാൻ സാധിക്കുകയില്ലെന്നു മനസ്സിലായി. അതിനാൽ അവിടത്തെ പടികാവലക്കാരനായി അയാളെ നിശ്ചയിച്ചു.

പിന്നീടു നമ്മുടെ സന്ന്യാസിയും മരിച്ചു സ്വർഗ്ഗത്തിലെത്തി. അയാളുടെ ജ്ഞാനം പരിശോധിക്കുന്നതിനായി വന്ന പരീക്ഷകൻ നമ്മുടെ ബയൻററെ വിളിച്ച് അയാഠംക്കറിവുള്ള പുസ്തകങ്ങളുടെ പേരുകഠം ചൊല്ലുവാൻ പറഞ്ഞു. ബയൻറർ ഉടനെത്തന്നെ ആയിരക്കണക്കിനു പുസ്തകങ്ങളുടെ പേരുകഠം നിറുത്താതെ ചൊല്ലാൻ തുടങ്ങി. ഇതു കേട്ടു നമ്മുടെ സന്ന്യാസി ആകെ അന്തംവിട്ടുപോയി. ഇതിൻെറ നൂറിലൊരംശംപോലും പുസ്തകങ്ങളുടെ പേരുകഠം താൻ കേട്ടിട്ടുപോലുമില്ല!

അപ്പോഠം പരീക്ഷകൻ ബയൻററെ ചൂണ്ടിക്കാട്ടിക്കൊണ്ടു പറഞ്ഞു: ''ഇത്രയധികം പുസ്തകങ്ങളുടെ പേരുകഠം അറിയാവുന്ന ഇയാഠംക്കുപോലും ഇവിടെ ഒരു പടികാവലക്കാരൻെറ ജോലിയേ കൊടുക്കാൻ പററുകയുള്ളൂ. അപ്പോഠം, ഇയാഠംക്കറിവുള്ളതിൻെറ നൂറിലൊരംശംപോലും പേരുകഠം പിടിയില്ലാത്ത തനിക്ക്, പടികാവലക്കാരൻേറതിനെക്കാഠം താഴ്ന്നൊരു ജോലി തരാനേ ഇവിടെ നിർവ്വാഹമുള്ളൂ. അയാഠം ആ സന്ന്യാസിക്കു സ്വർഗ്ഗത്തിൽ മുററമടിക്കുന്ന ജോലി നിശ്ചയിച്ചുകൊടുത്തു. തൻെറ വായനകൊണ്ടും അറിവുകൊണ്ടും, ഇവിടേയ്ക്കു കാര്യമൊന്നുമില്ലെന്നു മനസ്സിലാക്കിയ സന്ന്യാസി, സ്വർഗ്ഗത്തിലായതുകൊണ്ടു മുററമടിക്കുന്ന ജോലിയിൽ അത്യന്തം ആനന്ദമനുഭവിച്ച് അവിടെ കഴിഞ്ഞുവെന്നുമാത്രം!

അഹങ്കാരിയായ പണ്ഡിതനെ വിനീതനായ പാമരൻ ലജ്ജിപ്പിക്കും.

## 35 ഉറുമ്പും മൂട്ടയും

രണ്ടു സന്ന്യാസികൾ ഒരിടത്തു ധ്യാനിക്കുകയായിരുന്നു. ഒരാൾ പായപ്പുറത്തും മറ്റെയാൾ പലകപ്പുറത്തും ഇരുന്നാണ് ധ്യാനിച്ചിരുന്നത്. കുറച്ചു കഴിഞ്ഞപ്പോൾ പായപ്പുറത്തിരുന്ന ആളെ ഒരു ഉറുമ്പു കടിച്ചു. തൻെറ ധ്യാനത്തിനു തടസ്സമുണ്ടാക്കിയ ഉറുമ്പിനെ കണ്ടുപിടിക്കണമെന്നു കരുതി, സഹായത്തിനു പലകപ്പുറത്തിരുന്നിരുന്നയാളെ വിളിക്കുന്നതിനായി അയാൾ ഉടനെ അങ്ങോട്ട് ഓടി. അതിനിടയിൽ പലകപ്പുറത്തിരുന്ന ആളെ ഒരു മൂട്ട കടിച്ചു. തൻെറ ഏകാഗ്രതയ്ക്കു ഭംഗംവരുത്തിയ മൂട്ടയെ ഇനി വെച്ചുകൊണ്ടിരിക്കാൻ പാടില്ല എന്നു കരുതി, പായപ്പുറത്തിരുന്നയാളെ വിളിക്കാൻ അയാൾ അപ്പോൾ തന്നെ ഇങ്ങോട്ടും ഓടി. രണ്ടുപേരും തമ്മിൽ മുഖാഭിമുഖം കൂട്ടിമുട്ടിയപ്പോൾ, ഓരോരുത്തനും ആദ്യം അവനവൻെറ കാര്യം നടക്കണം എന്ന വാശിയായി. ഇതിനെച്ചൊല്ലി ഏറെ നേരം ശണ്ഠകൂടി നിന്നശേഷം, ആരും വിട്ടുകൊടുക്കാനുള്ള മട്ടില്ലെന്നു കണ്ടപ്പോൾ, അവരിരുവരും അവനവൻെറ സ്ഥലത്തേയ്ക്കുതന്നെ തിരികെപ്പോയി.

അതിനിടയ്ക്കു ധ്യാനിക്കാൻ സ്ഥലമന്വേഷിച്ചുകൊണ്ട് ആ വഴി വന്ന വേറെ രണ്ടു സന്ന്യാസികൾ, പായപ്പുറവും പലകപ്പുറവും ഒഴിഞ്ഞുകിടക്കുന്നതു കണ്ട്, അവിടെച്ചെന്നിരുന്നു ധ്യാനം തുടങ്ങിയിട്ടുണ്ടായിരുന്നു. തിരികെ വന്നവർ തങ്ങളോടു ശണ്ഠയ്ക്കു വരുന്നെന്നു കണ്ടയുടനെ രണ്ടാമതു വന്ന രണ്ടുപേരും വേഗം എണീററ്, ''ഇവററകൾ ധ്യാനിക്കുകയുമില്ല, ധ്യാനിപ്പിക്കുകയുമില്ല'' എന്നു പറഞ്ഞു ധ്യാനിക്കാനായി തങ്ങളുടെ വഴികൾ നോക്കി വന്നപാടേ തിരികെപ്പോയി.

ശണ്ഠ കഴിഞ്ഞു തിരികെ വന്നവർ വീണ്ടും ധ്യാനത്തിനായി, മുമ്പിലത്തെപ്പോലെതന്നെ, ഒരുവൻ പായപ്പുറത്തും അപരൻ പലകപ്പുറത്തും കയറിയിരുന്നു.

കുറച്ചുനേരം അങ്ങനെ അവർ അവിടെ കണ്ണടച്ചിരുന്നെ ങ്കിലും, രണ്ടുപേരുടെയും മനസ്സിൽ ധ്യാനം വന്നില്ല. ധ്യാനത്തിന്നു കൂടുതൽ തടസ്സമുണ്ടാക്കുന്നത് ഉറുമ്പോ മൂട്ടയോ എന്ന ചോദ്യം അവരുടെ മനസ്സിൽ കിടന്നു തിളച്ചുമറിയുകയാണ്. ഇതിനൊരു തീരുമാനമുണ്ടാ ക്കിയിട്ടേ ഇനി ധ്യാനിക്കുന്ന പ്രശ്നമുള്ളൂ എന്ന മട്ടിൽ അവരിരുവരും എണ്ണീററു വീണ്ടും മുഖാഭിമുഖം കൂട്ടിമുട്ടി. അവിടെ നിന്നുകൊണ്ട്, തൻെറ ഭാഗം ജയി ക്കുന്നതിനാവശ്യമായ ന്യായങ്ങരം കൂടുതൽക്കൂടുതൽ ഉച്ചത്തിൽ, ഓരോരുത്തനും വിളിച്ചുപറയാൻ തുടങ്ങി. അടുത്ത മുറിയിലുണ്ടായിരുന്ന മറെറാരു സന്ന്യാസി ഇതു കേട്ട്, ധ്യാനത്തെപ്പററിയുള്ള പ്രഭാഷണമാണ ല്ലോ എന്നു കരുതി, അവർ പറഞ്ഞിരുന്നതുമുഴുവനും ഒരൊററ വാക്കുപോലും വിടാതെ എഴുതിയെടുത്തു.

കുറെ വർഷങ്ങരം കഴിഞ്ഞു പണ്ഡിതനായ മറെറാരു സന്ന്യാസി ആശ്രമംവക ഗ്രന്ഥശാല പരിശോധിച്ചി രുന്നതിന്നിടയിൽ മേല്പറഞ്ഞ കയ്യെഴുത്തുപ്രതി കാ ണാനിടയായി. ധ്യാനത്തെപ്പററി ഇത്രയും സമർത്ഥ മായി രചിക്കപ്പെട്ടിരിക്കുന്ന ഈ കൃതി പ്രകാശിതമാ കാതെ, ഇങ്ങനെ പൊടിപിടിച്ചു കിടക്കുന്നതു ലോക ത്തിന്നുതന്നെ ഒരു തീരാനഷ്ടമാണെന്നു പറഞ്ഞ്, 'ധ്യാനത്തിൽ ഉറമ്പും മൂട്ടയും—രണ്ടു ഭിന്നവീക്ഷണ ങ്ങരം' എന്ന അഭിധാനത്തിൽ സന്ന്യാസി അതു പ്രസാ ധനംചെയ്തു. പുസ്തകം ആകെ പന്ത്രണ്ടുപേജും, അതിന് ആമുഖമായി സന്ന്യാസി എഴുതിച്ചേർത്ത പ്ര ബന്ധം എഴുപതിലേറെ പേജും ഉണ്ടായിരുന്നു. ഏ തായാലും പുസ്തകം പുറത്തുവന്നപ്പോരം, ഈ കൃതി യുടെ ആവിർഭാവത്തോടെ ധ്യാനത്തെപ്പററി ഇന്നോള മുണ്ടായിട്ടുള്ള ധാരണകളെല്ലാം തിരുത്തിക്കുറിക്കപ്പെ ട്ടിരിക്കുന്നു എന്നൊക്കെ പറഞ്ഞ് ആസ്വാദകരും വി മർശകരുമൊക്കെ പത്രമാസികകളിൽ വിസ്തരിച്ചുള്ള നിരൂപണങ്ങളെഴുതി. അതേത്തുടർന്ന് ആ പുസ്ത കത്തെപ്പററി നാട്ടിലാകെ പഠനയജ്ഞങ്ങളും ശില്പ ശാലകളും പണിപ്പുരകളുമെല്ലാം ധാരാളമായി സംഘ

ടിപ്പിക്കപ്പെട്ടു. പുസ്തകത്തിന്റെ പുനഃപ്രസാധനത്തിനായി സാഹിത്യപ്രചരണസംഘങ്ങളുടെ ഗ്രാൻറുകൾ ഒന്നിനു പിറകെ മറെറാന്നായി നല്കപ്പെട്ടു. എന്തിനേറെ, ഇപ്പോൾ വിദേശത്തുള്ളൊരു സർവ്വകലാശാലയിൽ നാട്ടുകാരായ രണ്ടു വിദ്യാർത്ഥികൾ മുഴുവൻ സമയസ്കോളർഷിപ്പോടുകൂടി ആ പുസ്തകത്തെപ്പററി ഗവേഷണപഠനത്തിൽ ഏർപ്പെട്ടിരിക്കുകയുമാണ്! അവരുടെ ഡോക്ടറേററ് പ്രബന്ധങ്ങൾ പുറത്തുവരുമ്പോൾ അച്ചടിക്കുന്നതിനായി പ്രസിദ്ധീകരണസംഘക്കാർ മുന്നേക്കൂട്ടിത്തന്നെ പണം കൊടുത്തു ബുക്കുചെയ്തിരിക്കുകയാണത്രേ!

തീർത്തും ആകസ്മികമായ കാര്യങ്ങളാണ് പലപ്പോഴും പിൽക്കാലത്തു ജനശ്രദ്ധയെ ആകർഷിക്കാററ്.

## 36 തേനീച്ചയും കുരുവിയും

ഒരിടത്തു ധ്യാനയോഗത്തിൽ അസാമാന്യപുരോഗതി പ്രാപിച്ചിട്ടുള്ള ഒരു സന്ന്യാസി ഉണ്ടായിരുന്നു. അനേകവർഷങ്ങൾതന്നെ ഏകാഗ്രമായി ധ്യാനത്തിൽ സ്ഥിതപ്രജ്ഞനായി ലയിച്ചിരിക്കുവാൻ അദ്ദേഹത്തിനു കഴിയുമായിരുന്നു. ഇദ്ദേഹത്തെപ്പററി 'രസകരമായ ഒരു കാര്യം പറഞ്ഞുകേട്ടിട്ടുണ്ട്: ഇദ്ദേഹം ധ്യാനത്തിലും സമാധിയിലും നിശ്ചലമായി ലയിച്ചിരിക്കുന്ന ഇരിപ്പു കാണുവാൻ പലേ ആശ്രമങ്ങളിലുമുള്ള സന്ന്യാസികൾക്കു താത്പര്യമുണ്ടായിരുന്നു. അതിനാൽ ഇദ്ദേഹം ധ്യാനത്തിലിരിക്കുന്ന നേരത്തു സന്ന്യാസികൾ ഇദ്ദേഹത്തെ വലിയൊരു കൊട്ടയിലേയ്ക്ക് എടുത്തുവെച്ചു തലച്ചുമടായി ഒരാശ്രമത്തിൽ നിന്നു മറെറാരാശ്രമത്തിലേയ്ക്കു കൊണ്ടുപോകുകയും അവസാനം അങ്ങോട്ടു കൊണ്ടുപോയതുപോലെതന്നെ ഇങ്ങോട്ടും തിരികെക്കൊണ്ടുവന്ന് അദ്ദേഹത്തിന്റെ സ്വന്തം ആശ്രമത്തിലുള്ള ധ്യാനപീഠത്തിന്മേൽ ആക്കു

കുട്ടയിൽനിന്ന് എടുത്ത് ഇറക്കിവെയ്ക്കുകയും പതിവായിരുന്നു. അദ്ദേഹമാകട്ടെ, ഇത്രയെല്ലാമായിട്ടും ഇതൊന്നും അറിയാതെ ആദ്യന്തം ഒരേപോലെ ധ്യാനത്തിൽ ലയിച്ചിരിക്കുമായിരുന്നത്രേ!

ഒരിക്കൽ ധ്യാനയോഗകാംക്ഷികളായ രണ്ടു സന്ന്യാസികൾ തങ്ങളെയും ഇവ്വിധം അഭംഗമായ ധ്യാനയോഗസാധനയിൽ അഭ്യസിപ്പിക്കണമെന്ന് അഭ്യർത്ഥിച്ച് അദ്ദേഹത്തിന്റെ പക്കൽ വന്നു. ധ്യാനയോഗംസംബന്ധിച്ച ആത്മീയോപായങ്ങളെല്ലാം അവർക്കുപദേശിച്ചുകൊടുത്തശേഷം, പ്രായോഗികപരിശീലനത്തിനായി അദ്ദേഹം അവരെ ഒരു മരുഭൂമിയിലേയ്ക്കു പറഞ്ഞുവിട്ടു. അവർ അവിടെ കണ്ണുകളടച്ച്, ശ്വാസഗതി നിയന്ത്രിച്ച്, പദ്മാസനത്തിൽ ധ്യാനയോഗപരിശീലനത്തിനായി ഇരുന്നു.

അവരിലൊരാൾ സൂര്യതാപത്തിൽനിന്നു മോചനം തേടുന്നതിനായി, ഒരോലക്കുട മണലിൽ താഴ്ത്തി നിറുത്തി അതിനു കീഴിലാണ് ഇരുന്നിരുന്നത്; മററയാൾ കുടയൊന്നുംകൂടാതെ കടുംവെയിലത്തും.

അങ്ങനെ അവരിരുവരും ഇരുന്ന ഇരുപ്പിൽ ഏഴു കൊല്ലത്തോളം കണ്ണുകളടച്ചു നിശ്ചലമായി അവിടെ ഇരുന്നു. ഇതിന്നിടയിൽ, കുടയുടെ കീഴിലിരുന്ന സന്ന്യാസിയുടെ ദീക്ഷയിന്മേൽ വലിയ ഒരു തേനീച്ചക്കൂട്ടം വന്നു കൂടുകൂട്ടി. ഭാരമുള്ള പല തേനടകൾ തന്നെ അതിന്മേൽ ഉറപ്പിച്ചുവെച്ചു. മററേ സന്ന്യാസിയുടെ തലയിൽ കാററത്ത് ഒരു ചെടിയുടെ വിത്തു വന്നുവീഴുകയും വേണ്ടത്ര വെയിലും മഴയും കിട്ടിയിരുന്നതിനാൽ അതു മുളച്ചു ക്രമേണ സാമാന്യം വലിപ്പമുള്ള ഒരു മരമായിത്തീരുകയും ചെയ്തിരുന്നു. മാത്രമല്ല, കുറെ നാൾ കഴിഞ്ഞപ്പോൾ അതിൽ ഒരുതരം ചെറിയ പഴങ്ങൾ ധാരാളമായി ഉണ്ടാകുവാനും തുടങ്ങി. എങ്കിലും രണ്ടു സന്ന്യാസികളും ഇതൊന്നും ശ്രദ്ധിക്കാതെ തങ്ങളുടെ ഏകാഗ്രമായ ധ്യാനം നിർബ്ബാധം തുടർന്നിരുന്നു.

അങ്ങനെയിരിക്കെ വൃദ്ധനായ ഒരു മനുഷ്യൻ ആ മരുഭൂമിയിലൂടെ കടന്നുപോകാനിടയായി. വെയിലിന് അസഹനീയമായ ചൂടായിരുന്നതുകൊണ്ട്, ധ്യാനത്തിലിരിക്കുന്ന ആ സന്ന്യാസിയുടെ ഓലക്കുടയെടുത്തു ചൂടിപ്പോയ്ക്കളയാമെന്നു കരുതി, അയാൾ അരികെച്ചെന്ന് അതു മണലിൽനിന്ന് ഊരിയെടുക്കാൻ തുടങ്ങി. ഉടനെ അതുവരേയ്ക്കും ശിലപോലെ നിശ്ചലനായിരുന്ന ആ സന്ന്യാസി ഒരു സീല്ക്കാരസ്വരം പുറപ്പെടുവിച്ചുകൊണ്ട് ആ കുട മണ്ണിൽനിന്ന് ഊരിയെടുത്ത് അതിൻെറ കാലുകൊണ്ടു വൃദ്ധൻെറ വയററിനിട്ട് ഒരു കുത്തു കൊടുത്തു. ഭയംകൊണ്ടും വേദനകൊണ്ടും ഞെട്ടിയ വൃദ്ധൻ ഉള്ള പ്രാണനുംകൊണ്ട് ഓടിപ്പോയ്ക്കളഞ്ഞു.

വേറൊരിക്കൽ അതിലേ കടന്നുപോയിരുന്ന കുറെ കാടന്മാർ, സന്ന്യാസിയുടെ ദീക്ഷയിലിരിക്കുന്ന തേനടകൾ കണ്ട് അവ എടുത്തുകൊണ്ടുപോയ്ക്കളയാമെന്നു കരുതി, ദീക്ഷയിൽനിന്ന് അവ അടർത്താൻ തുടങ്ങി. ധ്യാനയോഗത്തിൽ ലയിച്ചിരുന്ന സന്ന്യാസി അടഞ്ഞിരുന്ന തൻെറ കണ്ണുകൾ ഉഗ്രമായി തുറന്ന്, തൻെറ കാലുകൾ നീട്ടി അവരുടെ വയററിനിട്ട് ഒരു ചവിട്ടു കൊടുത്തു: വേദനകൊണ്ടു പുളഞ്ഞ കാടന്മാർ ജീവനിൽ കൊതിപൂണ്ടു വന്ന വഴിക്കുതന്നെ തിരിച്ചോടിപ്പോയി.

കുറച്ചു നാൾ കഴിഞ്ഞപ്പോൾ കുറെ കുട്ടികൾ ആ വഴിയെ കടന്നുപോകാനിടയായി. രണ്ടാമത്തെ സന്ന്യാസിയുടെ ശിരസ്സിൽ വളർന്നുനില്ക്കുന്ന മരത്തിൽ നിറയെ പഴങ്ങൾ പഴുത്തു കിടക്കുന്നതു കണ്ടപ്പോൾ, അവർ അയാളുടെ ദേഹത്തുകൂടി ഓടിച്ചാടി മരത്തിൻെറ ചില്ലകളിൽ കയറിയിരിക്കുകയും അവിടെയിരുന്നു കലഹിച്ചും അട്ടഹസിച്ചും പഴം തിന്നശേഷം അതിൻെറ തൊലി കീഴെ സന്ന്യാസിയുടെ ദേഹത്തിൽ വന്നുവീഴത്തക്കവിധം വലിച്ചെറിയുകയും ചെയ്തു. പഴത്തിൻെറ കാലം തീരുവോളം കുട്ടികൾ എല്ലാ ദിവ

സവും സന്ന്യാസിയുടെ തലയിലിരുന്ന് ഇങ്ങനെതന്നെ ചെയ്തിരുന്നു. എന്നാൽ നമ്മുടെ സന്ന്യാസിയാകട്ടെ, ഇതിലൊന്നും യാതൊരു വക അക്ഷമയും കാണിക്കാതെ അവിടെയിരുന്നു തൻെറ ധ്യാനം നിർവിഘ്നം തുടർന്നുവന്നു.

അതോടൊപ്പംതന്നെ, എല്ലാ ദിവസവും രണ്ടു കുരുവികൾ ഈ സന്ന്യാസിയുടെ മൂക്കത്തും കവിളത്തും വന്നിരുന്ന്, അവയ്ക്കു കൂടുണ്ടാക്കുന്നതിനുവേണ്ടി അയാളുടെ മീശകൾ ഓരോന്നോരോന്നായി കൊത്തിവലിച്ചു കൊണ്ടു പോകുമായിരുന്നു ഇങ്ങനെ ഏതാണ്ടു രണ്ടാഴ്ചക്കാലത്തേയ്ക്കു പകൽസമയം മുഴുവനും ആ കുരുവികൾ ചെയ്തു വന്നിരുന്നു. എന്നാൽ സന്ന്യാസിയാകട്ടെ, ഇതൊന്നും ഗൗനിക്കാതെ, അപ്പോഴും കണ്ണുകളടച്ചു തൻെറ ധ്യാനത്തിൽ മുഴുകിത്തന്നെയിരുന്നു.

ഏഴു വർഷം കഴിഞ്ഞപ്പോൾ രണ്ടു സന്ന്യാസിമാരുംകൂടി തങ്ങളുടെ ഗുരുവിൻെറ പക്കൽ തിരിച്ചെത്തി. മരുഭൂമിയിൽ വെച്ചു നടന്നിരുന്ന കാര്യങ്ങളെല്ലാം ഗുരു അപ്പോഴപ്പോൾ തൻെറ മുറിയിൽ വെച്ചു ജ്ഞാനദൃഷ്ടികൾകൊണ്ടു കാണുന്നുണ്ടായിരുന്നു. കുടയ്ക്കു കീഴിലിരുന്നു ധ്യാനയോഗം ശീലിച്ചിരുന്ന സന്ന്യാസിയോട് അദ്ദേഹം ഇങ്ങനെ പറഞ്ഞു: ''താൻ ധ്യാനയോഗത്തിൽ യാതൊരു വക പുരോഗതിയും വരിച്ചിട്ടില്ല, തൻെറ കണ്ണടച്ചിരിക്കലും ലയവുമെല്ലാം തൻകാര്യത്തിനു കോട്ടം വരാത്തത്രയ്ക്കുമാത്രമേയുള്ളൂ. അവനവനു നഷ്ടവും അസൗകര്യവും വരുന്നിടത്തുവെച്ച്, ധ്യാനം വിട്ടു വാരിക്കുന്തംപോലും എടുക്കാൻ മടിക്കുന്നവനല്ല താൻ. അതിനാൽ താൻ ഇതുവരെ ചെയ്തവകൊണ്ടു തനിക്കു യാതൊരു വക ഉപകാരവും കിട്ടിയിട്ടില്ല; താനൊരു കപടധ്യാനക്കാരനാണെന്നു തെളിയിക്കുവാൻ അതെല്ലാം ഉപകരിച്ചുവെന്നുമാത്രം.''

ഇങ്ങനെ പറഞ്ഞശേഷം, രണ്ടാമത്തെയാളെ ഗുരു കൈനീട്ടി അനുഗ്രഹിക്കുകയും അയാളെ തൻെറ ശിഷ്യനായി കൂടെത്താമസിപ്പിച്ചുകൊണ്ടു ധ്യാനയോഗത്തിൻെറ ഉപരിരഹസ്യങ്ങൾ അയാൾക്കു ഉപദേശിച്ചുകൊടുക്കുകയും ചെയ്തു.

ത്യാഗമില്ലാത്ത പ്രാർത്ഥന സാധുവായിട്ടുള്ളതല്ല.

## 37. പരീക്ഷയിൽ തോററ വിദൂഷകൻ

ഒരിടത്ത് ഒരു രാജാവിനു സാമാന്യം പണ്ഡിതനായ ഒരു വിദൂഷകൻ ഉണ്ടായിരുന്നു. രാജകൊട്ടാരത്തിലുള്ള മററു പലരേയും അപേക്ഷിച്ച് അയാൾക്കു കൂടുതൽ ജ്ഞാനം ഉണ്ടായിരുന്നുവെങ്കിലും, അയാളുടെ നടപ്പും ഭാവവും, തന്നോളം ജ്ഞാനിയായി ഈ ലോകത്തിൽ മററാരുമില്ലെന്നു തോന്നിക്കത്തക്ക രീതിയിലായിരുന്നു. കൂടെ എപ്പോഴും ഒരു കെട്ടു പുസ്തകങ്ങൾ കൊണ്ടുനടക്കും. സംസാരത്തിൽ കെട്ടിച്ചമച്ച് ഓരോ അവസരമുണ്ടാക്കി, താൻ മുൻപു പഠിച്ചുവെച്ചിട്ടുള്ള ശ്ളോകങ്ങളും ഉദ്ധരണികളും അനാവശ്യമായി തിരുകിച്ചേർക്കും. താൻ സമ്പാദിച്ചിട്ടുള്ള ബിരുദങ്ങളെല്ലാം ചേർത്തേ തൻെറ പേര് ആരെങ്കിലും ചോദിച്ചാൽ പറയൂ. തരം കിട്ടുമ്പോഴെല്ലാം മററുള്ളവർക്കാർക്കും തന്നോളം അറിവില്ലെന്നു വരുത്തിവെയ്ക്കാനുള്ള പണികളും നോക്കും.

പണ്ഡിതനാണെങ്കിലും തൻെറ വിദൂഷകനുണ്ടായിരുന്ന ഈ അല്പത്വത്തെപ്പററി രാജാവിന്നും ബോധമുണ്ടായിരുന്നു, അതിനാൽ എന്നെങ്കിലും ഒരു ദിവസം തരം കിട്ടുമ്പോൾ അയാളെ ഒന്നു കാര്യം മനസ്സിലാക്കി വിടണമെന്നു രാജാവ് ഉള്ളിൽ കരുതി. ഒരു

ദിവസം രാജാവ് അദ്ദേഹത്തെ വിളിച്ച് ഇങ്ങനെ പറഞ്ഞു: ''അടുത്തമാസം നമ്മുടെ പിറന്നാളാണല്ലോ. ഇക്കൊല്ലത്തെ നമ്മുടെ പിറന്നാളിന്റെ ആഘോഷത്തിനായി ഒരു വിദ്വത്സദസ്സ് സംഘടിപ്പിക്കണമെന്നാണ് നമ്മുടെ ആഗ്രഹം. അതിൽ പങ്കെടുക്കുന്നതിനു പ്രാപ്തന്മാരായ പത്തു പേരെ രാജ്യത്തുള്ള പണ്ഡിതന്മാരിൽനിന്ന് ഒരു പ്രവേശനപ്പരീക്ഷവെച്ചു തിരഞ്ഞെടുക്കുവാനാണ് നാം കരുതിയിരിക്കുന്നത്. ആ സദസ്സിൽ നിങ്ങളും ഉണ്ടായിരിക്കണമെന്നാണ് എന്റെ ആഗ്രഹം അതിനാൽ ഉടനെത്തന്നെ പ്രവേശനപ്പരീക്ഷയ്ക്കായി ഒരുങ്ങിക്കൊള്ളുക.''

പ്രവേശനപ്പരീക്ഷയ്ക്കുള്ള ദിവസമായി. രാജാവ് ഓരോ പണ്ഡിതനേയും വിളിച്ചു പ്രായേണകഠിനമായ ചില ചോദ്യങ്ങൾ ചോദിച്ചു. അതിന് അവരെല്ലാം സാമാന്യം തൃപ്തികരമായ വിധത്തിൽ ഉത്തരം പറയുകയും ചെയ്തു. അവസാനം, നമ്മുടെ വിദൂഷകനോടു ചോദ്യങ്ങൾ ചോദിക്കുന്നതിനുള്ള സമയമായി. രാജാവ് ആമുഖമായി ഇങ്ങനെ പറഞ്ഞുകൊണ്ടു തുടങ്ങി: ''നിങ്ങളുടെ പാണ്ഡിത്യവും പരിചയവും ആലോചിക്കുമ്പോൾ, ഇത്തരമൊരു പരീക്ഷതന്നെ നിങ്ങളുടെ കാര്യത്തിൽ ആവശ്യമില്ലാത്തതാണ്. എങ്കിലും നിങ്ങളെമാത്രം പരീക്ഷ കൂടാതെ തിരഞ്ഞെടുത്താൽ അതൊരു പക്ഷഭേദമാകുമല്ലോ എന്നു കരുതിമാത്രം ഞാൻ ചില ചോദ്യങ്ങൾ ചോദിക്കുന്നുവെന്നേയുള്ളൂ. ഏതു കഠിനചോദ്യത്തിനും നിങ്ങൾ ഉത്തരം പറയുമെന്ന കാര്യത്തിൽ സംശയമില്ലാത്തതുകൊണ്ട് അവയൊന്നും ഞാൻ ചോദിക്കുന്നില്ല. ഒന്നു രണ്ടു ലളിതമായ ചോദ്യങ്ങൾമാത്രം പേരിനു ചോദിച്ചേയ്ക്കാം''.

എന്നിട്ടു രാജാവ് ഇങ്ങനെ ചോദിച്ചു: ''കത്തിക്കൊണ്ടിരിക്കുന്ന ഒരു മെഴുകുതിരി അണയ്ക്കുമ്പോൾ അതുവരെയും അവിടെ ഉണ്ടായിരുന്ന പ്രകാശം എവിടെപ്പോയി ഒളിക്കുന്നു?'' പണ്ഡിതൻ ആകെ അന്ധാ

ളിച്ചുപോയി. ഇതിനു താൻ വല്ല ഉത്തരവും പറഞ്ഞാൽ, ഇതിൻെറ ശരിയായ ഉത്തരം അറിയാവുന്നവർ വല്ലവരും ഈ സദസ്സിൽ ഉണ്ടായിരിക്കുകയും അവർ തന്നെ പരസ്യമായി തിരുത്തുകയും ചെയ്താൽ സംഗതി ആകെ മോശമാകുമല്ലോ എന്നു കരുതി അയാറം മിണ്ടാതിരുന്നു.

അപ്പോറം രാജാവു രണ്ടാമത്തെ ചോദ്യം ചോദിച്ചു ''ഒരു മൈന പാടിക്കൊണ്ടിരിക്കുമ്പോറം മുറിക്കകെത്താകെ ശബ്ദമുണ്ടാകുന്നു. അതു പാട്ടു നിറുത്തുമ്പോറം, മുറിക്കകത്തുണ്ടായിരുന്ന ശബ്ദം എവിടെപ്പോയി ഒളിക്കുന്നു?'' പെട്ടെന്ന് ആലോചിച്ചിട്ട് ഇതിനും ഒരുത്തരം പണ്ഡിതനു തൻെറ മനസ്സിൽ തോന്നിയില്ല. വല്ല വിഡ്ഢിത്തവും വിളിച്ചു പറഞ്ഞു മററുള്ളവരുടെ മുമ്പിൽ ഭോഷനാകേണ്ടാ എന്നു കരതി അപ്പോഴും അയാറം മിണ്ടാതിരുന്നു.

അപ്പോറം രാജാവു സദസ്യരോടായി ഇങ്ങനെ പറഞ്ഞു: ''ഇയാളെക്കഴിഞ്ഞു മററൊരു പണ്ഡിതനില്ല എന്നു പറഞ്ഞുകൊണ്ടു നടക്കുന്ന നമ്മുടെ വിദൂഷകന് ഇത്രയും ലളിതമായ രണ്ടു ചോദ്യങ്ങറംക്ക് ഉത്തരം പറയാൻ സാധിച്ചിട്ടില്ല. പരീക്ഷ നടത്തിയ നിലയ്ക്ക് ആളെ നോക്കാതെ, ഉത്തരങ്ങളുടെ അടിസ്ഥാനത്തിൽമാത്രമേ മാർക്കിടാൻ നിവൃത്തിയുള്ളുവല്ലോ. അതിനാൽ ഈ പരീക്ഷയിൽ നമ്മുടെ വിദൂഷകൻ തോററുപോയിരിക്കുന്നതായി നിങ്ങളെ അറിയിക്കേണ്ടിവന്നതിൽ എനിക്ക് അതിയായ ഖേദമുണ്ട്. അതുകൊണ്ട് ഇയാളെക്കൂടാതെ, ഇക്കൊല്ലത്തെ വിദ്വത്സദസ്സു നാം പറഞ്ഞിരിക്കുന്ന തിയതിയിൽ തന്നെ നടത്തുന്നതായിരിക്കും.''

അവിടെ വന്ന മററു പണ്ഡിതന്മാരുടെ മുമ്പിൽ അയാറം അങ്ങനെ അപമാനിതനും പരിഹാസ്യനുമായിത്തീർന്നു. മാത്രമല്ല, ഇത്ര വലിയൊരു വിദ്വത്സദസ്സു നടക്കുമ്പോറം അതിൽ പങ്കെടുക്കാൻ

സാധിക്കാതെ പുറമേ നില്ക്കേണ്ടിവരുമല്ലോ എന്ന അപമാനഭാരം ഓർത്ത് അയാരം അതിനുമുമ്പേതന്നെ അവിടെനിന്നു വേഗം സ്ഥലം വിടുകയും ചെയ്തു.

അഹങ്കാരം ഒരുവനെ അപഹാസത്തിനു പാത്രമാക്കും.

## 38 സന്ന്യാസിയും മീൻകറിയും

ഒരിടത്തു വൃദ്ധനും അന്ധനുമായ ഒരു സന്ന്യാസിയുണ്ടായിരുന്നു. മററു സന്ന്യാസികളാരും ഇയാളെ അത്ര കാര്യമായി കണക്കാക്കിയിരുന്നില്ല. അന്ധതയും പ്രായാധിക്യവും നിമിത്തം ഇയാരം എന്നും താമസിച്ചേ ഭക്ഷണശാലയിലെത്തുകയുള്ളൂ. അപ്പോഴേയ്ക്കും മററു സന്ന്യാസികരം ഭക്ഷണം കഴിഞ്ഞു ഭക്ഷണശാല വിട്ടുപോയ്ക്കഴിഞ്ഞിരിക്കും. ഇയാരംക്കുള്ള ഭക്ഷണം മേശയിൽ ഏററവും അവസാനത്തെ ഇരുപ്പിടത്തിനുമുമ്പിൽ വിളമ്പിവെച്ചിട്ടുണ്ടാകും. വൃദ്ധനായ ഈ സന്ന്യാസി ആരുടെയും സഹായം കൂടാതെതന്നെ തപ്പിത്തപ്പി നടന്നുവന്ന്, തൻെറ സ്ഥലത്തിരുന്നു ഭക്ഷണം കഴിച്ചുപോകും. ഭക്ഷണശാലയിൽ മീൻകറി വരുന്ന ദിവസം വെറും പൊടിമീൻ മാത്രമേ ഇയാളുടെ പാത്രത്തിൽ കാണൂ. വലിയ മത്സ്യമൊക്കെ ആദ്യമിരിക്കുന്നവരുടെ പാത്രങ്ങളിൽ വിളമ്പുകാരൻ വിളമ്പിവെയ്ക്കും.

ഒരു ദിവസം നമ്മുടെ ഈ സന്ന്യാസി ഭക്ഷണം കഴിക്കുന്ന നേരത്ത് അവിടത്തെ ആശ്രമാധിപൻ യദൃച്ഛയാ അവിടെ കടന്നുചെല്ലാനിടയായി. അപ്പോരം കണ്ട കാഴ്ച അദ്ദേഹത്തെ വളരെ അദ്ഭുതപ്പെടുത്തി. തൻെറ പാത്രത്തിൽ വിളമ്പിവെച്ചിരുന്ന മുള്ളാണി

വലിപ്പത്തിലുള്ള ഓരോ ചെറിയ മത്സ്യത്തേയും ഈ സന്ന്യാസി ആദ്യം കയ്യിലെടുത്തു തൻെറ വായ്ക്കു നേരെഉയർത്തിപ്പിടിച്ചുകൊണ്ട് അതിനോടു കുറെ നേരം എന്തൊക്കെയോ സംസാരിക്കും. പിന്നീട് അതിനെ ചെവിയിൽക്കൊണ്ടുപോയി വേഗത്തിൽ ഒന്നു മുട്ടിച്ചശേഷം തിരികെ വായ്ക്കകത്തിട്ടു ഭക്ഷിക്കും. ഇദ്ദേഹം എന്താണ് ഇങ്ങനെ ഈ പൊടി മീനും കയ്യിൽപ്പിടിച്ചു പറഞ്ഞുകൊണ്ടിരിക്കുന്നത് എന്നറിയാനായി, ആശ്രമാധിപൻ ആ സന്ന്യാസിയുടെ അരികെച്ചെന്നുനിന്നു ശ്രദ്ധിച്ചു. അപ്പോഴാണ് മനസ്സിലായി, ഓരോ മത്സ്യത്തേയും എടുത്തു വായ്ക്കു നേരെ പിടിക്കുകയും ചെവിയിൽ കൊണ്ടുപോയി തൊടുവിക്കുകയും ചെയ്യുന്നതിനിടയ്ക്കു വൃദ്ധനും അന്ധനുമായ ആ സന്ന്യാസി അവയോടു പറഞ്ഞിരുന്നത് ഇപ്രകാരമായിരുന്നു എന്ന്: ''എൻെറ കുട്ടാ, നാളെ വരുമ്പോൾ അപ്പനോടും അമ്മയോടും ഒന്ന് ഇവിടംവരെ വരാൻ പറയണം; വന്നാൽത്തന്നെ പോരാ, ഈ കണ്ണില്ലാത്ത എന്നെക്കൂടി ഒന്നു വന്നു കണ്ടിട്ടു പോകാൻ പറയണം. ഞാൻ പറഞ്ഞതു കേട്ടില്ലേ? എന്നാൽ ഇപ്പോ പൊയ്ക്കോ!''

ഇതുകേട്ടപ്പോൾ ആശ്രമശ്രേഷ്ഠനു കാര്യം മനസ്സിലായി. അദ്ദേഹം വിളമ്പുകാരനെ വിളിച്ച്, അന്ധനും വൃദ്ധനുമായ ആ സന്ന്യാസിക്ക് എന്നും വലിയ മീൻകഷണങ്ങൾതന്നെ വിളമ്പിവെയ്ക്കുന്നതിനുള്ള ഏർപ്പാടുചെയ്തു.

അബലന്മാരെ അനാദരിക്കരുത്.

## 39. രാജഭൃത്യൻെറ കൃതി

ഒരിടത്ത് ഒരു രാജഭൃത്യനുണ്ടായിരുന്നു. അദ്ദേഹത്തിൻെറ തലച്ചോറിനുപകരം ചകിരിച്ചോറാണെന്നാണ് കൂടെയുള്ളവർ പറയുക. തന്മൂലം അദ്ദേഹത്തോട് എന്തെങ്കിലും കാര്യം പറഞ്ഞാൽ, പറഞ്ഞ കാര്യം ചെയ്യുന്നതിനു പകരം തൻെറ 'കൂർമ്മബുദ്ധി' ഉപയോഗിച്ചു വേറെ എന്തെങ്കിലും ആലോചിച്ചുണ്ടാക്കി ചെയ്യുകയായിരുന്നു അദ്ദേഹത്തിൻെറ പതിവ്.

ഒരിക്കൽ കൊട്ടാരംവക ഗ്രന്ഥശാലയിലെ പുസ്തകങ്ങളെല്ലാം പൊടിതട്ടിക്കളഞ്ഞ് അടുക്കിവെയ്ക്കുവാൻ രാജാവു അദ്ദേഹത്തോടു കല്പിച്ചു. അദ്ദേഹം ഒരു പുസ്തകം തുറന്നു നോക്കിയപ്പോൾ ഒരു പുഴു അതിലെ കടലാസ്സുകൾക്കുള്ളിലൂടെ തുളച്ച് കടന്നുപോയിരിക്കുന്നതുമൂലം അതിലുണ്ടായിരിക്കുന്ന ഒരു ദ്വാരം കണ്ടു ഒരു കാര്യം കണ്ടാൽ അതിൻെറ മൂലം കണ്ടുപിടിക്കണം എന്നു പറഞ്ഞ്, ആ ദ്വാരത്തിൻെറ തുടക്കമന്വേഷിച്ച് അയാൾ ആ പുസ്തകത്തിൻെറ ഓരോ പേജും മറിക്കുവാൻ തുടങ്ങി. ഓരോ പേജും കഴിയുംതോറും ദ്വാരം ചെറുതായി ചെറുതായി വരുന്നതും അവസാനം ദ്വാരം തന്നെ ഇല്ലാതായിരിക്കുന്നതും കണ്ടപ്പോൾ, 'ഇതിൻെറ മൂലം ഈ പുസ്തകത്തിലായിരിക്കാൻ നിവൃത്തിയില്ല. അടുത്ത പുസ്തകത്തിലായിരിക്കണം' എന്നു പറഞ്ഞ് അടുത്ത പുസ്തകമെടുത്ത് അതിൻെറ പേജുകൾ മറിക്കുവാൻ തുടങ്ങി. ഇങ്ങനെ ചെയ്തുചെയ്ത് ഒരു ദിവസംകൊണ്ട് അവിടെയുള്ള എല്ലാ പുസ്തകങ്ങളുടെയും പേജുകൾ മറിച്ചു തീർത്തു. അവസാനം പുസ്തകത്തിലെ പൊടിതട്ടലും അടുക്കിവെയ്ക്കലും മാത്രം നടന്നില്ല. അതേപററി ചോദിച്ചപ്പോൾ അയാൾ പറഞ്ഞത് പുസ്തകങ്ങൾ പൊടിതട്ടി വൃത്തിയാക്കുന്നതിനേക്കാൾ പതിന്മടങ്ങ് പ്രധാനമാണ്, അവ വൃത്തികേടാകുന്നതിനുള്ള മൂലകാരണം കണ്ടുപിടിച്ച് അതു പരിഹരിക്കുക എന്നത്.

ഇദ്ദേഹത്തിന് ഇങ്ങനെയൊരു സ്വഭാവം കിട്ടുന്നതിനും ഒരു കാരണമുണ്ടായിരുന്നു. ചെറുപ്പകാലത്ത് ഇദ്ദേഹത്തെ പഠിപ്പിച്ചിരുന്ന ഗുരു മഹാനിഷ്ഠക്കാരനും നിർബന്ധബുദ്ധിയുമായിരുന്നു. ഏതെങ്കിലുമൊരു കാര്യം ചെയ്യുമ്പോൾ അതു സമൂലമായിത്തന്നെ ചെയ്യണമെന്ന ആശയം അദ്ദേഹം തൻെറ ശിഷ്യന്മാരിൽ ദൃഢമായി പതിച്ചുറപ്പിച്ചിരുന്നു. അദ്ദേഹം തൻെറ വിദ്യാർത്ഥികൾക്കു കൊടുത്തിരുന്ന ചില അഭ്യാസങ്ങൾ അത്യന്തം രസപ്രദമായിരുന്നു. ഓരോരുത്തനും അടുത്തിരിക്കുന്നവൻെറ തലയിൽ എത്ര തലമുടി ഉണ്ടെന്നു കൃത്യമായി എണ്ണിപ്പറയണം. എണ്ണിക്കഴിയുമ്പോൾ ഉത്തരം ശരിയാണോ എന്ന് ഗുരുതന്നെ വീണ്ടും ഓരോരുത്തൻെറയും തലമുടി എണ്ണി ഒത്തുനോക്കും. തെററായ ഉത്തരം പറഞ്ഞവൻ അത്രയും തലമുടിനാരു സ്വന്തം തലയിൽനിന്ന് വലിച്ചെടുത്തു മററയാൾക്കു കൊടുക്കണം. ഇങ്ങനെ ചെയ്യേണ്ടിവന്നതുമൂലം തലയിൽ ഒരു മുടിപോലുമില്ലാതെ ആകെ കഷണ്ടിയായിത്തീർന്ന പല ശിഷ്യന്മാരും അക്കാലത്ത് അദ്ദേഹത്തിൻെറ കീഴിലുണ്ടായിരുന്നുവത്രേ! ഏതായാലും ഇത്തരത്തിലുള്ള ശിക്ഷണംമൂലം, മനസ്സിലുദിക്കുന്ന കൗതുകകരമായ ആശയങ്ങൾ നിർബന്ധബുദ്ധിയോടെ സമൂലം നടപ്പിലാക്കുക എന്ന ശീലം നമ്മുടെ രാജഭൃത്യനിലും ഉറയ്ക്കാനിടവന്നു. ചൊട്ടയിലെ ശീലം ചുടലവരെ എന്നുണ്ടല്ലോ.

## 40 സ്വർഗ്ഗത്തിലേയ്ക്ക് ഉയർന്ന സന്ന്യാസി

ഒരു സന്ന്യാസി പ്രാർത്ഥനാജീവിതത്തിൽ അത്യധികമായ പുരോഗതി പ്രാപിച്ചിരുന്നു. അതോടെ കുറേശ്ശെ അഹന്തയും അയാളിൽ കയറിപ്പററുവാൻ തുടങ്ങി. പ്രാർത്ഥനയിലുള്ള തൻെറ പുരോഗതി പരിഗണിക്കുമ്പോൾ, പ്രാർത്ഥനാവേളയിൽ താൻ ഭൂമി

വിട്ടു സ്വർഗ്ഗത്തിലേയ്ക്ക് ഉയരേണ്ട നിലയിൽത്തന്നെ എത്തിയിട്ടുണ്ടെന്നായിരുന്നു അയാളുടെ വിചാരം. തന്നെ എളിമയിൽ നിലനിറുത്തുന്നതിനുവേണ്ടി ദൈവം ഇത് അനുവദിക്കാത്തതാണെന്നാണ് അയാരം പുറമെ പറഞ്ഞിരുന്നത്. എങ്കിലും, അകമേ, ഈ അനുഗ്രഹത്തിനായി അയാരം നിത്യേന ഉള്ളുരുകി പ്രാർത്ഥിക്കുകയും ചെയ്തിരുന്നു. താൻ എന്നെങ്കിലും പ്രാർത്ഥനയിൽ നിലം വിട്ടു സ്വർഗ്ഗത്തിലേയ്ക്ക് ഉയർന്നുപോകുന്നതായി കണ്ടാൽ അതേപ്പററി പരിഭ്രമിക്കരുതെന്നും പ്രാർത്ഥനാജീവിതത്തിൽ താൻ എത്തിയിട്ടുള്ള ഔന്നത്യത്തിൽ എത്തിച്ചേർന്നാൽ ഇത്തരം പ്രതിഭാസങ്ങളൊക്കെ തീർത്തും സ്വാഭാവികമാണെന്നും അദ്ദേഹം സഹസന്ന്യാസികരംക്കു നേരത്തെതന്നെ മുന്നറിയിപ്പു കൊടുക്കുകയും ചെയ്തിരുന്നു.

ഇദ്ദേഹത്തിൻെറ വിടാതെയുള്ള നിർബന്ധം ഒരു ശല്യമായിത്തീർന്നപ്പോരം, 'എങ്കിൽ അദ്ദേഹത്തിൻെറ ആഗ്രഹം പോലെതന്നെ ആയിക്കൊള്ളട്ടെ' എന്നു ദൈവവും വിചാരിച്ചു. ഒരു ദിവസം രാത്രി പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോരം, പെട്ടെന്ന് അദ്ദേഹം മേല്പോട്ടു പൊങ്ങി മച്ചിൽ തൂക്കിയിട്ടിരുന്ന വിളക്കിൽച്ചെന്നു മുട്ടി, ജട അതിന്മേലുടക്കി, കൈകാലുകരം താഴേയ്ക്കാക്കി നേരേ അതിൽ തൂങ്ങിക്കിടന്നു. സ്വരം കേട്ട് അടുത്ത മുറിയിൽനിന്നു മററു സന്ന്യാസികളെല്ലാവരും ഓടിക്കൂടി. എന്നാൽ അതിനു മുമ്പേതന്നെ വിളക്കു മറിഞ്ഞു മണ്ണെണ്ണ മുഴുവൻ ജടയിൽ വീഴുകയും ജട കത്തി, ആരം മേലോട്ടുപോയതു പോലെതന്നെ നേരേ കീഴോട്ടു പോരുകയും ചെയ്തിരുന്നു. ശക്തിയായ തീപ്പൊള്ളലേററതിനാൽ അദ്ദേഹത്തിൻെറ തല മുഴുവനും കഷണ്ടിയായിപ്പോയി. പിന്നീട് ആ ആശ്രമത്തിൽ വന്നിരുന്നവരെല്ലാം 'എന്തേ ഇവിടെ ഒരു സന്ന്യാസിക്കുമാത്രം ജടയില്ലാത്തത്?' എന്ന് ഒന്നൊഴിയാതെ ചോദിക്കുമായിരുന്നു. അവരോടെല്ലാം തൻെറ പ്രാർത്ഥനാജീവിതത്തിലുള്ള പുരോഗതിയും സ്വർഗ്ഗത്തിലേയ്ക്കുള്ള പൊങ്ങിപ്പോകലിനേയും പററി

പറഞ്ഞുകേൾപ്പിക്കേണ്ട ഗതികേടിൽനിന്നു അതിൽപ്പിന്നെ മരണംവരെ അയാൾക്കു മോചനം കിട്ടുകയുണ്ടായിട്ടില്ല.

അത്യാഗ്രഹം അപകടമുണ്ടാക്കും.

## 41. ഒററമണിയുളള ജപമാല

ഒരിടത്തു കുറെ സന്ന്യാസികൾ ഇരുന്നു നാമം ജപിക്കുകയായിരുന്നു. നാമജപത്തിനായി ഉപയോഗിക്കേണ്ട ജപമാലയ്ക്കു നൂറെറാന്നു മണികൾ ഉണ്ടായിരിക്കണം എന്നായിരുന്നു നിയമം. എന്നാൽ ഒരു സന്ന്യാസിമാത്രം അതൊരു അനാവശ്യമായ നിശ്ചയമാണെന്നു കരുതി, ഒരു മണിമാത്രമുളള ഒരു ജപമാല കൊണ്ടത്രേ നാമം ജപിച്ചിരുന്നത്. നാമജപത്തിൻെറ സമയം മുഴുവനും അയാൾ ഒരേ മണിതന്നെ തുടർച്ചയായി വിരലുകൾകൊണ്ട് ഉരുട്ടിയിരുന്നു.

എല്ലാ വർഷവും ഒരു പ്രത്യേകമാസത്തിൽ സന്ന്യാസികൾ ഒരു പുണ്യസ്ഥലത്തു ചെന്നിരുന്നു മുഹൂർത്തം നോക്കി നാമം ജപിക്കുന്ന പതിവുണ്ടായിരുന്നു. ആ സമയത്തെ അവിടത്തെ നാമജപത്തിനു മറെറങ്ങും ഇല്ലാത്തവിധം പ്രത്യേകമായ ഫലസിദ്ധി ഉണ്ടെന്നായിരുന്നു എല്ലാവരുടേയും വിശ്വാസം. പലർക്കും അതിന് അനുഭവമുണ്ട്. അതിനാൽ നാമജപത്തിനുവേണ്ടി ദൂരദേശങ്ങളിൽനിന്നുപോലും ആ സമയത്ത് അവിടെ സന്ന്യാസികൾ ധാരാളമായി വന്നുകൂടുമായിരുന്നു.

എല്ലാ ദിവസവും സന്ന്യാസികൾ, നൂറെറാന്നു മണിയുളള ജപമാല ഉപയോഗിച്ചു നൂറെറാന്നു പ്രാവശ്യം നാമജപം നടത്തണമെന്നാണ് ആചാരം: അങ്ങനെ പത്തു ദിവസം മുടങ്ങാതെ നടത്തുകയും വേണം. ഒരു

ജപമാല ഒരിക്കൽമാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ. അതിനാൽ പത്തു ദിവസത്തെ നാമജപം കഴിഞ്ഞു സന്ന്യാസികൾ തിരിച്ചുപോകുമ്പോൾ ഓരോരുത്തരും ഇരുന്നിരുന്ന സ്ഥലത്ത് 1010 ജപമാലവീതം കിടക്കുമായിരുന്നു. ഭക്തജനങ്ങൾ വന്ന് അവ എടുത്തുകൊണ്ടു പോയി വളരെ കാര്യമായി തങ്ങളുടെ വീടുകളിൽ സൂക്ഷിക്കുകയും പതിവായിരുന്നു. ഭൂതപ്രേതാദികളുടെ ഉപദ്രവങ്ങൾക്കെതിരെ ഈ ജപമാലകൾക്കു വിശേഷാലുള്ളൊരു ശക്തിയും ഉണ്ടായിരുന്നു.

എന്നാൽ മേല്പറഞ്ഞ ഒരു സന്ന്യാസിമാത്രം ഇതൊക്കെ അനാവശ്യമായ മാമൂലുകളാണെന്നു പറഞ്ഞ്, തൻെറ ഒരു മണിമാത്രമുള്ള കൊന്തകൊണ്ടു നാമജപം നടത്തുകയും അവസാനം, നാമജപം കഴിഞ്ഞു സ്വന്തം ആശ്രമത്തിലേയ്ക്കു തിരികെപ്പോകുമ്പോൾ മററുള്ളവർ ചെയ്തിരുന്നതുപോലെ തൻെറ ജപമാല അവിടെ ഇട്ടിട്ടുപോകാതെ, എന്നും അതു കൂടെ കൊണ്ടുപോകുകയും പതിവായിരുന്നു.

ഇങ്ങനെ പത്തു വർഷകാലത്തേയ്ക്ക് ആ സന്ന്യാസി തൻേറതായ പ്രത്യേകതകളോടുകൂടി നാമജപം നടത്തി; അവസാനം അയാൾ മരിച്ചു സ്വർഗ്ഗത്തിലെത്തി. അവിടെ ചെന്നയുടനെ ഒരു ദൈവദൂതൻ അയാളുടെ സുകൃതങ്ങളുടെ കണക്ക് എഴുതിവെച്ചിരുന്ന ഒരു പുസ്തകം തുറന്ന് അയാളെ വായിച്ചു കേൾപ്പിച്ചു. പല സുകൃതങ്ങളുടെയും കാര്യത്തിൽ മററു പലരേയും അപേക്ഷിച്ചു വളരെ കുറവായേ അയാളുടെ പേരിൽ വരവു വെച്ചിരുന്നതായി കണ്ടുള്ളൂ എങ്കിലും നാമജപത്തിൻെറ കണക്കു വരുമ്പോൾ മററു സുകൃതങ്ങളിലുള്ള കുറവ് അതിൽ നികന്നു കൊള്ളും എന്നയാൾ വിചാരിച്ചു. പക്ഷേ അതു നോക്കിയപ്പോൾ, കഴിഞ്ഞ പത്തു കൊല്ലങ്ങളിലായി ആകെ പത്തു നാമജപംമാത്രമേ അയാളുടെ പേരിൽ അവിടെ വരവു വെച്ചിട്ടുള്ളതായി കണ്ടുള്ളൂ! ഇതു കണക്കിൽ പിശകു വന്നതാകണം എന്ന് അയാൾ പറഞ്ഞതിനാൽ, കണക്കെഴുതാൻ ഏല്

പിച്ചിരുന്ന ദൈവദൂതനെ വരുത്തി, കാര്യം തിരക്കി. അപ്പോഠം അയാഠം പറഞ്ഞു: ''മററു സന്ന്യാസികഠം എല്ലാവരുടേയും കണക്ക് ഇവിടെ കൃത്യമായി യഥാസമയം കിട്ടിയിരുന്നു. നൂററൊന്നു മണിയുള്ള കൊന്ത ഉപയോഗിച്ചു ദിവസം നൂററൊന്നു പ്രാവശ്യം. അപ്പോഠം 10, 201 നാമജപം. അങ്ങനെ പത്തു ദിവസമാകുമ്പോഠം 10,2010. അതു ഇവിടെ കൃത്യമായി എഴുതിയിട്ടുണ്ട്. എന്നാൽ ഇയാളാകട്ടെ, ഒരു മണിമാത്രമുള്ള ഒരു കൊന്തകൊണ്ടു പത്തു ദിവസവും ഒരേ മണിയിൽത്തന്നെ ഉരുട്ടിയിരിക്കുന്നതായേ കണ്ടുള്ളൂ. എത്ര പ്രാവശ്യം നാമജപം ചൊല്ലി എന്നു തിട്ടപ്പെടുത്താൻ അതുകൊണ്ടാവില്ലല്ലോ. മാത്രമല്ല, വിരലുകഠം എപ്പോഴും ഒരേ മണിയിൽത്തന്നെ നിന്നിരുന്നതിനാൽ, എണ്ണമറിയുന്നതിനുള്ള ഇവിടത്തെ യന്ത്രത്തിൻെറ സൂചിയും അനങ്ങാതെ നിന്നിടത്തുതന്നെ നില്ക്കുകയായിരുന്നു. പിന്നെ പത്തു ദിവസം ചൊല്ലിയതല്ലേ എന്നു കരുതിമാത്രം ഇയാളുടെ പേരിൽ പത്തെണ്ണം വരവു വെച്ചതാണ്. മാത്രമല്ല, ഇയാഠം മററുള്ളവർക്കായി തൻെറ ജപമാല അവിടെ ഇട്ടുപോകാതിരുന്നതിനാൽ അവരോടു തിരക്കി കാര്യമറിയാമെന്നുവെച്ചാൽ അതിനും നിർവ്വാഹമില്ലായിരുന്നു. ഇനി ഇയാഠം ശരിയായ രേഖ ഹാജരാക്കാതെ ഇവിടെ എഴുതിയിരിക്കുന്ന കണക്കിൽ യാതൊരുവിധവ്യത്യാസം വരുത്താനും നിവൃത്തിയില്ല.''

സന്ന്യാസിയാകട്ടെ, രേഖയായി ഒന്നും കാണിക്കുവാൻ തൻെറ പക്കൽ ഇല്ലാതിരുന്നതുകൊണ്ട് സ്വർഗ്ഗത്തിൽ കിട്ടിയ താഴ്ന്ന സ്ഥലംകൊണ്ടുതന്നെ തൃപ്തിപ്പെട്ട് അവിടെ കഴിഞ്ഞുകൂടി.

ആചാരങ്ങളെ അന്ധമായി അനാദരിക്കരുത്.

## 42. സന്ന്യാസിയുടെ ഉറക്കം

ഒരിടത്ത് ഒരാശ്രമത്തിൽ മഹാ ഉറക്കക്കാരനായ ഒരു സന്ന്യാസി ഉണ്ടായിരുന്നു. പ്രാർത്ഥിക്കുമ്പോൾ മാത്രമല്ല, നടക്കുമ്പോഴും ഇരിക്കുമ്പോഴും (എന്നല്ല, കുളത്തിലിറങ്ങി കുളിക്കുമ്പോൾപ്പോലും) അയാൾ അറിയാതെ താനെ ഉറങ്ങിപ്പോകുമായിരുന്നു. ഇതിൽ നിന്നു മോചനം പ്രാപിക്കാൻ തന്നാൽ കഴിവുള്ള എല്ലാ മാർഗ്ഗങ്ങളും അനേകം വർഷങ്ങളായി നോക്കിയിട്ടും യാതൊരു ഫലവുമുണ്ടായില്ല. ചുരുങ്ങിയ പക്ഷം പ്രാർത്ഥിക്കുന്ന സമയത്തെങ്കിലും ഉറങ്ങിപ്പോകാതിരിക്കാനുള്ള ആഗ്രഹംകൊണ്ട് അതെങ്കിലും സാധിക്കുന്നതിനുള്ള വഴികൾ അന്വേഷിച്ചന്വേഷിച്ച് അയാൾ മടുത്തു. അവസാനം ആകസ്മികമായി ഒരു വനവാസിയെ കണ്ടുമുട്ടാനിടയായപ്പോൾ, എന്തെങ്കിലും വഴി പറഞ്ഞുതരുമെന്ന പ്രതീക്ഷയോടെ അദ്ദേഹത്തോട് അയാൾ തൻെറ ആഗ്രഹം അറിയിച്ചു. പ്രാർത്ഥനയുടെ നേരത്ത് ഉറക്കം വരാതെ കഴിക്കുന്നതിനായി എന്തു ത്യാഗവും അനുഷ്ഠിക്കാൻ മനസ്സുണ്ടോ എന്നു വനവാസി ചോദിച്ചതിന്, ഉണ്ടെന്നുതന്നെ അയാൾ ഉറപ്പിച്ചു മറുപടി പറഞ്ഞു.

അപ്പോൾ വനവാസി ഇങ്ങനെ പറഞ്ഞു: ''പ്രാർത്ഥിക്കുവാനായി ഇരിക്കുന്ന സ്ഥലത്തെ മച്ചിനുമുകളിൽ ഒരു ഉറി തൂക്കിയിട്ട് അതിൽ ഒരു കുടം നിറയെ വെള്ളം വെച്ചിരിക്കണം. കുടത്തിൻെറ മൂട്ടിൽ കൃത്യം നടുവിലായി ഒരു ചെറിയ ദ്വാരവും തുളച്ചിരിക്കണം. എന്നിട്ട് ആ കുടത്തിനു താഴെ പത്മാസനത്തിലിരുന്നു കണ്ണടച്ചു ധ്യാനിക്കുക.''

അയാൾ വനവാസി പറഞ്ഞതുപോലെതന്നെ ചെയ്തു. പ്രാർത്ഥിക്കുന്ന നേരം മുഴുവനും ഓരോ തുള്ളിവെള്ളം അയാളുടെ ശിരസ്സിൽ ഇററിററായി വീണുകൊണ്ടിരിക്കും. ഇങ്ങനെ ചെയ്തുതുടങ്ങിയതിൽപ്പിന്നെ അയാൾക്കു പ്രാർത്ഥനയുടെ സമയത്ത് ഒട്ടും

ഉറക്കം വരാതായി. മാത്രമല്ല, നിരന്തരമായ അഭ്യാസം കൊണ്ടു വെള്ളം തലയിൽ ഇററിററു വീഴുന്നതുപോലും അയാഠം അറിയാതായിത്തുടങ്ങി. അങ്ങനെ വെള്ളത്തുള്ളികഠം തലയിൽ വീഴുന്നതു മൂലം ആദ്യമൊക്കെ പ്രാർത്ഥനയിൽ ഉണ്ടായിരുന്ന ബോധപ്പകർച്ചപോലും കാലാന്തരം കൊണ്ട് ഇല്ലാതായിത്തീരുകയും ചെയ്തു.

പക്ഷേ ഇങ്ങനെ ഉറക്കത്തെ ജയിച്ചുകഴിഞ്ഞപ്പോഠം പ്രശ്നം നേരെ തിരിച്ചായി. ഇപ്പോഠം തനിക്ക് ഒരിക്കലും ഒട്ടുംതന്നെ ഉറങ്ങാൻ പററുന്നില്ലെന്നതായി അയാളുടെ പുതിയ പ്രശ്നം. രാത്രി ഉറങ്ങാൻ കിടന്നാൽപ്പോലും ഉറക്കം വരാതെ മറിഞ്ഞും തിരിഞ്ഞും കിടന്ന് ഒരുവിധം നേരം വെളുപ്പിക്കുമെന്നേയുള്ളൂ. ഇതിനു പററിയ പ്രതിവിധി ആരാഞ്ഞ് അയാഠം വീണ്ടും പഴയ വനവാസിയുടെ പക്കൽച്ചെന്നു. അപ്പോഠം അയാഠം പറഞ്ഞു: ''ഈ ലോകത്തിൽ ഒരു കാര്യവും ബുദ്ധിമുട്ടുള്ളതല്ല, നടത്താനുദ്ദേശിക്കുന്ന കാര്യം സാധിക്കാനായി ഏതു ത്യാഗവും വരിക്കാനുള്ള സന്നദ്ധതയുണ്ടെങ്കിൽ, നിങ്ങഠം ഒരു പണിചെയ്യണം. ഒരു ചെമ്പുകുട്ടകം നിറയെ നന്നായി തണുത്ത പച്ചവെള്ളമൊഴിച്ച്, അതിൽ കയറി ഒരു വടിയുടെപോലും ആലംബമില്ലാതെ രാത്രി മുഴുവനും നേരേ നിന്നുകൊള്ളുക. നിങ്ങഠംക്ക് ഉറക്കം കിട്ടാതെ വരില്ല—തീർച്ചയാണ്.''

വനവാസി പറഞ്ഞതുപോലെതന്നെ അദ്ദേഹം ചെയ്യുകയും അന്നുമുതൽ ആവശ്യത്തിനുള്ള ഉറക്കം സുഖമായി അദ്ദേഹത്തിനു രാത്രിയിൽ കിട്ടിവരികയും ചെയ്തു.

മനസ്സുണ്ടെങ്കിൽ ഏതുകാര്യത്തിനും വഴിയുണ്ട്.

## 43. സന്ന്യാസികളുടെ സായാഹ്നസവാരി

ഒരിക്കൽ രണ്ടു സന്ന്യാസികാംകൂടി എന്നും പതിവായിരുന്നതുപോലെ സായാഹ്നസവാരിക്ക് ഇറങ്ങി. അവർ നടന്നുനടന്ന് അവസാനം അതിമനോഹരവും വർണ്ണനാതീതവുമായ ഒരു പുഷ്പപ്രപഞ്ചത്തിലെത്തി. ചോദിച്ചപ്പോാം അതു സ്വർഗ്ഗലോകത്തിൻെറ പ്രാന്തപ്രദേശമാണെന്നു മനസ്സിലായി. അവിടെയുള്ളനയനാഭിരാമങ്ങളായ ഓരോരോ കാഴ്ചകാം കണ്ടു നടന്നതിനിടയ്ക്കു സമയം പോയതേ അവർ അറിഞ്ഞില്ല. ഒരിടത്തു നോക്കുമ്പോാം മറെറാരിടം കൂടുതൽ മനോഹരമായിത്തോന്നും. അവിടെ ചെല്ലുമ്പോാം വേറൊരിടം അതിനേക്കാാം രമണീയമായിക്കാണും. ഒടുവിൽ, 'എല്ലാം അത്യന്തമനോഹരംതന്നെ; ഏതാണ് കൂടുതൽ സമാകർഷകമെന്നു പറയാനേ പററില്ല' എന്നു തോന്നിയതിനാൽ, അവർ എല്ലായിടവും വേഗത്തിലാണെങ്കിലും ആകെപ്പാടെ ഒന്നു ചുററി നടന്നു കണ്ടു. അതിനിടയിൽ അവർക്കൊരു വിചാരം വന്നു: നാം ആശ്രമത്തിൽനിന്നു പോന്നിട്ട് ഒന്നുരണ്ടു മണിക്കൂറുകളായിക്കാണുമല്ലോ. ഇനി വേഗം തിരിച്ചു നടന്നെങ്കിലേ അവിടെ കൃത്യസമയത്തിനെത്താൻ പററുകയുള്ളൂ.

എന്നു കരുതി അവർ അതിവേഗംതന്നെ ആശ്രമത്തിലേയ്ക്കു തിരിച്ചുനടന്നു. സ്വർഗ്ഗീയപ്രപഞ്ചം കണ്ടതിൻെറ സുന്ദരസ്മരണകാം അപ്പോഴും മനസ്സിൽ മങ്ങാതെ നിന്നിരുന്നതുകൊണ്ടു യാത്രയുടെ ക്ഷീണമൊന്നുമറിയാതെ അവർ അതിവേഗം ആശ്രമത്തിൽ തിരിച്ചെത്തി. അപ്പോാം കണ്ട കാഴ്ച അവരെ അത്യധികം ആശ്ചര്യപ്പെടുത്തിക്കളഞ്ഞു. ആ നാട്ടിലുള്ളവരെല്ലാം തങ്ങാംക്കു കണ്ടു പരിചയം പോലുമില്ലാത്ത പുതിയ മനുഷ്യർ. കെട്ടിടങ്ങളും റോഡുകളുമെല്ലാം ആകെ പുതുക്കിപ്പണിതിരിക്കുന്നു. പഴയ മരങ്ങളും വയലുകളുമൊന്നും അവ നിന്നിരുന്നിടത്ത് ഇപ്പോാം കാണാനില്ല. ആകെ ആ ദേശംതന്നെ മാറിപ്പോയിരിക്കുന്നു. കുറച്ചുനേരം അങ്ങനെ പരിഭ്രമിച്ചു നിന്ന

ശേഷം അവർ തങ്ങളുടെ ആശ്രമത്തിൻെറ പടിവാതില്ക്കലേയ്ക്കു നടന്നു. അപ്പോഴും ആശ്ചര്യംതന്നെ! ദ്വാരപാലകൻ തങ്ങൾക്കു പരിചയമില്ലാത്ത പുതിയ ആളാണ്. ആശ്രമത്തിലെ മററംഗങ്ങളും തങ്ങൾ മുമ്പു കണ്ടിട്ടില്ലാത്തവർ!

അവർ ദ്വാരപാലകനെ കണ്ട് ഇങ്ങനെ പറഞ്ഞു: ''ഞങ്ങൾ രണ്ടു മണിക്കൂർമുമ്പ് ഇവിടെനിന്നു നടക്കാൻ പോയ സന്ന്യാസികളാണ്. ഇവിടെ എന്താണ് സംഭവിച്ചത്? രണ്ടു മണിക്കൂർകൊണ്ട് ഈ സ്ഥലവും ആളുകളും ആകെ പുതുതായിരിക്കുന്നുവല്ലോ! പഴയ ദ്വാരപാലകൻ എവിടെയാണ്? ഇവിടെ മുമ്പുണ്ടായിരുന്ന സന്ന്യാസികളും എവിടെപ്പോയി?''

അപ്പോൾ ദ്വാരപാലകൻ പറഞ്ഞു: ''നിങ്ങൾ ഈ പറയുന്നതൊന്നും എനിക്ക് ഒട്ടും മനസ്സിലാകുന്നില്ല നിങ്ങളുടെ പേരു പറഞ്ഞാൽ ഞാൻ ആശ്രമത്തിൽ തിരക്കി വിവരം അറിയിക്കാം.''

അവർ തങ്ങളുടെ പേരു പറഞ്ഞപ്പോൾ, ദ്വാരപാലകൻ പോയി ആശ്രമത്തിലെ പഴയ റെക്കാർഡുകൾ പരിശോധിച്ചു. അപ്പോൾ അവയിൽ ഒരിടത്ത് ഇങ്ങനെ എഴുതിവെച്ചിരിക്കുന്നതായിക്കണ്ടു: ''ഇവിടെനിന്നു രണ്ടു സന്ന്യാസികൾ ഒരു ദിവസം നാലു മണിക്കു നടക്കാൻ പോയിട്ട് അനേകം വർഷങ്ങളായെങ്കിലും ഇതുവരെയും തിരിച്ചെത്തിയിട്ടില്ല. അതിനാൽ അവർ മരിച്ചുപോയതായി കരുതപ്പെടാം. അവരുടെ ആത്മാക്കൾക്കു നിത്യശാന്തി കിട്ടുന്നതിനായി ആശ്രമവാസികൾ പ്രത്യേകം പ്രാർത്ഥിക്കുമാറാകണം.''

ഇതു കണ്ടപ്പോൾ ആ സന്ന്യാസികൾക്കു മനസ്സിലായി തങ്ങൾ സ്വർഗ്ഗത്തിൻെറ പ്രാന്തപ്രദേശത്തുള്ള ആ മഹനീയക്കാഴ്ചകൾ കണ്ടുകൊണ്ടിരുന്ന ആ രണ്ടു മണിക്കൂറുകൾക്കിടയ്ക്കു ഭൂമിയിലെ അനേകം വർഷങ്ങൾതന്നെ കഴിഞ്ഞുപോയിക്കാണണം! സ്വർഗ്ഗീയ

നിമിഷങ്ങളുടെ അവർണ്ണനീയമായ ആനന്ദമാധുരികൊണ്ടു തങ്ങഠം അത് അറിയാതെപോയതാകാനേ വഴിയുള്ളൂ!

സ്വർഗ്ഗത്തിൻെറ മനോഹാരിത മനുഷ്യബുദ്ധിക്ക് അതീതമാകുന്നു.

## 44. രണ്ടു ബുദ്ധികൾ

ഒരിക്കൽ രണ്ടു വിദ്യാർത്ഥികഠം തങ്ങളുടെ ഗുരുകുലവാസം കഴിഞ്ഞ് സ്വഗൃഹത്തിലേയ്ക്കു മടങ്ങിപ്പോവുകയായിരുന്നു. അവരിലൊരാഠം ഋജുബുദ്ധിയും മറെറയാഠം വക്രബുദ്ധിയും ആയിരുന്നു. ഋജുബുദ്ധി ഏതു കാര്യത്തെപ്പററിയും സാമാന്യം നാലാളുകഠം ചിന്തിക്കുന്നതുപോലെയേ ചിന്തിക്കൂ. വക്രബുദ്ധിയാകട്ടെ, ലളിതവും സ്പഷ്ടവുമായ കാര്യങ്ങളെക്കുറിച്ചുപോലും ആവശ്യമില്ലാത്തതും വിചിത്രവുമായ ന്യായവാദങ്ങഠം ഉന്നയിക്കും.

ഇവർ രണ്ടുപേരും കൂടി നടന്നുപോയിരുന്നത് ഉണങ്ങിവരണ്ട ഒരു മരുഭൂമിയിൽക്കൂടിയായിരുന്നു. വഴിക്കു തണൽ തീരെ ഉണ്ടായിരുന്നില്ല. കുറെ നടന്നു കഴിഞ്ഞപ്പോഠം വിശാലമായി പടർന്നു പന്തലിച്ചുനില്ക്കുന്ന ഒരു വേപ്പുമരം അവരുടെ ദൃഷ്ടിയിൽപ്പെട്ടു. അതിൻെറ തണലിൽ ഇരുന്ന് അല്പനേരം വിശ്രമിച്ചുകളയാമെന്നു കരുതി അവർ അതിൻെറ കീഴെ ചെന്നപ്പോഠം, ഋജുബുദ്ധി പറഞ്ഞു: "ഇതിൻെറ കീഴെ വീണുകിടക്കുന്ന കുറെ വിത്തുകഠം ശേഖരിച്ചുകൊണ്ടുപോയാൽ, നമ്മുടെ വീട്ടിനരികെയും കുറെ തണൽമരങ്ങഠം വച്ചുപിടിപ്പിക്കാമല്ലോ.

അതിനു വക്രബുദ്ധി ഇങ്ങനെ മറുപടി പറഞ്ഞു: ആശയം വളരെ നല്ലതുതന്നെയാണ്. പക്ഷേ താൻ

ഇത്രയ്ക്കും വിസ്തൃതിയായിപ്പോയല്ലോ. കാര്യവും കാരണവും തമ്മിൽ പൊരുത്തമുണ്ടായിരിക്കണമെന്ന തത്വം സർവ്വത്ര ശാസ്ത്രസമ്മതമായ ഒന്നാണെന്ന് ഇത്ര നാരം പഠിച്ചിട്ടും തനിക്കറിവില്ലയോ? ഇത്ര ചെറിയൊരു വിത്തിൽ നിന്നും ഇതുപോലെ ഭീമാകാരമായൊരു വൃക്ഷമുണ്ടാകുമെന്നു താൻ കരുതിയല്ലോ! ഈ മരത്തിൻെറ വലിപ്പം നോക്കുമ്പോൾ ഇതിൻെറ ഫലം ഒരു ചക്കയോളമെങ്കിലും കാണേണ്ടതാണെന്ന് ആർക്കാണ് മനസ്സിലാവാത്തത്. വേനലിൻെറ കാഠിന്യംമൂലം ശുഷ്കിച്ചുപോയതുകൊണ്ടാണ് ഇപ്പോൾ ഈ വിത്തുകൾ ഇങ്ങനെ ചെറുതായി ഉണങ്ങി നിലംപതിച്ചിരിക്കുന്നത്. അവ കൊണ്ടുപോയി നട്ടാൽ മുളയ്ക്കുമോ എന്ന കാര്യംകൂടി സംശയമാണ്. തനിക്കുവേണമെങ്കിൽ എടുത്ത് കൂടെകൊണ്ടുപൊയ്ക്കൊള്ളുക. പറയാനുള്ളത് ഞാൻ പറഞ്ഞുവെന്നു മാത്രമേയുള്ളൂ

കുറെ കഴിഞ്ഞപ്പോൾ ഒരു മരത്തിന്മേൽ പടർന്നു കയറിയിട്ടുള്ള ഒരു കാട്ടുമത്തയിൽ ഒരു തേങ്ങയോളം വലിപ്പമുള്ള കുറെ കാട്ടുമത്തങ്ങകൾ തൂങ്ങിക്കിടക്കുന്നത് വക്രബുദ്ധി കണ്ടു. അപ്പോൾ അയാൾ ഋജുബുദ്ധിയോടു പറഞ്ഞു: തണൽമരങ്ങൾ വേണമെങ്കിൽ ഈ ഫലങ്ങളാണ് നടേണ്ടത്. ഇവ പിടിച്ചിരിക്കുന്ന തണ്ടിനു വണ്ണമില്ലല്ലോ എന്നോർത്ത് ശങ്കിക്കേണ്ട. ഈ ഫലത്തിൻെറ വലിപ്പം ആലോചിക്കുമ്പോൾ, ഇത് ഉണ്ടാകുന്ന തണ്ട് മുമ്പ് നാം കണ്ട വേപ്പിൻെറ തടിയേക്കാൾ ഒരു മൂന്നിരട്ടിയെങ്കിലും മുഴുത്തതായിരിക്കേണ്ടതാണെന്ന് ഏതു കുട്ടിക്കും മനസ്സിലാക്കാവുന്നതേയുള്ളൂ പിന്നെ, വളത്തിൻെറ കുറവും ചൂടിൻെറ കാഠിന്യവുംകൊണ്ട് അത് ഇങ്ങനെ ശുഷ്കിച്ചു നില്ക്കുന്നതാണ്. വീട്ടിൽകൊണ്ടുപോയി നട്ട് നനച്ച് വളമിട്ടാൽ, ഇത് നന്നായി വളർന്ന്, ഇതിനേക്കാൾ മുഴുത്ത ഫലങ്ങളും നാം മുമ്പ് കണ്ട വേപ്പിനെക്കാൾ ഇടതൂർന്ന തണലും നല്കാതിരിക്കുകയില്ല. തനിക്കു വേണ്ടെങ്കിലും, ഞാൻ ഇതിൻെറ രണ്ടു കായ്കൾ കൂടെ കയ്യിലെടുക്കുന്നുണ്ട്.

അങ്ങനെ രണ്ടുപേരും വീട്ടിലെത്തി തണൽമരങ്ങൾ കുഴിച്ചിട്ടു. ഋജുബുദ്ധി വേപ്പിൻകുരു നട്ടപ്പോൾ, വക്രബുദ്ധി രണ്ടു മത്തങ്ങ മുഴുവനോടെ മണ്ണിനടിയിൽ കുഴിച്ചിട്ട്, വേപ്പിൻ തയ്യേക്കാൾ കരുത്തുള്ള മുളകൾ വരുന്നതും പാർത്ത് എന്നും തടത്തിൽ ചെന്നു നോക്കിക്കൊണ്ടിരുന്നു. ഫലം വലുതാകയാൽ മുളയ്ക്കാനും ദിവസം കൂടുതൽ വേണ്ടിവരുമെന്നു പറഞ്ഞ് അയാൾ ഒരു വർഷത്തോളം അതിനു നനയ്ക്കുകയും മണ്ണിളക്കിക്കൊടുക്കുകയും ചെയ്തു.

വക്രബുദ്ധികൾ സാമാന്യസത്യങ്ങൾപോലും കാണാതെ പോകും.

## 45. കൊക്കും കുറുക്കനും

ഒരു സ്ഥലത്തു ധാരാളം കാക്കകളും വളരെക്കുറച്ചുമാത്രം കൊക്കും ഉണ്ടായിരുന്നു. ഉള്ള കൊക്കുകൾക്കുതന്നെയും ഭക്ഷണം കിട്ടാൻ അവിടെ പ്രയാസമായിവന്നതുകൊണ്ട് അവ നാനാദിക്കുകളിലേയ്ക്കുമായി ചിന്നിച്ചിതറിപ്പോയി. കാക്കകളാകട്ടെ, എന്തും എവിടെയും ഭക്ഷിക്കുന്ന ശീലമുള്ളവയായിരുന്നതിനാൽ, എണ്ണത്തിലും ശക്തിയിലും അനുദിനം പെരുകിയും വന്നിരുന്നു.

അങ്ങനെയിരിക്കെ, ഒരു ദിവസം വേനലിന്റെ കാഠിന്യം കൊണ്ടു വെള്ളം ചെളിപോലെ കുറുകിക്കിടന്നിരുന്ന ഒരു കുളക്കരയിൽ, വല്ലപ്പോഴും പൊന്തിവന്നിരുന്ന പൊടിമീൻകുഞ്ഞുങ്ങളെയും കാത്ത്, ഒരു കൊക്ക് ഒററക്കാലിൽ കണ്ണുമടച്ച് ഏറെ നേരമായി ധ്യാനിച്ചിരിക്കുകയായിരുന്നു. കുറെക്കഴിഞ്ഞപ്പോൾ ഒരു കുറുക്കൻ അതിലെ കടന്നുപോകാനിടയായി. കുറുക്കനും അന്നേരം നല്ല വിശപ്പുണ്ടായിരുന്നു.

കുറുക്കൻ കൊക്കിനോടു പല വിശേഷങ്ങളും കൈമാറിയ ആ നേരത്ത് അതിലെ വലിയ ഒരു കാക്ക ക്കൂട്ടം കടന്നുപോയി. ആ അവസരം പിടിച്ചു കുറു ക്കൻ കൊക്കിനോടു പറഞ്ഞു: ''കാലം മാറിയപ്പോരം കോലവും മാറി. പണ്ടൊക്കെ വെളുപ്പുനിറമായിരു ന്നു അന്തസ്സ്. ഇപ്പോരം എല്ലാം ആകെ തലകീഴ് മറി ഞ്ഞിരിക്കുകയാണല്ലോ. ഇന്നത്തെ ചെറുപ്പക്കാർക്കു കറുപ്പിനോടെ നോട്ടമുള്ളൂ. അതല്ലേ പണ്ടു കൊക്കു കളായി നടന്നിരുന്ന എല്ലാവരും ഇപ്പോരം കാക്കകളായി മാറിയിരിക്കുന്നത്. ഫലമോ? നാട്ടിലെങ്ങും ഒരു കൊക്കിനെ കണികാണാൻപോലും കിട്ടാത്ത നിലയാ യിട്ടുണ്ട്. ഇനി പഴയതുപോലെ വെളുത്ത നിറമണി ഞ്ഞു നടക്കുന്നതായി നിങ്ങളെപ്പോലെയുള്ള ചുരുക്കം ചില കിഴവികളേ കാണൂ. നിങ്ങളുടെയൊക്കെ കാലം കഴിഞ്ഞാൽപ്പിന്നെ അതുംകൂടി കാണാനില്ലാതാകും.''

ഇത്രയും കേട്ടപ്പോരം തന്നെത്തന്നെ ഒന്നു കറുപ്പി ച്ച് അല്പം ആധുനീകരിച്ചാൽ കൊള്ളാമെന്നു കൊ ക്കിനും ഒരു മോഹം. കാലത്തിനനുസരിച്ചു നീങ്ങാ തെ വന്നാൽ പിന്നെ അവസാനം തന്നെ ആർക്കും വേണ്ടാതായിത്തീരുമല്ലോ എന്നായിരുന്നു കൊക്കി ൻെറ വിചാരം. ഇപ്പോരംത്തന്നെ താൻ പഴഞ്ചനാണെ ന്നും പറഞ്ഞു തൻെറ കൂടെ ഉണ്ടായിരുന്നവരെല്ലാം തന്നെ ഉപേക്ഷിച്ചു പോയ്ക്കളഞ്ഞിരിക്കുകയല്ലേ? അതിനാൽ പുതിയ രീതിയിൽ മററുള്ളവരെപ്പോലെ ദേഹം കറുപ്പിച്ചു നടക്കുന്നതിനുള്ള വഴിയെന്താണെന്നു കൊക്കു കുറുക്കനോടു സൂത്രത്തിൽ തിരക്കി.

അപ്പോരം കുറുക്കൻ കൊക്കിനോടു പറഞ്ഞു: ''അതിനും വഴിയുണ്ട്; പക്ഷേ അല്പം ബുദ്ധി മുട്ടാതെ പററില്ല. എന്നാലും അതുമൂലം പിന്നീടു നിങ്ങരംക്കു നാട്ടിൽ കിട്ടുന്ന നോട്ടം പരിഗണിച്ചാൽ, അതിനുവേണ്ടി ചെയ്യുന്ന ഒരു ബുദ്ധിമുട്ടും അധിക മായെന്നു കരുതാനില്ല. ആദ്യംതന്നെ ഈ കുളത്തിലി റങ്ങി കുറേനേരം നന്നായി ചെളിയിൽ മുങ്ങിക്കിട

ക്കണം. ദേഹം മുഴുവനിലും ചെളി നന്നായി പററി, തൂവലുകളെല്ലാം ചെളിയിൽ ആകെ കുതിർന്നു കഴി യുമ്പോൾ, പോയി കുറേനേരം നല്ല വെയിലത്തിരി ക്കണം. അപ്പോൾ ചെളി മുഴുവനും ഉണങ്ങി തൂവലു കളിൽ നന്നായി പററിപ്പിടിക്കും. പിന്നീടു ശുദ്ധ ജലമുള്ള ഒരു കുളത്തിൽ രണ്ടോ മൂന്നോ പ്രാവശ്യം എല്ലാം കഴുകിക്കളയണം. അങ്ങനെ ചെയ്താൽ ചെ ളി മുഴുവനും കഴുകിപ്പോവുകയും തൂവലുകളിൽ നല്ല കറുത്ത നിറം മാത്രം ബാക്കി നില്ക്കുകയും ചെയ്യും.''

കറുക്കന്റെ ഉപദേശം വളരെ നല്ലതാണല്ലോ എന്നു കൊക്കു കരുതി. അതിനനുസരിച്ചു കൊക്കു ചെളി യിൽപ്പോയി കുറേനേരം പൂണ്ടുകിടന്നതിനുശേഷം, ദേഹം ഉണക്കാനായി നല്ല വെയിലത്തു ചെന്നിരുന്നു. നല്ല പശരാശിയുള്ള ചെളി ചിറകുകളിലും ഉടലിലും ആകെ പററിപ്പിടിച്ച് ഉണങ്ങി കട്ടിയായപ്പോൾ കൊ ക്കിന് ഒരു തരത്തിലും പറക്കാൻ പററാതായി. ആ തക്കം നോക്കി കുറുക്കൻ ഓടിവന്നു കൊക്കിനെ പിടി ച്ചു ശാപ്പിട്ടു വിശപ്പടക്കുകയും ചെയ്തു

സൂത്രശാലികളുടെ വാക്കു കേൾക്കരുത്.

## 46. സന്ന്യാസിയും മൈനയും

ഒരു സന്ന്യാസി വളരെ താത്പര്യത്തോടെ ഒരു മൈനയെ വളർത്തിയിരുന്നു. വളരെ മനോഹരമായ പല പാട്ടുകളും വീണതുടങ്ങിയ സംഗീതോപകരണ ങ്ങളുടെ സഹായത്തോടെ അദ്ദേഹം അതിനെ അഭ്യസി പ്പിച്ചു. അതെല്ലാം ആ പക്ഷി അതിനെ പഠിപ്പിച്ച തുപോലെതന്നെ പഠിക്കുകയും കേൾവിക്കാരുടെ മനം കവരുന്ന തരത്തിൽ ഇമ്പമായി പാടുകയും ചെയ്തി

രുന്നു. മാത്രമല്ല, അതിൻെറ നിറം, കടും ചുമപ്പും നീലയും ചേർന്ന ഒരു അപൂർവ്വവർണ്ണമായിരുന്നു. ഈ നിറമുള്ള മൈനകൾ ഇക്കാലത്തെന്നപോലെ അക്കാലത്തും അത്യന്തം ദുർല്ലഭമായിരുന്നു. ഏററവും വില പിടിച്ചതും കിട്ടാൻതന്നെ ഞെരുക്കമുള്ളതുമായ 'സുവർണ്ണപൂവൻ' എന്നറിയപ്പെടുന്ന ഒരുതരം വാഴപ്പഴം തേനും കല്ക്കണ്ടവും ചേർത്തു ചാലിച്ചു കൊടുത്തെങ്കിൽമാത്രമേ അതു ഭക്ഷിക്കുമായിരുന്നുള്ളൂ. ഇങ്ങനെ എല്ലാംകൊണ്ടും അതിവിചിത്രവും കൗതുകകരവുമായ ഈ പക്ഷിയെ കാണുന്നതിനും കേൾക്കുന്നതിനും വേണ്ടിമാത്രം പക്ഷിശാസ്ത്രജ്ഞന്മാരും സംഗീതപ്രേമികളുമായ അനേകം ആളുകൾ ദൂരദേശങ്ങളിൽനിന്നുപോലും അവിടെ പതിവായി വന്നിരുന്നു.

ഇങ്ങനെയൊക്കെയാണെങ്കിലും, ഈ പക്ഷിയെ തീററിപ്പോററുന്നതിനും സംരക്ഷിക്കുന്നതിനുമായി ആശ്രമത്തിന് എല്ലാക്കൊല്ലവും താങ്ങാനാവാത്തൊരു ചെലവു വന്നിരുന്നു. ആദ്യമൊക്കെ അതേപ്പററി ആശ്രമാംഗങ്ങൾ വിഷമമൊന്നും പറയാതിരുന്നെങ്കിലും, പിന്നീടു പിന്നീട് അവർ അതേപ്പററി അല്പാല്പമായി സംസാരത്തിൽ സൂചിപ്പിച്ചുതുടങ്ങി. നമ്മുടെ സന്ന്യാസിക്കാകട്ടെ, ഇതിൽ വലിയ അമർഷവും നീരസവുമായി. അപ്പോൾ അയാൾ കാര്യം നടത്തുന്നതിനു വേറൊരു പോംവഴി കണ്ടുപിടിച്ചു. ആശ്രമംവകഭണ്ഡാരത്തിൽനിന്ന് അയാൾ തീരെ നിസ്സാരമല്ലാത്തൊരു തുക മോഷ്ടിക്കുകയും മൈനയ്ക്കു വേണ്ടി വരുന്ന അധികച്ചെലവുകൾ അതിൽനിന്ന് ആരുമറിയാതെ സൂത്രത്തിൽ നിർവഹിച്ചുവരികയും ചെയ്തിരുന്നു. അതിൽപ്പിന്നെ മൈനയുടെ കാര്യമോർത്ത് അയാൾക്ക് ഒരിക്കലും ക്ളേശിക്കേണ്ടിവന്നിട്ടില്ല.

അങ്ങനെ കുറെനാൾ കഴിഞ്ഞശേഷം അയാൾ മരിച്ചു സ്വർഗ്ഗകവാടത്തിലെത്തി. താൻ ഇത്രനാളും വളരെ കാര്യമായി തീററിപ്പോററിവന്നിരുന്ന മൈനയും എങ്ങ

നെയോ അയാളോടൊപ്പം പറന്ന് അവിടെയെത്തി. അവിടെ പതിവായിരുന്നതുപോലെ, സ്വർഗ്ഗത്തിൻെറ വാതില്ക്കൽവെച്ച് അയാളുടെ സുകൃതങ്ങളുടെ കണക്കു പരിശോധിക്കപ്പെട്ടു. ആദ്യം അയാളുടെ ധനം എഴുതിയിരുന്ന പേജാണ് തുറന്നത്. അപ്പോൾ അതിൽ അനേകം സുകൃതങ്ങൾ അയാളുടെ പേരിൽ അവിടെ രേഖപ്പെടുത്തിയിരുന്നതായി കണ്ടു. പിന്നെ അയാളുടെ കടം കുറിച്ചിരുന്ന പേജ് നോക്കിയപ്പോൾ എല്ലാ ദിവസവും ഒരു മോഷണത്തിൻെറ വിവരം അവിടെ എഴുതിവെച്ചിരിക്കുന്നതായി കണ്ടു. ഓരോ ദിവസവും മൈനയ്ക്കു ഭക്ഷണം കൊടുത്തിരുന്ന വക മുഴുവനും മോഷണമായാണ് അവിടെ കണക്കിൽ കയററിയിരുന്നത്. ഇതു കണ്ടപ്പോൾ, മൈനയ്ക്ക് ആകെ ആക്ഷേപവും അമർഷവുമായി. ''കട്ട ചോറാണ് ഇത്രയും നാൾ ഈ സന്ന്യാസി എനിക്കു തന്നിരുന്നതെങ്കിൽ, സ്വർഗ്ഗത്തിലേയ്ക്കായാലും ഇയാളുടെ കൂടെ ഞാനില്ല'' എന്നു പറഞ്ഞു മൈന പറന്നു വന്ന വഴിക്കുതന്നെ നേരേ ഭൂമിയിലേയ്ക്കു പോയി.

തെററുകൾ നല്ല കാര്യങ്ങളെപ്പോലും വിരൂപമാക്കുന്നു.

## 47. വിധവയുടെ പണപ്പെട്ടി

ഒരിക്കൽ ഒരിടത്തു വൃദ്ധയായ ഒരു വിധവ വസിച്ചിരുന്നു. മററുള്ളവരുടെ കൃഷിസ്ഥലങ്ങളിൽ പ്പോയി അന്തിയാവോളം കൂലിപ്പണി ചെയ്തത്രേ അവൾ ഉപജീവനം നിർവ്വഹിച്ചിരുന്നത്. അനുദിനം അങ്ങനെ ജോലി ചെയ്തു കിട്ടുന്ന പണത്തിൽനിന്നു അത്യാവശ്യച്ചെലവുകൾ കഴിച്ചു ബാക്കിയുള്ളതു മുഴുവനും ഒട്ടുംതന്നെ ദുർവ്യയംചെയ്യാതെ അവൾ സൂക്ഷിച്ചുവെച്ചിരുന്നു. ഓരോ കൊല്ലവും അവൾ തൻെറ

അധ്വാനംകൊണ്ടു 100 ചെമ്പുനാണയങ്ങൾ സമ്പാദിക്കും. നൂറു നാണയം തികഞ്ഞുകഴിയുമ്പോൾ അവൾ അവ അവിടെയുള്ള ഒരു നാണയമാററക്കാരൻെറ പക്കൽ നിന്ന് ഒരു വെള്ളിനാണയമായി മാററി വാങ്ങും. അഞ്ചു വെള്ളിനാണയമാകുമ്പോൾ അവൾ അവ വീണ്ടും നാണയമാററക്കാരനു കൊടുത്തു പകരം ഒരു സ്വർണ്ണനാണയം വാങ്ങും.

അങ്ങനെ ഇപ്പോൾ അവളുടെ പക്കൽ അഞ്ചു സ്വർണ്ണനാണയങ്ങൾ ഉണ്ട്. ഈ നാണയങ്ങൾ അവൾ ഭദ്രമായി, സാമാന്യം വലിപ്പമുള്ള ഒരു മരപ്പെട്ടിയിൽ വെച്ചു പൂട്ടി, അതിൻെറ താക്കോൽ അത്യന്തസൂക്ഷ്മത്തോടെ സദാ സമയവും തൻെറ കൂടെത്തന്നെ കൊണ്ടു നടക്കുകയും ചെയ്തിരുന്നു. എന്നും രാത്രയിൽ പെട്ടി തുറന്ന്, നാണയങ്ങൾ ഭദ്രമായിരിക്കുന്നു എന്നു ഉറപ്പുവരുത്തി, തൻെറ പണം ആരും മോഷ്ടിച്ചു കൊണ്ടുപോകാൻ ഇടയാകല്ലേ എന്നു ദൈവത്തോടു ഉള്ളുരുകി പ്രാർത്ഥിച്ചതിനുശേഷംമാത്രമേ അവൾ കിടന്നുറങ്ങിയിരുന്നുള്ളു.

ഇതിനിടയിൽ, മുമ്പു പറഞ്ഞ നാണയമാററക്കാരന്, ഈ വിധവയുടെ പണം എങ്ങനെയെങ്കിലും മോഷ്ടിച്ചെടുക്കണമെന്ന മോഹം മനസ്സിലുദിച്ചു. ഒരു ദിവസം മാററിക്കിട്ടുന്നതിനായി ചെമ്പുനാണയങ്ങളുംകൊണ്ട് അവൾ അയാളുടെ പക്കൽ ചെന്നപ്പോൾ, അയാൾ അവളോടു പറഞ്ഞു: ''എൻെറ പെട്ടിയുടെ താക്കോൽ കാണാതായിരിക്കുന്നു. അതിനാൽ പെട്ടി തുറന്നു പകരം വെള്ളിനാണയങ്ങൾ തരുന്നതിന് ഇപ്പോൾ നിർവ്വാഹമില്ല. നിങ്ങളുടെ കയ്യിൽ വല്ല താക്കോലും ഉണ്ടെങ്കിൽ, അതുകൊണ്ട് എൻെറ പെട്ടി തുറക്കുവാൻ സാധിക്കുമോ എന്നു നോക്കാം.''

ഇതു കേട്ടപ്പോൾ വൃദ്ധ, മനസ്സില്ലാമനസ്സോടെയാണെങ്കിലും, തൻെറ താക്കോൽ അയാൾക്കു കൊടുത്തു. അയാൾ അകത്തേയ്ക്കു പോയി, ആ താക്കോലിൻെറ രൂപം മെഴുകിൽ പതിച്ചെടുത്തു. എന്നിട്ട്, ഒന്നും

സംഭവിക്കാത്തമട്ടിൽ പുറത്തേയ്ക്കു വന്ന് അയാൾ വിധവയോടു പറഞ്ഞു: ''ഞാൻ ഒന്നു പരീക്ഷിച്ചു നോക്കിയെന്നേയുള്ളൂ. മററാരുടെ താക്കോലുകൊണ്ടും എൻെറ പണപ്പെട്ടി തുറക്കാൻ കഴിയുന്നതല്ല. അതു കൊണ്ട് ഇന്നു നാണയം മാററിത്തരുവാൻ സാധിക്കുക യില്ല. നാളെ വരിക അപ്പോഴേയ്ക്കും എൻെറ താക്കോൽ കണ്ടുകിട്ടാതിരിക്കയില്ല പണം തരികയും ചെയ്യാം.'' ഇങ്ങനെ പറഞ്ഞ് അയാൾ വിധവയുടെ താക്കോൽ അവളെ ഏല്പിച്ചു.

അയാൾ ഉടനെ അടുത്തുള്ള ഒരു കൊല്ലനെ ചെന്നു കണ്ട്, അയാൾക്കു പണം കൊടുത്ത്, അയാളെക്കൊണ്ട് ഒരു കള്ളത്താക്കോലുണ്ടാക്കിച്ചു. ഇതിന്നിടയിൽ പതിവുപോലെ, രാത്രി കിടന്നുറങ്ങുന്നതിനുമുമ്പു നമ്മുടെ വിധവ പെട്ടി തുറന്നു പണം എണ്ണി പരിശോധിച്ചു നോക്കി. പക്ഷേ പെട്ടി പൂട്ടിയപ്പോൾ താക്കോലിൻെറ അററം ഒടിഞ്ഞു പൂട്ടിനകത്തിരിപ്പായി. ഏതായാലും, തൻെറ പണം കാത്തുകൊള്ളണേ എന്ന പതിവുള്ള പ്രാർത്ഥന ചൊല്ലി വിധവ കിടന്നുറങ്ങി. പാതിരാ കഴിഞ്ഞപ്പോൾ നമ്മുടെ നാണയമാററക്കാരൻ, ഒരാളെ ചട്ടം കെട്ടി, കൊല്ലനെക്കൊണ്ടു താൻ ഉണ്ടാക്കിയ കള്ളത്താക്കോലുമായി വിധവയുടെ വീട്ടിലേയ്ക്കു പറഞ്ഞുവിട്ടു. അയാൾ സൂത്രത്തിൽ അകത്തു പ്രവേശിച്ചു പെട്ടി തുറക്കാൻ നോക്കിയപ്പോൾ, താക്കോൽ പൂട്ടിനകത്തുകിടന്നു തിരിയുന്നതല്ലാതെ, പെട്ടി തുറക്കുന്നതേയില്ല. ഏതായാലും മോഷ്ടിക്കാനായി വന്നതല്ലേ എന്നു കരുതി, അയാൾ പെട്ടിയുമെടുത്തു മെല്ലെ പുറത്തു കടന്നു.

അങ്ങനെ അയാൾ പെട്ടിയും തലയിൽ വെച്ച് ഇരുട്ടത്തു നടക്കുമ്പോൾ, വനത്തിൽ നായാട്ടിനു പോയിരുന്ന രാജഭടന്മാർ കുതിരപ്പുറത്ത് അയാൾക്കെതിരെ വന്നു. ഈ അസമയത്ത് എന്താണ് ഒരാൾ ഇങ്ങനെ ഒരു പെട്ടിയും തലയിൽ വെച്ച് ഒററയ്ക്കു പോകുന്നത് എന്നു സംശയം തോന്നിയ ഭടന്മാർ, അയാളെ പിടി

ച്ചുനിറുത്തി, പെട്ടിയിൽ എന്താണെന്നു ചോദിച്ചു. ഒന്നുമില്ല എന്നയാൾ മറുപടി പറഞ്ഞു. അവർ പെട്ടി കയ്യിലെടുത്തു നോക്കിയപ്പോൾ പെട്ടിക്ക് അശേഷം ഭാരമില്ല. അതിനാൽ പെട്ടിയിൽ ഒന്നുമില്ലാത്തതു പോലെ ആദ്യം അവർക്കും തോന്നി. എങ്കിലും ഒന്നുമില്ലാതെ ഒഴിഞ്ഞൊരു പെട്ടി ഇങ്ങനെ ഭദ്രമായി പൂട്ടി തലയിൽ വെച്ച് ഈ പാതിരാനേരത്ത് ഇയാൾ ഒററയ്ക്ക് ഈ കാട്ടിലൂടെ നടന്നുപോകുന്നതിൽ അവർക്കു സംശയം തോന്നി. പെട്ടി തുറക്കുവാൻ അവർ അയാളോട് ആവശ്യപ്പെട്ടു. അപ്പോൾ, തൻെറ പക്കൽ താക്കോലില്ലെന്നായി, അയാൾ. അവർ അയാളെ പരിശോധിച്ചപ്പോൾ മടിക്കുത്തിൽ താക്കോലിരിപ്പുണ്ട്. താക്കോലുകൊണ്ടു പെട്ടി തുറന്നു കാണിക്കാൻ പറഞ്ഞപ്പോൾ, പെട്ടി ഈ താക്കോലുകൊണ്ടു തുറക്കുകയില്ലെന്നായി അയാൾ. ആകെപ്പാടെ അയാളുടെ വാക്കിലും ഭാവങ്ങളിലും അവർക്കു സംശയം വർദ്ധിച്ചു. അതിനാൽ അവർ അയാളെ രാജധാനിയിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി, രാജാവിനെ വിവരം അറിയിച്ചു.

രാജാവ് ഉടനെ കുററാന്വേഷണത്തിനുള്ള ഉദ്യോഗസ്ഥന്മാരെ വിളിപ്പിച്ച്, അവരെക്കൊണ്ടു കാര്യം അന്വേഷിപ്പിച്ചു. പെട്ടി ചുമന്നിരുന്നവന്, ഉണ്ടായ കാര്യമെല്ലാം സത്യസ്ഥിതിപോലെ, പറയാതെ നിവൃത്തിയില്ലെന്നായി. രാജാവ് ഉടനെ ഭടന്മാരെ വിട്ടു നാണയമാററക്കാരനേയും വിധവയേയും കൊട്ടാരത്തിൽ വരുത്തി, നാണയമാററക്കാരനോട് ഇങ്ങനെ പറഞ്ഞു: ''സാധുവായ ഈ വിധവയുടെ പണപ്പെട്ടി ആയിരുന്നു വല്ലോ നിങ്ങൾക്കാവശ്യം. ശരി. അതു നിങ്ങൾ എടുത്തുകൊള്ളുക. പകരം, നിങ്ങളുടെ പണപ്പെട്ടി നിങ്ങൾ ആ വിധവയ്ക്കു കൊടുക്കണം, ഇപ്പോൾത്തന്നെ ഞാൻ ഭൃത്യന്മാരെ വിട്ട് അത് ഇവിടേയ്ക്ക് എടുത്തു കൊണ്ടുവരുവിക്കുന്നുണ്ട്.''

എന്നു പറഞ്ഞിട്ട്, രാജാവു നാണയമാററക്കാരൻെറ പണപ്പെട്ടി വരുത്തി അയാളെക്കൊണ്ടുതന്നെ അത്

അതിൻെറ താക്കോലോടുകൂടി വിധവയ്ക്കു കൊടു പ്പിച്ചു. പകരം വിധവയുടെ പണപ്പെട്ടി അതിൻെറ ഒടിഞ്ഞ താക്കോലോടുകൂടി നാണയമാററക്കാരനും കൊടുത്തു. പെട്ടി ചുമന്നിരുന്നവനോടു രാജാവു പറഞ്ഞു: ''തനിക്കു പെട്ടിയില്ലാത്തതിനാൽ താ ക്കോലാവശ്യമില്ല. അതുകൊണ്ടു തൻെറ കയ്യിലുള്ള താക്കോൽ ഇവിടെ ഏല്പിക്കുക പെട്ടി ചുമക്കാൻ നിങ്ങൾക്കു നല്ല വശമാണല്ലോ. അതിനാൽ ഈ പട്ടാ പ്പകൽതന്നെ താക്കോലില്ലാത്ത ഈ പെട്ടി നടുവഴിയി ലൂടെ ചുമന്ന് ഈ നാണയമാററക്കാരൻെറ വീട്ടിൽ കൊ ണ്ടുപോയി കൊടുക്കുക. പകരം അതു തുറന്നു തൻെറ ചുമട്ടുകൂലിയായി, അതിലുള്ള അഞ്ചു സ്വർണ്ണനാണ യങ്ങളിൽ ഒന്നു തനിക്കു നല്കാനായി ഞാൻ അയാ ളോടു കല്പിക്കുന്നുണ്ട്.''

നാണയമാററക്കാരനും ചുമട്ടുകാരനും ഇളിഭ്യരാ യി അഞ്ചു നാണയങ്ങളുള്ള പെട്ടിയുമായി തിരികെ പ്പോയി. വിധവയുടെ പെട്ടി രാജാവു ഭൃത്യന്മാരെ ക്കൊണ്ടുതന്നെ എടുപ്പിച്ച് അവളുടെ വീട്ടിലെത്തി ക്കുകയും അതിലുണ്ടായിരുന്ന ആയിരം സ്വർണ്ണനാണ യങ്ങൾ അവളുടെ പേരിൽ രാജഭണ്ഡാരത്തിൽ നിക് ഷേപിക്കുകയും ചെയ്തു.

വഞ്ചിക്കുന്നവൻ വഞ്ചിക്കപ്പെടാതിരിക്കുകയില്ല.

## 48. കുരങ്ങും പൂച്ചയും

ഒരിക്കൽ ഒരിടത്ത് ഒരു സന്ന്യാസി ജീവിച്ചിരുന്നു. പുണ്യംകൊണ്ടും ജ്ഞാനംകൊണ്ടും അത്യധികം പ്രസിദ്ധനായിത്തീർന്ന അദ്ദേഹത്തെ കാണുവാൻ അനേ കം പേർ ദൂരദേശങ്ങളിൽനിന്നുപോലും നിത്യേന വന്നുകൊണ്ടിരുന്നു. എങ്കിലും അദ്ദേഹം ആർക്കും സന്ദർശനം അനുവദിച്ചിരുന്നില്ല.

സന്ന്യാസി നിത്യധ്യാനത്തിലും മൗനത്തിലുമാണെന്നു മനസ്സിലാക്കിയ സന്ദർശകർ അദ്ദേഹത്തെ കാണാൻ കഴിയാഞ്ഞതിൽ പരിഭവം പറയാതെ സന്തോഷത്തോടെ മടങ്ങിപ്പോവുകയായിരുന്നു പതിവ്. എന്നാൽ, സന്ദർശകർ മടങ്ങിപ്പോകുന്ന വഴിയിൽ, പടിവാതിലിനരികെ, ഒരു കൂട്ടിൽ ഒരു കുരങ്ങിനേയും പൂച്ചയേയും അദ്ദേഹം ഒരുമിച്ചു വളർത്തിയിരുന്നു. എങ്കിലും, പൂച്ചയേയും കുരങ്ങിനേയും എല്ലാവരും നിത്യേനയെന്നോണം കണ്ടുവരുന്നതാകയാൽ, ആരും അവയെ പ്രത്യേകമായി ശ്രദ്ധിക്കാതെ കടന്നുപോവുകയായിരുന്നു പതിവ്.

കുറെ നാരം കഴിഞ്ഞപ്പോരം ഇങ്ങനെ പൂച്ചയേയും കുരങ്ങിനേയും അവിടെ ഇട്ടിരിക്കുന്നതുകൊണ്ടു വലിയ പ്രയോജനമൊന്നുമില്ലെന്നു സന്ന്യാസിക്കു മനസ്സിലായി. അതിനാൽ അദ്ദേഹം വേറെ ഒരു ഉപായം പ്രയോഗിച്ചു ''നിങ്ങരം അറിയേണ്ടും രണ്ടു കാര്യങ്ങരം'' എന്ന തലക്കെട്ടിൽ കുറെ ലഘുലേഖകരം അടിപ്പിച്ചു പടിവാതില്ക്കൽ കൊണ്ടുപോയി വെച്ചു. ''ആളൊന്നിന് ഒരു കോപ്പിവീതം സൗജന്യമായി എടുക്കാം. സംഭാവനകരം കുരങ്ങിനും പൂച്ചയ്ക്കും കൊടുക്കുക'' എന്ന് ഒരു ബോർഡിൽ എഴുതി അവിടെ കെട്ടിത്തൂക്കുകയും ചെയ്തു.

പിറേറ ദിവസംമുതൽ സന്ന്യാസിയെ കാണാൻ വന്നവരെല്ലാം, മടങ്ങിപ്പോകുമ്പോരം ഓരോ ലഘുലേഖകൂടി എടുത്തു കൊണ്ടുപോകുമായിരുന്നു. അതിൽ ഇങ്ങനെ എഴുതിയിരുന്നു: ''നിങ്ങരംക്ക് എന്തെങ്കിലും ഗതി കിട്ടണമെങ്കിൽ ഒന്നാമതായി നിങ്ങരം ഒരു കുരങ്ങാകണം. കുരങ്ങിൻെറ കുട്ടിയെ നിങ്ങരം കണ്ടിട്ടില്ലേ? തള്ളക്കുരങ്ങിൻെറ അകിട്ടിൽ അത് അള്ളിപ്പിടിച്ചിരിക്കും. അങ്ങനെ, തള്ളക്കുരങ്ങു മുകളിലേയ്ക്കു കയറിപ്പോകുമ്പോരം, തള്ളയോടൊപ്പം കുട്ടിയും മുകളിലെത്തും. എങ്കിലും, കുട്ടി വിടാതെ സ്വപ്രയത്നം കൊണ്ടു തള്ളയെ അള്ളിപ്പിടിച്ചിച്ചുകൊണ്ടിരിക്കണം.

ഇങ്ങനെതന്നെ വേണം നിങ്ങളും ചെയ്യുവാൻ. ദൈവത്തിൽ അള്ളിപ്പിടിച്ചിരിക്കുക. അപ്പോൾ ദൈവം നിങ്ങളെ ഉയർത്തി ഉന്നതങ്ങളിൽ എത്തിച്ചുകൊള്ളും. പക്ഷേ അതിനു കുട്ടിക്കുരങ്ങു ചെയ്യുന്നതുപോലെ നിങ്ങളുടെ നിരന്തരമായ പരിശ്രമവും സഹകരണവും വേണം. പിടി വിട്ടാൽ ഉടനെ കുട്ടി താഴെ വീണതു തന്നെ!

പക്ഷേ കുരങ്ങായതുകൊണ്ടുമാത്രമായില്ല. നിങ്ങൾ പൂച്ചകൂടി ആകണം. നാം എത്രതന്നെ പരിശ്രമിച്ചാലും, ദൈവാനുഗ്രഹവും സഹായവും ഇല്ലെങ്കിൽ ഒരു കാര്യവുമില്ല. പൂച്ചക്കുട്ടിയെ തള്ളപ്പൂച്ച കഴുത്തിനു കടിച്ചു പിടിച്ചു തട്ടിൻപുറത്തു കൊണ്ടു വന്നുവെച്ചാലേ അതിനു മുകളിലെത്താൻ പററൂ. അതുകൊണ്ടു രണ്ടും വേണം; നിങ്ങളുടെ പരിശ്രമവും ദൈവത്തിൻെറ കൃപയും. താൻ പാതി, ദൈവം പാതി എന്നാണല്ലോ പ്രമാണം. ഇതുമാത്രമേ എനിക്കു നിങ്ങളോടും പറയാനുള്ളൂ. അത് എന്നെക്കാൾ വാചാലമായി ഈ കുരങ്ങിനും പൂച്ചയ്ക്കും നിങ്ങളോടു പറഞ്ഞുതരാൻ സാധിക്കും. അതിനാലാണ് ഞാൻ നിങ്ങളോട് ഒന്നും മിണ്ടാത്തത്. ഇത്ര വലിയൊരു പാഠം നിങ്ങളെ പഠിപ്പിക്കുന്ന ഈ കുരങ്ങിനേയും പൂച്ചയേയും മറക്കാതെ, ഉദാരമായ സംഭാവനകൾ നല്കി അവയെ സംരക്ഷിക്കുവിൻ. നിങ്ങൾക്കു നമസ്കാരം!''

താൻ പാതി, ദൈവം പാതി.

## 49. സന്ന്യാസിയുടെ മൗനം

ഒരിക്കൽ ഒരു സന്ന്യാസി നാട്ടിൻപുറത്തൂടെ യാത്ര ചെയ്യുകയായിരുന്നു. അപ്പോൾ ഒരു സംഘം ബാലന്മാർ ഒരാശാനു ചുററുമിരുന്നു കുറെ വേദവാക്യങ്ങൾ ഉറക്കെ ഉരുവിട്ടുകൊണ്ടിരിക്കുന്നു. ആശാൻ ചൊല്ലി

ക്കൊടുക്കും, ബാലന്മാർ ഏററു ചൊല്ലും— ഇതായിരുന്നു അവിടത്തെ അധ്യയനരീതി. പരസ്പരം മത്സരിച്ചുകൊണ്ടെന്നവണ്ണം, ഓരോ പ്രാവശ്യവും കൂടുതൽ കൂടുതൽ ഉച്ചത്തിലായിരുന്നു, ആശാനും ശിഷ്യന്മാരും വേദവാക്യങ്ങറം ചൊല്ലിയിരുന്നത്.

ഇവരുടെ പഠനരീതി കണ്ട് ആശ്ചര്യം തോന്നിയ നമ്മുടെ സന്ന്യാസി അതിലൊരു ബാലനെ വിളിച്ചു ചോദിച്ചു: ''നിങ്ങറം ഇവിടെ എന്തു ചെയ്യുകയാകുന്നു?'' ''ഞങ്ങറം ദൈവത്തെ മനസ്സിലാക്കുകയാകുന്നു'' എന്ന് ആ ബാലൻ മറുപടി പറഞ്ഞു. സന്ന്യാസി ഒന്നും പറയാതെ പതുക്കെ അർത്ഥംവെച്ച് ഒന്നു ചിരിക്കുകമാത്രം ചെയ്തിട്ടു കടന്നുപോയി.

നമ്മുടെ ബാലന് അന്നു വൈകുന്നേരം വീട്ടിൽ ചെന്നശേഷം ചിന്ത മുഴുവൻ ആ സന്ന്യാസിയെക്കുറിച്ചായി. അവൻ വിചാരിച്ചു: ഞങ്ങറം ദൈവത്തെ മനസ്സിലാക്കാൻ പരിശ്രമിക്കുകയാകുന്നു എന്നു പറഞ്ഞപ്പോറം പുണ്യവാളനായ ആ സന്ന്യാസി ചിരിക്കുകയാണല്ലോ ചെയ്തത്. അതിന് എന്തെങ്കിലും അർത്ഥം കാണണം. മിക്കവാറും, ഞങ്ങളുടെ ഈ പഠനംകൊണ്ടു ദൈവത്തെ മനസ്സിലാക്കുവാൻ സാധിക്കുകയില്ല എന്നായിരിക്കണം ആ സന്ന്യാസിയുടെ ചിരിയുടെ അർത്ഥം. ഏതായാലും, അദ്ദേഹത്തെ കണ്ടുപിടിച്ചു സംഗതി മനസ്സിലാക്കിയിട്ടേ ഇനി മറെറന്തെങ്കിലും കാര്യമുള്ളൂ.

ഇങ്ങനെ വിചാരിച്ച് അവൻ സന്ന്യാസിയെ അന്വേഷിച്ചു പുറപ്പെട്ടു. അവസാനം, ഒരു വനത്തിനരികെ ഒരു പർണ്ണാശ്രമത്തിൽ അവൻ ആ സന്ന്യാസിയെ കണ്ടെത്തി. ''നീ എന്തിനിവിടെ വന്നു'' എന്നു സന്ന്യാസി ചോദിച്ചപ്പോറം, ദൈവത്തെ മനസ്സിലാക്കുന്നതിനായി എന്നു ബാലൻ ഉത്തരം പറഞ്ഞു.

അതിനു സന്ന്യാസി ഇങ്ങനെ പ്രത്യുത്തരിച്ചു: ''നിൻെറ ആഗ്രഹംപോലെ ദൈവത്തെ നിനക്കു ഞാൻ മനസ്സിലാക്കിത്തരാം. നീ ഇവിടെ എൻെറ മുമ്പിൽ

വന്നിരുന്ന്, ദൈവത്തെപ്പററി ഞാൻ പറയുന്നതു മുഴുവനും നിശ്ശബ്ദമായി ശ്രദ്ധയോടെ കേൾക്കുക.'' ബാലൻ അതുപോലെതന്നെ, സന്ന്യാസിയുടെ മുമ്പിൽ കയ്യും കൂപ്പി ഭക്തിയോടും ശ്രദ്ധയോടും കൂടി അയാൾ പറഞ്ഞുതരുന്നതു കേൾക്കാനായി ഇരുന്നു. കുറെനേരം അങ്ങനെ ഇരുന്നിട്ടും സന്ന്യാസി ഒന്നും പറയാനുള്ള ഭാവമില്ല. അദ്ദേഹം അവിടെ കണ്ണടച്ചു ധ്യാനലീനനായി ഇരിക്കുന്നതേയുള്ളൂ. സന്ന്യാസിയുടെ വാക്കും കാത്ത് ഒട്ടേറെ നേരം അങ്ങനെ ഇരുന്നുകഴിഞ്ഞപ്പോൾ, ബാലന്റെ ക്ഷമ കെട്ടു. അവൻ സന്ന്യാസിയുടെ അരികെക്കിടന്നിരുന്ന ഒരു ദണ്ഡെടുത്ത്, പതുക്കെ സന്ന്യാസിയുടെ ജടയിൽ ഒന്നു തൊട്ടു. സന്ന്യാസി ഞെട്ടി കണ്ണു തുറന്നപ്പോൾ ബാലൻ പറഞ്ഞു: ''ഗുരോ, ക്ഷമിക്കണം. അങ്ങ് ഇതുവരെയും ദൈവത്തെപ്പററി ഒരക്ഷരംപോലും എനിക്കു പറഞ്ഞുതരികഉണ്ടായിട്ടില്ല. അങ്ങ് ഇത്ര വേഗം ധ്യാനസുഷുപ്തിയിലാണ്ടുപോയോ എന്നു ഞാൻ സംശയിച്ചു. അതിനാലാണ് ഞാൻ, മനസ്സില്ലാമനസ്സോടെയാണെങ്കിലും, ഈ ദണ്ഡുകൊണ്ട് അങ്ങയുടെ ശിരസ്സിൽ പതുക്കെ ഒന്നു തൊട്ടത്. ഇതിൽ അങ്ങു പരിഭവം വിചാരിക്കാതെ, എങ്ങനെയെങ്കിലും ദൈവത്തെപ്പററി ഞാൻ അറിഞ്ഞിരിക്കേണ്ടതെല്ലാം എനിക്കു പറഞ്ഞുതരണം.''

അതിന്നു സന്ന്യാസി ഇങ്ങനെ മറുപടി പറഞ്ഞു: ''ബാലകാ, ഇത്രയും നേരം ഞാൻ നിനക്കു ദൈവത്തെപ്പററി പറഞ്ഞുതരികയായിരുന്നുവല്ലോ. നീ അതു മനസ്സിലാക്കിയില്ലെന്നേയുള്ളൂ. ദൈവം മൗനമാകുന്നു. അവിടുന്നു മഹാമൗനവും സുഷുപ്തിമൗനവുമാകുന്നു. മൗനത്തിലൂടെമാത്രമേ നമുക്കു ദൈവത്തെ മനസ്സിലാക്കാൻ കഴിയുകയുള്ളൂ.''

മുനി മൗനമായി മനനംചെയ്യുന്നു.

## 50. വൃദ്ധൻ എഴുതിയ പരീക്ഷ

ഒരിക്കൽ സ്വർഗ്ഗത്തിലേയ്ക്കുള്ള പ്രവേശനപരീക്ഷ നടക്കുന്നുണ്ടെന്നറിഞ്ഞ്, അതിൽ ചേരുന്നതിനായി പണ്ഡിതന്മാരായ രണ്ടു സന്ന്യാസികൾ പുറപ്പെട്ടു. വനത്തിലൂടെയായിരുന്നു യാത്ര. പരീക്ഷയ്ക്ക് ഒരുങ്ങുന്നതിനുവേണ്ടി, സ്വർഗ്ഗത്തെക്കുറിച്ചു വിഖ്യാതരായ വേദശാസ്ത്രജ്ഞന്മാർ എഴുതിയിട്ടുള്ള പ്രബന്ധങ്ങളെല്ലാംതന്നെ അവർ വലിയൊരു ഭാണ്ഡമായി കെട്ടി തലയിൽ ചുമന്നാണ് നടന്നിരുന്നത്. യാത്രയ്ക്കിടയിൽ, സദാസമയവും, അവർ സ്വർഗ്ഗത്തെപ്പററിയുള്ള പണ്ഡിതന്മാരുടെ അഭിപ്രായങ്ങളെപ്പററി കൂലംകഷമായി ചർച്ചചെയ്തിരുന്നു.

ഇങ്ങനെ നടന്നു നീങ്ങുന്നതിനിടയ്ക്ക ദരിദ്രനും വൃദ്ധനുമായ ഒരു കൃഷീവലൻ വഴിയിൽവെച്ച് അവരെ കണ്ടുമുട്ടി. അയാൾ പാടത്തെ കൃഷിപ്പണിയും കഴിഞ്ഞ്. നുകവും കാളകളുമായി സ്വന്തം കുടിലിലേയ്ക്കു മടങ്ങിപ്പോവുകയായിരുന്നു. ബഹുമാന്യരായ സന്ന്യാസികൾ എവിടേയ്ക്കാണ് എന്നു ചോദിച്ചപ്പോൾ, "ഞങ്ങൾ സ്വർഗ്ഗം വരെ ഒന്നു പോകുകയാണ്" എന്ന് അവർ ഉത്തരം നല്കി. "അങ്ങനെയാണെങ്കിൽ ഞാനുംകൂടി വരട്ടെയോ" എന്നായി കൃഷിക്കാരൻ. "ഞങ്ങളുടെ ഈ ചുമടെടുക്കാമെങ്കിൽ തടസ്സമില്ല" എന്നു സന്ന്യാസികൾ പറഞ്ഞപ്പോൾ, "അതിനു വിരോധമൊന്നുമില്ല, സന്തോഷമേയുള്ളൂ" എന്നു പറഞ്ഞ്, ആ വൃദ്ധൻ ചുമടുമെടുത്ത് അവരുടെ പിന്നാലെ നടന്നുതുടങ്ങി.

വഴിയിൽവെച്ചും സന്ന്യാസികൾ തങ്ങളുടെ പണ്ഡിതോചിതമായ ചർച്ചകൾ തുടർന്നുകൊണ്ടിരുന്നു. അതൊന്നും ആ വൃദ്ധന് ഒരു വകയും തിരിഞ്ഞില്ല. ദൈവശാസ്ത്രത്തിലെ ദുർഗ്രഹങ്ങളായ സാങ്കേതിക പദങ്ങൾ ഉപയോഗിച്ച്, വളരെ പണ്ഡിതോചിതമായ രീതിയിലായിരുന്നുവല്ലോ അവർ ചർച്ചചെയ്തിരുന്നത്. എങ്കിലും, വൃദ്ധൻ, സ്വർഗ്ഗത്തിലേയ്ക്കു

പോകുന്നവരല്ലേ, അവരുടെ ഭാഷ കൈവശമാക്കുന്നതു സ്വർഗ്ഗത്തിലെത്തിയാൽ പ്രയോജനപ്പെടുമല്ലോ എന്നു കരുതി, അവരുടെ സംഭാഷണം വളരെ ശ്രദ്ധിച്ചു കേട്ടു കൊണ്ടാണ് നടന്നിരുന്നത്.

അങ്ങനെ, സന്ന്യാസികരം ചർച്ചചെയ്യും വൃദ്ധൻ അവരുടെ സംഭാഷണം ശ്രദ്ധിച്ചും നടന്നുനടന്ന്, അവസാനം എല്ലാവരും സ്വർഗ്ഗത്തിന്റെ പടിവാതിലക്കലെത്തി. 'പരീക്ഷയ്ക്ക് ഇനിയും അരമണിക്കൂറുണ്ട്. സന്ന്യാസികരം വൃദ്ധന്റെ പക്കൽനിന്നു ഭാണ്ഡം വാങ്ങി, അതിലെ പുസ്തകങ്ങരം നിവർത്തിവെച്ച്, അവസാനനിമിഷത്തിലെ ഒരുക്കമായി ചൂടുപിടിച്ച പഠനം തുടങ്ങി.' വൃദ്ധനാകട്ടെ, അവർ വായിക്കുന്നതൊന്നും തനിക്കു മനസ്സിലായില്ലെങ്കിലും, സ്വർഗ്ഗത്തെക്കുറിച്ചുള്ള കാര്യങ്ങളല്ലേ എന്നു കരുതി, ശ്രദ്ധിച്ചു കേട്ടുകൊണ്ടിരുന്നു.

അവസാനം പരീക്ഷയ്ക്കുള്ള ചോദ്യക്കടലാസ്സ് കിട്ടി. ചോദ്യക്കടലാസ്സ് കൊടുത്തയാരം, വൃദ്ധനും പരീക്ഷയെഴുതാൻ വന്നതായിരിക്കുമെന്നു കരുതി, അയാരംക്കും ഒരു ചോദ്യക്കടലാസ്സ് കൊടുത്തു. സ്വർഗ്ഗത്തെക്കുറിച്ചാണ് ചോദ്യം. സന്ന്യാസികരം തങ്ങളുടെ ദൈവശാസ്ത്രജ്ഞാനം മുഴുവൻ പ്രകടമാകത്തക്ക വിധം വിസ്തരിച്ചുള്ള പ്രബന്ധമെഴുത്തു തുടങ്ങി.

എന്നാൽ, എന്താണ് എഴുതേണ്ടത് എന്നറിയാതെ, നമ്മുടെ വൃദ്ധൻ കുഴങ്ങി. മുമ്പ്, വഴിയിൽവെച്ചു താൻ കേട്ടിരുന്ന സന്ന്യാസികളുടെ ചർച്ചയിൽനിന്ന് എന്തെങ്കിലും ഓർമ്മിക്കുവാൻ സാധിക്കുമോ എന്ന് അയാരം ആലോചിച്ചുനോക്കി. തനിക്ക് ഒരു പിടിയും കിട്ടാത്ത ഗഹനങ്ങളായ സാങ്കേതികപദങ്ങളായിരുന്നുവല്ലോ അവർ ഉപയോഗിച്ചിരുന്നത്. അവരുടെ സംസാരത്തിൽ നിന്ന് ആകെ ഒരു പദംമാത്രമേ അയാരംക്ക് ഓർമ്മിക്കുവാൻ കഴിഞ്ഞുള്ളൂ: ദൈവം എന്നതായിരുന്ന ആ പദം. അതുകൊണ്ട് ആ വൃദ്ധൻ ഇങ്ങനെ എഴുതിവെച്ചു: ''സ്വർഗ്ഗം ദൈവമാകുന്നു; ദൈവം സ്വർഗ്ഗമാകുന്നു.''

പരീക്ഷ കഴിഞ്ഞ് ഉത്തരക്കടലാസ്സുകൾ പരിശോധിക്കുന്നതിനായി, സ്വർഗ്ഗത്തിലെ കാര്യങ്ങൾ നന്നായി അറിയുന്ന മൂന്നു സ്വർഗ്ഗവാസികളെ ഏല്പിച്ചു. കടലാസ്സുകൾ നോക്കി, അവർ ഫലമറിയിച്ചപ്പോൾ, നമ്മുടെ വൃദ്ധൻമാത്രം പരീക്ഷയിൽ ജയിച്ചിരിക്കുന്നതായി പ്രഖ്യാപിക്കപ്പെട്ടു. സ്വർഗ്ഗവാതിലുകൾ തുറന്നു വൃദ്ധനെ അതിലേയ്ക്കു പ്രവേശിപ്പിക്കുകയും പണ്ഡിതന്മാരായ സന്ന്യാസികളെ, പോയി വീണ്ടും പഠിച്ചുവരുവിൻ എന്നു പറഞ്ഞ്, അവരുടെ പുസ്തകങ്ങളോടുകൂടി ഭൂമിയിലേയ്ക്കു തന്നെ മടക്കി അയയ്ക്കുകയും ചെയ്തു.

ദൈവമില്ലെങ്കിൽ സ്വർഗ്ഗമില്ല.

## 51. രാജാവിൻെറ യുദ്ധം

ഒരിക്കൽ ഒരു സന്ന്യാസി യാത്രയ്ക്കിടയിൽ ഒരു രാജകൊട്ടാരത്തിൽ ചെന്നുചേരാനിടയായി. വിവരം ഉടനെ ഭൃത്യന്മാർ രാജാവിനെ അറിയിച്ചു. സന്ന്യാസിയെ കാണുന്നതിനുള്ള ജിജ്ഞാസമൂലം അയാളെ ഉടനെത്തന്നെ തൻെറ പക്കലേയ്ക്കു കൊണ്ടുവരുവാൻ രാജാവ് ആജ്ഞാപിച്ചു. അയാളുമായി സംസാരിച്ചതിൽ അയാളുടെ സ്വഭാവഗുണവും ദിവ്യത്വവുമെല്ലാം രാജാവിനു നന്നേ പിടിച്ചു. രാജാവ് അയാളോടു പറഞ്ഞു: ''അല്ലയോ മുനിശ്രേഷ്ഠാ, അങ്ങയെപ്പോലുള്ള ഒരാളുടെ ദർശനം കിട്ടിയതുതന്നെ വളരെ വലിയൊരു ഭാഗ്യമായി ഞാൻ കണക്കാക്കുന്നു. അങ്ങേയ്ക്ക് ഇഷ്ടമുള്ളിടത്തോളം നാൾ ഈ രാജധാനിയിൽ എൻെറ കൂടെ സുഖമായി പാർക്കാം. വിരോധമില്ലെങ്കിൽ, ഭക്ഷണവും എൻെറ കൂടെത്തന്നെ ആകാം. അങ്ങേയ്ക്കു വേണ്ടുന്നതൊക്കെ നല്കാൻ ഞാൻ ഇപ്പോൾത്തന്നെ ഭൃത്യന്മാരോടു കല്പിക്കുന്നുണ്ട്. ഇന്നു

രാത്രി വളരെ വലിയൊരു വിദ്വത്സദസ്സും സംഗീതമേളയും ഇവിടെ നടക്കുന്നുണ്ട്. താത്പര്യമുണ്ടെങ്കിൽ, അതിലും വന്നു സംബന്ധിക്കാം.''

രാജാവിൻെറ കല്പനപ്രകാരം, ഭൃത്യന്മാർ, സന്ന്യാസിക്കു പട്ടുമെത്തയും വെഞ്ചാമരവുമെല്ലാമുള്ള അത്യന്തം സുഖപ്രദമായൊരു മുറി വിശ്രമത്തിനായി ഒരുക്കിക്കൊടുത്തു. വിദ്വത്സദസ്സിൻെറ നേരമായപ്പോഠം, സന്ന്യാസിയെ കാണാത്തതുകൊണ്ട്, രാജാവു വിവരത്തിനായി ആളെ വിട്ട് അന്വേഷിപ്പിച്ചു. ഭൃത്യൻ ജനലിലൂടെ അകത്തേയ്ക്കു നോക്കിയപ്പോഠം, സന്ന്യാസി തൻെറ ഭാണ്ഡം തലയിണയായിവെച്ചു വെറും തറയിൽക്കിടന്നു സുഖമായി കൂർക്കംവലിച്ചുറങ്ങുന്നു. ശല്യപ്പെടുത്തേണ്ടെന്നു കരുതി, ഭൃത്യൻ മടങ്ങിച്ചെന്നു രാജാവിനെ വിവരം അറിയിച്ചു. രാജാവു പ്രത്യേകിച്ചൊന്നും പറയാതെ തലയാട്ടുകമാത്രം ചെയ്തു.

പിറേറദിവസം നേരം വെളുത്തു പ്രഭാതഭക്ഷണത്തിനു നേരമായപ്പോഴും സന്ന്യാസിയെ കാണാത്തതിനാൽ, രാജാവു ഭൃത്യനെ വിട്ടു വിവരം തിരക്കി. സന്ന്യാസി പുലർച്ചയ്ക്കുതന്നെ എഴുന്നേററു കുളിയും ജപവും കഴിച്ചു കൊട്ടാരം വിട്ടുപോയ്ക്കഴിഞ്ഞുവെന്നു ദ്വാരപാലകൻവഴി അയാഠം മനസ്സിലാക്കി.

വിവരമറിഞ്ഞയുടനെ, സന്ന്യാസിയെ കണ്ടുപിടിച്ചു തിരികെക്കൊണ്ടുവരാനായി രാജാവു ഭൃത്യന്മാരെ നാലുപാടേയ്ക്കും അയച്ചു. സന്ന്യാസി തിരിച്ചെത്തിയപ്പോഠം രാജാവു സിംഹാസനത്തിൽനിന്നിറങ്ങി, അയാളെ വന്ദിച്ചശേഷം, ഇങ്ങനെ പറഞ്ഞു: ''അല്ലയോ മുനിശ്രേഷ്ഠാ, എന്നോടു ക്ഷമിക്കണം. താങ്കളോടു യുദ്ധം ചെയ്ത്, താങ്കളെ തോല്പിക്കുക എന്നത് എൻെറ രാജധർമ്മമായി വന്നിരിക്കുകയാണ്. രാജാവിനെക്കാഠം പ്രബലനായി ഒരാഠം രാജ്യത്തുണ്ടെങ്കിൽ, അയാളെ ഉടനെത്തന്നെ യുദ്ധം ചെയ്തമർത്തുന്നതാണ് രാജനീതി. ഈ കൊട്ടാരത്തിലെ സകലസുഖ

സൗകര്യങ്ങളും അനുഭവിക്കാമെന്നിരുന്നിട്ടും, അവയൊക്കെ തൃണവദ്ഗണിച്ചു വന്നപാടെ ഇറങ്ങിപ്പോയ താങ്കളുടെ മനോബലത്തിൻെറയും ആത്മവിജയത്തിൻെറയും മുമ്പിൽ ഞാൻ തീരെ അശക്തനും ഭീരുവുമായി എനിക്കുതന്നെ തോന്നുന്നു. അതുകൊണ്ടാണ് അങ്ങ് എന്നെക്കാരം പ്രബലനാണെന്നു ഞാൻ പറഞ്ഞത്. അതിനാൽ, എങ്ങനെയാണ് അങ്ങയോടു യുദ്ധം ചെയ്ത് അങ്ങയെ തോല്പിക്കേണ്ടതെന്ന് അങ്ങുതന്നെ എനിക്ക് ഉപദേശിച്ചുതരണം.''

ഇതു കേട്ടപ്പോഠം സന്ന്യാസി പറഞ്ഞു: ''മഹാരാജാവേ, ക്ഷമിക്കണം. കൂടുതൽ പ്രബലനായൊരു ശത്രു അകത്തിരിക്കുമ്പോഠം, പുറമെ കാണുന്ന അബലന്മാരായ രാജാക്കന്മാരുമായി യുദ്ധം ചെയ്യുന്നതിനെപ്പററി ആലോചിക്കുന്നതുപോലും അവിവേകമാണ്. എന്നെസ്സംബന്ധിച്ചാണെങ്കിൽ, അത്തരമൊരു ശത്രുവുമായി ഞാൻ ഇപ്പോഠംത്തന്നെ യുദ്ധത്തിലാണ്. എൻെറ അകത്തിരിക്കുന്ന ഞാൻതന്നെയാണ് എൻെറ മുഖ്യനും ശക്തനുമായ ശത്രു. എന്നെത്തന്നെ എങ്ങനെ ജയിക്കേണ്ടൂ എന്നു കരുതി അതിനുള്ള ഉപായങ്ങളൊക്കെ മനസ്സിൽ കണ്ടുവെച്ചു പൊരുതിക്കൊണ്ടിരിക്കുന്ന എനിക്ക്, അങ്ങയെപ്പോലെ അബലനായ ഒരു ശത്രുവുമായി യുദ്ധത്തിലേർപ്പെടാൻ നിർവ്വാഹമില്ലെന്ന് അറിയിക്കേണ്ടിവന്നതിൽ ഖേദമുണ്ട്. യുദ്ധം മൂർച്ഛിച്ചിരിക്കുന്നതിനാൽ ഞാൻ ഇനി ഇവിടെ നിന്നാൽ ഒട്ടുംതന്നെ പന്തിയാവില്ല. അതിനാൽ എനിക്കു വിടതരേണമേ. ഞാൻ ഉടനെത്തന്നെ പോകുകയാണ്.''

ഇത്രയും പറഞ്ഞു സന്ന്യാസി, രാജാവും പരിവാരവും നോക്കിനില്ക്കെത്തന്നെ, യാതൊന്നും സംഭവിക്കാത്തമട്ടിൽ തീർത്തും നിസ്സംഗനായി, അവിടെനിന്നു വന്നപാടേതന്നെ ഇറങ്ങിപ്പോയി.

ആത്മവിജയമാണ് ഏററവും വലിയ വിജയം.

LIBRARY 10464

○

# സന്ന്യാസകഥാസാധന

## സദാനന്ദ

ദൈവവും രണ്ടു സന്ന്യാസികളും, പൂച്ചയ്ക്കു പൂജ, ഏലൊഹിം, നാട്ടിലെ നടപ്പ്, രണ്ടു ശിഷ്യന്മാരും ചെമ്പുതകിടും, കഴുതയും പുണ്യവാളനും, സന്ന്യാസികളുടെ പരീക്ഷ, കുശവനും ശില്പിയും, വനവാസികളുടെ ആതിഥ്യം, വിഗ്രഹം മോഷ്ടിച്ച സന്ന്യാസി, മൂന്നു വനവാസികളുടെ കൃതികൾ, തേനീച്ചയും ചിത്രശലഭവും, രാജാവിൻെറ സമ്മാനം, ധ്യാനം പഠിച്ച രാജാവ്, അരിക്കച്ചവടക്കാരനു ശിക്ഷ എന്നിങ്ങനെ അമ്പത്തൊന്നു സന്ന്യാസകഥകൾ! ഇതിൽ സദാനന്ദ പറയുന്ന ഓരോ കഥയും ഫലത്തിൽ ഒരു ധ്യാനസാധനതന്നെയാകയാൽ, എല്ലാ സന്ന്യാസികളും ഈ ഗ്രന്ഥത്തെ ആവശ്യം ശ്രദ്ധിച്ചേ തീരൂ.


രണ്ടാം പതിപ്പ്

വില 9 രൂപ

ജ്യോതി ബുക്ക്സെൻറർ
തൃശൂർ–680 001
ബ്രാഞ്ചുകൾ
തൃശൂർ ടൗൺ ▢ ചാലക്കുടി ▢ പാവറട്ടി

# സന്യാസകഥാസാധന

സദാനന്ദ



Indic Digital Archive Foundation
gpura.org